
1993

# ഉണ്മ



DEVA MATHA COLLEGE KURAVILANGAD

WITH BEST COMPLIMENTS FROM

# ACE

## Academy of Computer Eduction

### Thalayolaparmbu Centre

(Near Police Out Post)
Phone: 6360 6212

A leading International Computer Education Centre

**- ACE Centres -**

❒ Hyderabad ❒ Secondarabad ❒ Vsihakhapattanam
❒ New Delhi ❒ Culcutta ❒ Nagpur ❒ Jaipur ❒ Kota
❒ Bhilai ❒ Pama ❒ Gazhiadad ❒ Cuttak ❒ Raipur
❒ Ittanagar ❒ Bhuvanesware ❒ Pune ❒ Dhbai
❒ Cochin ❒ Angamaly ❒ Thalayolaparambu.

**Registered Office : HYDERABAD**
**State Co-ordinator: COCHIN**

# DEVAMATHA COLLEGE MAGAZINE 1993



''ഇവളെക്കുളിപ്പിച്ചു വാർമുടിമിനുക്കിയി
ക്കരതാരിലായ് പാഠപുസ്തകക്കെട്ടും നല്കി
പച്ചയും വെളുപ്പുമാം സ്കൂളുടുപ്പിടുവിച്ചു
നിർത്തുകിൽ ഉഷസ്സുപോലിവളും പ്രകാശിയ്ക്കും
ഇവളും തലയാട്ടിച്ചിരിച്ചു കൊഞ്ചിപ്പാടും
''ഇതുതാൻ ലോകത്തേയ്ക്കും സുന്ദരമായദേശം......''



*Our Patron : Rev.* **Dr. JOSEPH, PALLIKAPARAMPIL**



*Our MANAGER FR.* **GEORGE Mualngattil**



OUR PRINCIPAL
Prof:T.M.DEVASIA



Edotorial Board



Prof.P.J.ഉലഹന്നാൻ
Staff Advicer



Prof. C.P.Joy
Union Treasorer



Babu Joseph
Arts club Director

# കുറവിലങ്ങാടിന്റെ അഭിമാനമായ കെ.ആർ.നാരായണന് അഭിവാദനങ്ങൾ!



[illegible]

കുറവിലങ്ങാട്ടു നിന്ന് 10KM ദൂരെ ഉഴവൂർ ഗ്രാമത്തിൽ 1921 ഫെബ്. 21 ന് ജനിച്ചു. കുറിച്ചിത്താനം ഗവ L.P.S, ഉഴവൂർ O.L.L സ്കൂൾ, വടകര സ്കൂൾ; കുറവിലങ്ങാട് B.H.S; കോട്ടയം C.M.S കോളേജ്; തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്; ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

ബർമ്മ, തായ്ലണ്ട്, ചൈന, അമേരിയ്ക്ക എന്നി രാജ്യങ്ങളിൽ സ്ഥാനപതി; ഡൽഹി ജവാഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി വൈസ് ചാൻസലർ, പാർലമെന്റ് അംഗം; കേന്ദ്രമന്ത്രി എന്നി ഔദ്യോഗിക പദവികൾക്കുശേഷം ഇപ്പോൾ ഇന്ത്യയുടെ ഉപരാഷ്ട്രപതി



അന്നത്തേയ്ക്ക് അരി വാങ്ങാൻ അങ്ങാടിയിലേയ്ക്കു പോവുകയായിരുന്നു കുട്ടി.

വഴിയിൽ ആൾക്കൂട്ടം കണ്ട് അവൻ അവിടെ നിന്നു. ആൾക്കൂട്ടത്തിനു നടുവിൽ ഒരു ജാല വിദ്യക്കാരൻ. കുട്ടി ആൾക്കൂട്ടത്തിൽ ഒരുവനായി മാറി.

പിന്നീട് ജാല വിദ്യക്കാരന്റെ തൊപ്പി അവന്റെ നേരെ നീണ്ടപ്പോൾ അറിയാതെ അവന്റെ കൈ ട്രൗസറിന്റെ കീശയിലേയ്ക്കു നീണ്ടു.

അടുപ്പത്ത് വെള്ളംവച്ച് അന്നം കാത്തിരിക്കുന്ന അമ്മയുടെയും ഉറങ്ങാതെ കാത്തിരിക്കുന്ന അനിയത്തിമാരുടെയും ചിത്രം ഒരു നിമിഷം അവന്റെ മനസ്സിലൂടെ കടന്നുപോയി.

പക്ഷേ,

ആ യാഥാർത്ഥ്യങ്ങളിൽ നിന്ന് അവന്റെ മനസ്സ് എത്രയോ അകലെയായിരുന്നു!

പ്രൊഫ. കെ. എം. ചാക്കോ
സ്റ്റാഫ് എഡിറ്റർ







കൂട്ടുകാരേ,
കല്ലോ, നെല്ലോ എന്നറിയാതെ
കാച്ചിക്കുറുക്കി വിളമ്പിയെന്ന
ഭാവവുമില്ലാതെ....
എങ്കിലും
സംതൃപ്തിയോടെ
ജോർജ്ജി ജോൺ കൊട്ടുകാപ്പള്ളി
നിങ്ങളുടെ എഡിറ്റർ

# ഞാറ്റുവേലയ്ക്കു മുമ്പ്



പി.എൻ.സോമദാസൻ
III BA Mal



പള്ളിക്കൂടത്തിലേക്കുണ്ണി പോകെ
കയ്യിൻ തഴമ്പാൽ തലോടിയച്ഛൻ
ചൊല്ലുന്നു: "കുഞ്ഞേ, തരാൻ നിനക്കായ്
കണ്ടുവച്ചീലൊന്നും കർഷകൻ ഞാൻ.

കന്നും കലപ്പയും കാണിച്ച നേരൊന്നേ
മണ്ണിൽനിന്നച്ഛൻ പഠിച്ചതുള്ളൂ.
മഞ്ഞും മഴയും വെയിലും കുറിച്ചിട്ട
പൊള്ളും കഥ നിനക്കെന്തിനോർക്കാൻ.

എങ്കിലുമുണ്ണീ നിനക്കു നിത്യം
നൻമയെന്നുള്ളം പിടഞ്ഞുനിൽക്കെ
ചൊല്ലാം ചെളിമണം പൊങ്ങിയാലും
നെല്ലോ പതിരോ നീ വേർതിരിക്ക.

ഉള്ളതു ചൊല്ലി നടക്കണം നീ
ഉള്ളു തുറന്നു ചിരിക്കേണം നീ
കള്ളപ്പറകൊണ്ടളന്നാൽ നിനക്കുള്ള
നാഴിയും കൂടിക്കളഞ്ഞേ പോം.

കാലിക്കുവെള്ളം കൊടുത്താലേ
നേരത്തു നീയും കുടിച്ചീടൂ
വിയർത്തറിയാതെ വിളവുണ്ടുറങ്ങിയാൽ
പത്തായം വിറ്റാകുമത്താഴം.

കട്ടയും കല്ലുമുടഞ്ഞാലേ
ഞാറ്റുവേരോടിപ്പടർന്നീടൂ.
തൻ തണലേറ്റുഴുതേറുന്ന കാളയ്ക്കേ
പുല്ലും തലോടലുമുണ്ടാവൂ."

ചൊല്ലിൽ കതിരു തെളിഞ്ഞാവോ
കുഞ്ഞിക്കവിളു തുടുക്കുമ്പോൾ
മേടത്തിലൊന്നു നനഞ്ഞപോലച്ഛന്റെ
മോഹത്തിൻമണ്ണും കുളിർക്കുന്നു
തൻ നിറകണ്ണു തുടച്ചയാൾ കണ്ണനെ
മാറിലടക്കിത്തുടരുന്നു:

"കർക്കിടകത്തിൽ കരയുന്നോമനേ
ചിങ്ങത്തിലേറെച്ചിരിക്കൊല്ലാ.
കാളത്തണലേ സുഖം വയ്ക്കാനതി-
കാലക്കണക്കിനുമാധാരം.

ശാസ്ത്രങ്ങളെത്ര പഠിച്ചാലും
തീർത്ഥങ്ങളാടിത്തെളിഞ്ഞാലും
ചാഴികേറാത്ത മനസ്സൊന്നു മറ്റാർക്കും
തീറെഴുതാതെ നീ സൂക്ഷിക്ക.
നേർത്തകൾ പാകിക്കിളിർപ്പിക്ക,
പാരണ നൽകിത്തഴപ്പിക്ക,
വിണ്ടുണങ്ങുന്ന പാടത്തിലും പൊൻവിള-
വായിരം മേനി പൊലിപ്പിക്ക."

ബോബി പോൾ
രണ്ടാം വർഷ ധനശാസ്ത്രം



# വാതിലുകൾ അടയുന്ന ശബ്ദം



1949ൽ അലിഗർ മുസ്ലീം യൂണിവേഴ്സിറ്റിയുടെ ബിരുദദാനച്ചടങ്ങിൽ പങ്കെടുത്തുകൊണ്ട് ഡോ. മൗലാനാ അബ്ദുൾ കലാം ആസാദ് പറഞ്ഞു."ഞാനും നിങ്ങളും എല്ലാം കേൾക്കുന്നത് വ്യത്യസ്ഥങ്ങളാണ്. വാതിലുകൾ അടയുന്ന ശബ്ദമാണ് ചിലർ കേൾക്കുന്നത്. ചിലരാകട്ടെ വാതിലുകൾ തുറക്കുന്ന ശബ്ദവും."ആസാദ് കേട്ടത് തുറക്കുന്ന വാതിലുകളുടെ പ്രതീക്ഷയുണർത്തുന്ന ശബ്ദമായിരുന്നു. ശുഭാപ്തിവിശ്വാസത്തിന്റെ അഭാവം കൊണ്ടും പ്രായത്തിന്റെ അപക്വത കൊണ്ടുമാകാം ഞാൻ കേൾക്കുന്നത് വാതിലുകൾ അടയുന്ന ശബ്ദമാണ്. ഇന്ത്യ സ്വന്തം നാട്ടിൽ തടവുപുള്ളിയായിരിക്കുന്നു. ഏതോ പൂർവ്വികശാപം നമ്മെ വേട്ടയാടുന്നുവോ? പതിറ്റാണ്ടുകൾ നീണ്ട ഒരു യുദ്ധത്തിന്റെ നൈഷ്ഫല്യവും ചേതം വന്ന സ്വാതന്ത്ര്യവും ഓർക്കുമ്പോൾ അങ്ങനെ സംശയിച്ചുപോകുന്നു. (നമുക്ക് തെറ്റു പറ്റി എന്നതാണ് സത്യം. അതംഗീകരിക്കുകയാണ് ആദ്യം വേണ്ടത്. പറ്റിയ തെറ്റുതിരുത്താനും പരിഹാരം ചെയ്യാനും ആത്മാർത്ഥമായി പരിശ്രമിക്കുകയാണ് പിന്നെ വേണ്ടത്.) എവിടെയാണ് നമുക്ക് തെറ്റുപിണഞ്ഞത്? എങ്ങനെയാണു നാം പിഴച്ചുപോയത്?

## നിറം മങ്ങിയ പ്രതീക്ഷകൾ

അമിതപ്രതീക്ഷയാകാം ഇതിനൊക്കെയും കാരണം. ചരിത്രത്തിന്റെ അനിവാര്യത എന്നു പറഞ്ഞു നിരാകരിക്കാൻ പറ്റാത്ത തരത്തിലുള്ള അരുതായ്മകൾ അനുഭവിച്ചുപോന്ന ഒരു ജനത എന്ന നിലയിൽ വൈദേശികാധിപത്യത്തിൽ നിന്നുമുള്ള സ്വാതന്ത്ര്യത്തെ അമിതപ്രതീക്ഷയോടെ നാം കാത്തു എന്നതാണ് സത്യം. സ്വാതന്ത്ര്യത്തോടെ എല്ലാം ശരിയാകും എന്നും ഭാരതമെന്ന പേരു കേട്ടാൽത്തന്നെ അന്തരംഗം അഭിമാനപൂരിതമാകും വിധം ഈ നാട് പരിണമിക്കുമെന്നും പാവം ജനം ധരിച്ചുപോയി. അങ്ങനെയവ

ളെ പറഞ്ഞ് ആശിപ്പിച്ചവരാകട്ടെ അധികാരം കൈയിലായതോടെ അടിസ്ഥാനപ്രശ്നങ്ങൾ സൗകര്യപൂർവ്വം വിസ്മരിക്കുകയും താന്താങ്ങളുടെ താല്പര്യസംരക്ഷണത്തിന് ജനാധിപത്യത്തെ ദുർവിനിയോഗിക്കുകയും ചെയ്തതോടെ സാധാരണ പൗരന്റെ പ്രതീക്ഷകൾ നിറം മങ്ങി. അവിടം മുതൽ പൗരന്റെ വ്യഥയും പ്രജായത്തത്തിന്റെ ദൈന്യവും ആരംഭിക്കുകയായി.



വിശ്വാസവൽക്കരിക്കപ്പെട്ട അനീതിയുടെയും അസ്വാതന്ത്ര്യത്തിന്റെയും തുല്യതയില്ലായ്മയുടെയും പ്രാകൃതമേഖലയിൽ നിന്നുള്ള വിമുക്തി പുതിയ ഭാരതത്തിനെങ്കിലും ഉണ്ടാകണം എന്നാശിച്ച കുറെ നല്ല മനുഷ്യരാണ് സ്വാതന്ത്ര്യഭാരതത്തിന്റെ ഭരണഘടന എഴുതിത്തയ്യാറാക്കിയത്. ആ ഭരണഘടന അതിന്റെ തുടക്കത്തിൽ തന്നെ പീഠികയിൽ(preamble) അടിസ്ഥാനതത്വങ്ങളായി നീതി,സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം (Justice, Liberty, Equality, Fraternity)എന്നിവ പ്രഖ്യാപിച്ചിരിക്കുന്നു. ഈ അടിസ്ഥാനതത്വങ്ങളോട് താത്വികമായും പ്രായോഗികമായും നാമെങ്ങനെ പ്രതികരിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് ജനാധിപത്യത്തിന്റെ വിജയം തീരുമാനിക്കപ്പെടുന്നത്.

## നിഷേധിക്കപ്പെടുന്ന നീതി.

ഓരോരുത്തർക്കും അർഹമായത് കൊടുക്കുകയും അർഹമല്ലാത്തത് കൊടുക്കാതിരിക്കുകയും ചെയ്യുന്നതാണ് നീതി. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ തലങ്ങളിൽ ഈ നീതി ഇന്ന് എങ്ങനെ ഉറപ്പാക്കപ്പെടുന്നു? ഭരണഘടനാനിർമ്മാണ സഭയുടെ അവസാനഘട്ടങ്ങളിൽ ഡോ. അംബേദ്കർ പറഞ്ഞു.

> "On the 26th January, 1950, we are going to enter into a life of contradictions. In politics we will have equality and in social and economic life we will have inequality. In politics we will be recognizing the principle of one man one vote, and one vote one value. In our social and economic life, we shall, by reason of our social and economic structure, continue to deny the principle of one man one value. How long shall we continue to live this life of contradictions? If we continue to deny it for long, we will do so only by putting our political democracy in peril".



ഒരു വ്യക്തിക്ക് ഒരു മൂല്യം എന്ന തത്വം രാഷ്ട്രീയ മണ്ഡലത്തിൽ നൈയാമികമായി നാം അംഗീകരിച്ചിട്ടുണ്ട്. പക്ഷെ ജനാധിപത്യത്തിൽ നാൾ ചെല്ലും തോറും നിശബ്ദനാക്കപ്പെടുന്നവനും ഒന്നുമല്ലാതായിത്തീരുന്നവനുമായ സാധാരണപൗരന്റെ നിസ്സാരത നാമനുഭവിക്കുന്നതാണ്. എന്നിരുന്നാലും താത്വികമായെങ്കിലും അവനും ഒരു മൂല്യം അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

പക്ഷെ സാമൂഹിക-സാമ്പത്തിക മേഖലകളിൽ പാവപ്പെട്ടവന് ഒരു മൂല്യവും കല്പിക്കപ്പെടാറില്ലതന്നെ. ദരിദ്രൻമാർ അധിവസിക്കുന്ന ഒരു സമ്പന്ന രാജ്യമാണ് ഇന്ത്യ എന്നു പറയാറുണ്ട്. വറുതിയും ദുരിതവുമാണ് മഹാഭൂരിപക്ഷത്തിന്റെയും വിധി. സങ്കല്പിക്കാനാവാത്തത്ര ദാരിദ്ര്യത്തിൽ കാലം കഴിക്കുന്നു അമ്പതുകോടി ജനങ്ങൾ. തീറ്റിയും വെള്ളവും മരുന്നും പുതപ്പുമില്ലാത്ത നിരാലംബർ. "അവസാനത്തെ ദരിദ്രന്റെ അവസാനത്തെ കണ്ണുനീർത്തുള്ളിയും ഒപ്പാതെ കടന്നു പോവരുതാത്ത സ്വാതന്ത്ര്യം", എന്നു ഗാന്ധിജി പറഞ്ഞ സ്വാതന്ത്ര്യം തന്നെയോ ഇത്. So long as there should be a famished dog in my country, to feed it would be my only religion. എന്നു പ്രഖ്യാപിച്ച സ്വാമി വിവേകാനന്ദന്റെ നാടോ ഇത്? അതോ പട്ടിപ്പട്ടിണിയേക്കാൾ മനുഷ്യപ്പട്ടിണിക്ക് വിലയില്ലയോ?

"ഗരീബി രേഖാ ഹെ, തോ ഏക് അമീരി രേഖാ ഭീ ഖീംചനി ചാഹിയേ. ലോക് ഗരീബി രേഖാ കേ ഊപ്പർ രഹേം ഓർ അമീരി രേഖാ കേ നീചേ രഹേം." പറഞ്ഞത് ഒരു മുൻപ്രധാനമന്ത്രി. ദാരിദ്ര്യരേഖപോലെ ഒരു സമ്പന്ന രേഖ കൂടി വരയ്ക്കണം. ജനം രണ്ടുരേഖയ്ക്കുമിടയ്ക്കു കഴിയട്ടെ എന്ന്. വേദവും വചനവും പ്രസംഗിക്കുന്ന കാര്യത്തിലായും മോശമല്ല. എന്തേ 'അമീരി രേഖ' വരച്ചില്ലാരും? എങ്ങനെ വരയ്ക്കാൻ? കഴിവുള്ളവൻ അതിജീവിക്കും എന്നു പരസ്യപ്പെടുത്തുന്ന (Survival of the fittest) ഒരു മത്സരാധിഷ്ഠിത കമ്പോളസമ്പദ്‌വ്യവസ്ഥയുടെ പാദസേവകരായി പരിണമിക്കുകയാണല്ലോ നാം. IMFന്റെയും WBന്റെയും വാതായനങ്ങളിലൂടെ ബഹുരാഷ്ട്രകുത്തകകൾ തള്ളിക്കയറാതിരിക്കുമോ? ഒരു ചെറുപറ്റം ആളുകൾ അമിതമായ സമ്പത്ത് സ്വരുക്കൂട്ടുമ്പോൾ മഹാഭൂരിപക്ഷവും ദാരിദ്ര്യത്തിന്റെയും വറുതിയുടെയും വിധിയിൽ കാലം കഴിയ്ക്കുന്നു. പണം പിടിച്ചവരും പട്ടിണിക്കാരുമെങ്കിലും അവരും ഇന്നാട്ടിലെ പൗരൻമാർ തന്നെയാണ്. അംബേദ്കർ ആശങ്ക പ്രകടിപ്പിച്ച സാമ്പത്തികമായസമത്വത്തിനും നീതിക്കും പുത്തൻ സാമ്പത്തികസാമ്രാജ്യവാദികൾ (economic imperialist)പുല്ലുവില പോലും കല്പിക്കുന്നില്ല.

## മതരാഷ്ട്രീയ അവിഹിതവേഴ്ച.

സൂക്ഷിച്ചുകൈകാര്യംചെയ്യേണ്ട ഒന്നാണ് മതം. പേടിക്കണം. പൊള്ളാതിരിക്കാൻ ഭരണഘടനയുടെ കൈയുറ ധരിക്കുക. ഒട്ടേറെ മതങ്ങളും വിശ്വാസങ്ങളുമുള്ള നാടാണല്ലോ ഈ നാട്. അതറിഞ്ഞുകൊണ്ട് പൗരൻമാർക്ക് ചിന്തക്കും ആശയ

പ്രകടനത്തിനും ഉത്തമവിശ്വാസത്തിനും ആരാധനയ്ക്കും ഭരണഘടന സ്വാതന്ത്ര്യം നൽകുന്നുണ്ട്. ഭരണഘടനയുടെ 25, 26, 27, 28 വകുപ്പുകൾ മതസ്വാതന്ത്ര്യം ഉറപ്പാക്കുന്നു. ഈ ഉറപ്പാക്കലൊക്കെയും മതേതര മാനദണ്ഡത്തിലുള്ളവയാണ്. ഭരണഘടനയുടെ 25-ാം വകുപ്പു പറയുന്ന മനഃസാക്ഷി സ്വാതന്ത്ര്യവും മതവിശ്വാസപ്രകടനം, ആചരണം, പ്രചരണം എന്നിവയ്ക്കുള്ള സ്വാതന്ത്ര്യവും വ്യക്തികൾക്കും വിവിധ വിഭാഗങ്ങൾക്കും വിവേചനമില്ലാതെ ഉറപ്പാക്കാൻ ഭരണകൂടങ്ങൾ പ്രതിജ്ഞാബദ്ധമാണ്. അത് സാധിക്കണമെങ്കിൽ ഭരണകൂടവും മതകൂടവും എങ്ങനെ വർത്തിക്കണം? "In secular system, politics and religion should not have a husband and wife relationship, but a brother and sister relationship". (Muni Sri Nagaraj)



എന്നാൽ ഇന്നു ഇന്ത്യയിൽ എന്തുബന്ധമാണ് മതവും രാഷ്ട്രീയവും തമ്മിലുള്ളത്. വിഹിതമായതോ അവിഹിതമായതോ? ഉത്തരം വ്യക്തമാണ്. അവിഹിതബന്ധം. ആ അറിവിൽ വേണം മതനിരപേക്ഷത എന്ന സമന്വയസിദ്ധാന്തത്തിൽ നിന്നും കപടമതേതരത്വം അഥവാ മതപ്രീണനം എന്ന അബദ്ധസിദ്ധാന്തത്തിലേക്കുള്ള പരിണാമത്തെ പരിഗണിക്കുവാൻ. നൂറ്റാണ്ടുകളായി ഒരു ജനത കനത്ത പരീക്ഷണങ്ങൾക്കിടയിലും കാത്തുസൂക്ഷിച്ചതും വളർത്തിയെടുത്തതുമായ മഹത്തായ മതേതരപാരമ്പര്യത്തിന്റെ മിനാരങ്ങൾ മണിക്കൂറുകൾകൊണ്ട് മറിച്ചിട്ടുമണ്ണോടു ചേർത്തപ്പോൾ മിണ്ടാതെ നോക്കി നിൽക്കാൻ കഴിഞ്ഞ ഭരണാധികാരികൾക്കു വലുത് മൂല്യങ്ങളേക്കാൾ അധികാരത്തിന്റെ തുച്ഛങ്ങളായ താല്പര്യങ്ങൾ മാത്രമായിരുന്നു. നിയമങ്ങളെയും നീതിപീഠത്തിന്റെ വിധികളെയും മാനിക്കാത്ത സംഘടനാവാദികൾ ഭക്തിയുടെയും സേവനങ്ങളുടെയും പൊയ്മുഖങ്ങളടർത്തിമാറ്റി അക്രമത്തിന്റെ ചോരപുരണ്ട യഥാർത്ഥമുഖം കാണിച്ച് ഉറഞ്ഞുതുള്ളിയപ്പോഴും, നിരോധനമെന്ന ഉഴിച്ചിലിന്റെ ഫലം ചെയ്യുന്ന മർദ്ദനമല്ലാതെ എന്തെങ്കിലും ചെയ്യാൻ ഭരണകൂടത്തിനു സാധിച്ചോ? നിരോധനം കൊണ്ടായില്ല. നിയമത്തിന്റെ നൂറായിരം പഴുതുകളിലൂടെ കുറ്റവാളികൾ അർഹമായ ശിക്ഷയിൽനിന്നു രക്ഷപെടാൻ പാടില്ല എന്നതാണ് കാര്യം. അതിനവരെ അനുവദിക്കുന്ന രാഷ്ട്രീയ സംസ്കാരം നശിപ്പിക്കാൻ ചങ്കൂറ്റമുണ്ടോ എന്നതാണ് ചോദ്യം. വർഗ്ഗീയ സംഘടനകളുടെ തോളിൽ കയറിയോ, തോളോടു ചേർന്നോ തെരഞ്ഞെടുപ്പുകളെ നേരിടുന്നതും അധികാരം നിലനിർത്തുന്നതുമായ രാഷ്ട്രീയ പാർട്ടികളാണ് ഇവിടുള്ളതെല്ലാം. ഒരു പാർട്ടിയുടെയും ചരിത്രം ഈ ആരോപണത്തിൽ നിന്നു വിമുക്തമല്ല. അഥവാ



സത്യത്തെ തുണിയിട്ടുമൂടി ഏതെങ്കിലും പാർട്ടികൾക്ക് ഒരു കാലത്തും വർഗ്ഗീയ സംഘടനകളോടും വർഗ്ഗീയ പാർട്ടികളോടും അവിഹിതബന്ധമുണ്ടായിട്ടില്ല എന്ന ധാർമ്മികത പ്രഖ്യാപിച്ചാൽ അത് വേശ്യയുടെ ചാരിത്ര്യപ്രസംഗം പോലെ തന്നെ പരിഹാസ്യമാണ്.

അധികാരത്തിലേക്കുള്ള വഴികളിൽ മതവികാരത്തെ ഇളക്കിവിട്ട് കൊലപാതകങ്ങളെ മുതലാക്കിയത് നേതൃത്വങ്ങളാണ്. വിശ്വാസികൾ എന്തുനേടി? മർദ്ദനങ്ങൾ, മാനഭംഗങ്ങൾ, കൊലകൾ എന്നീ ഭാരതവിഭജനകാലദുസ്വപ്നങ്ങൾ വീണ്ടും നമ്മുടെ സ്വാസ്ഥ്യം കെടുത്തുന്നു. ഇതോ മതങ്ങളുടെ സാരം? തിരുത്തിക്കൊടുക്കാൻ ആളില്ലേ? കപടത കണ്ടു മനസ്സിലാക്കാൻ നമ്മുടെ കണ്ണുകൾക്കു കഴിവില്ലേ......?

## ചങ്ങലയുടെ ബലം.

ഭരണഘടനപറയുന്നത് ഭാരതം ഒരു union of states ആണെന്നാണ്. ശക്തമായ വികേന്ദ്രീകരണ പ്രവണതയോടുകൂടിയ ഒരു ഫെഡറേഷനിൽ സംസ്ഥാനങ്ങളുടെ പങ്ക് വലുതാണ്. ഓരോ സംസ്ഥാനവും അതിന്റെ തനിമ കാത്തുസൂക്ഷിക്കുന്നതിനോടൊപ്പം ദേശത്തോടുള്ള കൂറും പുലർത്തണം. ഒരു ചങ്ങലയുടെ ഏറ്റവും കൂടി ബലം അതിലെ ഏറ്റവും ബലം കുറഞ്ഞ കണ്ണിയുടെ ബലമാണ് എന്ന തത്വം ഫെഡറലിസത്തിലെ ഓരോ സംസ്ഥാനത്തിന്റെയും കാര്യത്തിൽ ശരിയാണ്. രാഷ്ട്രത്തിന്റെ അസ്തിത്വത്തെ തന്നെ ചോദ്യം ചെയ്യുമാറ് സംസ്ഥാനദേശീയതകൾ അപകടകരമായ വിധത്തിൽ വളർന്നതിന്റെ ശാപം ഇന്ത്യയിൽ പലയിടത്തായി നാം കണ്ടുകഴിഞ്ഞിരിക്കുന്നു.

മതം, ഭാഷ, ഭൂമിശാസ്ത്രം എന്നിവയുടെ പേരിൽ ആരും ആരെയും ചൂഷണം ചെയ്യാനോ ആരുടെ മേലും ആധിപത്യത്തിന് ശ്രമിക്കാനോ പാടുള്ളതല്ല. മറിച്ച് ഏതെങ്കിലുമൊരു കൂട്ടർക്ക് അത് സാധിക്കുമ്പോൾ നാം അതിനെ ആഭ്യന്തര കൊളോണിയലിസം എന്നു വിളിക്കുന്നു. ഭൂരിപക്ഷ മതാധിപത്യ ഹിന്ദി മേൽക്കോയ്മ, വിന്ധ്യനപ്പുറത്തെങ്ങു ഇന്ത്യയും ഇന്ത്യാക്കാരുമുണ്ടെന്നു കരുതാൻ മടിക്കുന്ന ഉത്തരേന്ത്യൻ വിവരക്കേട്...... ഇതൊക്കെയും ആ ഗണത്തിൽ വരുന്ന പ്രശ്നങ്ങളാണ്. കൊളോണിയലിസം, ബാഹ്യമോ ആഭ്യന്തരമോ ഏതെങ്കിലുമൊന്ന്, ഇന്ത്യയുടെ വിധിയാണ് എന്നു തോന്നുന്നു.

## ജനങ്ങളിൽ നിന്നകലുന്ന ജനാധിപത്യം.

ജനാധിപത്യം വിഡ്ഢികളുടെ സ്വപ്നമാണ് എന്നും വിഫലമായ രോദനമാണ് എന്നും ചിലർ പറയാറുണ്ട്. എന്നാൽ പകരം വയ്ക്കാൻ

മറ്റൊന്ന് ഇല്ലാത്തിടത്തോളം കാലം ജനാധിപത്യം തുടർന്നേ മതിയാകൂ. 90 കോടി ജനങ്ങളും ഇരുനൂറിലേറെ ഭാഷകളും നിരവധിമതങ്ങളും ഒട്ടനവധി ജാതികളും വ്യത്യസ്തങ്ങളായ ഏറെ ജീവിതസാഹചര്യങ്ങളും സംസ്കാരങ്ങളും നില നിൽക്കുന്ന ഒരു ഭൂമിയിൽ ശരാശരി നിലവാരമെ ങ്കിലും പുലർത്താൻ കഴിയുന്ന ഒരു ഭരണക്രമമു ണ്ടെങ്കിൽ അത് ജനാധിപത്യമാണ്. ഭരിക്കുന്നവർ പ്ലേറ്റോയുടെ Philosopher Kingഎന്ന ദർശന ത്തോടു നീതിപുലർത്തുമാറ് ദാർശനികരും, നീതിമാൻമാരും, സത്യസന്ധരും, മനുഷ്യസ്നേ ഹികളുമാവണം. പാർട്ടികളും പ്രവർത്തകരും ആ ഔന്നത്യം നേടിയാലേ നാടു രക്ഷപെടൂ.

നമ്മുടെ നേതാക്കൻമാരെക്കുറിച്ചെന്തേ പറ യേണ്ടൂ? കല്ലുവെച്ച നുണപറയുന്ന ചിലർ. പാവം ജനം. തങ്ങളുടെ പ്രതിനിധികളുടെ വാചി കാഭ്യാസങ്ങളിൽ(oral circus)മതിമറന്ന് കണ്ണും മിഴിച്ച് ഇരിക്കുന്നു. വാദം പൊടിപൊടിക്കുന്നു. "ഒന്നാമത് എൻെറ കക്ഷിപൂഞ്ഞ കലശം വാങ്ങിയി ട്ടില്ല. രണ്ടാമത് അത് വാങ്ങിയപ്പോഴേ പൊട്ടിപ്പോ യിരുന്നു. മൂന്നാമത് എൻെറ കക്ഷി യാതൊരു കേടും കൂടാതെയാണ് അതു തിരിച്ചുകൊടു ത്തത്." അധികാരത്തിൻെറ കൈമാറ്റ വേളകളി ലെന്നും അന്യോന്യം പഴിചാരി കഴിവുകേടു മറച്ചുവെക്കാൻ രാഷ്ട്രീയ നേതൃത്വങ്ങൾ പെടു ന്ന പെടാപ്പാട് അവർക്കല്ലേ അറിയൂ. ഇനി നുണ കൾ ജനം മനസ്സിലാക്കിയാലുമില്ല കാര്യം. ജന പ്രതിനിധികളുടെ മേൽ ജനങ്ങൾക്ക് നിയന്ത്ര ണമില്ല എന്നതാണ് പ്രശ്നം. അഴിമതിക്കാരും കള്ളൻമാരും കൊള്ളരുതാത്തവരുമായി ജന പ്രതിനിധികൾ മാറിയാൽ അവരെ തിരിച്ചു വിളിക്കാനുള്ള അവകാശം ജനങ്ങൾക്ക് ഉറപ്പാ ക്കണം എന്നു പറഞ്ഞ ജയപ്രകാശ് നാരായണനെ പ്പോലുള്ളവരെ ജനാധിപത്യവിരുദ്ധരായി ചിത്രീ കരിച്ചവരാണ് നമ്മൾ.

ജനങ്ങൾക്കുവേണ്ടി ജനപ്രതിനിധികൾ നട ത്തുന്ന ഭരണമാണ് ജനാധിപത്യം എന്നാണ ല്ലോ വയ്പ്. ഇന്ത്യയിൽ ഇന്ന് സാധാരണജന ങ്ങൾ രാഷ്ട്രീയ പ്രക്രിയയിൽനിന്നു അന്യവത്ക്ക രിക്കപ്പെട്ടിരിക്കുന്നു. പോളിംഗ് ബൂത്തിൽ കയറി ഏതെങ്കിലുമൊരു കോന്തന് വോട്ടുകുത്തുക എന്നതൊഴികെ പൗരൻ മറ്റു യാതൊരു തരത്തി ലുള്ള ജനാധിപത്യ പ്രവർത്തനവും ചെയ്യേണ്ട തില്ലതന്നെ. എല്ലാം ഭരണക്കാർ ചെയ്തുകൊ ള്ളും. ജനം അനുസരണയുള്ള കുഞ്ഞാടുകളായി എല്ലാം അംഗീകരിച്ചാൽ മതിയാകും. സ്വന്തമായ ചിന്തയും മനസ്സാക്ഷിയോടു നീതികാട്ടിയുള്ള പ്രതിഷേധവും ആശാസ്യമല്ല എന്നു വരുന്നു. ജനങ്ങൾക്കു മാത്രമല്ല, ജനപ്രതിനിധികൾക്കു മുണ്ട് ഈ ഗതികേട്.

എന്തുകൊണ്ട് ജനപ്രതിനിധികൾക്ക് ജനങ്ങൾ ക്കുവേണ്ടി ഭരിക്കാൻ സാധിക്കുന്നില്ല? അധികാര ത്തിൻെറ പുളപ്പും ഗർവ്വും നേതാവിനെ മഥി ക്കുന്നതുകൊണ്ടു മാത്രമാണോ? അല്ല. ജനപ്രതി നിധിയുടെ കൂറ് ജനങ്ങളോടല്ല എന്നതു കൊണ്ടാണ്. കൂറ്, സീറ്റുനൽകിയ പാർട്ടി നേതൃ ത്വത്തോടും കാശുതന്ന ലോബികളോടും ഗ്രൂപ്പു കളോടുമാണ് എന്നതുതന്നെ. തങ്ങൾക്കായി മുടക്കിയ പണത്തിനും സ്വാധീനത്തിനും പ്രത്യു പകാരം ചെയ്യുക എന്നതാണ് ഈ പ്രതിനിധി കളെ സംബന്ധിച്ചിടത്തോളം പ്രഥമവും പ്രധാ നവുമായ കർത്തവ്യം. അതു ചെയ്യാതെ തരമി ല്ലല്ലോ. കാരണം കഴിവ്, കാര്യക്ഷമത, സ്വഭാവ ശുദ്ധി, സേവനതല്പരത എന്നിങ്ങനെയുള്ള മൂല്യ ങ്ങളെക്കാൾ ജാതി, മതം, സ്വാധീനം, എന്നിങ്ങനെ യുള്ള താല്പര്യങ്ങളുടെ മേൽ ഹൈക്കമാൻറുകൾ കനിഞ്ഞു നൽകിയ സീറ്റുകളിൻമേലാണല്ലോ അവരിരിക്കുന്നത്. സ്ഥാനാർത്ഥി നിർണ്ണയകാര്യ ത്തിൽ യാതൊരു സ്ഥാനവുമില്ലാത്ത ജനങ്ങൾ ക്ക്, ജാതി·മത സമ്മർദ്ദങ്ങളിലും തന്ത്രങ്ങളിലും പെട്ട് വാഗ്ദാനങ്ങളിലും പ്രേഷണികളിലും ഇവരിൽ ആരെയെങ്കിലുമൊക്കെ അംഗീകരിക്കേ ണ്ടതായി വരുന്നു. അങ്ങനെ ഇന്ത്യൻ ജനാധി പത്യത്തിൽ ജനങ്ങൾ ഒന്നുമല്ലാതായിത്തീരുന്നു.

## അവതാരത്തിൻെറ പ്രതീക്ഷയിൽ

ഹൃദ്യമായി വിയോജിക്കാൻ നാം പഠിക്കേണ്ടി യിരിക്കുന്നു. മരവിച്ചതെങ്കിലും മരിക്കാത്ത യുവ ശക്തി മാതൃകയാക്കേണ്ടത് നല്ല പൗരനേക്കാൾ നല്ല മനുഷ്യനെയാണ്. ദേശസ്നേഹത്തേക്കാൾ നമുക്കുണ്ടാകേണ്ടത് മനുഷ്യസ്നേഹമാണ്. അനീതിക്കും തെറ്റിനും നെറികേടിനുമെതിരെ അങ്ങിങ്ങ് അപൂർവ്വമായി ഉയരുന്ന പ്രതിഷേധ ത്തിൻെറ സ്വരച്ചാർത്തുകൾക്കൊന്നും തൻെറ ഉള്ളിൽ മുഴങ്ങുന്ന മേഘഗർജ്ജനത്തിൻെറ ഗാം ഭീര്യവും ശക്തിയുമില്ലെന്ന ദുഃഖം യുവതല മുറയെ അസ്വസ്ഥമാക്കുന്നുവോ? ഉണ്ടാകേണ്ട പ്രതിഷേധം നാടിൻെറ നാഡിമിടിപ്പ് അറിഞ്ഞു കൊണ്ടുള്ളതാവണം. ഗാന്ധിജിയുടെ "തുടർന്നു കൊണ്ടേയിരിക്കുന്ന സമരങ്ങളാ"വണം നമ്മുടെ മാതൃക.





ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിനുശേഷം ഈ നാടിനെ നയിക്കാൻ നല്ലൊരു നേതാവുണ്ടാ യിട്ടില്ലിതുവരെ. ആ നേതൃശൂന്യത(leadership vacuum)യുടെ അപരിഹാര്യത എൻെറയും നിങ്ങ ളുടെയും മുമ്പിൽ ഒരു ചോദ്യചിഹ്നമാണ്. പ്രതിസന്ധികളിലും പ്രശ്നങ്ങളിലും മുറിവേല്പി ക്കപ്പെടുമ്പോൾ ഇന്ത്യൻമനസ്സ് ഗാന്ധിജിയെപ്പോ ലൊരു വൈദ്യനെ തേടുന്നു. അവതാരത്തി ൻെറ പ്രതീക്ഷയിൽ കാലം കഴിക്കുന്നു. അതുണ്ടാകുംവരെ പ്രിയപ്പെട്ട വായനക്കാരാ, വാതിലുകളടയുന്ന ശബ്ദം നമ്മുടെ വിധിയാണ്. ❑



# മനുഷ്യർ വെറും മനുഷ്യർ

കാട്ടുമരങ്ങൾ വെളുപ്പിന് പണിപ്പാട്ട് മൂളി

ഭൂപാളമല്ല ; ഭൂമിരാഗം.

കാട്ടുചോലകൾ സന്ധ്യയിൽ ഉറക്കുപാട്ടു പാടി

നീലാംബരിയല്ല; വനസ്തുതിഗീതം

ഞരമ്പുകളുടെ സുഷിരങ്ങളിലൂടെ കുഴലൂതി..

നെഞ്ചിടിപ്പിന്റെ താളക്രമത്തിൽ തുടി കൊട്ടി........

വെളിച്ചപ്പാട് ഉറഞ്ഞുതുള്ളി..........

മാനം കറുത്ത് വെള്ളിടി വെട്ടി മഴ പെയ്തു

കറുത്ത മനുഷ്യന്റെ നഗ്നതകണ്ട് കുറുന്തോട്ടി കുനിഞ്ഞു നിന്നു.

അവന്റെ ഉർക്കെയുള്ള പാട്ടിനൊത്ത് ഇല്ലിക്കൂട്ടങ്ങൾ കുഴലൂതി.'

ജീവിതത്തിൽ മുമ്പുകണ്ടിട്ടില്ലാത്ത ഒരു ലോകം കൺമുമ്പിൽ തുറക്കുകയായ്- ആദിവാസികളുടെ അത്ഭുതലോകം!

സമൂഹത്തിന്റെ പൊതുധാരയിൽ നിന്നകന്ന്, കറുത്ത കാടിന്റെ തുടിപ്പുകൾ ഏറ്റുവാങ്ങി, കാടിന്റെ ജീവനായ്, പ്രകൃതിയുടെ ഭാഗമായ്.......... അങ്ങനെ ജീവിക്കുന്ന കുറെ സാധു മനുഷ്യർ. കേരളത്തിന്റെ 'പുരോഗതി'യിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടും എപ്പോഴും പിൻനിരയിലേക്ക് മാറിനിന്നവർ. (മാറ്റിനിർത്തപ്പെട്ടവർ). അവർക്ക് അവഗണന മാത്രം സമ്മാനിക്കുന്ന നമ്മോടവർ മനസ്സിൽ പറയുന്നുണ്ടാവും

"നിങ്ങളെന്റെ കറുത്ത മക്കളെ ചുട്ടുതിന്നുന്നോ!

നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ ചൂഴന്നെടുക്കുന്നോ?

നിങ്ങൾ ഞങ്ങടെ കുഴിമാടം കുളം തോണ്ടുന്നോ?

നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്."

കേരളത്തിലെ ജനസംഖ്യയുടെ ഇരുപത്താറ് ശതമാനം (2.38ലക്ഷം)വരുന്ന ആദിവാസികൾ സഹ്യാദ്രിവനങ്ങളുടെ നിഗൂഢതകളിൽ തെക്കുമുതൽ വടക്കു വരെ ചിതറിക്കിടക്കുന്നു. പരിഷ്കൃതലോകത്തിന് പ്രായേണ അജ്ഞാതരായ അവരെ, അവരുടെ ഏതാനും കോളനികളിൽ ചെന്ന് നമുക്ക് പരിചയപ്പെടാം.

## കണ്ണമ്പടി

ഒരു ഫീച്ചറിലും പത്രറിപ്പോർട്ടിലും വിഷയമാകാത്ത ആദിവാസികോളനിയാണ് കണ്ണമ്പടി.

പതിറ്റാണ്ടുകൾക്ക് മുമ്പ് ഒരു മലയാളകവി ഈ സ്ഥലത്തെപ്പറ്റി പാടിയിരിക്കുന്നു:

*"മലരണിക്കാടുകൾ തിങ്ങിവിങ്ങി,*
*മരതകക്കാന്തിയിൽ മുങ്ങിമുങ്ങി......"*

ഊട്ടിയിലോ കൊടൈക്കനാലിലോ നാം നില്ക്കുമ്പോൾ ലഭിക്കുന്ന ആനന്ദത്തിന്റെ നൂറിരട്ടിയാണ് ഇവിടുത്തെ കിഴക്കേലാച്ചി (1) മലയിൽ നില്ക്കുമ്പോൾ അനുഭവവേദ്യമാവുക.

ഉപ്പുതറയ്ക്കടുത്തുള്ള രാജഗിരിയിൽനിന്നും വനത്തിലൂടെ ആറ് കി.മി. നടന്നാണ് കണ്ണമ്പടിയിൽ എത്തുക. 1957-ൽ ഇടുക്കി ഡാം സൈറ്റിൽനിന്നും കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസികളാണിവിടെ താമസിക്കുന്നത്. പ്രധാനമായും ഉള്ളാടൻമാർ, ഊരാളികൾ, മലയരയൻമാർ എന്നീ വിഭാഗങ്ങളിൽ പെട്ടവരാണിവർ. തോട്ടപ്പുഴുവിന്റെ ശല്യമാണ് ഇങ്ങോട്ടുള്ള യാത്രയിലെ ഏറ്റം വലിയ പ്രതിബന്ധം. അതുകൊണ്ടാവാം ഒരു പത്രപ്രവർത്തകനും ഇതുവരെ ഇവിടെ ചെന്നെത്താത്തത്.

3 മുതൽ 30 വരെ ഏക്കർ ഭൂമി സ്വന്തമായുള്ള ആദിവാസികുടുംബങ്ങളാണ് ഇവിടെയുള്ളത്. ഏലവും കുരുമുളകും കഞ്ചാവുമാണ് പ്രധാന കൃഷികൾ. ഓരോ കുടുംബത്തിനും ഏറ്റം ചുരുങ്ങിയത് ഇരുപതിനായിരം രൂപയ്ക്കുമേൽ വാർഷികവരുമാനമുണ്ട്. പക്ഷേ, മദ്യത്തിനും മയക്കുമരുന്നിനുമായി പണം ധൂർത്തടിച്ചിട്ട് ഇവർ ദാരിദ്ര്യം അനുഭവിക്കുന്നു. സാധനങ്ങൾ വാങ്ങുമ്പോൾ കടയിലെ ഏററം വിലകൂടിയ സാധനം തിരഞ്ഞെടുക്കുകയാണ് ഇവരുടെ പതിവ്. പലപ്പോഴും 'വില' കൂടിയ സാധനങ്ങൾ മാത്രമാണ് ഇവർക്ക് ലഭിക്കുന്നത്.

ഇവിടുത്തെ സർക്കാർ U.Pസ്കൂളിൽ 280 കുട്ടികൾ പഠിക്കുന്നു. പക്ഷേ, സ്റ്റാഫ്റൂമോ കാർട്ടേഴ്സോ ഇല്ലാത്ത ഈ സ്കൂളിലേയ്ക്ക് ട്രാൻസ്ഫർ കിട്ടുന്ന അധ്യാപകർ ലീവെടുക്കുകയാണ് പതിവ്.





അനേകം വിചിത്രാചാരങ്ങൾ ഇവരുടെ ഇടയിലുണ്ട്. സ്ത്രീയ്ക്ക് തുടർച്ചയായി ഗർഭം അലസിപ്പോവുകയാണെങ്കിൽ അതിനു പരിഹാരമായി നടത്തുന്ന 'കുളിയാട്ട്' അതിലൊന്നാണ്. മൂന്നു കോഴി, നാലു തേങ്ങ, അരിപ്പൊടി, മഞ്ഞൾപ്പൊടി, കരിപ്പൊടി ഇവയാണ് ഈ മന്ത്രവാദത്തിന് ഉപയോഗിക്കുന്നത്. പേയ്പാട്ട് (2) പാടുമ്പോൾ വേഷം കെട്ടിയ രൂപം തുള്ളുന്നു. അതോടെ സ്ത്രീയിലെ ബാധ ഒഴിഞ്ഞു എന്നാണ് അവരുടെ വിശ്വാസം. ഭാവിയിലെ സുരക്ഷയ്ക്കായി ഗർഭിണിയെ പാക്കൊത്തെയ്യിന് (3) സമർപ്പിക്കുന്നു. 'ബാധകൂടിയവരെ' മാത്രമല്ല എല്ലാ ഗർഭിണികളെയും പാക്കൊത്തെയ്യിന് സമർപ്പിക്കാറുണ്ട്.

ഓണം, വിഷു, പൊങ്കൽ എന്നിവയാണ് പ്രധാന ആഘോഷങ്ങൾ. വെതപ്പാട്ട്, നെല്ലുകുത്തുപാട്ട്, കോലടി, കൊയ്ത്തുപാട്ട്, ഗരുഡൻ തൂക്കം, ചവിട്ടുകളി തുടങ്ങി മനോഹരമായ അനേകം കലാരൂപങ്ങൾ ഇവർക്കുണ്ട്. സമുദായത്തലവൻ കാണിക്കാരൻ (4) എന്നറിയപ്പെടുന്നു. സി. എസ്. ഐ. സഭയുടെ പ്രവർത്തനത്താൽ മതപരിവർത്തനം ചെയ്ത ഒരു ന്യൂനപക്ഷത്തെ ഒഴിച്ചാൽ മററുള്ളവർ തങ്ങളുടെതായ ദൈവങ്ങളിൽ വിശ്വസിക്കുന്നവരാണ്. തമ്പുരാട്ടി, ബൊമ്മപ്പ ഭൈരവൻ, കന്നി, കരുപ്പരായൻ, പൂതാടൻ, മാരിയമ്മ എന്നിവരാണ് അവരുടെ ദൈവങ്ങൾ.

ഏതാണ്ട് രണ്ടാഴ്ചയിൽ ഒന്നു വീതം ഇവർ സിനിമ കാണാറുണ്ട്. എല്ലാവീടുകളിലും റേഡിയോയുണ്ട്. (ബാഹ്യലോകവുമായി എന്തെങ്കിലും സമ്പർക്കമുള്ള എല്ലാ ആദിവാസികുടുംബങ്ങളും ആകാശവാണിയുടെ മുഴുവൻ സമയശ്രോതാക്കളാണ്. അവർക്ക് ഒരു പരാതിയുണ്ട് - അവരുടെ പാട്ട് ഇന്നുവരെ റേഡിയോയിലൂടെ കേട്ടിട്ടില്ല) മിക്കവരും വാച്ച് ധരിക്കുന്നവരാണ്. എഴുപത്തിമൂന്ന് കുടുംബങ്ങളിൽ കലണ്ടർ ഉള്ളതായി കണ്ടു. സ്വന്തം പഞ്ചായത്തിൽ പോകണമെങ്കിൽ



റ്റ് ഏഴു പഞ്ചായത്തുകൾ കടന്ന്, എൺപതു കിലോമീറ്റർ യാത്ര ചെയ്ത് അറക്കുളത്ത് എത്തണം. താലൂക്കാസ്ഥാനമായ തൊടുപുഴയിൽ പോയിട്ടുള്ളവർ ഇവിടെ ആരുമില്ല.

20-24 ആണ് സാധാരണ വിവാഹപ്രായം. സെക്സുമായി ബന്ധപ്പെട്ട ശക്തമായ സദാചാര നിയമങ്ങൾ ഇവർ സൂക്ഷിക്കാറില്ല. കേരളത്തിലെ ആരോഗ്യവകുപ്പ് വളരെ കർമ്മനിരതരായി പ്രവർത്തിക്കുന്ന സ്ഥലമാണ് ഇത്. കാടും മലയും താണ്ടി വന്ന് മാസത്തിൽ ഒന്നു വീതം അവർ ഇവിടെ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നു. കുടുംബക്ഷേമകാര്യങ്ങളിൽ ഏറെ തല്പരരായ ആദിവാസികളുടെ വീടുകളിൽ രണ്ടിലധികം കുട്ടികളെ കണ്ടെത്താനാവില്ല. (മിക്ക സ്ത്രീകളും ഒരു കുട്ടി ഉണ്ടാവുന്നതോടെ ഗർഭധാരണശേഷി അവസാനിപ്പിക്കുന്നു.) പുരുഷൻമാരും സ്ത്രീകൾ തണുപ്പുകാലത്തും 'കൊട്ടുവടി' കഴിക്കുന്നു. (നെല്ല്, വെള്ളം, ശർക്കര, നവസാരം, കള്ളമട്ട്, കരിമ്പിൻനീര് ഇവ ചേർത്തുണ്ടാക്കുന്ന ലഹരിപദാർത്ഥമാണിത്.)

ഇത്ര നിഷ്ക്കളങ്കരും സത്യസന്ധരുമായ ജനങ്ങൾ കേരളത്തിൽ വേറെ ഒരിടത്തും ഉണ്ടാവില്ല. ഒരു വീട്ടിൽ ഈ ലേഖകൻ മറന്നു വെച്ച പേനയുമായി ഏഴ് കി. മീ. ഓടിവന്ന ആദിവാസിയുവാവിന്റെ മുഖത്തെ നിഷ്ക്കളങ്കത മനസ്സിൽ തെളിഞ്ഞുനില്ക്കുന്നു. ആ നിഷ്ക്കളങ്കതയുടെ മുമ്പിൽ കുറ്റബോധത്തോടെ ഒന്നേ പറയുവാനുള്ളു.

*"എല്ലാമേകി നിങ്ങളെങ്കിലു-*
*മൊന്നുമില്ല തരാൻ തിരികെ-*
*യല്ലം കപടതയല്ലാതെ."*

## അട്ടപ്പാടി.

പാലക്കാടിനടുത്തുള്ള മണ്ണാർകാട്ടു നിന്നും ഒരു മണിക്കൂർ ബസ്യാത്ര ചെയ്താൽ അട്ടപ്പാടിയിലെത്താം. കേരളത്തിലെ ആദിവാസികോളനികളിൽ ആധുനിക ജീവിതത്തോട് ഏററവുമടുപ്പം പുലർത്തുന്ന ആദിവാസികളാണിവിടെയുള്ളത്.

തമിഴും, മലയാളവും കൂടിക്കലർന്ന ഒരു ഭാഷയാണ് ഇവരുപയോഗിക്കുന്നത്. കുറുമിയർ, കുറിച്യർ, ഇരുളർ എന്നീ വിഭാഗങ്ങളിൽപെട്ട ജനങ്ങളാണ് ഇവിടെ വസിക്കുന്നത്. ചോളം, കപ്പ, നെല്ല്......... എന്നിവയും രഹസ്യമായി കഞ്ചാവുമാണ് പ്രധാന കൃഷികൾ. വെള്ളം തീരെ ആവശ്യമില്ലാത്ത വെള്ളാരൻ നെല്ല് ഇവിടുത്തെ മൊട്ടക്കുന്നുകളിൽ കുട്ടനാട്ടിലേക്കാൾ ഫലപുഷ്ടിയോടെ വളരുന്നു. വീടിനോടനുബന്ധിച്ച് എരുമ, പട്ടി, കോഴി എന്നിവയെ വളർത്തുന്നു. ബന്തി, കൊങ്ങിണി തുടങ്ങിയ ചെടികൾ ഇവരുടെ ചാണകം മെഴുകിയ മുററങ്ങളെ അലങ്കരിക്കുന്നു.

ഇവരുടെ പുല്ലുമേഞ്ഞ വീടുകളിൽ നാലും അഞ്ചും തലമുറയിലെ അംഗങ്ങൾ സന്തോഷത്തോടെ ജീവിക്കുന്നു. ചില വീടുകളിൽ 25-ഉം 30-ഉം അംഗങ്ങൾ വരെയുണ്ടാകും. ഇവിടെ 'വേറെ മാറുക' എന്ന സംവിധാനം കൊണ്ടുവന്നതു തന്നെ സർക്കാരാണ്. ഓടിട്ട സർക്കാർ വീടുകൾ വന്നതോടെ പുതിയ തലമുറ അങ്ങോട്ട് ചേക്കേറിയിരിക്കുന്നു. കുടുംബങ്ങൾ തമ്മിൽ പലപ്പോഴും വഴക്കുകളുമുണ്ടാകാറുണ്ട്. ലജ്ജാവിവശയായ കന്യകയെപ്പോലെ മന്ദം മന്ദം ഒഴുകിവരുന്ന കുന്തിപ്പുഴയെയാണ് കുടിവെള്ളത്തിനൊഴികെയുള്ള കാര്യത്തിന് ഇവർ ആശ്രയിക്കുന്നത്.

ചെറുപ്പക്കാർ മുണ്ട്, ഷർട്ട്, പാൻറ്സ്, ബ്ലൗസ്, പാവാട, സാരി ഇവ ഉപയോഗിച്ചു തുടങ്ങിയിട്ടുണ്ട്. പഴയ തലമുറയിലെ സ്ത്രീകൾ ആറു മീറ്റർ നീളമുള്ള ഒരു തുണി പ്രത്യേകരീതിയിൽ ചുറ്റുന്നു. പുരുഷൻമാർ പാളത്തൊപ്പിയും ചെറിയ മുണ്ടും ഉപയോഗിക്കുമൊന്നു.

'തോട്ടക്കി' എന്നു പേരുള്ള ഒരു മൂപ്പനാണ അവരുടെ നേതാവ്. മൂപ്പന്റെ അനുവാദമില്ലാതെ അന്യരെ കാണുകയോ സംസാരിക്കുകയോ ചെയ്യുന്നത് കുററകരമാണ്.





*'ഏലേലക്കരടി*
*മുണ്ണിക്കിത്ത് വാകരടി*
*മുണ്ണാക്കുയി കൊട കരടി*
*ചെമ്മന്നൂര് വാ കരടി*
*പടയ്ക്കിത്ത് വാ കരടി*
*ഏലേലക്കരടി.'*

ഇങ്ങനെയുള്ള പാട്ടുകൾ പാടിയുള്ള ആഘോഷങ്ങളും നൃത്തങ്ങളുമാണ് പ്രധാന മാനസിക ഉല്ലാസം. കരടിയുടെ വേഷം കെട്ടിയ ഒരാളും, ദവിൽ, പെറ, കുഴൽ എന്നീ വാദ്യങ്ങളുപയോഗിക്കുന്ന പുരുഷൻമാരും ചേർന്നതാണ് ഈ കളി സംഘം.

പൊങ്കലാണ് പ്രധാന ആഘോഷം. മദ്യത്തിൽ മുങ്ങിപ്പോകുന്ന ഈ ആഘോഷാവസരത്തിലാണ് അട്ടപ്പാടിക്കാർ ഏറ്റവും സന്തോഷിക്കുന്നത്. ദരിദ്രരാണിവിടുത്തെ ജനങ്ങൾ. വേണ്ടത്ര വരുമാനം ഉണ്ടായിട്ടും അവരെ നിത്യദാരിദ്ര്യത്തിലേക്ക് എത്തിക്കുന്നത് കള്ളും കഞ്ചാവും മദ്യവുമാണ്.

കേരള തമിഴ്നാട് അതിർത്തിയിലെ ചന്ദന കള്ളക്കടത്തിന്റെ പ്രധാന കണ്ണിയാണ് അട്ടപ്പാടിയിലെ ആദിവാസികൾ. പലപ്പോഴും ചന്ദനക്കൊള്ളക്കാരുടെ കൈയിലെ ചട്ടുകങ്ങൾ മാത്രമാണിവർ. ഒന്നുകിൽ കൊള്ളക്കാരുടെ കൈകൊണ്ട് തന്നെ മരണം. അല്ലെങ്കിൽ പോലീസ് മർദ്ദനം. ഇതാണ് പലപ്പോഴും ഫലം. നഷ്ക്കളങ്കരായ അവരെ ഉപയോഗിച്ച് നടത്തുന്ന ഈ കൊടും പാതകം ഫലപ്രദമായി തടയാൻ ഒരു മാർഗ്ഗവുമില്ല. അവസാനം അവർ തന്നെ ബലിയാടുകളാവുന്നു.

## ഇടമലക്കുടി

മൂന്നാറിൽ നിന്ന 25km അകലെ വനത്തിൽ സ്ഥിതിചെയ്യുന്ന ഏറെ അറിയപ്പെടാത്ത ഒരു ആദിവാസികോളനിയാണിത്. മുതുവാൻമാർ- മുതുകിൽ മാറാപ്പ് ധരിക്കുന്നവർ - എന്ന വർഗ്ഗമാണ് ഇടമലക്കുടി - രണ്ട് മലകളുടെ ഇടയ്ക്കാണ് ഈ കോളനി-യിൽ വസിക്കുന്നത്. പ്രശ്നങ്ങൾ പരിഹരിക്കുകയുകം ശിക്ഷകൾ നടപ്പാക്കുകയും ചെയ്യുന്ന പഞ്ചായത്തിന്റെ തലവൻ 'തലൈവർ' എന്നറിയപ്പെടുന്നു.



ദുർഘടമായ വഴികളും പ്രതികൂലമായ കാലാവസ്ഥയും 'ചോറിയൻ', 'തസികൻ' എന്നീ തോട്ടപ്പുഴുക്കളും പ്രതിബന്ധം സൃഷ്ടിക്കുന്നതിനാലാവാം ഈ സ്ഥലം ഇതുവരെ ഗവൺമെന്റിന്റെ ക്ഷേമപരിപാടികൾക്ക് കാര്യമായി പാത്രീഭവിക്കാത്തത്.

പ്രത്യേകതകളാർന്ന ചികിത്സാരീതികളുടെ പ്രയോക്താക്കളാണിവർ. പല രോഗങ്ങൾക്കും മന്ത്രവാദം ഒരു മരുന്നാണ് - വിഷം ഇറക്കുന്നതിനുപോലും. വിഷം ഇറക്കുന്നതിനുള്ള നാഗസ്തുതിയിതാ;-

*'ഒമ്പതു മലമേൽ ഒമ്പതു കൂടും കെട്ടി*
*ഒമ്പതു കൂട്ടം പാമ്പുകളെ*
*കാളി, കരിഞ്ചവള്ളി, നടവൻ പാമ്പുകളെ.*
*പുററു പുരണ്ടവനെ*
*ാപമ്പിള്ളേരെ, ആമ്പിള്ളേരെ'*

മന്ത്രവാദത്തോടൊപ്പം വിഷഹാരിയായ നാഗവള്ളിക്കിഴങ്ങ് ഇവർ ഉപയോഗിക്കുന്നു. കടിവായ കണ്ട് ഏത് തരം പാമ്പാണ് കടിച്ചതെന്ന് പറയുവാനുള്ള വൈദഗ്ദ്ധ്യം ഇവർക്കുണ്ട്. കീരിക്കിഴങ്ങ് ഉണക്കി വായിലിട്ട് ചതച്ച് ഉമിനീർ മുറിവായിൽ പുരട്ടുകയാണ് മുറിവുകൾക്കുള്ള ചികിത്സ. ഇ. സി. ജി. യും എലീസാ ടെസ്റ്റുമില്ലാത്ത 'ഈ ലോകത്ത്' ആളുകൾ പ്രകൃതിയെ ആശ്രയിച്ച് അരോഗദൃഢഗാത്രരായി ജീവിക്കു ന്നു.

## ചക്കുവള്ളം

കുമളിക്കടുത്തുള്ള ഈ കോളനിയിൽ 'പണിയർ' വിഭാഗത്തിൽ പെട്ടവർ മാത്രമാണ് ജീവിക്കുന്നത്. പുരോഗതി എത്തിനോക്കിയിട്ടു പോലുമില്ലാത്ത ഇവിടേയ്ക്ക് വരുന്ന 'അപരിചിതരെ' ഇവർ ഭയപ്പെടുത്തി ഓടിക്കാറാണ് പതിവ്.

ഇവർ ശരീരത്തിൽ പച്ചകുത്തുന്നവരാണ്.

സ്ത്രീകളിലാണ് ഈ പ്രവണത കൂടുതൽ. പ്രായപൂർത്തിയായതിനുശേഷം നടത്തുന്ന ഇവരുടെ പച്ചകുത്ത് വളരെ പ്രസിദ്ധമാണ്. നെറ്റി, കവിൾ, മാറ്, കൈയ്, കാല് എന്നീ ശരീരഭാഗങ്ങളിലാണ് മുദ്രകൾ അടയാളപ്പെടുത്തുന്നത്.

കരിയാത്തവൻ, കുട്ടിച്ചാത്തൻ, അഗസ്ത്യൻ, വിഷ്ണു, വള്ളൂരമ്മ ഇവരാണ് ചക്കുവള്ളംകാരുടെ ദൈവങ്ങൾ. പേവിഷബാധയേററവരെ മന്ത്രം ചൊല്ലി രക്ഷിക്കാനുള്ള ശ്രമം ഇവരുടെ ഇടയിലുണ്ട്.

*ഓം പലേ പലേ*
*ഓം കുഞ്ഞേ തന്നെത്ത ദേഹം*
*നന്ദി വന്തിതേ നടൈന്ത്യ വന്നിതേ*

..............................................

*തിത്തിരക്കന്നി, വള്ളൂരമ്മ*
*നീലകണ്ണി, ഗംഗക്കന്നീ*
*മേലാഹ ദേവക്കന്നീ*

..............................................

*ഓം കൃഷ്ണനാരായണ*
*അമ്മെ വാതക്കാണിക്ക്*
*ഓടിപ്പോ......... ഓടിപ്പോ.........*

ഇങ്ങനെ ഏഴു പ്രാവശ്യം ചൊല്ലിയാണ് അവർ പേവിഷബാധ ഒഴിക്കാൻ ശ്രമിക്കുന്നത്. നിരവധി ആഭിചാരകർമ്മങ്ങൾ ചെയ്യുന്ന ഇവർ ക്ഷിപ്രകോപികളും വഴക്കാളികളുമാണ്.

## കോഴിമല

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴിക്കടുത്ത് സ്ഥിതിചെയ്യുന്ന കോളനിയാണിത്. മന്നാൻമാരാണ് ഇവിടുത്തെ ജനവിഭാഗം. (പാലക്കാട് ജില്ലയിലെ പറമ്പിക്കുളത്തും ഇവരെ കാണാം.) പല കാര്യങ്ങളിലും ചക്കുവള്ളത്തെ പണിയരുടെ രീതി ഇവർക്കും കാണാം. മധുരമീനാക്ഷിയാണ് ഇവരുടെ ദൈവം. ഇവരുടെയും ചികിത്സാരീതികൾ ഏറെ പ്രത്യേകതയുള്ളതാണ്.

പച്ചമരുന്നുകളുടെയെല്ലാം പേരുകൾ ചേർ





ത്തുള്ള ഈണമാർന്ന ഒരു പാട്ട് ഇവരുടെ വലിയ ഒരു സമ്പാദ്യമാണ്.

*അത്തിയും ഇത്തിയും അരയാൽ അശോകം*
*അടപതിയൻ അമൃത് അടയ്ക്കാമണിയൻ*
*ആവണക്കാരിവേപ്പാനച്ചുവടിയും*
*കുമ്പളം കൂവളം പാതിരി പല പച്ചോന്തി*
*കറുത്ത ചുണ്ട വെളുത്ത ചുണ്ട ഓരില മൂവില*

..............................................

..............................................

*പാലൂരി പാച്ചൂരി പാൽവള്ളി പാതിരി*
*പാവട്ട പടവലം പാടക്കിഴങ്ങ് പാൽ മുതക്ക്*
*പനിക്കൂർക്ക പന്തീരടി പാണൽ*

.........

മൈക്കൽ ജാക്സൻെറയും ബ്യൂട്ടിപാർലറിൻെറയും സൂപ്പർ ഫാസ്റ്റിൻെറയും ഇന്നത്തെ ലോകം! എന്തിനോ വേണ്ടി പരക്കം പായുന്നു ഇന്നത്തെ മനുഷ്യർ. വികാരങ്ങളും ചിന്തകളും വരെ മലിനീകരിക്കപ്പെടുന്നു. അവർ നേടുന്നതോ? - ഓസോൺ പാളിയിലെ വിള്ളലും അമ്ല മഴയും

കുറെ തീരാരോഗങ്ങളും.............

പക്ഷേ, ഇതാ, ഇവിടെ, ഈ ആദിവാസി കോളനികളിൽ..............

നമുക്ക് നഷ്ടപ്പെട്ട സ്നേഹത്തിൻെറ തിളക്കമുണ്ട്.

സത്യത്തിൻെറ ശുദ്ധവായുവുണ്ട്.

വററാത്ത കൊച്ചരുവികളുടെ വളകിലുക്കമുണ്ട്

ട്യൂമറും എയിഡ്സുമില്ലാത്ത കരുത്തരായ പച്ചമനുഷ്യരുണ്ട്. മാത്രമല്ല;

ആ മനുഷ്യരുടെ കണ്ണുകളിൽ നിഷ്ക്കളങ്കതയുടെ നീലിമയുണ്ട്, തൊലിക്ക് മണ്ണിൻെറ നിറമുണ്ട്, മുഖത്ത് പ്രകൃതിയുടെ ശാന്തതയും ജീവിതത്തിൻെറ സ്നിഗ്ദ്ധതയുമുണ്ട്.

എല്ലാറ്റിനുമുപരിയായി, കാളിദാസകൃതികളിൽ കാണുന്ന സ്വച്ഛമായ മനുഷ്യ-പ്രകൃതി സംഗമം ഈ ആദിവാസികോളനികളിലുണ്ട്.

ഷാജൻ ചാമക്കാല

# ഇവർ വിരമിയ്ക്കുന്നു



**Prof.P.J.Lazar(English Dept).**

സുദീർഘമായ 27 വർഷത്തെ സേവനത്തിനു ശേഷം Prof.P.J.Lazar വിരമിയ്ക്കുകയാണ്. ഇംഗ്ലീഷ് ഡിപ്പാർട്ടുമെൻറിൻെറ ശക്തിസ്തംഭമായിരുന്നു അദ്ദേഹം. അവികലമായ ആലംഗഭാഷാ പരിജ്ഞാനവും സ്വാർത്ഥതാമുക്തമായ ജീവിത വീക്ഷണവും അദ്ദേഹത്തെ സഹപ്രവർത്തകരുടെയും വിദ്യാർത്ഥികളുടെയും ആദരവിന് പാത്രമാക്കി



**Sr.M.J.Rosamma (Botany Dept)**

1967 മുതൽ ദേവമാതായുടെയും ബോട്ടണി ഡിപ്പാർട്ടുമെൻറിൻെറയും ചൈതന്യമായിരുന്നു Sr.M.J.Rosamma (സിസ്റ്റർ അപ്പലോണിയ). എറണാകുളം St.Joseph's Training College -ൽ ആയിരുന്നു അദ്ധ്യാപനം ആരംഭിച്ചത്. കാമ്പസിലും ക്ലാസ്സുമുറികളിലും കുട്ടികളുടെ മനസ്സുകളിലും എല്ലാം പ്രസാദം ചൊരിഞ്ഞ സിസ്റ്ററിൻെറ സേവനം വരും തലമുറകൾക്കു നഷ്ടമാവുകയാണ്.



**Prof.V.U.Abraham (Chemistry Dept)**

ദേവമാതായുടെ തുടക്കത്തിൽ ഒരു ട്യൂട്ടറായി സേവനമാരംഭിച്ചു ഉപരിപഠനാനന്തരം 1969 മുതൽ തുടർച്ചയായ സേവനം. ഊർജ്ജസ്വലനും ഫലിതപ്രിയനുമായ ഒരു നല്ല അദ്ധ്യാപകൻ. അതോടൊപ്പം ഒരു അനുഗൃഹീത നടൻ, വാഗ്മി, സംഘാടകൻ, സഹൃദയൻ, അങ്ങനെ പലതും. കാൽനൂറ്റാണ്ടുകാലത്തെ കോളജിൻെറ വളർച്ചയിൽ അബ്രാഹം സാറിൻെറ സംഭാവനകൾ അവിസ്മരണീയമാണ്.

## Non Teaching Staff



V.T.Mathew
Lab Assistant
Service from 1-6-'64.



E.O.Ouseph
L.D.Clerk
Service from 1-10-'68.



K.P.Paily
U.D.Clerk
Service from 6-7-'65



ഡോ: കുര്യാസ് കുമ്പളക്കുഴി
ഇപ്പോൾ കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി നിയമിതനായ ഇദ്ദേഹം നമ്മുടെ കോളേജിലെ മലയാളം വിഭാഗത്തിലെ അദ്ധ്യാപകനായിരുന്നു എന്നത് നമുക്ക് അഭിമാനം നല്കുന്നു.

# ആർദ്രതയും സമദർശനവും ആർജ്ജിക്കണം

ഡോ: കുര്യാസ് കുമ്പളക്കുഴി

'പഠിച്ചിട്ടെന്തുകാര്യം എന്ന് ആവേശത്തോടെ ചോദിക്കുന്നവരുണ്ട്. ഇവരെ വസ്തുതകൾവിശദീകരിച്ച് ബോദ്ധ്യപ്പെടുത്തുവാൻ സാദ്ധ്യമല്ല ഒരു മറുചോദ്യമേ ആവശ്യമുള്ളൂ പഠിക്കാതിരുന്നിട്ടെന്തുകാര്യം'.

പഠനം തൊഴിലിനുവേണ്ടിമാത്രമാണ് എന്ന് പലരും തെറ്റായി ധരിച്ചുവച്ചിരിക്കുന്നു. ആപത്തിന്റെ തുടക്കം ഇവിടെയാണ്. പഠനം ഒരു മനുഷ്യന്റെ സമഗ്രവികാസമാണ് ലക്ഷ്യംവയ്ക്കേണ്ടത്. ജനിച്ചുവീഴുന്ന ഇരുകാലി ജീവിയിൽ നിന്നും മനുഷ്യനിലേയ്ക്കുള്ള ദൂരമത്രയും നടന്നു തീർക്കേണ്ടതു പഠനപരിപാടിയിലൂടെയാണ്. ഇതിനെ ആശ്രയിച്ചിരിക്കും നമ്മുടെ ജയാപജയങ്ങൾ.

ഒരു ചൈനീസ് പഴമൊഴിയുണ്ട് 'ജനിക്കുമ്പോൾ എല്ലാവരും തുല്യരാണ്;' വിദ്യാഭ്യാസം അവരെ വ്യത്യസ്തരാക്കുന്നു. ജനിക്കുമ്പോഴത്തെ തുല്യതയുണ്ടല്ലോ അത് കേവലം ജൈവമാണ്. ബോധപൂർവമായ ഒരു രൂപവല്ക്കരണ സംരംഭത്തിന്റെ ഫലമായി ഈ തുല്യത മാഞ്ഞുപോവുകയും ഉദാത്തമായ മറ്റൊരു തുല്യതയിലേയ്ക്ക് ഭഗവത്ഗീത പറയുന്ന 'സമദർശന' ത്തിന്റെ അവസ്ഥയിലേയ്ക്ക് മനുഷ്യവ്യക്തി വളരുകയും ചെയ്യുന്നു.

ഈ സമദർശനമെന്താണ് എല്ലാ ജീവികളേയും 'പുല്ലിനേയും പുഴുവിനേയും' കൂടി സ്വന്തം തറവാട്ടുകാരായി കാണാൻ കഴിയുന്ന അവസ്ഥതന്നെ സഹജീവികളോട് ഭാവത്മകമായി മാത്രം പ്രതികരിക്കാൻകഴിയുന്ന ഉത്കൃഷ്ടമായ ആർദ്രതകൊണ്ട് മനസ്സ് നിറയുമ്പോഴേ ഇത് സംഭവിക്കൂ. ഇവിടെവച്ചാണ് നമ്മൾ നമ്മുടെ സഹോദരന്റെ കാവൽക്കാരായി മാറുന്നത്. വിദ്യാഭ്യാസത്തിന് ഇത്തരം ഒരു പരിണാമം വ്യക്തികളെ സൃഷ്ടിക്കാൻ കഴിവുണ്ടെന്ന്കൂടി ഓർക്കണം.



**ജിജോ സിറിയക്**
മൂന്നാം വർഷ മലയാളം

# പകരാതെ പോയവർ

എന്റെ മൗനത്തിന്റെ റാന്തലിനും
നിന്റെ കണ്ണിലെ ഇളവെയിലിനും
ഒരേ നിറമായിരുന്നു.................

എന്റെ നെഞ്ചിന്റെ ഇടനാഴിയിലൂടെ നടന്നു
കണ്ണിന്റെ കിളിവാതിലിലൂടെ ചിരിച്ച്
കരളിന്റെ ഇതളിലിറ്റു കണ്ണുനീർ വീഴ്ത്തി
നിലാവിൻകീറുപോലെ നീ വന്നു പോയി.

പറയാതെ പോയതുകൊണ്ട്
നിന്റെ പേരിനെക്കുറിച്ചും
പകരാതെ പോയതുകൊണ്ട്
നിന്റെ കണ്ണിലെ ഇളവെയിലിനെക്കുറിച്ചും
എനിക്ക് സ്വപ്നങ്ങൾ നെയ്യാം.

നിന്റെ കൺപീലിയിൽ പൊടിഞ്ഞുനിന്ന
നീലവിഷാദത്തെക്കുറിച്ചും
കൺകോണുകളിലെ തുരുമ്പിച്ച ഭീതിയെക്കുറിച്ചും
നൊമ്പരത്തോടെ പര്യാലോചിക്കാം.

ഇനി, ഞാൻ അമാവാസി.....
നീ പൗർണ്ണമിയും.



# കോളേജ് യൂണിയൻ

1



ജന: സെക്രട്ടറി

2



ചെയർമാൻ

3



വൈസ്: ചെയർമാൻ

4



ആർട്ട്സ് സെക്രട്ടറി ക്ലബ്ബ്

5



കൗൺസിലർ

6



എഡിററർ

7



കൗൺസിലർ

1. ജെയ്സൺ ചാക്കോ
2. റോബിൻ മാനുവൽ
3. സിന്ധു പി.എ.
4. ഗോപി.സി.കെ.
5. സിജി സെബാസ്റ്റ്യൻ.
6. ജോളി ജോൺ
7. സതീഷ്.വിശു



# മൗനനൊമ്പരം



പ്രിയപ്പെട്ട അപ്പൂ—

തെറ്റുകളെ പുതിയ ന്യായീകരണങ്ങളിലൂടെ ശരികളാക്കി മാറ്റുമ്പോഴെയ്ക്കും അവശേഷിക്കുന്നത് തകർന്ന ജീവിതത്തിൻ്റെ ആകാരം നഷ്ടപ്പെട്ട കുറേ സ്ഫടികത്തുണ്ടുകൾ മാത്രമായിരിക്കും എന്നു ഞാനറിയുന്നു. മരണമില്ലാത്ത സ്മരണകൾ ചേലത്തുമ്പിൽ തൂങ്ങുമ്പോൾ തിരിഞ്ഞുനോക്കാതെ വയ്യ. കൂട്ടിനായി എന്നോടൊപ്പം വരൂ കുട്ടീ.

പൂർവ്വാശ്രമത്തിൻ്റെ ഇരുളിൽ തപ്പിത്തടഞ്ഞപ്പോഴൊക്കെ കൈപിടിച്ചു നടത്തിയത് നീയായിരുന്നില്ലേ? വരൂകുട്ടീ ഒരിക്കൽക്കൂടി........

ഒടുങ്ങാത്ത സ്നേഹാദരങ്ങളുടെ ഉണർത്തുപാട്ടുമായി എൻ്റെ ഹൃദയത്തിൽ ചേക്കേറിയ എൻ്റെ റോഷനെ നീ അറിയില്ലേ? നിറങ്ങളും നിഴലുകളും ചേർത്ത് പ്രപഞ്ചത്തിൻ്റെ സ്വന്തങ്ങളൊപ്പിയ അവൾ മററുള്ളവർക്കു മുന്നിൽ ഒരു പൊട്ടിച്ചിരിയായിരുന്നു! ഒരിക്കലും വറ്റാത്ത കണ്ണീർക്കയം ഹൃദയത്തിൽ സൂക്ഷിച്ച ഒരു വലിയ പൊട്ടിച്ചിരി.

ഇടയ്ക്ക് ആ കയം പൊട്ടി ഒഴുകുമ്പോൾ എൻ്റെ തോളുകൾ നനഞ്ഞു.

"എല്ലാവരും എന്നെ പരിഹസിക്കുന്നു. ഒരിറ്റുസ്നേഹം തരാൻ എനിക്കാരുമില്ലല്ലോ?"

അടുത്ത നിമിഷം കണ്ണുനീരിനിടയിലൂടവൾ പുഞ്ചിരിച്ചു.

"നിക്കറിയുമോ ഇനി എൻ്റെ ഏറ്റവും വലിയ ആഗ്രഹം ഒരു വിവാഹമാണ്."

അമ്പരന്ന എൻ്റെ മുഖത്തുനോക്കി ചിരിച്ചുകൊണ്ടവൾ ചോദിച്ചു.

"നിനക്ക് മനസ്സിലായില്ല അല്ലേ? കവികൾ വാഴ്ത്തുന്ന കൗമാരസ്വപ്നം തന്നെയാണിത്. ഞാനല്പം പച്ചയായി പറഞ്ഞെന്നുമാത്രം."

എനിക്കു മറുപടി പറയാനോ എതിർക്കാനോ വാക്കുകളില്ലായിരുന്നു. ആദ്യമൊക്കെ അവളുടെ പരുക്കൻ ഭാഷ എന്നെ അമ്പരപ്പിച്ചു. പിന്നെ എനിക്കതിഷ്ടമായി.

അതവളുടെ ഹൃദയത്തിൻ്റെ ഭാഷയായിരുന്നു!

കോൺവെൻ്റ് സ്കൂളിൻ്റെ ഹോസ്റ്റലിൽ അടയ്ക്കപ്പെട്ട ഞങ്ങളുടെ ജീവിതത്തെ സജീവവും അല്പം സാഹസികവുമാക്കിയത് അവളായിരുന്നു. അതിനുള്ള എല്ലാ ശിക്ഷയും അവൾ സ്വയം ഏറ്റുവാങ്ങി. തടയാൻ ശ്രമിച്ച എന്നോടു പറയാൻ അവൾക്ക് മറുപടി ഉണ്ടായിരുന്നു.

'ആർക്കും വേണ്ടാത്ത എൻ്റെ ജീവിതം ഒരു നഷ്ടക്കച്ചവടമാണ്. പിന്നെ ഞാൻ എന്തി

നീ വിലക്കുകൾക്കു വഴങ്ങ ണം.?"

അവളോടു വാദിക്കാൻ എനിക്കാകുമായിരുന്നില്ല. എനിക്കൊന്നല്ല.........

കുടുംബത്തെക്കുറിച്ച് അവൾക്കുവലിയ സങ്കല്പങ്ങ ളാണ് ഉണ്ടായിരുന്നത്.

"ഒരു കുഞ്ഞിൻെറ അവ സാനത്തെ പിടിവള്ളിയാണ് അമ്മ. ആ പിടിവള്ളിയും നഷ്ട പ്പെടുമ്പോഴത്തെ അവസ്ഥ നിനക്കറിയില്ല. അമ്മയുണ്ടെ ങ്കിൽ, അച്ഛനുണ്ടെങ്കിൽ ലോ കം മുഴുവൻ നിനക്കുണ്ട്. ഇല്ലെ ങ്കിൽ ആരുമില്ല. പക്ഷേ മാതൃ ത്വത്തെ പുരുഷൻ വികലമാ ക്കി. സ്ത്രീയെ എല്ലാഭാരവും ഏല്പിച്ച് ഒഴിഞ്ഞുമാറാനുള്ള ഉപാധിയായി അവൻ അതിനെ കണ്ടു."

അതു പറയുമ്പോൾ അവളു ടെ കണ്ണിൽ ആരോടൊക്കെയോ ഉള്ള പക ഉണ്ടായിരുന്നു. പി ന്നെ തന്നോടുതന്നെ എന്നതു പോലവൾ പറഞ്ഞു:-

"എനിക്കു നഷ്ടപ്പെട്ടതെ ല്ലാം എൻെറ വരും തലമുറ യ്ക്ക് നേടികൊടുക്കണം."

പക്ഷേ അടുത്ത നിമിഷം അവൾ പൊട്ടിത്തെറിച്ചു.

"ജീവിതം! മണ്ണാങ്കട്ട! വെറു തേ ഓരോന്നുകാട്ടി ഭ്രമിപ്പി ക്കും. ഒടുവിൽ കയ്യിൽ കിട്ടുന്ന ത് ഒരു പിടി ഉപ്പുമാത്രം, കണ്ണു നീരുറഞ്ഞ ഉപ്പ്."

ഒടുവിൽ അവൾ പൊട്ടിച്ചി രിക്കും.

"നിനക്ക് ഭയമാകുന്നു അ ല്ലേ? എനിക്കു ഭ്രാന്താണോ എ ന്ന്? സത്യവും മിഥ്യയും ചേരു മ്പോൾ ഇങ്ങനെയാണ്. സത്യ മായും എനിക്ക് ഭ്രാന്താണ്.

സ്വന്തം ആദർശങ്ങളുടെ സംരക്ഷണയ്ക്കായി അച്ഛനും അമ്മയും വഴിപിരിഞ്ഞപ്പോൾ ആദർശങ്ങളൊന്നുമില്ലാത്ത എൻെറ പാവം റോഷൻ ആർ ക്കും വേണ്ടാത്തവളായി. വേദ ന കലർന്ന നർമ്മത്തോടെ അ വൾ പറയുമായിരുന്നു.

"എൻെറ അച്ഛനും അമ്മയ് ക്കും ആകപ്പാടെ ഏകാഭിപ്രാ യം ഉണ്ടായിരുന്നത് എന്നെ ഉപേക്ഷിക്കുന്ന കാര്യത്തിൽ മാത്രമായിരുന്നിരിക്കാം."

അവളുടെ കണ്ണുകൾ ഈറ നാവുന്നതും ചൂടുള്ള നനവ് എൻെറ തോളിൽ പടരുന്നതും ഞാനറിഞ്ഞു. എല്ലാം ഉണ്ടായി ട്ടും ഒന്നുമില്ലാത്ത അവളുടെ അവസ്ഥ ഞാൻ മാത്രമറി ഞ്ഞു.

വെക്കേഷനുകൾ ആഘോ ഷിക്കുവാൻ അവൾക്കൊരു കൂടാരമില്ലായിരുന്നു. ഹോസ്റ്റ ലിൻെറ ചുവരുകൾക്കപ്പുറ മൊരു രാത്രി അവൾക്ക് വിദൂ രസ്വപ്നം മാത്രമായിരുന്നു. നക്ഷത്രങ്ങളെയും സ്നേഹ ത്തെയും സ്വപ്നം കണ്ട റോഷന് അവ രണ്ടും ഒരുപോ ലെ വിദൂരത്തിലായിരുന്നു.

സ്കൂൾ വിദ്യാഭ്യാസം കഴി ഞ്ഞ് പിരിയുമ്പോൾ നന്ദിയോ ടെ അവൾ പറഞ്ഞു.

"നീ എന്നെ സ്നേഹിച്ചുവോ എന്നറിയില്ല. പക്ഷേ നീ എന്നെ മനസ്സിലാക്കി എന്നെനിക്കറി യാം. അതുമതി. ജീവിതത്തിൽ കുളിരുതുകുന്ന ഒരേ ഒരോർമ്മ നീ മാത്രമാണ്. ഈ കോൺ വെൻറിന് ഞാൻ എന്നുമൊരു തലവേദന ആയിരുന്നു. എനി ക്ക് വെറുപ്പാണ് കന്യാസ്ത്രീ കളെ. നിനക്കറിയുമോ അവരെ നിഷേധിക്കുന്ന ഓരോ രാത്രി യും ദേവവസ്ത്രമിട്ട എൻെറ അമ്മയെ സ്വപ്നം കാണും. പി ന്നെ മഴയും കാറ്റും സ്നേഹി ച്ചുകൊന്ന മണ്ണാങ്കട്ടകളെയും കരിയിലകളെയും......."

അവസാനത്തെ വാക്കുകൾ എൻെറ നിയന്ത്രണത്തിൻെറ കെട്ടുപൊട്ടിച്ചു.

"ഞാൻ നിന്നെ ആശ്വസിപ്പി ക്കില്ല. എൻെറ ജീവിതത്തിൽ ആദ്യമായി എനിക്കുവേണ്ടി ഉറ



വെളുത്ത കണ്ണീരാണിത്. ഇതു തരുന്ന ആനന്ദം നിനക്കറിയില്ല. നിന്റെ കണ്ണുനീർ ഞാനൊന്നു കൊതിതീരെ കാണട്ടെ." അവൾ എന്റെ മുഖം തന്റെ കൈകളിൽ കോരി എടുത്തു. ഞാൻ കരഞ്ഞു. എനിക്കും അവൾക്കും മതിയാകുവോളം.

പിന്നെ രണ്ടുവർഷം കഴിഞ്ഞാണവളെ കണ്ടത്. ഏതോ അപൂർവ്വ സൗഖ്യത്തിലെന്നതുപോലെ അവൾ പറഞ്ഞു.

"ഞാനെന്റെ ഏറ്റവും വലിയ ആഗ്രഹത്തിന്റെ സാക്ഷാത്കാരസുഖം അറിഞ്ഞു. അറിയുന്നു".

തമാശയ്ക്കായി ഞാൻ ചോദിച്ചു.

"എന്നിട്ടും നീ ഹോസ്റ്റലിലാണല്ലോ?"

"വല്ലപ്പോഴും പരോളിൽ വരുമ്പോൾ എന്റെ കൂടെ ഉണ്ടാകും. എപ്പോഴും മനസ്സിലും."

ഞാനവളെ തുറിച്ചു നോക്കി.

അവളുടെ കണ്ണിൽ സന്തോഷത്തിന്റെ തിളക്കം മാത്രം.

"അതെ, നിനക്കു വിശ്വസിക്കാനാവുന്നില്ല അല്ലേ? ഒരു സ്ത്രീയെ കൊന്ന കേസിൽ പ്രതിയാണ്. ജയിലിൽ നിന്നുവരുമ്പോൾ ഹോസ്റ്റലിലെത്തും. എന്നെ കൂട്ടിക്കൊണ്ടുപോകും. പരോൾ തീരുമ്പോൾ തിരികെ കൊണ്ടുവിടും."

നിമിഷനേരത്തെ മൗനത്തിനു ശേഷം അവൾ തന്നോടു തന്നെ എന്നതുപോലെ പിറുപിറുത്തു.

"എന്റെ തമ്പി നിരപരാധിയാണ്. കൂട്ടുകാർ ചെയ്ത തെറ്റിന്റെ ഫലമാണനുഭവിക്കുന്നത്."

വാദമുഖങ്ങളൊന്നും ഉന്നയിക്കാൻ പോയില്ല. അവളുടെ വിശ്വാസം അവളെ രക്ഷിക്കട്ടെ. അവൾ സംതൃപ്തയാണെന്നെനിക്കുതോന്നി. അതിൽ ഞാനാശ്വസിച്ചു.

ഒരു വർഷത്തിനുശേഷം വീണ്ടും ഞാനവളെ തേടിപ്പോയി. പക്ഷേ ഹോസ്റ്റലിലുള്ളവർ കൈ മലർത്തി.

"ആറുമാസം മുമ്പ് തമ്പി വന്നുകൊണ്ടുപോയി. ഒരാഴ്ചത്തേയ്ക്കെന്നു പറഞ്ഞ്."

കനംതൂങ്ങുന്ന മനസ്സുമായി പടിയിറങ്ങുമ്പോൾ അവളുടെ പൊട്ടിച്ചിരിയോ തേങ്ങലോ ഞാൻ കേട്ടത്?

പ്രതീക്ഷകൾ അസ്തമിക്കാതിരിക്കാൻ ഞാനവളെ അന്വേഷിച്ചില്ല. ഇനിയും എനിക്കതിനാവില്ല.

അപ്പൂ, ആശിക്കാനും നേടാനും ഇവിടെ കുറേ കിനാവുകൾ മാത്രമേ ഉള്ളോ?

കെട്ടിപ്പടുത്തതും കാത്തു സൂക്ഷിച്ചതും അപ്പൂപ്പൻതാടികളായിരുന്നെന്നു തോന്നുന്നു. അപ്പൂപ്പൻ താടികൾ സൂക്ഷിക്കുന്ന ചെപ്പുകളാണോ നാം? ഇതാർക്കുവേണ്ടിയുള്ള അപ്പൂപ്പൻ താടികളാണ്?

ചോദ്യങ്ങൾക്കുത്തരം കാണാൻ ക്ഷണിക്കയല്ല. ഉത്തരങ്ങളും വാരിവളച്ചി ചോദ്യങ്ങളാവുമ്പോൾ വെറുതേ... വെറുതേ പിറുപിറുക്കുന്നുവെന്നു മാത്രം.

എന്ന്
നിന്റെ
സ്വന്തം.......

*ലേഖാ. എം. എസ്.*
*മൂന്നാം വർഷ മലയാളം*


## ചമ്മലപ്പള്ളിൽ ജ്വല്ലേഴ്സ്

(Opp. S.B.T.)

കടുത്തുരുത്തി. Ph: 264

22 കാരററ് സ്വർണ്ണാഭരണങ്ങൾക്ക്, കഴിഞ്ഞ 50-ലേറെ
വർഷങ്ങളായി കടുത്തുരുത്തിയിലെ വിശ്വസ്തസ്ഥാപനം

# റാങ്ക് ജേതാക്കൾ



പി.എൻ.സോമദാസൻ



ജിജോ സിറിയക്

ഒന്നാം റാങ്ക് - മലയാളം - രണ്ടാം റാങ്ക്

## ക്ലാസ്പ്രതിനിധികൾ



ജിംസൺ D.പറമ്പിൽ
II P.G



റീന മാത്യു
(വനിതാ പ്രതിനിധി)



സ്മിനി ജോസ്
വനിതാ പ്രതിനിധി



റോബിൻ ജോൺസ്
I PDC



ജോൺസൺ ജോൺ
III DC



സന്തോഷ് കുര്യൻ
II DC



സജിമോൻതോമസ്
I DC



ബോബി ജോൺ
II PDC

# നെടുമുടി: പ്രതിഭയുടെ കൊടുമുടി



ചുണ്ടിൽ കേരളത്തനിമ തുളുമ്പുന്ന വായ്ത്താരികളും വിരൽത്തുമ്പിൽ താളവൈവിധ്യങ്ങളുമായി അഭിനയലോകത്തേയ്ക്കു കടന്നു വന്ന സർഗ്ഗധനനായ കലാകാരനാണ് *നെടുമുടി വേണു.* കഥാപാത്രങ്ങളുമായി തൻമയീഭവിക്കാൻ പോന്ന അഭിനയനൈപുണ്യവും സിദ്ധിയെ പ്രകാശവത്താക്കുന്ന സാധനയുമാണ് ഈ നടൻെറ എല്ലാ നേട്ടങ്ങൾക്കും നിദാനം.

വളർച്ചയ്ക്കൊത്തഹങ്കരിക്കാതെയും വരാത്ത ഭാഗ്യത്തിൽ ദു:ഖിക്കാതെയും സിനിമാ ലോകത്തെ അപൂർവ്വതകളിലൊന്നായി ശോഭിക്കുന്ന *ശ്രീ. വേണു* തൻെറ തട്ടകത്തിൻെറ വിവിധ വശങ്ങളെക്കുറിച്ച് തുറന്നു സംസാരിക്കയാണിവിടെ........

- ***മലയാള സിനിമക്ക് അഭിമാനാർഹമായ നേട്ടങ്ങളൊന്നും സംഭാവനചെയ്യാതെ കടന്നുപോയവർഷമാണ് 1992 എന്നു പരക്കെ ഒരു അഭിപ്രായമുണ്ടല്ലോ. ഒരു ചലച്ചിത്ര പ്രവർത്തകനെന്ന നിലയിൽ താങ്കൾ ഈ അഭിപ്രായത്തോട് എങ്ങനെ പ്രതികരിക്കുന്നു?***
- തൊണ്ണൂറ്റി രണ്ടിലെ മലയാള സിനിമയെ മൊത്തത്തിൽ വിലയിരുത്തി എന്തെങ്കിലും പറയാൻ ആളല്ല. പക്ഷെ ഒന്ന് ഉറപ്പാണ്. നമ്മുടെ സിനിമ നല്ല പാതയിൽ തന്നെയാണ്. ഒരു കാലത്ത് ഏറ്റവും മെച്ചമെന്നു പറയപ്പെട്ടിരുന്ന ബംഗാളി സിനിമയേക്കാൾ മലയാള സിനിമ ഇന്ന് ഉയർന്നു നിൽക്കുന്നു എന്നതാണ് സത്യം പിന്നെ ലോകത്തിലുളള എല്ലാ സിനിമകളും നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങൾ മലയാള സിനിമയും അഭിമുഖീകരിക്കുന്നുണ്ട്.
- ***സിനിമയുടെ ആ അടിസ്ഥാന പ്രശ്നങ്ങൾ എന്തൊക്കെയാണ്?***
- പുതുമയുളള പ്രമേയങ്ങളുടെ കുറവ്, കെട്ടുറപ്പുളള തിരക്കഥയുടെ അഭാവം, സാങ്കേതികമായ അപര്യാപ്തതകൾ...... അങ്ങനെയുളള കുറെപ്രശ്നങ്ങൾ.
- ***ഈ അടിസ്ഥാനപ്രശ്നങ്ങളെ അതിജീവിച്ച്, ഒരു കലാരൂപമെന്ന നിലയിൽ സിനിമ എത്രത്തോളം വിജയിക്കുന്നു?***
- സിനിമയും കലയും തമ്മിൽ ബന്ധിപ്പിക്കാൻ കാലമായിട്ടില്ല എന്നാണ് എനിക്കു തോന്നുന്നത്. മലയാള സിനിമ അതിൻെറ കൗമാരം വിട്ടിട്ടില്ല ഇതുവരെ. കാരണം ഇവിടെ സിനിമ ആരംഭിച്ചതുതന്നെ വളരെ താമസിച്ചാണ് സാങ്കേതികമായും ചിന്താപരമായും നമ്മുടെ സിനിമ ഒത്തിരി 'Advanced' ആകേണ്ടതുണ്ട്



* ***ഒരു സംവിധായകൻ കൂടിയായ താങ്കൾ സംവിധായകന്റെ കലയാണ് സിനിമ എന്ന അഭിപ്രായത്തോട് എങ്ങനെ പ്രതികരിക്കുന്നു?***
* സിനിമയെ നമുക്ക് രണ്ടു രീതിയിൽ കാണാം. ഒരു Construction എന്ന നിലയ്ക്കും ഒരു Creation എന്ന നിലയ്ക്കും. ഒരു വീട് ഉണ്ടാക്കുന്നത് Construction ആണ്. ഒരു പ്രതിമക്കു രൂപം കൊടുക്കുന്നതാകട്ടെ ഒരു Creationഉം. സിനിമ ഒരു creation ആയി കാണുമ്പോൾ അത് തീർച്ചയായും സംവിധായകന്റെ കലയാണ്. അല്ലെങ്കിൽ അത് ഒരു കൂട്ടായ്മ മാത്രമാണ്.
* ***എന്തായാലും ബോക്സോഫീസ് വിജയം സംവിധായകന്റെ ഒരു ദൗർബല്യമാണല്ലോ?***
* അത് അങ്ങനെയേ സാധാരണ വരൂ. കാരണം സിനിമ ഏറ്റവും കൂടുതൽ സാമ്പത്തിക ബാദ്ധ്യതയുള്ള ഒരു മീഡിയമാണ്. നാലുപേരു കൂടിയാൽ ഒരു പാട്ടു പാടാം, പടം വരയ്ക്കാം, വേണമെങ്കിൽ നാടകം കളിക്കാം. പക്ഷെ സിനിമ പിടിക്കാൻ പറ്റില്ല. അതിന് ഭീമമായ പ്രയത്നം ആവശ്യമുണ്ട്. ആ പ്രയത്നത്തിനു പ്രതിഫലം സംവിധായകർ പ്രതീക്ഷിക്കുന്നതിൽ തെറ്റില്ലല്ലോ. പിന്നെ നല്ല സിനിമകളെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ നമ്മുടെ ഗവൺമെന്റുകൾ കാര്യമായി ഒന്നും ചെയ്യുന്നില്ല എന്നതാണ് സത്യം. ഇതിനൊക്കെ പുറമെ നല്ല സിനിമ കണ്ട് ജനത്തിന് ശീലവുമില്ല.



* ***പക്ഷെ എന്നും നല്ല സിനിമയെ അംഗീകരിച്ചവരാണല്ലോ മലയാള പ്രേക്ഷകർ?***
* അതുശരിയാണ്. ഇത്രത്തോളം വിവേചനശക്തിയുള്ള പ്രേക്ഷകർ മറ്റു ഭാഷകളിലൊന്നുമില്ല. മലയാള സിനിമാ പ്രേക്ഷകരുടെ പ്രത്യേകതയാണത്. എന്നെപ്പോലെ അല്ലെങ്കിൽ ഗോപി, ശ്രീനിവാസൻ, തിലകൻ എന്നിവരെയൊക്കെപ്പോലെയുള്ള conventional appearence ഇല്ലാത്ത, hero conceptന് യോജിക്കാത്ത നടൻമാരെ, മലയാളത്തിൽ സ്വീകരിക്കുന്നുണ്ടല്ലോ? ബാഹ്യമോടിക്കും പ്രകടനരാവത്തിനുമപ്പുറം ആസ്വാദകർ ശരിയായ കണ്ടെത്തൽ നടത്തുന്നു എന്നതാണ് ഇത് തെളിയിക്കുന്നത്.
* ***ശരിയായ കണ്ടെത്തൽ നടത്തുന്ന കാര്യത്തിൽ അവാർഡു നിർണ്ണയക്കമ്മറ്റികൾക്കു തെറ്റിപ്പോകുന്നു എന്നു പറഞ്ഞാൽ......***
* ശരിയാണ്. മറ്റു പല മേഖലകളുടെയും കാര്യത്തിലും ശരിയായ വിലയിരുത്തലും അംഗീകരിക്കലും ആദരിക്കലും നടക്കുന്നില്ല. നോർത്ത് ഇന്ത്യൻ ലോബികളുടെ സ്വാധീനം വളരെയുണ്ട്. ഇന്ത്യ എന്നാൽ ഉത്തരേന്ത്യ എന്ന ചിന്തയാണവർക്ക്.
* ***താങ്കൾക്ക് അർഹതപ്പെട്ടതെന്നു സിനിമാലോകമൊന്നടങ്കം അഭിപ്രായപ്പെട്ട ദേശീയ പുരസ്കാരം നിഷേധിക്കപ്പെട്ടതിന്റെ പിന്നിലും ഈ ഉത്തരേന്ത്യൻ സ്വാധീനം തീർച്ചയായും കാണാതിരിക്കാൻ വഴിയില്ലല്ലോ.***
* ഏയ്, അതല്ല. എനിക്ക് അവാർഡു നിഷേധിക്കപ്പെട്ടത് വ്യക്തമായ പക്ഷപാതിത്വം കൊണ്ടാണ് എന്ന് പറയുന്നില്ല. പക്ഷെ, മൊത്ത

ത്തിൽ വിധിനിർണ്ണയകാര്യങ്ങളിൽ ചെറിയ പ്രശ്നങ്ങളുണ്ട് എന്നാണ് ഞാൻ പറഞ്ഞത്.

- *അവാർഡുകളേക്കാളൊക്കെ വിലപ്പെട്ട പ്രേക്ഷകരുടെ അംഗീകാരം താങ്കൾക്ക് ധാരാളമായി കിട്ടുന്നുണ്ടല്ലോ. എങ്ങനെയാണ് പ്രേക്ഷകർക്കിഷ്ടപ്പെട്ട രീതിയിൽ കഥാപാത്രങ്ങളെ ഉൾക്കൊള്ളാൻ ശ്രമിക്കുന്നത്?*

- കഥാപാത്രങ്ങളെ ശരിക്കും അറിയാൻ ഞാൻ പരമാവധി ശ്രമിക്കാറുണ്ട്. വായനയാണ് അതിന് സഹായിക്കുന്നത്. പണ്ടു വായിച്ചതു മാത്രമാണ് മുതൽ. ഇന്നു നേരമെവിടെ? നേരത്തെ വായിച്ചു പരിചയമുള്ള കഥാപാത്രങ്ങളുടെ സ്വഭാവം മനസ്സിൽ കാണും. അത്

ളും ഒരു ഭാരമാവുകയാ... പ്പർ താരങ്ങൾക്ക് ഒരു ചാലിൽത്തന്നെ ഒഴുകേണ്ടിവരുന്നു. പരിവേഷമുപേക്ഷിക്കാൻ ഒരു മടി. അതുകൊണ്ട് ഒരു ബീഡിതെറുപ്പുകാരനായിട്ടോ, പേടിത്തൊണ്ടനായിട്ടോ അഭിനയിക്കാൻ അവർക്കു ബുദ്ധിമുട്ടാണ്.

- *ഇതുവരെ അവതരിപ്പിച്ച കഥാപാത്രങ്ങളിൽ നിന്നു വ്യത്യസ്ഥമായി ഏതെങ്കിലും കഥാപാത്രത്തെ അവതരിപ്പിക്കണം എന്നു ആഗ്രഹമുണ്ടോ?*

- അങ്ങനെ പ്രത്യേക ആഗ്രഹമൊന്നുമില്ല. പിന്നെ എന്റെ നല്ല നല്ല കഥാപാത്രങ്ങൾ ഇനി അവതരിപ്പിക്കപ്പെടാനിരിക്കുന്നതേയുള്ളൂ എന്നാണ് ഞാൻ വിശ്വസിക്കുന്നത്. പുരാണ





## അഭിമുഖം

അഭിനയത്തിൽ ഞാൻ ഉപയോഗപ്പെടുത്താറുണ്ട്. കൂടാതെ ജീവിത നിരീക്ഷണം, ബോധപൂർവ്വമായ ഒരു പ്രക്രിയ എന്നതിനേക്കാൾ, അബോധപൂർവ്വമായ ഒരു പ്രക്രിയയാണത്. അപാരമായ ജീവിതനിരീക്ഷണപാടവമാണ് ഒരു നടന്റെ കൈമുതൽ. പിന്നെ ഇതിലെല്ലാററിലുമുപരി സൗന്ദര്യബോധം. aesthetics. അതില്ലാതെ ഒന്നും ചെയ്യാനാവില്ലല്ലോ.

- *കഥാപാത്രങ്ങളെ തെരഞ്ഞെടുക്കാറുണ്ടോ?*

- ഇല്ല. ഞാൻ സംവിധായകരെയാണ് തെരഞ്ഞെടുക്കാറ്. കഥാപാത്രങ്ങളെയല്ല. എന്നെ സംബന്ധിച്ചിടത്തോളം അഭിനയമാണ് വലുത്. ഇമേജ് പ്രശ്നമല്ല. ചമ്പക്കുളം തച്ചനിലേതുപോലുള്ള ഒരു കഥാപാത്രം സ്വീകരിക്കാൻ എന്നെ പ്രേരിപ്പിക്കുന്നത് ഈ കാഴ്ചപ്പാടാണ്. അതുപോലുള്ള വേഷങ്ങൾ എത്ര സമർത്ഥമായി അവതരിപ്പിക്കാൻ നടനു കഴിയുന്നു എന്നതാണ് പ്രശ്നം. നായകപദവി പലപ്പോ

ചരിത്ര കഥാപാത്രങ്ങളോട് ഒരു പ്രത്യേക മമതയുണ്ടെനിക്ക്.

- *ജനങ്ങളെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന ഒരു മാധ്യമമാണല്ലോ സിനിമ. ആ നിലയ്ക്ക് നമ്മുടെ മൂല്യബോധത്തിൽ സിനിമയ്ക്കുള്ള സ്വാധീനം വലുതാണല്ലോ. നമ്മുടെ സിനിമ നമ്മുടെ മൂല്യ നിർണ്ണയത്തെ എങ്ങനെ സ്വാധീനിക്കുന്നു?*

- മൂല്യത്തകർച്ച സിനിമയുമായി മാത്രം ബന്ധപ്പെട്ടിരിക്കുന്ന ഒന്നല്ല. രാഷ്ട്രീയം, വിദ്യാഭ്യാസം, സാഹിത്യം..... എന്നിങ്ങനെയുള്ള എല്ലാ മേഖലകളിലും കാണുന്ന അപചയങ്ങൾ സിനിമയിലും കാണുന്നു. ഇതിനെതിരെ സിനിമ നിൽക്കേണ്ടതാണ്. പക്ഷെ സാധിക്കാതെ വരുന്നത് സിനിമയുടെ കുഴപ്പമല്ല. സാമ്പത്തിക നേട്ടവും പോപ്പുലാരിറ്റിയുമാണല്ലോ



സിനിമയുടെ ഇന്നത്തെ ലക്ഷ്യം. എന്തിന്, കലയിലെ highly classical ആയിട്ടുള്ള ഭരതനാട്യവും മോഹിനിയാട്ടവും പോലും എങ്ങനെ വിൽക്കാം എന്നാണല്ലോ ഇന്ന് നോക്കുന്നത്. സിനിമതന്നെ എങ്ങനെ രക്ഷപ്പെടും?

- ***ആത്മാർത്ഥതയുള്ള ഒരു ചലച്ചിത്ര പ്രവർത്തകനെന്ന നിലയിൽ ഈ കമ്പോളവൽക്കരണത്തോട് താങ്കൾക്ക് എങ്ങനെ പ്രതികരിക്കാനാവും?***

- എനിക്ക് തന്നെ ഒന്നും ചെയ്യാൻ പറ്റിയെന്നുവരില്ല. പിന്നെ അടിസ്ഥാനപരമായി ഞാൻ സിനിമയുടെ ആരാധകനല്ല. എന്റെ കർമ്മരംഗം സിനിമയാണെങ്കിലും കമ്പം പ്രാചീന കലാരൂപങ്ങളിലാണ്. ഒരു വിശ്വപ്രസിദ്ധമായ സിനിമയും അപ്പുറത്ത് കഥകളിയും നടന്നാൽ ഞാൻ കഥകളിക്കേ പോകൂ.

- ***പ്രാചീനകലാരൂപങ്ങളോടുള്ള ആഭിമുഖ്യം പോലെതന്നെ താങ്കൾക്ക് പ്രിയപ്പെട്ടതാണല്ലോ നാടകം. സിനിമ-നാടകവേദികളെ എങ്ങനെ താരതമ്യപ്പെടുത്തുന്നു?***

- അഭിനയത്തിന്റെ കാര്യത്തിലാണെങ്കിൽ, രണ്ടും എനിക്ക് തുല്യ സംതൃപ്തിയാണ് തരുന്നത്. പിന്നെ സിനിമയും-നാടകവും തമ്മിൽ മൗലിക വ്യത്യാസമുണ്ടല്ലോ. നാടകവേദിയെപ്പറ്റി പറഞ്ഞാൽ അത് വല്ലാത്ത അവസ്ഥയിലാണ് എന്നാണെനിക്കു തോന്നുന്നത്. തനതു നാടകവേദി, പാശ്ചാത്യനാടകവേദി...... എന്നിങ്ങനെ ആകമാനം ഒരു confused stage ലാണ് മലയാള നാടകരംഗം. Dedicated work ന്റെ അഭാവമാണ് നാടകവേദിയിലെ ഏറ്റവും വലിയ പ്രശ്നം.

- ***മതമൈത്രി, ദേശീയോദ്ഗ്രഥനം തുടങ്ങിയ മഹത്തായ ആദർശങ്ങളുടെ പ്രചാരണത്തിൽ സിനിമക്ക് വഹിക്കാനാവുന്ന പങ്കിനെപ്പറ്റിയും ഭാരതത്തിന്റെ ഇന്നത്തെ അവസ്ഥയിൽ അതിനുള്ള കാലികപ്രസക്തിയെപ്പറ്റിയും എന്തു പറയുന്നു?***

- മതസൗഹാർദ്ദം പോലുള്ള സന്ദേശങ്ങൾക്കായിത്തന്നെ സിനിമ ഉണ്ടാക്കണം എന്നു ഞാൻ പറയില്ല. സിനിമകളിൽ ആ സന്ദേശം കൊടുക്കാൻ സാധിച്ചാൽ മതി. അല്ലാതെ capsule പരുവത്തിൽ കൊടുത്തതുകൊണ്ടായില്ല. പിന്നെ ഈ പ്രശ്നങ്ങളുടെ പരിഹാരം കാണേണ്ടത് രാഷ്ട്രീയമാണ്. ഇന്ത്യ ഒരു മതേതര രാഷ്ട്രമാണെന്നാണ് പറയുന്നത്. പക്ഷെ അത് ഇവിടത്തെ എല്ലാ മതവിശ്വാസികൾക്കും തോന്നുന്നില്ല. പൗരോഹിത്യവും രാഷ്ട്രീയവും എന്നു കൈകോർത്തു പിടിച്ചോ അന്നൊക്കെ പ്രശ്നമുണ്ടായിട്ടുണ്ട്. അധികാരത്തിനു വേണ്ടി ഏതു ചെകുത്താനേയും കൂട്ടുപിടിക്കുന്ന സമ്പ്രദായമാണ് മാറ്റേണ്ടത്. അതാണ് ഞാൻ പറഞ്ഞത് പ്രശ്നപരിഹാരം സാധിക്കേണ്ടത് രാഷ്ട്രീയമായാണ് എന്ന്.

- ***സിനിമ ഇഷ്ടപ്പെടുന്ന പുതിയ തലമുറയിലെ യുവാക്കളോട് എന്തുപറയുന്നു?***

- അന്ധമായ ആവേശം പാടില്ല. ഏതൊരു കാര്യത്തിലുമെന്നപോലെ സിനിമയുടെ കാര്യത്തിലും അന്ധമായ ആവേശം അപകടമാണ്. പിന്നെ ഇന്നത്തെ തലമുറക്ക് ഭാവനാശേഷി കുറയുന്നോ എന്നൊരു സംശയമുണ്ട്. മഹാഭാരതം, ബൈബിൾ തുടങ്ങിയ പുരാണസീരിയലുകൾക്ക് ഭാവനാശേഷി നഷ്ടപ്പെടുത്തുന്നതിൽ വലിയ പങ്കുണ്ട് എന്നതാണ് എന്റെ അഭിപ്രായം. പിന്നെ എനിക്കു ഇന്നാട്ടിലെ കുട്ടികളോടു പറയാനുള്ളത് ഈ നാടിനേയും ഭാഷയേയും സ്നേഹിക്കണം എന്നു മാത്രമാണ്. മലയാളഭാഷ സംസാരിക്കുന്ന കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു. കഴിഞ്ഞയിടെ അമേരിക്കയിൽ വെച്ച് ഞാൻ





# സന്ധ്യ

ബിജു ജോസഫ് മാഞ്ഞിക്കുന്നേ
മൂന്നാം വർഷഗണിതശാസ്ത്രം



അരുണനകലുന്നു ഇരുളു പരക്കുന്നു
സന്ധ്യയുടെ നാമജപമിരുളിൽ മുഴങ്ങുന്നു.
വിശ്രമസുഖത്തിന്റെയനുഭൂതിയുണരുന്നു
ആയിരം വസന്തങ്ങളൊന്നിച്ചുണരുന്നു.
ഇരുളിലും രശ്മികൾ താളമുതിർക്കുന്നു.
ചിതറുന്ന സ്വപ്നങ്ങളിരവിന്റെ ശീതങ്ങൾ

അരുണനകലുന്നു ഇരുളുപരക്കുന്നു
സന്ധ്യയുടെ നാമജപമിരുളിൽ മുഴങ്ങുന്നു.

ഇരവിന്റെ മക്കൾ തൻ ഹൃദയത്തുടിപ്പുകൾ
അലകളായ്, തെരുവിന്റെയുയിരിൽ വളരുന്നു
കുടിലുകൾ തോറും കത്തുന്ന ദാരിദ്ര്യം.
തലചായ്ക്കാനിടമില്ലാതലയുന്ന നോവുകൾ
ഉറയുന്ന രോഷങ്ങൾ
ഇരവിന്റെ 'വ്യാപാരകാംക്ഷികൾ

സന്ധ്യേ നിൻ മിഴികളിൽ കാണുമീയാർദ്രമ
മാനുഷചിത്തങ്ങൾതൻ രോദനം തീർത്തതേ:
ഇരുളിലലിയുന്ന ദു:ഖങ്ങൾ മറവിതൻ
മാണിക്യച്ചെപ്പിലായ് ഭാണ്ഡത്തിലാഴുന്നു.

സന്ധ്യേ - നിൻ മടിത്തട്ടിൽ തെളിയുന്ന
ശവമഞ്ചശേഖരം മൃത്യുചമച്ചതോ
മനസാക്ഷിയേശാത്ത
മനുഷ്യർ ചമച്ചതോ?

മഞ്ഞുപെയ്യുമ്പോഴും മനസ്സു മടുക്കു...
മനുഷ്യരകലുന്നു. കണ്ടാൽ ഭയക്കുന്നു.
സന്ധ്യേ - നിൻമുഖം ചോര ചിതറുന്നു
'നിഷ്കളങ്കതയൂറിയ സത്യം ഭൂമിയിൽ
നീരാളിവലയത്താൽ
സാമ്രാജ്യം ചമയ്ക്കുന്നു.
സന്ധ്യേ - നിൻ വദനത്തിൻ മൃദുലതയകലുന്നു
ക്രൂരമായ് നിൻമുഖം ചുവന്നു തുടുക്കുന്നു.

ദു:ഖങ്ങളറിയുന്ന ഭൂമീ നിന്നുടെ
സന്ധ്യകൾ കരയുന്നു ചിരിക്കുന്നു.
പുതുതായുയർന്ന ലോകത്തിൻ
വദനത്തിലാഞ്ഞാഞ്ഞടിക്കുന്നു
നെടുവീർപ്പിയറ്റുന്ന സന്ധ്യേ
നിന്നുടെ ദു:ഖങ്ങളെന്റെയും ദു:ഖങ്ങൾ
സന്ധ്യേ - ഞാനുമിയറ്റുന്നു
നെടുവീർപ്പുമാലകൾ.



# ഓർമ്മയുടെ ശവകുടീരം

ആത്മാവിന്റെ കോണിൽ എവിടെയോ വീണുടഞ്ഞ മഞ്ഞുതുള്ളികൾ. ഓർമ്മയുടെ ശവകുടീരത്തിൽ നിന്നും ഞാൻ എന്റെ യാത്ര ആരംഭിക്കട്ടെ. ഏതോ ഒരു ദുർബല നിമിഷത്തിൽ എന്തോ പ്രേരണയാൽ നാം തമ്മിൽ പരിചിതരായി.

നമ്മിൽ നിന്ന് അകന്ന അപരിചിതൻ എവിടേക്കോ യാത്രയായി. നമ്മുടെ പരിചയം പന്തലിച്ച് അനേകം ശാഖകളുള്ള ഒരു വൃക്ഷമായി മാറി. അതിന്റെ ശിഖരങ്ങളിൽ ചേക്കേറിയ കിളികളെ കണ്ട് നാം ആനന്ദാശ്രുക്കൾ പൊഴിച്ചു. അവയുടെ സംഗീതം നമ്മളിൽ കുളിർ മഴയായി. കിഴക്കൻ മാനം പൂവണിയുന്നതും സൂര്യൻ ഉദിക്കുന്നതും ആ മരച്ചുവട്ടിൽ ഇരുന്ന് നാം കൗതുകത്തോടെ കണ്ടു. സൂര്യരശ്മി കടന്നു വരാത്ത ആ വൃക്ഷ ചുവട്ടിൽ നട്ടുച്ച നേരത്ത് നമ്മൾ തണൽ തേടി ന്നു. പടിഞ്ഞാറൻ ചക്രവാള ീമയിൽ സൂര്യൻ എരിഞ്ഞടങ്ങുന്നതും വിറച്ചു വിറച്ച് ആഴിയെ ചുംബിക്കാൻ ഒരുങ്ങുന്നതും ആ മരച്ചുവട്ടിൽ ഇരുന്ന് ം കണ്ടു. നിലാവുള്ള രാത്രിയിൽ ഏതോ വികൃതിക്കുട്ടി രിയെറിഞ്ഞ നീലമുത്തുകൾ ാലെ ചിതറിക്കിടന്നിരുന്ന

നക്ഷത്രങ്ങളെ നാം നീലാകാശത്ത് കണ്ടു. ആ മരച്ചുവട്ടിൽ വെച്ച് നീ എന്റെ മടിയിൽ കിടന്നതും നിന്റെ കണ്ണുകളിൽ നക്ഷത്രങ്ങളെ കണ്ടതും ഞാൻ മറന്നില്ല. ഏതോ യാമത്തിൽ മയങ്ങി വീഴുന്ന നമ്മളെ പ്രഭാതത്തിൽ ഇലകൾ പൊഴിച്ച് ആ മരം വിളിച്ചുണർത്തുമായിരുന്നു. പ്രഭാതത്തിലുള്ള പക്ഷികളുടെ കോലാഹലങ്ങളും ഇര തേടിയുള്ള പോക്കും നമ്മിൽ ആവേശമുണർത്തി. അവയ്ക്ക് എന്തൊരു തിരക്കാണ്. അവ ഓരോന്നായി പറന്നകലുന്നു. അവസാനം കിളിക്കുഞ്ഞുങ്ങളും നമ്മളും മാത്രം ബാക്കിയാകുന്നു. ഒരു പ്രഭാതത്തിൽ ഉറക്കം ഉണർന്ന നമ്മൾ ആ കാഴ്ച കണ്ടു. കൂട്ടമായി എവിടെയ്ക്കോ പറന്നകലുന്ന കിളികൾ! പിന്നീട് അവ തിരികെ വന്നില്ല. കൂട്ടു കൂടിയില്ല. മുട്ട വിരിയിച്ചില്ല. അവയുടെ ചിരിയും സംഗീതവും കേൾക്കാൻ കഴിയാതെ നമ്മൾ വൃക്ഷചുവട്ടിൽ തളർന്നിരുന്നു. ഒരുനാൾ ആ വൃക്ഷത്തിന്റെ ചില്ലകൾ ഓരോന്നായി കാറ്റിൽ തകർന്നു വീണു. ഒപ്പം ആ മരവും.



*അനിൽകുമാർ കെ. ആർ.*
*II PDC III*
*No: 603*

ംബന്ധിച്ച ഒരു ചടങ്ങിൽ, ഇന്ത്യയിലെ ക്കവാറും ഭാഷകളിൽ നിന്നുള്ള പാട്ടുകൾ ണ്ടായിരുന്നു. ഇത്രയേറെ മലയാളികൾ വിടെ ഉണ്ടായിരുന്നിട്ടും ഒരു മലയാളം ാട്ടുപാടാൻ ഒരു മലയാളിയുമുണ്ടായിരുന്നില്ല. മലയാണ്മ എന്നു പറയുന്ന ആ വികാ ഒരിക്കലും നഷ്ടപ്പെടുത്തരുത് നിങ്ങൾ. ിനിമയോ, സാഹിത്യമോ, കലയോ എന്തുന്നയായാലും അതിന് മലയാളത്തനിമ ഉണ്ടായിരിക്കണം എന്ന പക്ഷക്കാരനാണ് ഞാൻ. കാരണം, എന്തൊക്കെപ്പറഞ്ഞാലും നമ്മുടെ വേരുകൾ ഇവിടെയാണല്ലോ.

ഇൻറർവ്യൂവിന് എന്നോടൊപ്പമുണ്ടായിരുന്ന ബോബി പോളിനും ജീവൻ ചാണ്ടിക്കും ഫോട്ടോകൾ എടുത്ത ഹണി ജോസഫിനും എനിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.
എഡിറ്റർ

principal
**Prof. T.M.DEVASIA**

staff editor
**Prof. K.M. CHACKO**

editors
Sri **ROY SEBASTIAN**
Smt. **ANSAMMA ABRAHAM**
Smt. **MARY JACOB**

sub editors
**JIJO LUKOSE P.J.**
**RENOLD MANUEL**
**JOSEPH JOHN**

cover design
**GOPALAKRISHNAN**

layout
**ANTONY SANAL**

illustrations
**N.AJITH KUMAR**

printing
**LABOUR INDIA OFFSETPRESS**

editor
**JOJI JOHN**



# Principal's Report - 1992-93
## DEVA MATHA COLLEGE, KURAVILANGAD.

It is my pleasant privilege to present before you a brief report of the working of this college during 1992-93. This is the 29th of Deva Matha College. Before I present this report I would like to welcome the distinguished guest of the day sri Tomin J Thachankari, Superintendent of Police, Crime Branch, Kottayam. Honourable guest, I heartily extend to you a warm welcome to Deva Matha College and especially to this function.

**2.** The college was re-opened in June 1992 and classes were begun for the Second Pre-degree. Admission to the first Pre-degree and first degree were started soon. There was an extra ordinary rush for admission to the various classes. We admitted 727 students in the first pre-degree clases, 330 in the degree classes and 18 in the M.Com. class. The present strength of the College is 2441-1311 girls and 1130boys.

**3.** There are in all 103 members on the Teaching staff and 61 on the non-teaching staff. Sri.V.M. Mathew, Lecturer Senior-Scale in Malayalam has re-join duty in March after completing his Ph.D. Course. Smt. Santhamma Peter, Lecturer Senior Scale in Botany, has joined M.Phil Course under the T.F. scheme. Sri.K.M. Lukose, Lecturer in Chemistry who was on leave for the last ten years did not join duly and as such his service was terminated w.e.f. 17-02-1993. There was no fresh appointment of staff during the year. Prof.P.J. Lazar of the English Department, Prof.V.U. Abraham of the Chemistry Department and Sri. E.O. Ouseph, L.D. Clerk (HG) are retirng during this academic year. All the four have put in a very meritorious service to this institution. I wish them a very happy and long retired life.

**4.** The year under review has been academically very fruitful, due to the strenuous efforts of the staff. The students Affairs Committee and the staf guides has contributed very much to the maintanance of discipline, formation of character and persuit of studies. The teachers have taken special interest in conducting test papers and terminal examinations to equip the students for the University Examinations. I appreciate the dedication to duty and the Co-operation extended to me by the members of the Teaching and Non-teaching staff and the general sense of discipline and studiosness of our students.

**5.** The performance of our students in the University Examninations this year is satisfactory. The details are given below :-

**6.** The College Union Elections, even though Postponed twice, were conducted on 9th October 1992 in a peaceful atmosphere. Prof. M.V.Peter who officiated as Returning officer, has done his duty to the utmost satisfaction of all concerned. The follwoing students wer elected to the general Posts:-

1.Sri. Robin Manuel -- Chairman
2.Smt.Sindhu. P.A. -- Vice-Chairman
3.Sri. Jaison Chacko -- General Secretary
4.Sri. Siji Sebastian &
5.Sri. Sathesh V. -- University Union Councillors
6.Sri. Joji John -- College Magazine Editor
7.Sri. Gopi C.K. -- Arts Club Secretary

Prof. P.J. Ulahannan and Sri. C.P.Joy acted respectively as Staff Advisor and honorary Treasureer of the College Union. I take this opportunity to express my gratitude to the office bearers of the College Union and the Techers who guided them for the proper functioning of the Union. The activities of the college Union were officially inaugurated by Dr. P.K. Abraham, Editor and Manging Director of Rashtra Deepika of 19th November and that of the Arts Club, By the famous film star Murali on 1st January. Further details of the working of the College Union will be placed before you by Sri. Jaison Chacko.

**7.** The Oratory Club- Under the guidance of Prof.K.M.Chacko of the English Departemnt, Oratory Club has been actively functioning in the College for the last 23 years. This year also the Club has done good service in bringing out the leadership talents of our students. In addition to its regular weekly session, the club orgainsed this year a few debates, a traingin programme in public speaking and Sri. Babu Chazhikadan Memorial Debate Competition. Winners were given attractive cash awards and trophies. I am happy to note that here is an endowment of Rs.12,500/- for the annual conduct of this debate. Of this amount, Rs.10,000/- was donated by the family of the late sri. Babu Chazhikadan, Rs.1,500/- by the College staff and 1,000/- by the Oratory Club. We have a good debating team led of Shri Boby paul. II DC and Shri. Jijo Lockose P.J., II PDC They have unheld the name of the College this year also by winning trophies in many of the reputed elocution and debate competitions in the State. In Yuvadeepthi Dabate Changanacherry, St. Thomas Centenary Debate, Pala, Dr. Vallamattom Debate, Moovattupuzha, Anoop, Joe, Rajeev Memorial Debate, Law College, Ernakulam and Malayala manorama Debate, Pala, team won the trophy for the best team. Shri. Boby Paul was the best debator in the first three of these, and Shri. Jijo Lokose in the rest. Shri. Boby Paul bagged the first prize in Chavara Inter-University Eloucution Competition Ernakulam for the second time. Also he stood second in P.C. Alexander Endowment Eloucation, Mavelikkara; first in Wild Life Week Elocution, Thiruvananthapuram; 2nd in University Elocution Kottayam, Ist in Cherian J. Kappan Elocution, Pala; 2nd in Sr. Savio Elocution, B.C.M. College, Kottayam; 2nd in Nehru Trophy Boat Race Elocution, Alappuzha; and 1st in the Co-operative week celeberation essay competition, Kottayam. Shri. Jijo Lokose secured 1st in Cherian J. Kappen Elocution Pala; 1st in wild Life Week Essay Competition, Thiruvananthapuram and 2nd in K.C. Sebastian Elocution, Pala; Co-operative Week Elocution, Kottayam, , and wild life Week Elocution, Thiruvananthapuram. Shri. Jeevan Chandy, II DC, and Shri. Jaya Sankar. P. Nair, II DC won prizes for elocution and Quiz at St. Stephen's College, Uzhzvoor. I am happy to congratulate the winners, especially Shri. Boby Paul and Jijo Lokose whose trophies beatify the Principl's Office.

8. The Quiz-Club under the stewardship of Sri. T.K. Thomas of Chemistry Department, has had an eventful year, winning a number of competetions. The Club members especially Shri. George John, II DC won several prizes. Under the joint auspices of our Quiz Club and Chemistry Association we have conducted an inter-collegiate Chemi-Quiz, awarding 'Devamatha Trophy' sponsered by M/S Pariyanickal Jwewllers, Kuravilangad. — 1993 -

9. Our College team participated in the various Inter collegiate Tournaments. Our Ball Badminton team got the M.G. University championship and also 'Fr. Peter Thomas Memorial Trophy' in the Ball badminton tournment held at S.H.College, Thevara. Shri. Rajesh Madhavan, a student of the III DC Zoology was the Captian of the M.G. University Ball badminton team for the Inter-University Championship held at Tirupathoor; Our Basket - ball team won the 'Ashokan Memorial Trophy' of T.K.M. Engineering College, Kollam, 'Mar Ivanios Trophy and Sathyanathan Memorial Trophy' of U.C.College, Aluva. Shri. Shiji Kurian a studnent of the 1st PDC class represented the M.G. University Basket-ball team in the South zone Inter-Unversity Tournament held at Bangalore and also in the Inter=zone Tournament held at Delhi. Our cricket team also got trophy. This year we started with a Basket-ball Tournament for men in Memory of Fr. Paul Alappat, the founder Manager of the College. The trophies were donated by the staff of the College. S.B. College, Changanachery won the Trophy and our college was the runner up.

10.We have a company of 160 NCC cadets commanded by MAJ. ISSAC THOMAS . In addition to the regular parades on saturdays, our cadets participated in the Annual Training Camps at Muvattupuzha, Aruvithura and Kottayam. Our cadets joined the Keral team in the All India Trekking Expeditions at pune, Goa and Neyyar Dam. Our five cadets passed certificate 'C' Exam. and 32, Certificate 'B'. Our company secured many commendable prizes in the Inter-Company competitions this year also a number of cadets get enrolled in the Army, Navy, Air Force, Police and Coast Guards every year with the discipline, training and above all the inspiration drawn from the N.C.C. The relevance of N.C.C. is porfoundly felt now more than ever before as the greatest Youth Organisation of our Country, working for unity, discipline and National Integration.

11. The National Service Scheme unit of Deva Matha College rendered meritorious service during this your. At present we have three units with a student strength of 314. M/S T.T. Thomas and A. Cyriac Sebastian of the English Department and Sri. Babu Joseph of the Malayalam Department are the present programme Officers. The play ground of St. Mary's Girls primary school was levelled by the Volunteers in the Mini Camp. The 'Ten Day Work Camp' conducted at Government High school Kuzhimavu, near Mundakkayam gained much public attention. The service of the volunteers in constructing a stadium for that socialy and economically backward school is really praiseworth. As part of environment study, the Volunteers had a 'Nature study Camp' at Chinnar.

12.Keeping in mind our responsibility to impart proper guidance and maximum opportunity to our students to mould themselves for thir future career, we started a computer Course this year. Very Rev. Fr. George Mulangattil, Manger of the College, Very inuagurated the course in August. We have installed two computers with necessary batches of fifteen students each, every year. This year we have given training to two batches of students in 'BASIC Programming'. Prof. N.K. Thomas, Department of Statistics, is in charge of the course for the year.

13. The newly constituted parent Teacher Association of the College was very active this year. The P.T.A. has been good enough to donate a sum of Rs 1,65,000/- for various programmes like Resources Developement, Career Guidance, Terminal Examinations, college Union activities etc. Thanks are due to the executive members, especially to Sri. V.M. Mani - Vice-president and Prof. P.J. John -Secretary of the Association for their selfless and devoted service to this institution.

14. For the first time we started a wing of the Red-Cross Society of India under the leadership of Prof.K.J.Joseph, Kadiamkutty. Sri. K.T. Ouseph honorary secretary of the Kottayam Red-Cross, has officiaaly inaugurated three units here. The Volunteers have collected a large bundle of usable medicines from different sources, for the use of poor patients.

15.Much of the spiritual malaise of our time may be traced to the social and technological modernisation of the world. The emergence of "Outwardly knowledge able but inwardly blind" is frighlful to imagin. So it is necessary that we give importance also to the inner development of the students. With this aim in view, the C.S.M. members began their most exciting journey of self-discovery and the discovery of spiritual values, in the month of June. Their first effort met with success with the "Life Orientation Programme" conducted for the secocond year Pre-degree students, under the leadership of Dr. C.H. Joseph. Two regional camps "Culture of death " and "The luminous Truth" conducted here won applause of the participants from other colleges in Mahatma Gandhi University. A titled programme 'Quest' was orgainsed for the first year Pre-Degree students.In the same month "Life Guidance " Seminar also was organised for final year degree students The three day camp 'Christian leadership Campaign' was conducted in the month of October for the first year pre-degree and degree students. On every first Friday, Holy Mass was celeberated by the College community. The prayer meeting conducted every Thursday and Friday is attended by students of different castes and religions. The faith formation programme "Hourb meet" conducted in February was attended by students from all other colleges. We were able to send seventy six students to other Colleges to participate in Leadership training camps and other activities. In the present turmoil and unrest among Youth, the C.S.M. activities have helped the young folks to fing out their identity and to aspire for values of a good citizenship. Rev. fr. Thomas parckal, Director of the C.S.M. unit has given the necessary fillip and spice to the relatisation of the various programmes. I also congratulate the team of teachers who have made the campus lively with their incessant activities.

16. Before I conclude this report, let me express my sincere gratitude to my Colleagues, the staff of the College,

Co-operative store, Canteen and Employees Society for their goodwill, dedication and co-operation. I am also indbted to Rev. Father Joseph Puthumana, the vice-principal for his invaluable help in the planing, administration and exce.ution of the activities of the college. We are extremely grateful to our beloved patron H.E. Rt.Rev. Dr. Joseph Pallickaparampil and very Rev. Father George Mulangattil-our Manager, who have always been a source of strength and encouragement. I do appreciate the sense of discipline and obedience shown by our students and I expect the same at a higher degree next year. I wish them good luck and success in the ensuing University Examinations. Let me conclude this Report thanking God Almighty for the bountiful blessings, He has showered on us during this accademic year. May the blessed Virgin, the Heavenly Patroness of this College guide and guard us in the years to come.

Thanking you all.

# YOUTH RED CROSS

## ANNUAL REPORT 1992-93

Youth Red Cross which is the youth wing of Indian Red Cross Society, Kottayam branch, started in our college during the year 1992. Prof.K.J. Joseph Kadiam kutty was appointed as the Unit Director. Over hundred and eightly students voluntarily enrolled as the members of the unit.



*Inagural Ceremony*

The activities of the unit were formally inaugurated on 13th Novemeber 1992 by Mr. K.T. Ouseph (Honorary Secretary, Kottayam Red Cross Society) Our respected Vice Principal Rev. Fr. Joseph Puthumana presided over the function.

Our activities started with the selection of office bearers. The following students were nominated to the different offices.

**President -** Joseph K.J. II Dc Eng.
**Vice President -** Beena Thomas II Dc Zoo.
**Secretary -** Jayachandran T. I Dc Maths.
**Treasurer -** Martian J. Puthiyadathu II Dc Eng.

An executive committee containing five members was also formed to lead the activities.

WE started our activities with a medicine collection. A medicine counter was opened at Kottayam Medical College by Kottayam Red Cross Society in order to help the poor patients. We collected a bundle of useful medicines from the students and sent to the Medicine Counter.

A group of students and the Director attended a half-day seminar about the working of units, conducted by the Kottayam Red Cross Society.



Director

ചിറത്തടം മെഡിക്കൽസ്

വടക്കേ കവല
ചിറത്തടം ഡ്രഗ്ഹൗസ്
പള്ളിക്കവല
കുറവിലങ്ങാട്

# അഗ്നിപഞ്ചകം

പ്രമേയം, പ്രതിപാദനം, പദസ്വീകരണം എന്നിവയിലെല്ലാം വൈയക്തിക സവിശേഷതകൾ പ്രകടിപ്പിക്കുന്ന മൗലിക പ്രതിഭയാണ് ഉണ്ണികൃഷ്ണൻ കാഞ്ഞിരത്താനം.



ഉണ്ണികൃഷ്ണൻ കാഞ്ഞിരത്താനം

ഡാലിയാ ജോസഫ്, പിറക്കാത്തൊരുണ്ണിയെ
പാടിയുറക്കുമൊരമ്മയാകുന്നു നീ
നിന്നെ ഞാനോർക്കുന്നു പിന്നെയും തോരാത്ത
കണ്ണുനീരിന്റെ സുതാര്യമാം സ്നേഹമായ്
നിദ്രയിലെന്നു മുഷ്ശുക്രതാരക-
രശ്മികൾ പോൽ നിൻ കരസ്പർശമേല്ലൂ ഞാൻ
നിന്റെ വേനൽക്കാല സായന്തനങ്ങളിൽ
എൻ വിഷുപ്പക്ഷി ചിറകടിച്ചാർത്തുവോ?

നിന്നെ ഞാനെന്നേയറിയുന്നു, പണ്ടുനാ-
മൊന്നായ് ദഹിച്ച ദുരന്ത തീരങ്ങളിൽ
വാക്കുകളെങ്ങും ക്ഷയാർബ്ബുദരോഗാണു-
വാഹകരായി പടർന്ന തീരങ്ങളിൽ
തമ്മിൽ പൊരുതി മരിച്ച സൈന്യങ്ങൾ തൻ
ചെന്നിണമൂറിയുറഞ്ഞ തീരങ്ങളിൽ
തൂക്കുമരത്തിന്റെയുച്ചിയിൽ ബീഭത്സ-
മാത്രകൾ വ്യാളീമുഖം വച്ച രാത്രികൾ
കാവൽ നില്ക്കുന്ന ദുരന്തദൃശ്യങ്ങകൾ
നോവേറ്റിഴയും പ്രണയതീരങ്ങളിൽ
കെട്ടിപ്പുണർന്നുമകന്നുമിണങ്ങിയും

കൊത്തിക്കൊറിച്ച ചപല ദുഃഖങ്ങളിൽ
ഡാലിയാജോസഫ്, ഏകാന്ത ഹൃദ്രോഗ-
പീഡനമായിന്നറിയുന്നു നിന്നെ ഞാൻ.

വന്നു നില്കുന്നു മഹാമൗനമുദ്രിതം
പൊന്നുഷസ്സും പീതരാഗാഞ്ചലത്തിലാ-
കണ്ണീരുറുന്ന കവിളും മറച്ചെന്റെ
പെണ്ണേ, നമുക്കിന്നു നഷ്ടസ്വപ്നങ്ങളെ
പാടിയുണർത്താ, മൊരേകാന്തയാത്ര തൻ
ഭീതിദമാത്രകളിറ്റു വീഴും ചിറ-
കാർന്നു പറക്കുമൊരാനറാഞ്ചിപ്പക്ഷി
കാലം;നഖങ്ങളിൽ നമ്മൾ പിടയുന്നു.
മാതൃഗർഭത്തിൽ നിന്നേതോ വിഷരോഗ
ബീജം വഹിച്ചു പിറന്നു നാം, നാളുകൾ
നീറിയൊടുങ്ങുകയല്ലോ തലച്ചോറി-
ലോരിയിട്ടാർക്കുന്നു നായും നരികളും.
വംശവൃക്ഷത്തിൻ കടയ്ക്കൽ പതിക്കുന്ന
വൻമഴുവിന്റെ നിശിതമാം ചുംബനം
എത്രയുദാരമുദാരമെന്നാർക്കുന്ന
തത്വശാസ്ത്രത്തിൻ ശിലാശാസനങ്ങളിൽ



**മൃത്യുപർവ്വം**

"മൃത്യുപർവ്വം" എന്ന തന്റെ കവിതയ്ക്കു ഈവർഷത്തെ കുമാരനാശാൻ സ്മാരകപുരസ്കാരം നേടിയ ശ്രീ. ഉണ്ണികൃഷ്ണൻ കാഞ്ഞിരത്താനം ദേവമാതാകോളേജിലെ ഒരു പൂർവ്വ വിദ്യാർത്ഥിയാണ്. (1974-77). 'കല' 'മാതൃഭൂമി' സമ്മാനം (1977); അബുദാ യുടെ അവാർഡ് (1987); അബുദാബി 'ശക്തി' അവാർഡ് (1988) തുടങ്ങി നിരവധിസമ്മാനങ്ങൾ ഉണ്ണികൃഷ്ണൻ നേടിയിട്ടുണ്ട്. 1970-കളിൽ ദേവമാതാകോളേജിൽ പ്രവർത്തിച്ചിരുന്ന 'സ്റ്റഡി സർക്കിളും' സ്റ്റഡിസർക്കിൾ പ്രസിദ്ധീകരിച്ചിരുന്ന 'സമസ്യ' യുടെ താളുകളുമായിരുന്നു അദ്ദേഹത്തിന്റെ കവിതക്കളരി.

**കണ്ണും കരളുമുടക്കി മുടിഞ്ഞവ-**
**രെന്നു മദ്യോനഗരങ്ങളിലാണവ-**
**മൈഥുന വിശ്ലേഷണങ്ങളിൽ ജീവിത**
**വൈഖരിമൂളും മൃതികുടീരങ്ങളിൽ**
**ശ്വാസകോശങ്ങളിലർബ്ബുദം ബാധിച്ച**
**മാത്രകളെണ്ണി വലിക്കും രജനികൾ**
**നമ്മെ ചുഴന്നു നില്കുന്നു നമുക്കൊരു**
**ദുർമൃതി........ ചുറ്റും രുരുക്കളോ നായ്ക്കളോ?**

**ആരെ തുണ, യീയറവു പുരയ്ക്കുള്ളിൽ**
**വാളുമായ് നില്ക്കും നിഷാദനോ, നമ്മുടെ**
**ചോരമണത്തു ചെരിഞ്ഞുനോക്കി പ്പുര-**
**മേലെ പറക്കും കഴുകനോ? കാകനോ?**

**ഡാലിയാജോസഫ്, അണുസ്ഫോടനങ്ങളിൽ**
**ദ്വാരങ്ങളാർന്നു തുലഞ്ഞൊരീ ഭൂമിപോൽ**
**നിന്റെ ഹൃദയമവശിഷ്ട ജീവിത-**
**ത്തിന്റെ നിമിഷങ്ങളെണ്ണുന്നുവെങ്കിലും,**
**നീരുറവറ്റ നിദാഘവിഭ്രാന്തികൾ**
**നീറിയൊലിക്കുമുഷസ്സുകൾ, പേക്കിനാ-**
**വാടിയൊടുങ്ങുന്ന രാത്രികൾ, വാഴ്വിന്റെ**
**വാൾമുനയേറ്റ വടുക്കളിലഗ്നിനീർ-**
**ധാര, യശാന്തികളപ്പങ്ങൾ നമ്മൾക്കു**
**പ്രേതഭൂവിൽ നാം പ്രവാസികളെങ്കിലും**
**എത്രമേലെത്രമേൽ ക്രൂരമെന്നാകിലും**
**മൃത്യുവിൻ മുന്നിൽ മധുരമീ ജീവിതം**

**ഈ മധുരങ്ങളാമേറുമാടങ്ങളിൽ**
**പാടുന്നിതാരോ പതിഞ്ഞരാഗങ്ങളിൽ**
**നീരവമെല്ലാം പൊറുക്കുക നിങ്ങളും**

നേരുകൾ പോലെ നുണകളായ്ത്തീരുക
കയ്പും മധുരവുമൊന്നാക, ജീവിതം
വൃദ്ധിക്ഷയങ്ങൾ വിലങ്ങാതതാവുക.

നാനാനിറങ്ങൾ രുചിഭേദങ്ങൾ
നാലതിരിട്ടമനസ്സുകളെങ്കിലും
നാളെപ്പുലരി നമുക്കൊരു പാഴ്കിനാ
വാകിലും നാമിതു പാടാതിരിക്കുക.
ഡാലിയ ജോസഫ്, ഉൺർവ്വുമുറക്കവും
ഭീതിദമായ്ത്തീരുമീയഗ്നി പഞ്ചകം
ഗർഭപാതങ്ങൾപോൽ വീണുടയുമർത്ഥനകൾ
ഏറെ പരവശരെങ്കിലും താങ്ങുക
നാം; അന്യദു:ഖം സ്വകീയമായ്ത്തീരുക.

നമ്മെ ചുഴന്നു നില്കുന്നു ചകിതമായ്
(എത്രെഞ്ഞദയം?) മൃതിപൂർവ്വ മാത്രക
ളെണ്ണും മിഴികൾ നിഴലുകൾ മാതിരി
പിന്നാലെയാസുരവേഗത, ഉന്മത്ത
വന്യഭയങ്ങൾ നിറവാർന്നു പാടുക
നമ്മളിവർക്കായുദാരമാം നേരുകൾ.

നമ്മുടെ ദു:ഖങ്ങളെ തിടമ്പേറ്റുവാ
നല്ല നമുക്കീ തരളമാം മാത്രകൾ
ഡാലിയാജോസഫ്, അരക്ഷണമാകിലു
മാകട്ടെ നമ്മൾ നിറവാർന്നു പാടുക.
ഇത്തിരിപ്പോന്ന മനസ്സിലും നാളെക്കൊ
രിത്തിരിവെട്ടം കരുതിയിരിക്കുക
മൃത്യുവിൽനിന്നുമമൃതം കടയുക
അഗ്നികടഞ്ഞുമകപ്പൊരുളാവുക.

# നക്ഷത്രനും വയസ്സായി



കൂട്ടരേ,
നിങ്ങളും കണ്ടുവോ?
സൂര്യനിന്നലെ തെക്കോണുദിച്ചത്
ഇല്ല, ഞങ്ങൾ കണ്ടില്ല,
കേട്ടില്ല, തേരിന്റെ ശബ്ദവും/ അത്
കരിമേഘക്കീറിലെവിടെയോ പുതഞ്ഞുപോയിരുന്നു

കണ്ടുഞാനെല്ലാമിന്നലെ.
തലനരച്ചോരയാളെ.
കുഴിഞ്ഞു വിളറിയ കണ്ണുകളും
കുറ്റിരോമം നീണ്ട താടിയെല്ലും.
ഊന്നുവടിയുണ്ടായിരുന്നു,
വിറയാർന്ന കൈകളൊന്നിൽ.

2

പകലിനിത്തിരി നീളം കുറയും,
പുള്ളിയിനി തെക്കേയുദിയ്ക്കയുള്ളു
യാത്രപാടില്ല, പണ്ടേന്നപോലെ
കാർമേഘച്ചോലയിൽ-
ന്നു ഒളിച്ചുന്നാണിപ്പോൾ യാത്ര.

നേരം പോക്കില്ലാത്ത പകലുകൾ, കടലിൽമുക്കി
കറുത്ത മുഖം കനപ്പിച്ച് രാത്രിവരും.
ആകാശത്തിനപ്പുറം
നക്ഷത്രക്കുഞ്ഞുങ്ങൾ ഉറക്കം തൂങ്ങും.
മക്കളേ, നിങ്ങളും കണ്ണടച്ചോളൂ,
സൂര്യനും വയസ്സായി.........

3

ഇനി ഞങ്ങൾ ഗംഗയിലേക്കു നീങ്ങുന്നു.
ഒഴുകിപ്പോയ ജന്മങ്ങളെ തിരിച്ചു വിളിയ്ക്കാം;
കത്തിത്തീർന്ന പട്ടടയിൽ നിന്ന്
എല്ലും ചാമ്പലുമെടുത്ത്
പുതിയ മുഖം മൂടികൾ തീർക്കാം. അത്
നരച്ചുപോയ മുഖങ്ങളിൽ തുന്നിച്ചേർത്ത്
തിരിച്ചു നടന്ന്......... ഒടുവിൽ
പാതാളക്കരയിൽ ധ്യാനമിരിക്കാം
അവിടെ,
ജീവിതത്തിന് ദിനാന്ത്യങ്ങളില്ല.



*ഗോപകുമാർ*
*മൂന്നാം വർഷ സംസ്കൃ*

# Around me

Sajayan G.
IInd PDC



*When I look at the sky with pride*
*My soul seems to be with the cloud*
*Then I put my notions in the mould*
*To make them like a sweet bird.*

*When I think of that flying creature*
*I am clear about its future*
*Oh! the people are in rapture*
*They put my notions in fracture*

*When I look at the green fields*
*What a joyous sight they yield!*
*They are like green shields,*
*What an 'earth-coat' they build!*

*When I look at the glassy river*
*That reflects me like a mirror*
*Then I turn my face with terror*
*Oh! that is a man, full of error.*

*All the men are with madness*
*All the world is with rudeness.*
*There is nothing except sadness*
*But God will give us gladness.*

സ്വാഗതം !!!

സ്റ്റാർലൈൻ
ഫോട്ടോസ് & വീഡിയോസ്
കുറവിലങ്ങാട്

# യൂണിയൻ റിപ്പോർട്ട്

മാനവികതയുടെ ശംഖനാദമുയർത്തി മുന്നേറുന്ന ലോകജനതയുടെ വിവേകബുദ്ധിക്കു മുമ്പിൽ അത്ഭുതപ്പെട്ടുനില്ക്കുന്ന ചിന്തകന്റെ ചിത്രം സുവ്യക്തമായിരിക്കുന്ന ഈ കാലഘട്ടത്തിൽ ഹ്രസ്വമെങ്കിലും പ്രവർത്തനനിരതമായ ഒരു വർഷം പിന്നിടുകയാണ്. വിദ്യാർത്ഥികളുടെ പൊതുജനാധിപത്യവേദികളാണ് കോളേജുയൂണിയനുകൾ. കലാസാംസ്ക്കാരികരംഗത്തും വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പുരോഗമനോന്മുഖമായ പ്രവർത്തനങ്ങളിലും തനതായ പങ്കുവഹിക്കാൻ കോളേജുയൂണിയനുകൾക്ക് കഴിയേണ്ടതുണ്ട്. ഇവയുടെ ഒരാത്മപരിശോധനകൂടിയാണ് ഈ റിപ്പോർട്ട്. ഈ കലാലയത്തിലെ വിദ്യാർത്ഥിനീ വിദ്യാർത്ഥികളുടെ വിചാരങ്ങളും സ്വപ്നങ്ങളും സമന്വയിപ്പിച്ച് നമ്മുടെ കോളേജ് യൂണിയന്റെ ഈ വർഷത്തെ പ്രവർത്തനറിപ്പോർട്ട് എവരുടെയും അനുവാദത്തോടെ ഇവിടെ അവതരിപ്പിച്ചു കൊള്ളട്ടെ.

### കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ്

1992 ഒക്ടോബർ 9-ാം തീയതി വെള്ളിയാഴ്ച മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇതര കോളേജുകൾക്കൊപ്പം നമ്മുടെ കലാലയത്തിലും തെരഞ്ഞെടുപ്പു നടന്നു. യൂണിയൻ തെരഞ്ഞെടുപ്പ് ബഹു. പ്രിൻസിപ്പലിന്റെയും റിട്ടേണിംഗ് ഓഫീസറുടെയും മറ്റദ്ധ്യാപകരുടെയും മേൽനോട്ടത്തിൽ ഭംഗിയായി നടത്തപ്പെട്ടു. ശാന്തവും സൗഹൃദപരവുമായ അന്തരീക്ഷത്തിൽ തെരഞ്ഞെടുപ്പു നടന്നതിന് ഏറെ പങ്കുവഹിച്ച ഈ കോളേജിലെ മുഴുവൻ വിദ്യാർത്ഥികളും തീർച്ചയായും അഭിനന്ദനമർഹിക്കുന്നു. തെരഞ്ഞെടുപ്പിൽ തഴെപ്പറയുന്നവർ യൂണിയൻ ഭാരവാഹികളായി അംഗീകരിക്കപ്പെട്ടു.

ചെയർമാൻ
റോബിൻ മാനുവൽ

വൈസ് ചെയർമാൻ
സിന്ധു പി. എ

ജനറൽ സെക്രട്ടറി
ജെയിസൺ ചാക്കോ

കൗൺസിലേഴ്സ്
സതീശ് വി.
സിജി സെബാസ്റ്റ്യൻ

എഡിറ്റർ
ജോജി ജോൺ

ആർട്ട്സ് ക്ലബ് സെക്രട്ടറി
ഗോപി. സി. കെ

വനിതാപ്രതിനിധികൾ
ദീനാ മാത്യു,
സ്മിനി ജോസ്

### ക്ലാസ് പ്രതിനിധികൾ

Ist P.D.C - റോബിൻ ജോൺസ്
IInd P.D.C - ബോബി ജോൺ
Ist D.C - സജിമോൻ തോമസ്
IInd D.C- സന്തോഷ് കുര്യൻ
IIIrd D.C- ജോൺസൺ ജോൺ
Ist P.G. - സന്തോഷ് എ. ആർ
IInd P.G. - ജിംസൺ ഡി. പറമ്പിൽ

### സത്യപ്രതിജ്ഞ

ഓഡിറ്റോറിയത്തിൽ നടന്ന ലളിതമായ ചടങ്ങിൽ 1992 ഒക്ടോബർ 22 വ്യാഴാഴ്ച 12.30ന് ബഹുമാനപ്പെട്ട പ്രിൻസിപ്പലിന്റെ മുമ്പാകെ യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്തു അധികാരമേറ്റെടുത്തു.

കോളേജുയൂണിയന്റെ പ്രഥമയോഗം 26-ാം തീയതി ബഹുമാനപ്പെട്ട പ്രിൻസിപ്പൽ, യൂണിയൻ അഡ്വൈസർ, ട്രഷറർ മുതലായവരുടെ സാന്നിദ്ധ്യത്തിൽ കൂടി 24-11-92 ൽ കൂടിയ യൂണിയൻ മീറ്റിംഗിൽ സ്പോർട്സ് സെക്രട്ടറിയായി മനോജ് ജെ ജേക്കബിനെയും സബ്എഡിറ്റേഴ്സായി റിനോൾഡ് മാനുവൽ, ജിജോലൂക്കോസ്, ജോസഫ് തോമസ് എന്നിവരെയും തെരഞ്ഞെടുത്തു.

### കോളേജ് യൂണിയൻ ഉദ്ഘാടനം

1992 നവംബർ 19-ാം തീയതി കോളേജ് യൂണിയൻ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ദീപികയുടെ ചീഫ് എഡിറ്ററും രാഷ്ട്രദീപികയുടെ മാനേജിംഗ് ഡയറക്ടറുമായ ഡോ. പി.കെ. എബ്രഹാം നിർവഹിച്ചു. യൂണിയൻ ചെയർമാന്റെ അദ്ധ്യക്ഷതയിൽകൂടിയ സമ്മേളനത്തിൽ ബാല സാഹിത്യഅക്കാദമി ഡയറക്ടറും ഇവിടത്തെ മുൻ അദ്ധ്യാപകനുമായ ഡോ. കര്യാസ് കുമ്പളക്കുഴിയും ബഹു. പ്രിൻസിപ്പലും ആശംസകൾ അർപ്പിച്ചു. ജനറൽ സെക്രട്ടറി സ്വാഗതവും വൈസ് ചെയർമാൻ സിന്ധു പി.എ. കൃതജ്ഞതയും പ്രകാശിപ്പിച്ചു. യോഗാനന്തരം വിദ്യാർത്ഥികളവതരിപ്പിച്ച സ്കിറ്റ് ആന്റ് മിമിക്സ്, തിരുവാതിര, ഡാൻസ് തുടങ്ങിയ പരിപാടികൾ ഉണ്ടാ



കോളേജ് യൂണിയൻ ഉദ്ഘാടനം ഡോ. പി. കെ. എബ്രഹാം നിർവ്വഹിക്കുന്നു.



◀ ഉദ്ഘാടകൻ - ഡോ. പി. കെ. എബ്രഹാം



ആശംസ ഡോ. കുര്യാസ് കുമ്പളക്കുഴി



യിരുന്നു. അന്നേദിവസം വോയ്സ് ഓഫ് ദേവമാതാ എന്ന ഗായകസംഘത്തിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട പ്രിൻസിപ്പൽ നിർവഹിച്ചു. തുടർന്ന് കൊച്ചിൻ രസികയുടെ മിമിക്സ് ഗാനമേളയും ഉണ്ടായിരുന്നു.



◀ ആർട്ട്സ് ക്ലബ്ബ് ഉദ്ഘാടനം



▲ സദസ്

ഉദ്ഘാടകൻ ശ്രീ മുരളി ▼





വോയ്സ് ഓഫ് ദേവമാതാ ഉദ്ഘാടനം ▼

## ആർട്സ് ക്ലബ്
## ഉൽഘാടനം 1993 ജനുവരി 1

കലാപരമായി കഴിവുറ്റ നവപ്രതിഭകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും നിലകൊള്ളുന്ന ആർട്സ് ക്ലബിന്റെ ഉൽഘാടനം പ്രശസ്ത ചലച്ചിത്ര പ്രതിഭയും 92 ലെ നായകനെന്ന് മലയാളപത്രങ്ങൾ വിശേഷിപ്പിക്കുകയും ചെയ്ത ശ്രീ. മുരളി നിർവ്വഹിച്ചു. ചെയർമാൻ അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ ആർട്സ്ക്ലബ്



സെക്രട്ടറി ഗോപി. സി. കെ. സ്വാഗതവും കൗൺസിലർ സിജി നന്ദിയും പറഞ്ഞു.

ആർട്സ് ക്ലബ് പ്രവർത്തനങ്ങളുടെ ഭാഗമായി ഈ കോളേജിലെ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ആർട്സ്ക്വിസ് മൽസരത്തിൽ മുപ്പതോളം ടീമുകൾ പങ്കെടുത്തു. മൽസരത്തിൽ ഒന്നാം സ്ഥാനം നേടിയ മഹാദേവയ്യർ, ഗോപകുമാർ ടീമിനും രണ്ടാം സ്ഥാനം നേടിയ വിനോജ് ജി, പ്രശാന്ത്കുമാർ ഡി ടീമിനും യൂണിയന്റെ വക കാഷ് അവാർഡ് ചലച്ചിത്ര താരം മുരളി വിതരണം ചെയ്തു

## കലാകേളി 92

മികച്ച കലാപ്രതിഭകളെ കണ്ടെത്തുന്നതിനുവേണ്ടി നമ്മുടെ കോളേജിലെ ഈ വർഷത്തെ കലാമൽസരങ്ങൾ ജനുവരി 14, 15, 16 എന്നീ ദിവസങ്ങളിൽ നടത്തപ്പെട്ടു. യൂണിവേഴ്സിറ്റി ഫെസ്റ്റിവലിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് നിരവധി വിദ്യാർത്ഥികൾ വിവിധ മൽസരങ്ങളിൽ ആവേശപൂർവ്വം പങ്കെടുത്തു. വിജയികൾക്ക് ആശംസകൾ നേരുന്നതോടൊപ്പം ഇതൊരു വൻവിജയമാക്കിത്തീർക്കാൻ അശ്രാന്ത പരിശ്രമം

ചെയ്ത ആർട്ട്സ്ക്ലബ് ഡയറക്ടർ ശ്രീ. ബാബു സാറിനും മറ്റദ്ധ്യാപകർക്കും ഞങ്ങൾക്കുള്ള നന്ദിയും കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

## കരിയർ ഗൈഡൻസ് ക്ലാസ് 1993

വിദ്യാർത്ഥികളുടെ ശോഭനമായ ഭാവി ലക്ഷ്യമാക്കി കോളേജ് യൂണിയൻ മുൻകൈയെടുത്ത് രാഷ്ട്രദീപികയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി ഒരു കരിയർഗൈഡൻസ് കോഴ്സ് സംഘടിപ്പിക്കുകയുണ്ടായി. ഈ പരിപാടിയുടെ ഉദ്ഘാടനം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി പബ്ളിക് റിലേഷൻസ് ഓഫീസർ ഡോ. ജെയിംസ് ജോസഫ് നിർവ്വഹിച്ചു. ഈ അവസരത്തിൽ ആശംസകൾ അർപ്പിച്ചുകൊണ്ട് രാഷ്ട്രദീപിക സർക്കുലേഷൻ മാനേജർ സിറിയക് പാറ്റാനി, പ്രിൻസിപ്പൽ പ്രൊഫ. ടി. എം. ദേവസ്യാ എന്നിവർ സംസാരിച്ചു. സതീഷ് വി. സ്വാഗതവും ജോൺസൺ ജോൺ കൃതജ്ഞതയും അർപ്പിച്ചു. തുടർന്ന് ഡോ. ജെയിംസ് ജോസഫിന്റെയും സിറിയക് പാറ്റാനിയുടെയും നേതൃത്വത്തിൽ ക്ലാസുകൾ നടത്തപ്പെട്ടു.

കോളേജ് മാഗസിന്റെ ആഭിമുഖ്യത്തിൽ ഈ കോളേജിലെ വിദ്യാർത്ഥികൾക്കായി ഒരു കൈയെഴുത്തു മൽസരം സംഘടിപ്പിക്കുകയുണ്ടായി. യൂണിയന്റെ പ്രവർത്തനങ്ങളിൽ ഇദംപ്രഥമെന്നും നവീനമെന്നും വിശേഷിപ്പിക്കപ്പെട്ട ഈ മൽസരം സംഘടിപ്പിക്കുന്നതിന് മുൻകൈയെടുത്ത എഡിറ്റർ ജോജി ജോണിനും മൽസരത്തിൽ പങ്കെടുത്തവർക്കും നന്ദി പ്രകാശിപ്പിക്കുന്നു.

## കായികമേള 93

1993 ഫെബ്രുവരി 18-ാം തീയതി കോളേജിലെ കായികരംഗത്തെ പ്രതിഭകളെ കണ്ടെത്തുവാൻ കായികമേള നടത്തുകയുണ്ടായി. ഇതിൽ ധാരാളം വിദ്യാർത്ഥികൾ പങ്കെടുത്തു.

## മറ്റുനേട്ടങ്ങൾ

മഹാത്മാഗാന്ധിയൂണിവേഴ്സിറ്റി യൂണിയന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഇന്റർ കോളേജിയറ്റ് നാടകമൽസരത്തിൽ പങ്കെടുത്ത നമ്മുടെ കോളേജ് ടീം 5-ാം സ്ഥാനം നേടുകയുണ്ടായി. ഏതാണ്ട് 25 ഓളം ടീമുകൾ പങ്കെടുത്ത മൽസരത്തിൽ നമുക്കു ലഭിച്ച സ്ഥാനം അഭിമാനിക്കാവുന്ന ഒന്നാണ്. ഈ നേട്ടം കൈവരിക്കാൻ യത്നിച്ച ആർട്സ് ക്ലബ് സെക്രട്ടറിക്കും നാടകട്രൂപ്പിലെ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു.

വിവിധ ക്വിസ് മൽസരങ്ങളിൽ പങ്കെടുത്ത് കോളേജിന് അഭിമാനപൂർവ്വമായ നേട്ടങ്ങൾ നേടിത്തന്ന ക്വിസ് ക്ലബ് സെക്രട്ടറി ജോർജ്ജ് ജോൺ, ടീം അംഗങ്ങളായ നന്ദകുമാർ കെ., ജിജോ സിറിയക്, ബിനോജ്. ജി. എന്നിവർക്കും, ഡിബേറ്റുകളിലും പ്രസംഗമൽസരങ്ങളിലും



നിരവധി ട്രോഫികളും ക്യാഷ് അവാർഡുകളും കരസ്ഥമാക്കിയ റോട്ടറിക്ലബ് അംഗങ്ങളായ ബോബി പോൾ, ജിജോ ലൂക്കോസ്, ജിജോ സിറിയക് എന്നിവർക്കും കോളേജ് യൂണിയന്റെ അഭിനന്ദനങ്ങൾ അറിയിച്ചുകൊള്ളട്ടെ. മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയുടെ ബോൾബാഡ്മിന്റൻ ക്യാപ്റ്റനായി ജയ്പൂരിൽ നടന്ന ഇന്റർ യൂണിവേഴ്സിറ്റി മത്സരത്തിൽ യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച നമ്മുടെ സുഹൃത്ത് രാജേഷ് മാധവനും യൂണിയന്റെ അഭിനന്ദനങ്ങൾ. നമ്മുടെ കോളേജിലെ എൻ. സി. സി യൂണിറ്റിന്റെ സീനിയർ അണ്ടർ ഓഫീസറും 1992-ലെ റിപ്പബ്ളിക് ക്യാമ്പിലും തുടർന്നു നടന്ന പ്രൈംമിനിസ്റ്റേഴ്സ് റാലിയിലും കേരള ആന്റ് ലക്ഷദ്വീപ് ഡിറക്റ്ററേറ്റിനെ പ്രതിനിധീകരിച്ച ജോസഫ് കെ. ജെ. ഈ വർഷത്തെ ബെസ്റ്റ് കേഡറ്റ് ആയി തിരഞ്ഞെടുത്തു



കോളേജ് ഡേ മുഖ്യാതിഥി ടോമിൻ ജെ തച്ചങ്കരി

## കോളേജ് ഡേ

ഈ വർഷത്തെ കോളേജ് ഡേ പൂർവ്വാധികം ഭംഗിയായി നടത്തപ്പെട്ടു........ നടന്ന ചടങ്ങിൽ ക്രൈംബ്രാഞ്ച് S.P. ടോമിൻ ജെ. തച്ചങ്കരി മുഖ്യാതിഥി ആയിരുന്നു. യൂണിയൻ ചെയർമാന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കൗൺസിലർ സതീഷ് വി. സ്വാഗതവും എഡിറ്റർ ജോജി ജോൺ നന്ദിയും പറഞ്ഞു.

പരിമിതികൾ ഏറെയുണ്ടായിരുന്നു - ധനപരമായും സമയപരമായും - എങ്കിലും പരിമിതികൾക്കുള്ളിൽ ഒതുങ്ങിനിന്നു കൊണ്ട് അഭിമാനാർഹമായ പ്രവർത്തനങ്ങൾ നടത്തുവാനും നേട്ടങ്ങൾ കൈവരിക്കുവാനും ഈ കോളേജ് യൂണിയന് സാധിച്ചു എന്നു പറയു



ന്നതിൽ അഭിമാനമുണ്ട്, സന്തോഷമുണ്ട്. ആ അഭിമാനവും സന്തോഷവും നൽകുന്ന ചാരിതാർത്ഥ്യവുമായി 92-93 വർഷത്തെ ദേവമാതാ കോളേജ് യൂണിയൻ റിപ്പോർട്ട് സമർപ്പിക്കുന്നു.

ജനറൽ സെക്രട്ടറി

ജെയ്സൺ ചാക്കോ.



C. P. JOVY
II B. Com.

# എന്റെ ടിങ്കുവിന്

എന്റെ ടിങ്കുവിന്,

സംബോധനകൾക്കു പ്രസക്തിയില്ലല്ലോ നമുക്കിടയിൽ

പിന്നെ ഞാനെന്തു വിളിക്കാൻ

എന്റെ മന:പക്ഷിയുടെ ചിറകടികളുടെ സംഗീതമെന്നോ?

ഏകാന്തരാവുകളിൽ എന്റെ വിരഹത്തെ

ഉഴിഞ്ഞുണർത്തുന്ന പ്രതീക്ഷയെന്നോ....

വിശ്വസൗന്ദര്യം മുഴുവനൊതുക്കിയ മഞ്ഞുതുള്ളിയെന്നോ..

എന്തോ...........

എങ്കിലും സഖീ....

ഇരുണ്ടരാത്രികളും ചതഞ്ഞ പകലുകളും മറക്കാൻ കഴിയുന്നത്

നിന്റെ ചിത്രം മനസിലുള്ളതുകൊണ്ടാണ്.

എന്റെ വാക്കുകൾ നിന്നിൽ നഷ്ടപ്പെടുന്നു.

എങ്കിലും ഞാനൊന്നു പറയട്ടെ.....

സഖീ.......

സ്നേഹത്തിനു മറ്റൊരു പേരുണ്ടെങ്കിൽ സ്മരണയുടെ പനിനീർപ്പൂക്കൾ

കൊഴിഞ്ഞു വീഴുമ്പോൾ കല്ലറ കാണാതിരിക്കുന്നത്

പൂക്കളിൽ നിന്റെ മുഖമുള്ളതുകൊണ്ടാണ്.

പുസ്തക കൂമ്പാരത്തിനിടയിൽ ഇഴഞ്ഞു നടക്കുമ്പോഴും

ആർദ്രമായൊരു കവിതയിലേയ്ക്ക് ഊളിയിടുമ്പോഴും

കൊച്ചുസ്വപ്നങ്ങളുടെ മുത്തുകൾകൊണ്ട്

കൊട്ടാരമുണ്ടാക്കുമ്പോഴും

എപ്പോഴും

ഞാൻ നിന്നെ തിരയുന്നു.

എന്റെ മോഹത്തിന്റെ വൃക്ഷം പുഷ്പിച്ചപ്പോൾ

വിടർന്ന പൂക്കളിൽ നിന്റെ മുഖം തെളിഞ്ഞു നിന്നു.

മുറ്റത്തെ മഞ്ചാടി മണികൾ



ഞാൻ മരുഭൂമിയായപ്പോൾ നീ നീർച്ചാലായി

ഞാൻ വീണയായപ്പോൾ നീ അതിന്റെ കമ്പികളായി

നിന്റെ ഹൃദയത്തിന്റെ സ്പന്ദനം ഞാനായിരുന്നു

നാമൊന്നു പെറുക്കി

നടന്നപ്പോൾ നാമന്യോന്യം എത്ര കഥകൾ പറഞ്ഞു

പൂച്ചയ്ക്കു മണികെട്ടിയ കഥ.

ഏഴാം കടലിനപ്പുറത്തുനി

# കിഴവനും കടലും



കടൽക്കരയിൽ നിന്ന് വൃദ്ധൻ
കടലിനോടു ചോദിച്ചു:
'നീ എവിടെനിന്നു വരുന്നു?
പൊട്ടിച്ചിരിച്ചുകൊണ്ട്....
കടലൊന്നും മിണ്ടിയില്ല.
അവളുടെ ചിരിയലകൾ അയാളുടെ
കാലും, കാതും വലംവച്ച് കടന്നുപോയി
വൃദ്ധൻ വീണ്ടും പുലമ്പി.
'നീ മടങ്ങുക, ഒരു കൈക്കുമ്പിളായി
പാതാളത്തിലെ നരകക്കുഴിയിൽ ഉറങ്ങുക.
അവിടെ,
ജൻമങ്ങൾക്ക് ദിനാന്ത്യങ്ങളില്ല
നിന്റെ വിശാലമായ മാറിൽ
എന്റെ കുട്ടികൾ കളിക്കാനിറങ്ങട്ടെ!
ഒടുവിൽ മടങ്ങിവന്ന്
നിന്റെ മടിയിലെനിക്കൊരു ചിതയൊരുക്കട്ടെ!
കടൽ പൊട്ടിച്ചിരിച്ചു!
അവളുടെ മുടിയിഴകൾ
അയാളുടെ കാലുകൾ ബന്ധിച്ചു.
അടുത്ത നിമിഷം!
അവൾ അയാളെ കോരിയെടുത്തു.



സുബ്ഗണൻ. പി. ആർ
മൂന്നാം വർഷ സസ്യശാസ്ത്രം.

ന്ന് വെള്ളക്കുതിരപ്പുറത്തു പാഞ്ഞുവന്ന് രാജകുമാരിയെ സ്വന്തമാക്കിയ രാജകുമാരന്റെ കഥ.

അങ്ങനെ എത്രയെത്ര.......

ജീവിതസാഗരത്തിൽ സ്വപ്നങ്ങളുടെ കളിയോടം തുഴഞ്ഞു

നാമെത്ര ദൂരം താണ്ടി!

പിന്നീട്..........

കുറെക്കൂടി വളർന്നപ്പോൾ നീയെന്നോടു പറഞ്ഞു

ജീവിതം നൊമ്പരങ്ങളുടെ തുടർക്കഥയാണെന്ന്

സഖീ.........

ഞാനെന്റെ മൗനവും നൊമ്പരവും നിവേദിച്ചത്

നിന്റെ നീലമിഴികളിലായിരുന്നുവല്ലോ.....

എന്നിട്ടും.........

നാമെങ്ങനെ ഇത്രദൂരെയായി..........

നീയെനിക്കു വളത്തുണ്ടുകളും ഒരു മയിൽപ്പീലിയും..........

എന്റെ നൊമ്പരങ്ങളുടെ പട്ടികയിൽ ഒന്നുകൂടി

എഴുതിച്ചേർത്തുകൊണ്ട് നീ...

വച്ചു.........

വാക്കുകൾ എവിടെയോ തടയുന്നു..........

പക്ഷേ.... ഈ നിമിഷത്തിലും സഖീ..........

ഒന്നറിയുക..............

പൂർണ്ണചന്ദ്രനുദിക്കുന്ന രാത്രികളിൽ നീവരുമെന്ന്

ഞാനിപ്പോഴും കരുതുന്നു.

നീയെനിക്ക് കരിയുന്ന ചിനാക്കളും കണ്ണുനീർത്തുള്ളികളും

സമ്മാനിക്കുകയില്ലെന്നും...

എനിക്കറിയാം..............

നീ വരുമെന്ന്............

നിനക്കു വരാതിരിക്കാനാവില്ലെന്ന് .......

മുറിഞ്ഞതുവലോടെയാണെങ്കിലും


ഒരു പക്ഷിയെപ്പോലെ നീ...

പറന്നു പറന്നു വരുമെന്ന്...

നിനക്കൊപ്പം ഞാനും.........

നിനക്കൊപ്പം ഞാനും.........

നിന്റെ
വിക്കി.



# How To Save The Indian Cenema Trapped In Formulas?

Cinema took little time to reach India after its birth in France in 1895. But Indian Cinema as a whole, has no place in the film world even today. This statement is made not forgetting Satyajit Ray and a few others who have stamped their impress upon the film world.

If this is the condition, no doubt, there is something rotten somewhere. My attempt here is to excavate that rotten element.

What is Cinema? Without a moment's hesitation we can say that it is an art. Then what is an art? "Art is the imitation of life". "Art is the reflection of life which falls into the eyes of an artist". "It is the interpretation of life based upon the experience of an artist:." In this manner there are as many definitions as there are critics. And from these definitions we can evolve three steps in the creation of any art. They are: (1) Inspiration (2) Performance and (3) Publishement. Now let us examine in which of these steps the Indian Cinema has deviated from the right track.

## 1) Inspiration:

A film maker can be inspired by a literary work, his own lfie expereinces, what he sees and hears around him and so on and so forth. The only thing that actually matters is that, as Satyajit Ray Says, "a film maker must keep his eyes and ears open." But if we observe the Indian Cinema we will hardly be able to find a film maker who keeps his eyes and ears open.

The great film makers of the world say that there should not be any demarcation of Cinema into 'Art' and 'Commercial' as there are only good films and bad films. But it is clear that such a distinction exists in Indian Cinema. At least for our present convenience let us call it 'art' and 'commercial' cinema.

### *Commercial Cinema:*

There is no objective other than making a huge amount of profit behind the creation of these films. All these films have more or less the same theme, same story and same



actors. There are a fixed number of songs, fighting scenes yielding the much expected results, expression of sex vulgaly and all these done without caring much for technical perfection. All these are blended well in such a way as to give a fillip to the soft emotions of the spectators.

### *Art Cinema:*

It is characterized by much controlled acting and dragging rhythm which wouldmake the people tired. Ideas are often made vague in these films, they are under the imperession that only films with these specialities can win awards and good acclaim of the critics. Our film makers go behind successful trends and they have nothing new to add to the creative world.

## 2) Performance:

Prima facie we may feel that the situations prevailing in India are very unfavourable to our film makers. Any way, it is not as unfavourable as the environment in which Andrei Tharkorsky of Russia or Yonas Mekas of America had worked and yielded great results. Also, when compared to the fame, money, social status and other fortunes a successful film maker would get, the birth- throes he has to face are a necessity. Films like "Pather Panchali", "Gandhi", "Chariots of Fire", "Driving Miss Daisy", "Citizen Kane" and film makers like Satyajit Ray, Richard Attenborough, Orsen Welles and producers like David Putt nam and Ricahrd Zonuck prove this fact. If there is a will there is a way.

## 3) Publishment:

Any work of art which overcomes time must be considered good. Or we can say that any good work of art will overcome time. Those Indian films which have been acepted by the world as good ones have no audience in our country. Most of the films of Satyajit Ray, Mrinal Sen, Manikaul, Kumar Sahni, Shyam Benagal, Adoor Goapalakrishnan and Aravindan had little response from Indian audience. The films warmly welcomed by the people of India are being neglected by the rest of the world. None of the films which were accepted as good by the Indians could conquer time even in India. This only underlines our people's lack of education in film appreciation.

The only way to get out of this crisis is to impart education in film appreciation to our students of schools and colleges. Another thing the government can do is to construct mini-theatres all around the country and show our people world classics. The latter needs a huge capital, and it may not be possible for a country like India to spend so much on films at present. But the former is a very practical approach and is well possible with limited resour ces.

Artists who have learned the craft of film making and have something of their own in them (we call it creativity) and an audience who know what Cinema is can only save the Indian Cinema trapped in formulas.

**Jayasankar P. Nair.**
II D.C. Eng.

Best Compliments from,

**പോപ്പുലർ ബേക്കറി**

**വടക്കേ കവല കുറവിലങ്ങാട്**

*Compliments from,*

Admission guidance centre

Puthenpuracakal Building
Patani -Jn- കുറവിലങ്ങാട്

**With Best Compliments from,**

നവോദയ ബുക്ക്Production Centre

Thottuva - kuravilangad

*With best Compliments:*

**ദേവമാതാ ഹോസ്പിറ്റൽ**

**കുത്താട്ടുകുളം**

# ക്രിസ്റ്റീനാ റോസ്‌ലിൻഡ്



ക്രിസ്റ്റീനാ റോസ്‌ലിൻഡ് ആത്മഹത്യ ചെയ്തു! ഇന്നലെ അവളുടെ വിവാഹമായിരുന്നു. എന്നിട്ട് ഇന്ന്......

വിശ്വസിക്കാനായില്ല. എന്നാലും ക്രിസ്റ്റീനാ! വേപ്പുമരച്ചുവട്ടിലെ സിമൻറു ബഞ്ചിലിരിക്കവേ അവൾ മനസ്സിലേക്കോടി വന്നു.

ക്രിസ്റ്റീനാ റോസ്‌ലിൻഡ്!

അവളെക്കുറിച്ചു പറയുമ്പോൾ മനസ്സിൽ ഓടിയെത്തുന്നത് ആ കണ്ണുകളാണ്.

വെള്ളാരങ്കല്ലിൻെറ നിറവും തിളക്കവും ഉള്ള കണ്ണുകൾ!

ആ കണ്ണുകളെ എന്നും ഞാൻ സ്നേഹിച്ചിരുന്നു. ക്രിസ്റ്റീന എല്ലാവർക്കുമൊരത്ഭുതമായിരുന്നു. എനിക്കു മനസ്സിലാക്കാൻ കഴിയാതെ പോയ ഒരേയൊരു വ്യക്തി മഞ്ഞിൻെറ നിറമുള്ള ആ സുന്ദരിയായിരുന്നു എന്നു പറയട്ടെ.

അവൾക്കു ക്രിസ്റ്റീന പൂവിൻെറ യാത്ര സൗന്ദര്യമുണ്ടായിരുന്നു.

ക്രിസ്റ്റീന പൂവിൻെറ നിറമുള്ള ഉടുപ്പുകളുമണിഞ്ഞ് അവൾ ക്ലാസ്സിലെത്തുന്നതു കാണാൻ പല പ്രഭാതങ്ങളിലും ഞാൻ കാത്തു നില്ക്കുമായിരുന്നു.

ഒഴുകിയുലയുന്ന ആ ചെമ്പൻ മുടികളിൽ മെലിഞ്ഞു നീണ്ട വിരലുകളുമോടിച്ചുകൊണ്ടുള്ള ആ വരവിന് ഏറെ പ്രത്യേകതകളുണ്ടായിരുന്നു. പക്ഷേ 'ഡൽഹി സ്കൂൾ ഓഫ് ആർട്ട്സിൽ' വന്നതിനും മുൻപേ അവളെ ഞാൻ കണ്ടിരുന്നു. ആദ്യമായി ആ ചെമ്പൻമുടിക്കാരിയെ കണ്ട ദിനം ഇന്നും വ്യക്തമായി ഓർമ്മയിലുണ്ട്.

ഉണങ്ങി പൊരിഞ്ഞു കിടന്ന നാളുകളിലെന്നോ വീണുകിട്ടിയ ഒരു ഞായറാഴ്ച.

ചൂടു സഹിക്ക വയ്യാതത് സൂര്യനെയും, ഭൂമിയെയും ദില്ലി നഗരത്തെപ്പോലും ശപിച്ചുകൊണ്ട് ബസുകാത്തു നിന്ന ഒരു മദ്ധ്യാഹ്നം.

'ഇനിയിപ്പോ നാനക്പുരയ്ക്കു 85-ാം നമ്പർ ബസു വരണമെങ്കിൽ ഏതൊക്കെ ദൈവങ്ങളെ വിളിച്ചു കേഴണം?"



മനസ്സിൽ വീർപ്പു നിറഞ്ഞിരുന്നു.

എതിർവശത്തെ പഞ്ചനക്ഷത്രഹോട്ടലിൽ കണ്ണുകളുടക്കിയപ്പോൾ സമയം കളയാനൊരു വഴി കണ്ടെത്തിയെന്ന സമാധാനമായിരുന്നു.

ഹോട്ടൽ 'അററ്ലാൻറി'

സുവർണ്ണലിപികളുടെ പ്രഭയിൽ കണ്ണിനു മഞ്ഞനിറം. അപ്പോഴാണ് 'അറ്റ്ലാൻറ'യിൽ നിന്നു തെന്നി നീങ്ങുന്ന ഒരു വിദേശകാർ കണ്ണിൽ പെട്ടത്.

അരികിലൂടെ അത് ഒഴുകി നീങ്ങിയപ്പോൾ അതിലെ യാത്രക്കാരിയെ കണ്ടു.

വെള്ളാരങ്കണ്ണുകളും, ചെമ്പൻ മുടിയുമുള്ള ഒരു ക്രിസ്റ്റീനാ റോസ്‌ലിൻഡ്!

ആ പേരു പിന്നീടു നിവേദിതാ മേനോനാണു പറഞ്ഞു തന്നത്.

ക്രിസ്റ്റീനയെ പിന്നീടു പലപ്പോഴും കണ്ടു.

ബോട്ട് ക്ലബ്ബിലെ പുൽപ്പരപ്പിൽ, ലാൽകിലായിൽ, അപ്പുഘറിലെ 'ഹംസവാഹന'ത്തിൽ, 'ലീ മെറിഡിയ'ത്തിൽ...... എന്നാൽ ഞാൻ പഠിക്കുന്ന അതേ സ്ഥാപനത്തിൽ ആണ് ആ വെള്ളാരംകണ്ണിയും പഠിക്കുന്നത് എന്നറിഞ്ഞപ്പോൾ അത്ഭുതം തോന്നി. അതിലേറെ സന്തോഷവും.

കാരണം ആ സുന്ദരരൂപം കാണുന്നത് എന്റെ കണ്ണിനു കുളിർമ്മ പകരുന്നതായിരുന്നു.

എന്നാൽ ഏറെക്കഴിഞ്ഞാണ് ആ വിചിത്ര സ്വഭാവത്തെക്കുറിച്ച് എനിക്കറിവു കിട്ടുന്നത്.

എനിക്കവളോടു പ്രത്യേക താത്പര്യം തോന്നിയിരുന്നതിനാൽ പലപ്പോഴും അവളെക്കുറിച്ചറിയാൻ ഞാൻ വ്യഗ്രത കാട്ടിയിരുന്നു.

"ക്രിസ്റ്റീനയുടെ മനസ്സ് ആർക്കും പിടികിട്ടാത്തതാണു കുട്ടീ! ഉറ്റതോഴരായ ഞങ്ങളുടെ മുൻപിലും അവൾ മനസ്സു തുറക്കില്ല!"

ക്രിസ്റ്റീന റോസ്‌ലിൻഡിന്റെ അടുത്ത സുഹൃത്തുക്കളായ അരുന്ധതി വർമ്മയും, നിവേദിതാ മേനോനും എന്റെ ആകാംക്ഷ കണ്ടപ്പോൾ പറഞ്ഞു.

'സ്കൂൾ ഓഫ് ആർട്ട്സിലെ' എത്ര ആൺകുട്ടികളാണ് അവളുടെ പിറകെ നടക്കുന്നത്.

പലപ്പോഴും അസൂയയോടെ ഞാനതു കണ്ടുനിന്നിട്ടുണ്ട്. എല്ലാവർക്കും ഒരേ ഒരു നാമമേ ഉച്ചരിക്കാനുള്ളൂ.

ക്രിസ്റ്റീനാ!

ക്രിസ്റ്റീനാ റോസ്‌ലിൻഡ്!

അവളുടെ കണ്ണുകളിലെ ആ ഭാവം! അഗാധത! ആ ചെമ്പൻ മുടിയുടെ ഭംഗി!

ആ കവിളുകളുടെ തുടുപ്പ്! ഹോ! അങ്ങനെ എന്തെല്ലാമാണ് ആണുങ്ങൾ പറയുന്നത്. അതിശം തോന്നും.

ശരിയല്ലേ? ആ 'പൂവി'നെ നോക്കാത്തവർ ആരാണുള്ളത്? താനടക്കം!

മനസ്സിൽ പലപ്പഴും ചോദിച്ചിട്ടുണ്ടിങ്ങനെ. ഒരിക്കൽ അവളെ കമന്റടിച്ച ഒരുവനോട് അവൾ പറയുന്നതു കേട്ടു.



"ക്രിസ്റ്റീനയെ കമന്റടിക്കാൻ മാത്രം നീ വളർന്നിട്ടില്ല. ക്രിസ്റ്റീന എവർക്കും ഒരു വെല്ലുവിളിയാണ്."ന്നു ചിരിച്ചിട്ടവൾ സ്റ്റെപ്പുകൾ കയറി മറഞ്ഞു. നിലാവുറിച്ച പോലുള്ള ചിരിയുമായി.

ക്രിസ്റ്റീന ആരേയും 'മൈൻറ്' ചെയ്യാറില്ല. എപ്പോഴും കൂടെയുള്ള അരുന്ധതി വർമ്മയുമായിപ്പോലും അവളൊരിക്കൽ ഇടഞ്ഞു.

"മിസ്. അരുന്ധതി വർമ്മാ, എനിക്കാരുടേയും സഹായം വേണമെന്നില്ല. കണ്ട വിഡ്ഢികളുടെ കൂടെ കൂടാൻ ഞാനിഷ്ടപ്പെടുന്നില്ല. നിനക്കു പോകാം. യൂ മൈൻഡ് യുവർ ഓൺ ബിസിനസ്സ്"

എന്നാൽ അവളതു കാര്യമാക്കിയില്ല.

അതാണു ക്രിസ്റ്റീന എന്നവൾക്കറിയാമായിരുന്നു. ക്രിസ്റ്റീന എന്ന ചെമ്പൻ മുടിക്കാരിയെ ഗാഢമായി സ്നേഹിച്ചിരുന്ന ഒരാളുണ്ടായിരുന്നു -

സന്ദീപ് ചക്രവർത്തി!

എന്നാൽ അവൾ സന്ദീപിനെപ്പോലും പരസ്യമായി ആക്ഷേപിക്കാൻ മടിച്ചില്ല.

ഡൽഹി പബ്ളിക് ലൈബ്രറി ഗാർഡനിൽ വച്ച് കൂട്ടുകാരികളോട് അവൾ പ്രഖ്യാപിച്ചു.

'ക്രിസ്റ്റീനയ്ക്ക് ആരുടേയും സ്നേഹം വേണ്ട! അവൾക്കാരെയും സ്നേഹിക്കാനും വയ്യ! അവളെ സ്നേഹിക്കുന്നവർ അതിനുള്ള ശിക്ഷയനുഭവിക്കും."

പക്ഷേ എന്തൊക്കെയായിട്ടും എനിക്കവളോടു വെറുപ്പു തോന്നിയില്ല. ഒരിക്കൽ എവരും കാൺകെ എന്നെ പരിഹസിച്ചവളാണവൾ. എന്നിട്ടും ഞാനവളെ സ്നേഹിച്ചു! അല്ല ആരാധിച്ചു! പക്ഷേ അവളുടെ കനത്ത അഹന്തക്കു മുൻപിൽ എന്റെ ആരാധനപോലും നിഷ്പ്രഭമായെന്നോ? മിനിഞ്ഞാന്നായിരുന്നു പിന്നത്തെ സംഭവം.

കോളേജുലൈബ്രറിയുടെ നീണ്ട ഇടനാഴിയിൽ തന്നെ കാത്തു നിന്നിരുന്ന സന്ദീപിനെ അവൾ ആക്ഷേപിച്ചു. "സന്ദീപ് ഈ ജൻമം എനിക്കു നിന്നെ സ്നേഹിക്കാനാവില്ല. നിങ്ങളെ ഞാൻ കഠിനമായി വെറുക്കുന്നു."

അന്ന് സത്യത്തിൽ സന്ദീപിനോടെനിക്കു ദയതോന്നി. എന്നാലും ക്രിസ്റ്റീനയെ വെറുക്കാൻ തോന്നിയില്ല. എന്നാൽ, പിറ്റേന്നു ക്ലാസ്സിലെത്തിയ എനിക്കു ലഭിച്ചത് അതിശയകരമായ ഒരു വാർത്തയാണ്.

ക്രിസ്റ്റീന വിവാഹിതയായി! ഇന്നലെ.



വരൻ. സന്ദീപ് ചക്രവർത്തി!

ഇന്നലെ സന്ദീപിനെ ആക്ഷേപിച്ച അതേദിവസം അവളുമായുള്ള സന്ദീപിന്റെ വിവാഹം നടന്നു.

ഗോൾഡൻ ഗാനാ ചർച്ചിൽ വച്ച് ആരുടെയും അകമ്പടിയില്ലാതെ-

വാർത്ത ചോർത്തിതന്ന നിവേദിത എന്റെ സംശയം വ്യക്തമായറിഞ്ഞു.

"അതാണു മോളേ, ക്രിസ്റ്റീന! ഞാൻ പറഞ്ഞില്ലേ ആർക്കുമവളുടെ മനസ്സറിയാൻ കഴിയില്ലന്ന്! "

അന്നാദ്യമായി ഞാനവളെ സംശയിച്ചു.

ആരാണു ക്രിസ്റ്റീനാ? ചെമ്പൻമുടിയും, വെള്ളാരങ്കണ്ണുകളുമുള്ള ആ സുന്ദരിയേക്കുറിച്ച് ആർക്കും കൂടുതൽ അറിയില്ലാത്തത് എന്തുകൊണ്ട്? വിദേശനിർമ്മിത കാറിൽ പഞ്ചനക്ഷത്ര ഹോട്ടലുകളിൽ കയറിയിറങ്ങുന്ന അവളുടെ സുഹൃത്തുക്കൾ ആരാണ്?

ഡിസംബറിലെ കടുത്ത തണുപ്പിൽ നിന്നും, കോടമഞ്ഞിൽനിന്നും ചെമ്പൻകുതിരപ്പുറത്തു പറന്നിറങ്ങുന്ന ഒരു മദാമ്മയുടെ രൂപം എന്റെ മനസ്സിൽ നിറഞ്ഞു.

അവൾ ക്രിസ്റ്റീനയാണോ? ആ ചിന്തയുമായി ഇന്നലെ ഞാൻ നേരം കഴിച്ചു. പക്ഷേ ഇന്ന് ഇപ്പോൾ ആ വാർത്തയുമറിഞ്ഞു ക്രിസ്റ്റീനാ റോസ്‌ലിൻഡ് ആത്മഹത്യ ചെയ്തു!

തണുത്തു മരവിച്ച പ്രഭാതത്തിൽ ചൂടുള്ള പാൽഗ്ലാസ്സുമായി മൈതാനത്തിലെ വേപ്പുമരച്ചുവട്ടിലിരുന്ന് ദിനപ്പത്രം വായിക്കവെയാണ് ആ വാർത്ത കണ്ടത്.

ഇന്നലെ വിവാഹിതയായവൾ!

ചെമ്പൻമുടിയും വെള്ളാരങ്കണ്ണുമുള്ള എന്റെ സ്വപ്നസുന്ദരി ക്രിസ്റ്റീനാ നീ സത്യത്തിൽ എന്താണ്?

തളർന്ന കാലുകളുമായി റൂമിൽ ചെന്നു വെറുതെയിരിക്കവേ അരുന്ധതിയുടെ ഫോൺ വന്നു.

"നിനക്കറിയോ, ക്രിസ്റ്റീനാ അവളുടെ ആഗ്രഹം സാധിച്ചു: അല്ലങ്കിൽ വാശി സാധിച്ചു തന്നെ സ്നേഹിക്കുന്നവരെ ശിക്ഷിക്കുമെന്ന വാശി. തനിക്കാരെയും സ്നേഹിക്കാൻ വയ്യെന്നും തന്നെയാരും സ്നേഹിക്കരുതെന്നും അവൾ താക്കീതു നല്കിയിട്ടും അതനുസരിക്കാഞ്ഞതിന് സന്ദീപനെ അവൾ ശിക്ഷിച്ചു. ജീവനെക്കാളേറെ സന്ദീപ് തന്നെ സ്നേഹിച്ചതിന് സ്വയം മരണം വരിച്ചുകൊണ്ടവൾ പകവീട്ടി."

"അങ്ങനെ അവസാന നിമിഷവും അവൾ വിജയിച്ചു, അല്ലേ!" അരുന്ധതിയുടെ ചോദ്യത്തിനു മറുപടി നൽകാനാവാതെ നിന്ന ഞാൻ അറിയാതെ മന്ത്രിച്ചു.

ക്രിസ്റ്റീനാ,. നിന്നെ ഞാൻ സ്നേഹിക്കുന്നു. പണ്ടത്തേക്കാളേറെ! നീ വലിയവളാണു ക്രിസ്റ്റീനാ! മരണത്തെയും വെല്ലുവിളിച്ചവൾ! ആർക്കും പിടിതരാത്തവൾ!

ചോദ്യങ്ങളാവർത്തിക്കുന്ന അരുന്ധതിക്കു ഞാൻ മറുപടി നല്കി. വളരെ പതിയെ-

അതേ, ക്രിസ്റ്റീനയാണു പെണ്ണ്!

ക്രിസ്റ്റീനാ ദ ഗ്രെയ്റ്റ്!.

**ഷിജിമോൾ എ.സി.,**
**ഒന്നാംവർഷമലയാളം.**

Best Compliments from:

# Snowmans Ice Cream Parler



College Jn.
Kuravilangad.

---

## Davamatha College Co-Operative Store Kuravilangad.

എല്ലാവിധ സ്റ്റേഷനറി, **items** നും സമീപിക്കുക.

---

# കുറവിലങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം

## നമ്പർ 1049

ബ്രാഞ്ചുകൾ :- 1. കുറവിലങ്ങാട് (ഫോൺ 347), 2. നസ്രത്തുഹിൽ (ഫോൺ 627),
3. കുര്യം (ഫോൺ 502)

| | | |
|---|---|---|
| അംഗങ്ങൾ | 9992 | |
| ഓഹരിമൂലധനം | 23 | ലക്ഷം |
| നിക്ഷേപങ്ങൾ | 273 | ലക്ഷം |
| നില്പുവായ്പകൾ | 247 | ലക്ഷം |
| പ്രവർത്തന മൂലധനം | 378 | ലക്ഷം |

### നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശനിരക്ക്

ചാക്കോ വർക്കി, വടക്കേടത്ത്
(പ്രസിഡൻറ്)

N.O.തോമസ് നിരപ്പിൽ
(സെക്രട്ടറി)

# അപേക്ഷകൾ ക്ഷണിക്കുന്നു.

## വിമല സ്ക്കൂൾ ഓഫ് നഴ്സിംഗ്

പള്ളിക്കവല കുറവിലങ്ങാട്-686 633 ESTD 1978

നഴ്സിംഗ് - മിഡ്വൈഫറി - 2വർഷം
വിദ്യാഭ്യാസയോഗ്യത:- S.S.L.C.

ഇവിടെ പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഇന്ത്യയിലും വിദേശത്തും ജോലി ലഭിക്കുന്നു
മിഷൻ ആശുപത്രികളിൽ കന്യാസ്ത്രികളുടെ മേൽനോട്ടത്തിൽ 1വർഷത്തെ പരിശീലനം.

പരിശീലനം ഏർപ്പെടുത്തുന്ന ആശുപത്രികളുടെ വിവരം അഡ്മിഷൻ സമയത്തുതന്നെ നൽകുന്നു.
പ്രവേശനം കന്യാസ്ത്രികൾക്കും പെൺകുട്ടികൾക്കും മാത്രം.

കോൺവെന്റ് ഹോസ്റ്റലിലും.
സ്കൂൾ ഹോസ്റ്റലിലും താമസ സൗകര്യം
അപേക്ഷാഫോറത്തിനും പ്രോസ്പെക്ടസിനും നേരിട്ടോ മണിയോർഡർ ആയോ Rs 10/-

THE DIRECTOR

# THEKKEDATH MEDICAL CENTRE (P) LTD:

## KURAVILANGADU

● Dr. Anil Nair M.D. (physician) ● Dr. P. John M.S (Surgon) ● Dr. Biren J. Thompunkal M.B.B.S. D.C.M (paediactrician) ● R.M.O. Dr. Geetha P.C M.B.B.S ● Beena P.K. M.B.B.S

## ഗവ.അംഗീകൃത
## 'ഒ' ലവൽ കംപ്യൂട്ടർ കോഴ്സ്

പാലാ ബിഷപ്പ് വയലിൽ ലൈബ്രറിയിൽ

അക്രഡിറ്റേഷൻ നമ്പർ : **oprov - 168**

★ കാലാവധി : 15 മാസം
★ സൗജന്യ പരിശീലനം : 3 മാസം
★ ജോലി അവസരങ്ങൾ യഥാസമയം പഠിതാക്കളെ അറിയിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ലൈബ്രറിയുമായി ബന്ധപ്പെടുക

Librarian,
Bishop Vayalil Library,
Palai.



അലക്സാണ്ടർ പി.റ്റി.
II DC Ecos

# മൃത്യുപാനം



മദ്യത്തിൻെറ ഉൻമാദ ലഹരി ജീവിത ക്ലേശമനുഭവിക്കുന്നവർക്കു ധൈര്യം പകരുന്ന ഹരമായും ജീവിത ഭാരമിറക്കുവാനുള്ള അത്താണിയായും പലരും കരുതുന്നു. പ്രചോദനവും ഉത്തേജനവും അനുഭൂതിയും തേടി മദ്യത്തിൻെറ പിന്നാലെ പോകുന്ന കവികളും കലാകാരൻമാരും നേതാക്കളും യുവാക്കളും നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. മദ്യം ഇന്ന് നിത്യജീവിതത്തിൻെറ ഭാഗമായിത്തീർന്നിരിക്കുകയാണ്. എവിടെയും എന്തിനും മദ്യമുണ്ടെങ്കിലേ എല്ലാം ഗംഭീരമാവുകയുള്ളൂ എന്ന ധാരണയിലെത്തിച്ചേർന്നിരിക്കുന്നു നാം.


മദ്യമുപയോഗിക്കുന്ന എല്ലാവരും പെട്ടെന്നു മരിക്കുന്നില്ല. കുറേപ്പേർ മാത്രം അപകടത്തിൽപ്പെടും. മദ്യപരിലധികവും മാരക രോഗം വന്ന് ഇഞ്ചിഞ്ചായിട്ടാണ് മരിക്കുന്നത്. ഈ അവസ്ഥയിൽ മദ്യപാനത്തെ 'മൃത്യുപാന'മെന്നു പറയേണ്ടിയിരിക്കുന്നു. സമൂഹത്തിലെ സമ്പന്ന വിഭാഗവും കുലീന വർഗ്ഗവും മദ്യത്തിനു മാന്യത കല്പിക്കുന്നു. മദ്യം സൗഹൃദമാണ്, ആനന്ദമാണ്, വിനോദമാണ്, ടോണിക്കാണ്, യുവത്വമാണ്, പൗരുഷമാണ്, ആഘോഷമാണ്, സ്നേഹസ്വരൂപമാണ്, ഇടപാടുകാർക്കു പറ്റിയ തിരശ്ശീലയാണ്, പൊട്ടിച്ചിരിയാണ്, ആഢ്യത്വമാണ്. എന്തിന് പരിശുദ്ധവും അഭികാമ്യവുമാണ്! എന്നിങ്ങനെ പോകുന്നു നമ്മുടെ ചിന്ത.

സമ്പന്നരുടെ വമ്പു കാണിക്കാനും മാന്യതയുടെയും ഫാഷൻെറയും മുഖാവരണമണിയാനും വേണ്ടി നമ്മുടെ നാട്ടിലെ പെണ്ണുങ്ങളും കുഞ്ഞുങ്ങളും കൂടെ കുടിക്കാൻ മടിക്കാത്ത കാലം വിദൂരത്തല്ലെന്നു തോന്നുന്നു.

സദാചാരമൂല്യങ്ങൾ തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കുകയാണ്. കുടുംബജീവിതം ശിഥിലമാകുന്നു. വിവേകബുദ്ധിക്ക് മാന്ദ്യം സംഭവിക്കുന്നു. അങ്ങനെ നാശത്തിൻെറ പാതയിലേയ്ക്ക് നടന്നടുക്കുകയാണ് നാം.

ഒരു സമ്മാനപ്പൊതിയുമായി വീട്ടിൽ വന്നു കയറുന്ന അച്ഛൻ, കുഞ്ഞിനെ സംബന്ധിച്ചിടത്തോളം സന്തോഷത്തിൻെറ പ്രതീകമാണ്. എന്നാൽ കുഴഞ്ഞ നാക്കും ചുവന്നുരുണ്ട കണ്ണുകളും നിലത്തുറയ്ക്കാത്ത കാലുകളും എല്ലാവരോടും പകയുമായി കയറിവരുന്ന പിതാവിനെ കാണുമ്പോൾ കുരുന്നുമനസ്സിൽ ഭീതിയും വെറുപ്പുമാണ് പ്രത്യക്ഷപ്പെടുന്നത്. ഇങ്ങനെ പൗരുഷം നഷ്ടപ്പെട്ട് എത്രയെത്ര മുഖങ്ങളാണ് നമ്മുടെ സമൂഹത്തിൽ മദ്യമെന്ന പിശാചിൻെറ ബലിമൃഗങ്ങളായിത്തീർന്നിരിക്കുന്നത്.

മദ്യപാനം മൂലം അനവധി രോഗങ്ങൾ നമ്മുടെയിൽ കണ്ടുവരുന്നു. കുടുംബതകർച്ചയും ബന്ധങ്ങളുടെ ഉലച്ചിലും ധാർമ്മികാധഃപതനവും ആദ്ധ്യാത്മിക നാശവും, സമൂഹത്തിൽ അരാജകത്വവും, അക്രമവും, അസമാധാനവും അപകടങ്ങളും മദ്യപാനംകൊണ്ട് നേടാൻ കഴിയുന്നു.





മനുഷ്യൻ എന്തിനു വേണ്ടിയാണ് മദ്യപിക്കുന്നത്? പ്രശ്നങ്ങളിൽ നിന്നൊളിച്ചോടാൻ, ഭയത്തിൽ നിന്നും ഉല്ലാസരംഗങ്ങളിൽനിന്നും രക്ഷനേടാൻ, ആകുലതയും ഉത്കണ്ഠയും അകറ്റാൻ, ധൈര്യം കിട്ടാൻ, തന്റേടം വളർത്താൻ, ആത്മവിശ്വാസം കൈവരിക്കാൻ, കുറ്റബോധമകറ്റാൻ, വേദനകൾ മറക്കാൻ, നാണം മാറ്റാൻ, ആളുകളിക്കാൻ, അപകർഷതാബോധമകറ്റുവാൻ, പുരുഷത്വം പ്രകടിപ്പിക്കാൻ, ശ്രദ്ധപിടിച്ചു പറ്റാൻ, ഉന്മേഷവാനാകാൻ, സുഖസുഷുപ്തി കൈവരിക്കാൻ, സ്വപ്നലോകത്തു വിഹരിക്കാൻ. ഫലമോ നേരെ വിപരീതവും.

ഒരു വ്യക്തി എങ്ങനെ കുടിയനാകുന്നുവെന്നു നോക്കാം.

*മദ്യാസക്തിയ്ക്കു പ്രധാനമായും മൂന്നു ഘട്ടങ്ങളാണുള്ളത്*

1. മദ്യത്തിന്റെ ലഭ്യതയും പ്രോത്സാഹനവും: മദ്യം സുലഭമായി ലഭിക്കുന്നതും അതുപയോഗിക്കാൻ പ്രേരിപ്പിക്കുന്നതുമായ ചുറ്റുപാടുകൾ.
2. വ്യക്തിത്വത്തിലെ വികലത: അപകർഷതാബോധം, ആത്മനിന്ദ, ആത്മഹത്യാ പ്രവണത, വിഷാദം, ആശ്രയബോധം, പരാജയ ബോധം എന്നിവയെല്ലാം മദ്യപാനത്തിനു പ്രേരിപ്പിക്കും.
3. മദ്യത്തിന്റെ തന്നെ സ്വഭാവം: കേന്ദ്ര നാഡീവ്യൂഹത്തിൻമേലുള്ള ആകർഷണം. അതു ന്നു തരത്തിൽ പ്രകടമാക്കും.

***a) സഹിഷ്ണുത:*** ഉപയോഗിക്കുന്ന മദ്യത്തിന്റെ അളവു കൂട്ടാനുള്ള പ്രവണത. ആദ്യം ലഭിച്ചിരുന്ന ലഹരിയും മാനസിക സംതൃപ്തിയും കിട്ടാൻ പിന്നീടാകുമ്പോൾ കുടിയുടെ അളവു കൂട്ടേണ്ടിവരും. കാരണം ശരീരവും മനസ്സും മദ്യത്തോടു സഹിഷ്ണുത പുലർത്തുന്നു.

***b) പിൻമാറ്റാസ്വാസ്ഥ്യങ്ങൾ:*** കിട്ടേണ്ടതു തക്കസമയത്തു കിട്ടാതെ വരുമ്പോൾ പിൻമാറ്റാസ്വാസ്ഥ്യങ്ങൾ അനുഭവപ്പെടും. ശരീരവും മനസ്സും മദ്യത്തിന് അടിമപ്പെട്ടു കഴിഞ്ഞതുകൊണ്ടാണിത്.

***c) ആസക്തി:*** മദ്യപാനം ശാരീരികമായും മാനസികമായും അനിവാര്യമായിത്തീരുന്നു. മദ്യത്തിന്റെ മേൽ ആൾക്കു നിയന്ത്രണമില്ല.

## *മദ്യദുരന്തങ്ങൾ*

സാധാരണ മദ്യത്തിൽ അടങ്ങിയിരിക്കുന്നത് ഈഥൈൽ ആൽക്കഹോളാണ്. എന്നാൽ 'വിഷത്തിനുള്ളിലെ മഹാവിഷം' എന്നു പറയാവുന്ന വിഷമദ്യത്തിൽ ഉള്ളത് മീഥൈൽ ആൽക്കഹോൾ അഥവാ മെതനോളാണ്. മീതിലേറ്റഡ് സ്പിരിറ്റ് റെക്റ്റിഫൈഡ് സ്പിരിട്ടും വിഷാംശം ഏറിയതത്രേ. മദ്യ ദുരന്തങ്ങൾ നടന്നിടത്തെല്ലാം മനുഷ്യരെ കുടിപ്പിച്ചത് മെതനോൾ കലർത്തിയ ചാരായമോ മറ്റു വിഷ മദ്യങ്ങളോ ആയിരുന്നു.

നമ്മുടെ നാട്ടിലും പലപ്പോഴായി മദ്യദുരന്തങ്ങൾ അരങ്ങേറിയിട്ടുണ്ട്. എങ്ങും ആഹ്ലാദത്തിന്റെ തിരമാലകൾ അലയടിച്ചപ്പോൾ വൈപ്പിനും പുനലൂരും ബാംഗ്ലൂരും ബോംബെയും മദ്രാസുമൊക്കെ കൂട്ടമരണത്തിന്റെ കരിനിഴലിലാണ്ടു പോയതാണല്ലോ. പിടഞ്ഞു മരിച്ചവരുടെ അന്ത്യരോദനവും അംഗഭംഗം വന്നു മൃതപ്രാ

ത്തരായി ജീവിച്ചിരിക്കുന്നവരുടെ മാറിപ്പ ക്ലേശങ്ങ ളും അച്ഛനമ്മമാരെയും ഭർത്താക്കൻമാരെയും നഷ്ടപ്പെട്ട് അനാഥരായവരുടെ കദനഭാരവും നമ്മുടെ കണ്ണുതുറപ്പിക്കില്ലേ? പൊന്നോണനാ ളിൽ വൈപ്പിൻ ശ്മശാന മൂകതയിലാണ്ട സംഭ വം മലയാളികൾ മറക്കേണ്ടതല്ല. ലഹരിയെടു ത്തുൻമത്തരായി ഉറങ്ങാൻ പോയവർ രാവിലെ ഉണർന്നില്ല 1982-ലെ ഓണക്കാലത്തായിരുന്നു ഈ ദാരുണ സംഭവം അരങ്ങേറിയത്.

1984-ൽ മദ്യവിഷബാധയേറ്റ് 45 മനുഷ്യ ജീവനാണ് പുനലൂരിൽ പിടഞ്ഞുവീണത്. 1987 ജനുവരിയിൽ മദ്രാസിലെ തിരുവട്ടിയൂർ എന്ന സ്ഥലത്തു 30 പേർ ദയനീയമായി മരിച്ചുവീണു. ഗുരുതരമായ വിഷബാധയേറ്റ് ആശുപത്രിയിലാ യവരിൽ എത്രപേർ രക്ഷപെട്ടെന്നറിയില്ല. 1971 സെപ്റ്റംബർ 15ന് ബോംബെക്കടുത്ത് മൊപിലി യിൽ 100 പേർ വിടവാങ്ങി. 250 പേർക്കു കാഴ്ച ശക്തി നഷ്ടപ്പെട്ടു. 1972 ജൂലൈ 30നു ജല ന്തറിൽ 30 പേരും പിന്നീട് ആന്ധ്രാപ്രദേശിൽ 66 പേരും ഗുണ്ടൂരിൽ 26 പേരും, മദ്രാസിൽ 100 പേരും ഇൻഡോറിൽ 100-ൽ കൂടുതൽ പേരും മദ്യവിഷബാധയേറ്റ് മരണമടഞ്ഞു. ഇതൊന്നും നമ്മുടെ ജനസമൂഹങ്ങളുടെയും ഗവൺമെൻറുകളു ടേയും കണ്ണുതുറപ്പിക്കില്ല എന്നതു വിചിത്രം തന്നെ.

ഇന്നു നടക്കുന്ന വാഹനാപകടങ്ങളിൽ 50%വും ഡ്രൈവർമാരുടെ മദ്യപാനം മൂലമത്രേ. കുറ്റകൃത്യങ്ങൾക്കും അക്രമവാസനകൾക്കും പ്രധാന കാരണം മദ്യംതന്നെ. റഷ്യയിലെ 70% ക്രിമിനൽ കേസുകൾക്കും അമേരിക്കയിലെ 75% ക്രിമിനൽ കേസുകൾക്കും മദ്യമാണ് കാരണ മെന്നു റിപ്പോർട്ടുകളുണ്ട്.

### *മദ്യപാനം എങ്ങനെ ഒഴിവാക്കാം?*

1. മദ്യത്തിൻെറ ലഹരിയെപ്പറ്റിയും അതിലു ളള ആസക്തിയെപ്പറ്റിയും അതൊരു രോഗ മായിക്കരുതി അതിനുളള ചികിത്സാമാർ ഗ്ഗങ്ങളെപ്പറ്റിയും കഴിയുന്നത്ര അറിവു സ മ്പാദിക്കുക.
2. ക്ഷമാശീലം പുലർത്തുക. ആസക്തി കാല ങ്ങൾ കൊണ്ടു വളർന്നതാകും, ഒറ്റ ദിവസം കൊണ്ടു മാറ്റിയെടുക്കാനാവില്ല. സാവധാ നമേ മോചനമുണ്ടാകൂ.
3. മദ്യത്തിൻെറ പരിണതഫലങ്ങളെപ്പറ്റി ആളു കളെ ബോധവാൻമാരാക്കുക.
4. വിനോദത്തിനായി പോലും മദ്യപിക്കുന്നത് ഒഴിവാക്കുക.



5. മദ്യപൻമാരുമായുളള കൂട്ടുകെട്ട് ഒഴിവാ ക്കുക.
6. പ്രശ്നങ്ങളെ അവധാനതയോടെ നേരിടാ നവശ്യമായ കരുത്താർജ്ജിക്കുവാൻ വ്യ ക്തികൾക്ക് അവസരം നൽകേണ്ടത് അനു പേക്ഷണീയമാണ്.

### *മദ്യത്തെ എങ്ങനെ പ്രയോജനപ്പെടുത്താം?*

മദ്യാംശമില്ലാത്ത കള്ള് ചില സംസ്ഥാനങ്ങ ളിൽ ശീതളപാനീയമായി വിപണനം നടത്തു ന്നുണ്ട്. കൂടാതെ കള്ളിൽനിന്നും പാനിയും ചൊ റുക്കയും ചക്കരയും ഉണ്ടാക്കാൻ സാധിക്കും. ഇത് കേരളത്തിലെ വലിയൊരു കുടിൽ വ്യവസായ മായി വളർത്തിക്കൊണ്ടുവരുവാൻ സാധിക്കും. തൊഴിൽ നഷ്ടപ്പെടുന്നവർക്ക് കൂടുതൽ ആദായ കരവും മാന്യവുമായ തൊഴിൽ നൽകാൻ ഇതു മൂലം സർക്കാരിനു കഴിയും. വിദേശമദ്യം ഉല്പാ ദിപ്പിക്കുന്ന ഡിസ്റ്റിലറികൾക്ക് അല്പം ചില വ്യ ത്യാസങ്ങൾ വരുത്തിയാൽ അവയെ മരുന്നു ല്പാദിപ്പിക്കുന്ന സ്ഥാപനങ്ങളാക്കി മാറ്റാൻ സാധിക്കും.

### *മദ്യനിരോധനം*

മാനസികവും സദാചാരപരവും സാമൂഹ്യവു മായ പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന മിഥ്യാ ധാരണയിൽ മദ്യം കഴിക്കുകയും ക്രമേണ ആ



Vijayamma M.V.
II D.C Economics

# മുക്തിതേടി

"ഉയരുന്ന ചിന്തതൻ തോണിയിലേറി ഞാ-
നൊരുനാളിൽ ഉല്ലാസയാത്രയായി
കദനത്തിൻ കടലിലെ കുഞ്ഞലനീക്കി ഞാ-
നറിയാത്ത തീരങ്ങൾ നോക്കി നീളെ
മന്നിന്റെ മനോമ്പരമറിയാത്ത നാട്ടതെ-
ന്നറിയുവാനായി ഞാൻ യാത്രയായി
മന്നിടമെത്രയോ ദുർഘടമെങ്കിലും
മുന്നിൽ വിരിയുന്നു സൗന്ദര്യങ്ങൾ.

തേടി, അലഞ്ഞു ഞാൻ സങ്കല്പ വഞ്ചിയി-
ലാരും തിരയാത്ത തീരത്തു ചെല്ലുവാൻ
എങ്കിലുമോരോരോ തീരവും നല്കി
ഈ സംസാരദു:ഖത്തിൻ ശ്രേണി തലങ്ങളെ
പകലിനെ പുൽകുവാൻ വെമ്പുമീ സന്ധ്യയ്ക്ക്
ഇരുളിന്ന ലച്ചാർത്തു നൽകുമപോലെ.

തേടി മുന്നാചാര്യർ ദു:ഖത്തെ വെല്ലുന്ന
ജീവിതം മർത്യനു കാട്ടിക്കൊടുക്കുവാൻ
അന്ത്യമായാശ്രേഷ്ഠരേകി യൊരുമഹാ
'തത്വ'ത്തെ നമ്മിലും പ്രത്യാശയേറ്റുവാൻ

ഈ ജീവിതത്തിൽ ലഭിക്കാത്ത സൗഭാഗ്യം
നേടാം! നാം മറ്റൊരു ജൻമം നേടീടുമ്പോൾ
സ്വസ്ഥതതേടുന്ന ലോകരേ നിങ്ങൾക്കു കിട്ടി-
'പ്രതീക്ഷ' ആ തത്വത്താലല്ലയോ?



വിപത്തിനടിമയാകുകയും ഇപ്പോൾ പൊതുവായും വ്യക്തിപരമായും അതിൽനിന്ന് മോചനം ആഗ്രഹിക്കുകയും ചെയ്യുന്നവരുടെ പ്രശ്നത്തിനാണ് മദ്യനിരോധന പ്രവർത്തനങ്ങളിൽ മുൻഗണന നൽകേണ്ടതെന്ന് മന:ശാസ്ത്ര വിദഗ്ദ്ധൻമാർ അഭിപ്രായ പ്പെടുന്നു. മദ്യപാനാസക്തി നിർമ്മാർജ്ജനം ചെയ്യുവാനുള്ള ശ്രമം രണ്ടു തലത്തിൽ ആരംഭിക്കേണ്ടതുണ്ട്. ഒന്നാമതായി നിരോധനം ഏർപ്പെടുത്തുന്നതിലൂടെയോ കടുത്ത സാമ്പത്തിക നടപടികളിലൂടെയോ മദ്യപാനം അസാദ്ധ്യമാക്കിത്തീർക്കുക.

രണ്ടാമതായി മനോവ്യാപാരങ്ങളിലെ പിരിമുറുക്കത്തിനും ഉത്കണ്ഠയ്ക്കും നിദാനമായിട്ടുള്ള കാരണങ്ങൾ പ്രാഥമികതലത്തിൽ കണ്ടെത്തി പരിഹരിക്കുക. ഇതത്ര എളുപ്പമല്ല. മന:ശാസ്ത്രജ്ഞനേ ഇതു സാദ്ധ്യമാകൂ. ഇതിനെല്ലാമുപരി മനുഷ്യക്ഷേമം കാംക്ഷിക്കുന്നവരുടെയെല്ലാം ആത്മാർത്ഥമായ ശ്രമവും സഹകരണവും ഇതിനനുപേക്ഷണീയവുമാണ്.



Jijo Mathew

II Maths. No. 16

# यदि परीक्षा न होती तो

मेरा ख्याल है कि यदि परीक्षा न होती तो हमारे अध्यापकों को यह न पता चलता कि हमें पढ़ाई गई बातें याद हैं या नहीं। उन्हें तो यह पता न चलेगा कि हम पढ़ाई में रुचि रखते हैं या नहीं। यदि परीक्षा न होती तो लड़के एकदम बिगड़ जाते क्योंकि उनको तो बस गृहकार्य करना पड़ता। परीक्षा केलिए पढ़ना जो नहीं था और फिर पास या फेल होने का सवाल ही नहीं उठता; क्योंकि जब तक परीक्षा नहीं होती हमारे अध्यापकों को कैसा पता चलेगा कि हम पास होने के काबिल हैं या फेल होने के काबिल। परीक्षा में अध्यापकों को यह भी पता चल जाता है कि हम इमान्दार हैं या नहीं। अगर हम परीक्षा में नकल करें तो पता लग जाता है कि हम नकलची हैं और अगर हम नकल न करें तो पता लगता है कि हम इमानदार हैं। इसलिए परीक्षा बहुत जरुरी है।



# ധന്യമാകുന്ന കർമ്മപഥം

## ഇതാ! സന്നദ്ധ-സാമൂഹ്യ-സേവനരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഒരു കനകാവസരം

എങ്ങിനെയെന്നല്ലേ......

പദ്ധതികൾ

- [illegible] ഹൗസിംഗ് കോംപ്ലക്സുകൾ
- • [illegible] ഭവന നിർമ്മാണ വായ്പാ പദ്ധതി

- [illegible]

50 വീടുകളുള്ള ഹൗസിംഗ് കോംപ്ലക്സിൽ 18.86 [illegible] 15000 രൂപ [illegible] 12500 രൂപ വായ്പ നൽകുന്നു.

[illegible] 2500 രൂപ [illegible]

- • [illegible] 15000 രൂപ [illegible] 12500 രൂപ [illegible] 2500 രൂപ [illegible]



**ഒരു വീട് സ്പോൺസർ ചെയ്യുമ്പോൾ കിടപ്പാടമില്ലാത്ത പത്തുലക്ഷം കുടുംബങ്ങളിൽ ഒന്നിനെ സഹായിച്ചതായ ചാരിതാർത്ഥ്യം.**

# ദേവമതാ സ്കൂൾ ഓഫ് മെഡിക്കൽ ടെക്നോളജി
# കുറവിലങ്ങാട്, കോട്ടയം ജില്ല. (Regd. Under Govt.of Kerala)

## അപേക്ഷകൾ ക്ഷണിക്കുന്നു.

(പ്രവേശനം കന്യാസ്ത്രീകൾക്കും പെൺകുട്ടികൾക്കും മാത്രം)

ദേവമാതാ സോഷ്യൽ വെൽഫെയർ ആൻറ് എഡ്യുക്കേഷണൽ സൊസൈറ്റിയുടെ അഫിലിയേഷൻ ഉള്ള താഴെപ്പറയുന്ന വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് എസ്. എസ്. എൽ. സി. യും, ഉയർന്ന പരീക്ഷായോഗ്യതയും ഉള്ള പെൺകുട്ടികളിൽനിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഇപ്പോൾ എസ്. എസ്. എൽ. സി. പരീക്ഷ എഴുതിയിരിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്.

| Courses | Duration | No.of seats |
|---|---|---|
| a.Nursing Assistant | 6months/10 months/18months | 60 |
| b.Nursing & Midwifery | 2years | 25 |
| c.Medical Laboratory | 6months/1year | 40 |
| d.E.C.G. | 4months | 35 |
| e.Pharmacy | 6months/1year | 35 |



Ph: STD code 048223 445(Office)
048223 446(Res.)

പ്രോസ്പെക്ടസിനും അപേക്ഷാഫോറത്തിനും 15രൂപയുടെ പി. ഓ അഥവാ എം. ഓ. സഹിതം The Director of training, DevaMatha Social Welfare and Educational Society, P.B. No.8 Kuravilangad - 686633 എന്ന വിലാസത്തിൽ 15 ദിവസത്തിനകം അപേക്ഷിക്കേണ്ടതാണ്. ജൂൺ ജൂലൈ മാസങ്ങളിൽ തുടങ്ങുന്ന ബാച്ചിലേക്ക് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യുന്നതിന് 100രൂപ അടച്ചാൽ മതിയാവും.

ഫാദർ ഡയറക്ടർ

# THE KADUTHURUTHY CO-OPERATIVE RUBBER MARKETING & PROCESSING SOCIETY LTD. NO. 1397.

## A PIONEER CO-OP: BUSINESS CONCERN IN VAIKOM TALUK.

We Deal with P.L.C., E.B.C., Ammoniated latex.
We Supply all sorts of estate requirements.
We arrange disinfestation measures and rain guarding measures.
We supply high yielding seedlings and poly bag nursery seedlings.

P.M. Mathew,
(President)

R. Madhavan,
(Deputy Registrar/Managing Director)



# ഭാവിപ്രവചനം

ഈ വർഷം
പ്രവചിക്കുന്നത് :-
Maji M.J
Ist D.C. Malayalam



### ജൂൺ

നനുത്ത പ്രതീക്ഷകളുമായി കോളേജ് കവാടം കടന്ന് കാമ്പസിലേക്ക്-ക്ലാസ്സുമുറികളിലേക്കും-പിന്നെ പതുക്കെ മറ്റുള്ളവരിലേക്കും ശ്രദ്ധതിരിയാൻ സാധ്യതയുണ്ട്. തുടക്കം പതർച്ചയുള്ളതാകും. അതിനാൽ ശ്രദ്ധയെ തിരികെപ്പിടിക്കുക.

### ജൂലൈ

സന്തോഷ പ്രദമായ ഒട്ടനവധി അവസരങ്ങൾ പ്രതീക്ഷിക്കാം. അധികമായാൽ അമൃതവും വിഷം എന്നോർമ്മിക്കുക.

### ആഗസ്റ്റ്

കുട്ടികൾ പൊതുവെ ശാന്തരായിരിക്കുമെങ്കിലും ഒറ്റയും പെട്ടയും ആയി എടുത്തു ചാട്ടക്കാരെ കാണുന്നു. പഠനത്തിൽ ഉത്സാഹക്കുറവ്, ഉറക്കത്തിന് കൂടുതലായ ഉത്സാഹം എന്നിവ കാണിക്കും. ശാരീരികക്ഷതം, മാനസികോൻമേഷക്കുറവ് എന്നിവയ്ക്ക് സാദ്ധ്യത.

### സെപ്റ്റംബർ

ഒഴിവുകൾ കിട്ടുവാൻ സാദ്ധ്യത. ആഹ്ളാദവും ദു:ഖവും ഇടകലർന്ന ഒഴിവുകാലം. പാഠപുസ്തകത്തിൽ നിന്നുള്ള മോചനത്തിന്റെ ആഹ്ളാദവും വിരഹത്തിന്റെ തീവ്രദു:ഖവും ആയിരിക്കുമത്. ശരീരക്ഷീണം, ആകുലത ഇവ ഉണ്ടാകാൻ ഇടയുണ്ട്. അതിനാൽ ഭക്ഷണം കുറയ്ക്കാതിരിക്കുക.

### ഒക്ടോബർ

രാഷ്ട്രീയ കലാപത്തിന്റെ അരങ്ങേറ്റം മുന്നേറുവാൻ സാദ്ധ്യത. തെരഞ്ഞെടുപ്പിൽ ഏറ്റുമുട്ടലുകൾ പൂർണ്ണമായും ഒഴിവാക്കുവാൻ ശ്രമിക്കുക. അല്ലെങ്കിൽ പലരുടേയും ജീവിതം തകരുവാൻ വഴിതെളിഞ്ഞു കാണുന്നു. തെരഞ്ഞെടുക്കൽ പൂർണ്ണമായും സ്വന്തം അഭിപ്രായത്തോട് നീതി പുലർത്തുന്നതായിരിക്കണം. അങ്ങനെയെങ്കിൽ വിജയിക്കുവാൻ സാദ്ധ്യത.

### നവംബർ

പ്രകടനപത്രത്തിൽ തെറ്റുണ്ടോ എന്ന ജാള്യത പാടില്ല. തെറ്റുണ്ടെങ്കിൽ അത് പരിഹരിക്കാനായി പറഞ്ഞു തീർക്കുന്നതാണ് ഏറ്റവും നല്ല മാർഗ്ഗം. നിദ്രാവിഹീനമായ രാവും നിശബ്ദമായ പ്രതികരണവും കിട്ടിയാൽ ജയം പകുതി പ്രതീക്ഷിക്കാം. മനസ്സിന്റെ അടിത്തട്ടിൽ നിന്നും തീക്കട്ടയെ; ചാരം കളഞ്ഞ് പുറത്തുകൊണ്ടുവരുവാൻ സമയമായി. ഉടൻ ഉണർന്നു പ്രവർത്തിക്കുക.

### ഡിസംബർ

പ്രവർത്തനമെല്ലാം കോട്ടത്തിൽ തണുത്തുപോകാതിരിക്കുവാൻ മനസ്സിനെ ചൂടാക്കുക. വീണ്ടുമൊരു ഒഴിവുകാലം കൂടി പ്രതീക്ഷിക്കാവുന്നതാണ്. നിശബ്ദമായ പ്രതികരണം ചൂടുള്ള വാക്കുകളായി പുറപ്പെടാം. പുൽക്കൂട്, ഉണ്ണി, ആട്ടിൻപറ്റം ഇവയെല്ലാം പ്രതീക്ഷിക്കാം. നിതാന്തജാഗ്രതയെ പിടികൂടുക.

### ജനുവരി

കൂടിച്ചേരലിന്റെ ആഹ്ളാദപൂർണ്ണമായ പിറവി. എന്നാൽ അമിതമായി ആഹ്ളാദിക്കാതിരിക്കുക. ഒരു കുന്നിന് ഒരു കുഴി എന്നത്

പുസ്തകക്കെട്ടുകൾ തുറക്കുവാൻ സമയമായി വിജയം മറവനെന്നുള്ളവർ പുസ്തകമാത്രമെന്നും പ്രാപിക്കുക.

### ഫെബ്രുവരി

നിശ്ചയദാർഢ്യം കീഴ്മേൽ മറിയാം. ഉയരാൻ ആഗ്രഹിക്കുന്നവർ ഒരു മുഴം കയറിൽ ശ്രമിച്ചുനോക്കുക. വിഷാദരോഗം പിടിപെടുവാനും അനിഷ്ടസംഭവങ്ങൾ നടക്കുവാനും സാദ്ധ്യത തെളിഞ്ഞുകാണുന്നു. പിടികൊടുക്കാതെ ഒഴിഞ്ഞുമാറിയാൽ അവർക്ക് നല്ലത്.

### മാർച്ച്

ഓർമ്മക്കുറിപ്പെഴുതി പിരിയാൻ സമയമായി. ഗദ്ഗദകണ്ഠനായി യാത്രാമൊഴി- 'ഇനി ഹാൾടിക്കറ്റിന്' എന്നു ചൊല്ലുന്നു. ഇൻസ്റ്റാൾമെൻറ് വ്യവസ്ഥയെങ്കിൽ വിതുമ്പലോടെ ഭാവിയുടെ കയ്പിലേക്ക് ഭൂതത്തിലെ മധുരത്തെ വലിച്ചെറിയുവാൻ സാദ്ധ്യത. എറിയപ്പെടാതിരിക്കുവാൻ കരുതിയിരിക്കുക.

### ഏപ്രിൽ

അവസാനഘട്ടം പരീക്ഷിച്ചറിയാൻ സാദ്ധ്യത. വിജയത്തെ മുന്നിൽ കണ്ട് പഠിച്ചവർക്ക് ജയത്തിനു സാദ്ധ്യതയുണ്ട്, സ്വപ്നങ്ങളിൽക്കൂടിയെങ്കിലും. അല്ലാത്തവർ 'വിജയ'ത്തെ ആശ്ലേഷിക്കുക.

### മെയ്

അവരുടെ പതനമോ? വിജയമോ? തീർച്ചയില്ല. ആകാംക്ഷയോടെ കാത്തിരിപ്പ് നീളാൻ സാദ്ധ്യത. ഒരിക്കലും ഒരിടത്തും പേര് കാണാതെ വന്നാൽ തീർച്ചപ്പെടുത്തുക 'എല്ലാം വെള്ളത്തിൽ'. ഒഴുകിപ്പോവാതിരിക്കാൻ ശ്രദ്ധിക്കുക.

A good life one inspired by love and guided by knowledge.

Russel

WITH BEST COMPLIMENTS FROM

RubberMark

THE KERALA STATE
CO-OPERATIVE RUBBER
MARKETING FEDERATION LTD.,
Post Box No. 15, Gandhi Nagar,
Kochi-682 020.
Phone : MD (Per.) 367087, 354790,
369101, 369849, 354921.
Grams : "Rubber Mark", Ernakulam.
Telex : 6377-MARF IN.
Fax : (91-484) 365914.

# ആർട്ട്സ് ക്ലബ്ബ്

**ഈ** വർഷത്തെ ആർട്ട്സ് ക്ലബ്ബിന്റെ ഉദ്ഘാടനം പുതുവർഷദിനമായ 1993 ജനുവരി 1-ാം തീയതി സുപ്രസിദ്ധ ചലച്ചിത്ര നടനും ഈ വർഷത്തെ ഏറ്റവും നല്ല നടനുള്ള സംസ്ഥാന അവാർഡ് ജേതാവുമായ ശ്രീ. മുരളി നിർവ്വഹിക്കുകയുണ്ടായി. കോളജ് യൂണിയൻ ചെയർമാൻ റോബിൻ മാനുവലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സമ്മേളനത്തിൽ ആർട്ട്സ് ക്ലബ് സെക്രട്ടറി സ്വാഗതവും കൗൺസിലർ സിജി സെബാസ്റ്റ്യൻ കൃതജ്ഞതയും പറഞ്ഞു.

സമയപരിമിതിമൂലം ആർട്ട്സ് ക്ലബ്ബ് അതിന്റെ ഉദ്ഘാടനത്തിന് കാത്തു നില്ക്കാതെതന്നെ പല കാര്യങ്ങളും ചെയ്യുകയുണ്ടായി. കോളജ് യൂണിയൻ ഉദ്ഘാടനത്തോടനുബന്ധിച്ചു നടന്ന ചടങ്ങിൽവച്ച് ബഹു. പ്രിൻസിപ്പൽ ആർട്ട്സ്ക്ലബ്ബിന്റെ കീഴിൽ സംഘടിപ്പിച്ച കോളജ് ഗായകസംഘത്തെ "Voice of DevaMatha" എന്ന് നാമകരണം ചെയ്യുകയും അതിന്റെ ആദ്യപരിപാടി ഔപചാരികമായി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഈ വർഷം മുതൽ നമ്മുടെ കോളജിന് "Voice of Deva Matha" എന്ന പേരിൽ ഒരു സ്ഥിരം ഗായകസംഘം ഉണ്ടായിരിക്കുന്നതാണ്.

ആർട്ട്സ്ക്ലബ്ബിന്റെ കീഴിൽ കോളജിലെ ക്വിസ്ക്ലബ്ബിന്റെ സഹകരണത്തോടെ സിനിമ, സംഗീതം, നാട്യകല, ചിത്രകല മറ്റ് അനുഷ്ഠാനകലകൾ എന്നീ വിഷയങ്ങളെ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് 'Arts Quize' - '92 എന്ന പേരിൽ ഒരു ക്വിസ് മത്സരം നടത്തുകയുണ്ടായി. ഇതിൽ വിജയികളായവർക്കുള്ള സമ്മാനദാനം ആർട്ട്സ് ക്ലബ്ബ് ഉദ്ഘാടനച്ചടങ്ങിൽവച്ച് സുപ്രസിദ്ധ ചലച്ചിത്ര നടൻ ശ്രീ. മുരളി നിർവ്വഹിച്ചു.

ഈ വർഷത്തെ ആർട്ട്സ് ഫെസ്റ്റിവൽ 'കലാകേളി' - 93 എന്ന പേരിൽ ജനുവരി 14, 15, 16 തീയതികളിൽ നടത്തപ്പെട്ടു. മൂന്ന് ദിവസം നീണ്ടുനിന്ന കലാമത്സരങ്ങളിൽ മുന്നൂറോളം കലാപ്രതിഭകൾ പങ്കെടുത്തു. മത്സരങ്ങളിൽ വിജയികളായവർക്ക് യൂണിവേഴ്സിറ്റിയിൽ മത്സരിക്കുന്നതിനാവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ആർട്ട്സ്ക്ലബ്ബ് ചെയ്യുകയുണ്ടായി. മഹാത്മാഗാന്ധി സർവ്വകലാശാലാ യുവജനോത്സവത്തിന്റെ ഭാഗമായി പാലായിൽ വച്ച് നടന്ന നാടകമത്സരത്തിൽ നമ്മുടെ കോളജ് ടീം സമ്മാനാർഹരായി.


ഈ വർഷത്തെ ആർട്ട്സ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്ക് എന്നോടൊത്തു സഹകരിച്ച ബഹു. പ്രിൻസിപ്പൽ T.M. മാത്യുസാർ, ആർട്ട്സ്ക്ലബ്ബ് ഡയറക്ടർ ബാബു ജോസഫ് സാർ, മറ്റ് അദ്ധ്യാപകർ, വിദ്യാർത്ഥി സുഹൃത്തുക്കൾ, എന്നിവർക്ക് ആർട്ട്സ്ക്ലബ്ബിന്റെ പേരിലുള്ള നന്ദിയും കടപ്പാടും അറിയിച്ചുകൊണ്ട് ഈ വർഷത്തെ ആർട്ട്സ് ക്ലബ്ബിന്റെ റിപ്പോർട്ട് നിങ്ങൾക്കായി സമർപ്പിക്കുകയാണ്.

എന്ന്

സവിനയം

ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി

ഗോപി സി.കെ.



# Chemical Analysis of Boys and Girls

NEEMA VARKEY
I DC ENGLISH

## Boys

Symbol - BS

Atomic Number - 18

Atomic weight - 55 kg

Occurrence - Mostly in theatres, restaurants, College Canteens, and middle of the roads.

### Physical Properties

1) Amir Khan hair style, with baggy jeans and baggy shirts.
2) Many of them wear zero power glasses.
3) Carry only a note book and a refill for the sake of study.
4) Entertainment increases their boiling point but too much hard work decreases it.
5) In class they are mostly back benchers.
6) Some of them regard college as a place of fun + entertainment.

### Chemical Properties

1) Usually decolorize with the news of exams.
2) Show no reactions with scolding, but if given in excess, a brisk bubbling results.
3) React violently with film magazines and novels.
4) Do not show any solubility for teachers & lectures.
5) React feebly with course books.
6) Highly soluble in latest fashion.
7) Have great affinity for girls.

### Uses

1) For organising socials.
2) For producing agitation when demands are not fulfilled.

## Girls

Symbol - GS.

Atomic No. - 18.

Atomic weight - 45kg.

Occurrence - Mostly in cloth shops, Confectionary, Company of ladies, theatres and Beauty Parlours.

### Physical Properties.

1) Start boiling for petty things.
2) Turn red and evolve tear gas when fired + bleached.
3) Highly explosive
4) Bitter when not properly treated
5) Good memory.

### Chemical Properties

1) Possess great attraction for gold and silver jewellery.
2) Have affinity for people who can gossip with them.
3) Highly concentrated in affairs concerning other people.
4) Book worms of first class.
5) Mostly money minded.

### Uses

1) For maintaining up to date fashions.
2) For preparing ancient dishes and doing other house hold works.



Shalu Thomas
II P.D.C. IVth Group

# भारत की बहुदलीय राजनीति

भारत में राजनीतिक दल की बहुलता लोकतन्त्र के विकास तथा संसदीय शासन के सुचार संचालन में एक बड़ी बाधा सिद्ध हो रही है। इतने अधिक राजनीतिक दल कैसे हो गये और उनकी संख्या उत्तरोत्तर बढ़ती क्यों जा रही है, यह विचारणीय और चिन्तनीय है। इस बात को भली-भाँति समझने की आवश्यकता है कि देश की यह बहुदलीय राजनीति किस तरह लोकतंत्र के लिए अभिशाप सिद्ध हो रही है, इसके कारण राजनीति में क्यों दोष आ गये है, और देश के भविष्य के लिए क्या खतरे पैदा हो रहे है? स्वतंत्र देश के नागरिकों की हैसियत से सभी सुधी एवं समझदार भारतीयों को इन सब प्रश्नों पर गम्भीरता के साथ मनन-चिन्तन करना चाहिए और समस्या का संतोषजनक समाधान खोजना चाहिए ताकि हमारे देखते-देखते देश के सामने जो संकट उत्पन्न हो रहा है उसका निवारण हो सके।

लोकतंत्रात्मक और संसदीय शासन के सुचारु संचालन के लिए यह बहुत आवश्यक हैं कि अपने देश में भी दलों की संख्या घटा कर दो या तीन कर दी जाय। ऐसा होने पर ही सुदृढ और स्थायी शासन केन्द्र तथा राज्यों में स्थापित हो सकता है। सरकार या मन्त्रिमण्डल का बार-बार पतन अथवा परिवर्तन वांछनीय नहीं कहा जा सकता, कारण कि उससे उन्नति-प्रगति में बाधा उत्पन्न होती है। जनता के हित-कल्याण की कोई योजना या कार्यक्रम अबाध रूप से कार्यान्वित नहीं हो पता। शासन चलाने कैलिए अनेक दल आपस में मिलकर चाहे कोई संयुक्त मोर्चा स्थापित करे अथवा संयुक्त विधायक दलका निर्माण करें, हमारा कटु अनुभव बतलाता है कि मोर्चा या दल की मिली-जुली सरकार कभी टिकाउ नहीं साबिद होती। छोटी-मोटी बात को लेकर विभिन्न घटकों में मत भेद और तनाव पैदा हो जाता है और मंत्रिमण्डल थोड़े दिनों में भंग हो जाता है। भारत के बाहर ब्रिटन और अमेरिका के अतिरिक्त भी कई देश ऐसे हैं जहाँ या तो राजनीतिक दलों की संख्या अधिक नहीं है। अथवा जहाँ अनेक दलों के होते हुए भी वे बुनियादी बातों पर सहमत होकर काम करने कैलिए तैयार रहते हैं, शासन टिकाऊ रहता है।

सहयोग और सामंजस्य की भावना लोकतंत्र का मूलाधार है। इस भावना का अभाव अनेकदलों के उदय का एक बडा कारण है। प्रभुता-प्रतिद्वन्द्विता और सत्ता में आने का लोभ भी देश में बहुदलीय राजनीति के लिए उत्तरदाई है। दुर्भाग्य से प्रत्येक राजनीतिक दल के अन्दर फूट और गुटबन्दी पैदा हो जाती है और परिणामस्वरूप असंतुष्ट गुट के लोग अपना अलग दल बनाने के लिए तैयार हो जाते हैं। यही कारण है कि दलों की संख्या बढ़ती गई और अब भी बढ़ती जा रही है।

विलय की सच्ची भावना का अभाव भी अनावश्यक रूप से पृथक-पृथक अनेक राजनीतिक दलों के अस्तित्व के लिए उत्तरदायी है। यदि समान सिद्धान्त और समान विचारधारा वाले दल आपस में विलय के लिए तैयार हो जाते तो दलों की संख्या आज जितनी है उतनी नहीं रह जाती।

किसी एक विषय या प्रश्न पर भिन्न-भिन्न दृष्टिकोणों का होना स्वाभाविक है, इसमें कोई दोष नहीं है। किन्तु देश के हित में यह आवश्यक हो जाता है कि उनमें सामंजस्य स्थापित करने का प्रयत्न किया जाय। कुछ मत भेदों के रहते हुए भी एक बड़े दल में रहकर काम किया जा सकता है। छोटी-मोटी बातों कों लेकर बिलगाव की भावना से प्रभावित होना एकता के हित में नहीं है। किन्तु दुर्भाग्य से भारतीय राजनीति में यह भावना अधिक पायी जाती है। तभी तो बहुधा किसी दल के लोगों में मतभेदउत्पन्न होने पर पहले असन्तुष्ट गुट ब-

# Botany Association





SAJI MON
Asso: secretary

The functioning of Botany Association of the year '92-93 was inagugrated by Dr.Mani Varghese (u.c.college Aluva) on 30th November 1992. After the inagration there was a talk on "Is fungi a plant".

Different programmer wels planned to be conducted by the asociation. Of these "The nomenclature of campus plants" was a new item. On 13th january there was a talk on dental care b y Dr.Biju Valiyakulangara.

February 25th was a unmarkable day for this association. The programe "Nomenclature of campus plants" was in-agurated by principal prof. T.M.Devasia on that day. My hearty thanks to the teachers of the department who helped us in this programe.

Our association got 2nd prize in the "athapoovidal" competition had by the N.S.S Unit. We reveived the prize from Miss Molly Abraham (President district council EKM) on womens day.

On 6th of March '93 there was a sent off meeting to Sr.Appolonia who is retiring from college [illegible]years service to the department and college. Prof. C.O.Varkey and James philip made tals on the occasion.

My sincere thanks to the principal, department, who gave guidance and adivce, and also to my friends who were with me and in front of me for the different activities.

---

नता है और फिर यह गुट दल से पृथक होकर अलग दल बना लेता है। मतभेद या असंतोष किसी सैद्धान्तिक नीति या विचार को लेकर ही नहीं उत्पन्न होता। मन्त्रिपद या दूसरा कोई लाभ का पद न मिलने पर भी अप्रसन्नता पैदा हो जाती है और अपना अनुयायियों सहित लोग अपना असंतुष्ट या विद्रोही गुट बना लेते हैं।

दलों की संख्या बढने का एक बडा कारण यही रहा है। इस तरह हम देखते हैं कि राजनीतिक दलों की बहुलता के कारण देश की बडी हानि हो रही है। दलों की अधिक संख्या के कारण उनमें आपसी संघर्ष अधिक होता है। कलह और झगडे, मतभेद और अनैक्य इस सीमा तक बढ गए है कि देश के हित में सहयोगपूर्वक काम है। विधायत और संसद-सदस्य दृढतापूर्वक सिद्धान्त और आदर्शों पर आरूढ न रहकर अवसरवादी बन रहे है। मन्त्रिपद या दूसरे लाभ के लोभ में उन्हे अपना दल छोडकर दूसरे दल में शामिल होने में कोई संकोच नहीं होता।

इस प्रकार देश की राजनीति कलंकित हो रही है। दलों की गुटबन्दी, फूट और संघर्ष के कारण उन्नति-प्रगति के मार्ग मे भारी बाधा उत्पन्न हो रही है। लोकतन्त्र केलिए यह सब बडा घातक है। राजनीतिक दलों की संख्या किस तरह कम की जाय, इसका उपाय देश के नेताओं और नाजनीतिज्ञों को सोचना चाहिए। भारत की यह बहुदलीय राजनीति रोकी नहीं गई तो देश का बडा अहित होगा और राजनीति बडी कलुषित बन जायेगी।

# ZOOLOGY ASSOCIATION

REPORT

The Zoology association was inaugurated by Prof. K.P.JOY, Department of Zoology, Basellius College, Kottayam on 26the Nov. '92. Prof. V.J.MATHEW presided over the function. Prof. T.M.Devasia, our Principal gave a cash award to Mr. Binu M.P. who won the highest mark in B.Sc. Zoology Exam . 1991-'92. Mr. Robin Manuel, Chairman of the college Union addressed the students on the occasion.

In his inaugral speech Prof. P.K.Joy advised the students to protect environment. Variety entertainments coloured the function.

The second meeting was inagurated by Dr.C.P. Vijayan, Gynaecologist Medical College, Kottayam on 31st December 1992. He made a rich talk on Gynaec problems and AIDS.

Our Association conducted various activities at Christmas and New Year.

24th Zoology day was inaugurated by Dr.Anuradha Krishnan, Assistant Prof. R.A.R.S, Kumarakom, on 22nd Feb. 1993. She gave us a clear idea about Aqua culture and Common fish diseases. Variety of entertainment blossomed the function.

I have got full hearted Co-operation and advice from my teachers and friends. Otherwise all my efforts to fulfil my duties would have been naught. I am most thankful to them.

Jayakumar P.I
Secretary





Sebin Emmanuel
Secretary

# PHYSICS ASSOCIATION

The activities of the association were formally inaugurated by prof.Cherian Thomas M.sc.Mphil.(St. Stephen's college Uzhavoor) on the New Year Day 1993. The function was presided over by our beloved head of the department prof.P.J.John. Cultural programmes of the students made the



function colourful. Porf.Cherian delivered a talk on Optic fibre. Under the auspices of the association we conducted a six-day study tour to Madras,Kod aikanal,Trichi and Ootty.

I thank the principal, our beloved masters and all the benefactors for their guidance and co-operation.

Estd:1979

## HIFI TIMES & ALFA ELECTRONICS

DEALERS OF TV, VCR, EMERGENCY LIGHTS, WATCH, CLOCKS.

&

EXPERT HANDS IN THE SERVICE OF TV, VCR, QUARTZ WATCHES, CLOCKS & ALL OTHER ELECTRONIC EQUIPMENTS.

*Acees*

## REXIN HOUSE

432-A N.S.S. BULDINGS

M.C.ROAD

KOOTHATTUKULAM - 68662

PHONE: SHOPE, 2862

DEALERS IN

ALL KINDS OF Rexin Plastic Sheetings Upholstery Materials Water Proof Canvas Tarpaulins Rubber Sheets Polyurethene Sheets Latex Foam Sheets Etc.

## മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് & പ്രോസസിംഗ് സഹകരണ സംഘം (ക്ലിപ്തം.)

No. K.118. പാലാ. 686575.

ഫോൺ: 2373

2442

നിങ്ങളുടെ മിച്ച സമ്പാദ്യം സംഘംവക ഡിപ്പോസിറ്റ് കൗണ്ടറിൽ നിക്ഷേപിക്കുക.

ആകർഷകമായ പലിശ നിരക്കുകൾ

| | |
|---|---|
| സേവിംഗ്സ് ബാങ്ക് | -7% |
| സ്ഥിരനിക്ഷേപങ്ങൾ | |
| 46 ദിവസം മുതൽ 6 മാസം വരെ | -13% |
| 6 മാസം മുതൽ 12 മാസം വരെ | -14% |
| 12 മാസത്തിനുമേൽ 36 മാസം വരെ | -14 1/4% |
| 36 മാസത്തിനുമേൽ | -14 1/2% |

മാനേജിംഗ് ഡയറക്ടർ

# ഓററ്ററി ക്ലബ്ബ്

ബോബി പോൾ II D.C
സെക്രട്ടറി

വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായി ചിന്തിക്കുവാനും ആത്മവിശ്വാസത്തോടെ ആശയങ്ങൾ അവതരിപ്പിയ്ക്കുവാനുമുള്ള പരിശീലനം നൽകുകയാണ് ഓററ്ററി ക്ലബ്ബിന്റെ ലക്ഷ്യം. ഇതിനായി ബുധനാഴ്ചതോറും ക്ലബ്ബംഗങ്ങൾ ഡയറക്ടറുടെ മേൽനോട്ടത്തിൽ സമ്മേളിക്കുകയും വിവിധ വിഷയങ്ങളെപ്പറ്റി പ്രസംഗങ്ങൾ, ചർച്ചകൾ, ഡിബേറ്റുകൾ തുടങ്ങിയവ നടത്തുകയും ചെയ്യുന്നു.

<u>ഉദ്ഘാടനവും സെമിനാറും.</u> ക്ലബ്ബിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 1992 ഓഗസ്റ്റ് 4-ന് ബഹു. പ്രിൻസിപ്പൽ Prof. T.Mദേവസ്യായുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് പത്രപ്രവർത്തകനും സാഹിത്യകാരനുമായ ശ്രീ. തേക്കിൻ കാടു ജോസഫ് നിർവ്വഹിച്ചു. തുടർന്ന 'പത്രപ്രവർത്തനത്തിലെ പുതിയ സങ്കേതങ്ങൾ' എന്ന വിഷയത്തിൻമേൽ നടന്ന സെമിനാറിൽ ശ്രീ. തേക്കിൻ കാടു ജോസഫ് മുഖ്യ പ്രഭാഷണം നടത്തി.

### Orators' work shop; സ്വാതന്ത്ര്യപഞ്ചകം, ഡിബേറ്റ് etc.

റവ. ഫാ. മാത്യു ചന്ദ്രൻ കുന്നേൽ നേതൃത്വം നൽകിയ ഒരു പ്രസംഗ പരിശീലന ശില്പശാല '92 ഓഗസ്റ്റ് 29-ന് നടത്തപ്പെട്ടു. വൈസ് പ്രിൻസിപ്പൽ ഫാ. ജോസപ് പുതുമന ശില്പശാല ഉദ്ഘാടനം ചെയ്തു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് നടത്തപ്പെട്ട 'സ്വാതന്ത്ര്യ പഞ്ചകം' പ്രഭാഷണ പരമ്പരയിൽ Prof. M.V.പീറ്റർ (സ്വാതന്ത്ര്യാനന്തര ഭാരത സംസ്ക്കാരം ഒരു ഗാന്ധിയൻ വിചിന്തനം) Prof.അബ്രഹാം കാലായിൽ ("ജനാധിപത്യ പരീക്ഷണത്തിന്റെ 45 സംവത്സരങ്ങൾ)", ശ്രീ. ബാബു ജോസഫ് (സാഹിത്യ പരിണാമം- 47നു ശേഷം), ശ്രീ.T.T.മൈക്കിൾ (സാമ്പത്തികമേഖലയിലെ പരിവർത്തനങ്ങൾ) ശ്രീ. പ്രസാദ് പോൾ (ശാസ്ത്രസാങ്കേതിക മേഖല - പുരോഗതി പ്രശ്നങ്ങൾ) എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

"പ്രിൻസിപ്പലിന്റെ അനുവാദം കൂടാതെ കാമ്പസിൽ പോലീസ് പ്രവേശിയ്ക്കുന്നതു ശരിയോ?", "പ്രാദേശിക രാഷ്ട്രീയ കക്ഷികൾ ദേശീയ ഐക്യത്തിന് ഒരു വെല്ലുവിളിയോ? " എന്നീ വിഷയങ്ങളിൻമേൽ നടത്തപ്പെട്ട ഡിബേറ്റുകളും ശ്രദ്ധേയമായിരുന്നു. Prof. N.C. കുര്യാക്കോസ്, Prof. V.U എബ്രഹാം, പ്രൊഫ. ഐബ്രഹാം കാലായിൽ, പ്രൊഫ. കെ.എം. ചാക്കോ എന്നിവർ ഡിബേറ്റുകൾക്കു നേതൃത്വം നൽകി. '92 ഓഗസ്റ്റ് 6-ന് കോളജ് യൂണിയനുമായി സഹകരിച്ച് നടത്തിയ സ്നേഹസംഗമം" എന്ന ഒരു മതമൈത്രി പരിപാടിയിൽ ശ്രീ. M.S.മൈക്കിൾ, പ്രൊഫ. കെ. എം. ചാക്കോ എന്നിവർ പ്രസംഗിച്ചു. പ്രിൻസിപ്പൽ മതസൗഹാർദ്ദ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

<u>ഉപരാഷ്ട്രപതിയ്ക്ക് അനുമോദനം</u> ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ട ഈ നാട്ടുകാരനായ ശ്രീ. കെ. ആർ. നാരായണന് ആശംസകൾ അർപ്പിക്കാനായി ക്ലബ്ബ് നടത്തിയ പ്രത്യേക യോഗത്തിൽ പ്രിൻസിപ്പൽ പ്രൊഫ. റ്റി.എം. ദേവസ്യാ, Prof. K.Mചാക്കോ, Prof. N.C കുര്യാക്കോസ്,. Prof. V.Uഅബ്രഹാം എന്നിവരും വിദ്യാർത്ഥി പ്രതിനിധികളും പ്രസംഗിച്ചു. യോഗം പാസാക്കിയ അനുമോദന പ്രമേയം കമ്പി സന്ദേശമായി ഉപരാഷ്ട്രപതിയ്ക്ക് അയച്ചുകൊടുത്തു. അനുമോദനത്തിന് ഉപരാഷ്ട്രപതി നന്ദി അറിയിക്കുകയുണ്ടായി.

### ബാബു ചാഴിക്കാടൻ സ്മാരക ഡിബേറ്റ്

ദേവമാതാ ട്രോഫിയ്ക്കായുള്ള രണ്ടാമത് ബാബു ചാഴിക്കാടൻ സ്മാരക ഇൻറർ കൊളീജിയേറ്റ് ഡിബേറ്റ് മത്സരം 92 ഡിസംബർ 3ന് നടത്തപ്പെട്ടു. "ദേശീയത മാനവപുരോഗതിയ്ക്ക് അനുഗുണമല്ല" എന്നതായിരുന്നു പ്രമേയം. പാലാ അൽഫോൻസാ കോളജ് ടീം ട്രോഫികരസ്ഥമാക്കി. `അനിൽ ഷിബു (ബസേലിയോസ് കോളജ്), കവിതാമോൾ കുരുവിള (അസംഷൻ കോളജ് ചങ്ങനാശ്ശേറി), മിനി പി. തോമസ് (മാർ ഇവാനിയോസ്, തിരുവനന്തപുരം) എന്നിവർ വ്യക്തിഗതസമ്മാനങ്ങൾ നേടി. ബ. പ്രിൻസിപ്പലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ വച്ച് ശ്രീ. തോമസ് ചാഴികാടൻ M.L.Aസമ്മാനങ്ങൾ വിതരണം ചെയ്തു.

റൊട്ടറി ക്ലബ്ബ് അംഗങ്ങൾ



ഡിബേറ്റിംഗ് ടീം ട്രോഫികളുമൊത്ത് ഷിജോ ലൂക്കോസ്, ബോബി പോൾ

മഹാത്മ യൂണി വൈസ്ചാൻസലർ ഡോ. ജെ.വി വിളനിലത്തിൽ നിന്നും ശ്രീ കെ.സി 'സെബാസ്റ്റ്യൻ സ്മാരക അവാർഡ് ബോബി പോൾ ഏറ്റുവാങ്ങുന്നു





# റോട്ടറി ക്ലബ്ബ്

മദ്യ നിരോധന സമിതി പ്രസംഗ മത്സര സമ്മാനം ഡോ. സുകുമാർ അഴീക്കോടിൽ നിന്നും ചാവറ പ്രസംഗ മത്സരസമ്മാനം ജസ്റ്റീസ് ഷംസുദ്ദീനിൽ നിന്നും ബോബി പോൾ സ്വീകരിക്കുന്നു.







Joseph John
IInd P.D.C

# ഒരു ദുഃസ്വപ്നം



ഘോരയാമത്തിൽ കണ്ടകിനാവിൻ പൊരുളെന്റെ
കരളിൽ കദനത്തിൻ കവിത കുറിയ്ക്കുന്നു.
വരുന്ന കാലത്തിൽ വസുന്ധരാ നിൻഹരിത-
വപുസ്സിൽ പതിഞ്ഞിടാം വൈകൃതജാലങ്ങൾ,
പക്ഷിമൃഗാദികൾ തന്നാരവമില്ലാതായി,
സ്ഫോടനധ്വാനം മാത്രം കേൾക്കായിതെങ്ങുമെങ്ങും
അന്യോന്യം പോരടിച്ചു 'പതിമാ'യ്ത്തീർന്നു മർത്യൻ
കടിച്ചുമരിച്ചീടുമെറുമ്പിനേക്കാൾ കഷ്ടം!
ഉയരുന്നഗ്നിനാളം! പുകയാൽ നിറഞ്ഞൂഴി;
പുഴുവാം നരൻ മാത്രം പൂഴിയ്ക്കായ് പൊരുതുന്നു.
കുടിനീരില്ല; മർത്യൻ വലിച്ചുകുടിയ്ക്കുന്നു
സ്വന്തമാം സിരയിലെ ചൂടുള്ള ചോരപോലും...!
അന്ധരും ബധിരരും അംഗവിഹീനൻമാരും
കാലന്റെ കനിവിനായ് കാത്തുകിടക്കുന്നെങ്ങും!
അസ്ഥിക്കൂനകൾ മാത്രം കാണായിഭൂവിലെങ്ങും!
അസ്ഥിശേഷരായിട്ടും അസ്തമിക്കാത്തോർ ചിലർ!
പറന്നു തമസ്സെങ്ങും; ജഗത്തിൻ ജഡം കണ്ടു
ഭാനു ദേവൻ തന്നാസ്യം പിന്തിരിച്ചീടുന്നുവോ?
പിന്നെയും ശേഷിച്ചൊരു ശൂലവും കൂടി; ഭൂവിൻ
മേനിയിലാഞ്ഞുകുത്താൻ ശേഷിച്ചതീ ഞാൻ മാത്രം...!



## മത്സര വിജയങ്ങൾ

റോട്ടറിക്ലബ്ബ് ഡിബേറ്റിംഗ് ടീം ഈ വർഷവും നിരവധി സംസ്ഥാനതല മത്സരങ്ങളിൽ വിജയം നേടുകയുണ്ടായി. സെൻറ് തോമസ് കോളജ് ഡിബേററ് പാലാ, യുവദീപ്തി ഡിബേററ് ചങ്ങനാശ്ശേരി, മലയാള മനോരമ ഡിബേറ്റ് പാലാ, ഡോ. വള്ളമറ്റം ഡിബേററ് മൂവാറ്റുപുഴ, അനൂപ്. ജോ രാജീവ് മെമ്മോറിയൽ ഡിബേറ്റ്, ലോകോളജ്, എറണാകുളം എന്നിവയിൽ ബോബിപോൾ II D.C ജിജോ ലൂക്കോസ് II P.D.C എന്നിവർ ടീം ട്രോഫി കരസ്ഥമാക്കി. ഇവയിൽ ആദ്യത്തെ നാലു മത്സരങ്ങളിൽ ബോബിപോളും അവസാനത്തേതിൽ ജിജോ ലൂക്കോസും ബെസ്റ്റ്ഡിബേറ്ററായി തെരഞ്ഞെടുക്കപ്പെട്ടു. ചാവറ ഇൻറർ യൂണിവേഴ്സിററി പ്രസംഗമത്സരം, കൊച്ചി, P.C. അലക്സാണ്ടർ പ്രസംഗമത്സരം മാവേലിക്കര; നെഹ്റു ട്രോഫി ബോട്ടുറേയ്സ് പ്രസംഗമത്സരം ആലപ്പുഴ; സിസ്റ്റർ സാവിയോ പ്രസംഗമത്സരം കോട്ടയം, വന്യജീവി വാരാഘോഷ സംസ്ഥാന തലപ്രസംഗ മത്സരം, തിരുവനന്തപുരം, Uni-Y പ്രസംഗ മത്സരം കോട്ടയം; K.C. സെബാസ്റ്റ്യൻ സ്മാരക പ്രസംഗമത്സരം പാല, എന്നിവയിൽ ബോബിപോളും Y.M.C.A പ്രസംഗമത്സരം കോട്ടയം; സഹകരണ വാരാഘോഷ പ്രസംഗമത്സരം പാലാ, K.C സെബാസ്റ്റ്യൻ സ്മാരക പ്രസംഗമത്സരം പാലാ എന്നിവയിൽ ജിജോ ലൂക്കോസും സമ്മാനങ്ങൾ നേടുകയുണ്ടായി. ജീവൻ ചാണ്ടി IID.C, ജയശങ്കർ പി. നായർ II D.C എന്നിവരും മത്സരങ്ങളിൽ സമ്മാനങ്ങൾ നേടി.

ക്ലബ്ബിൻെറ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വവും പ്രോത്സാഹനവും നൽകുന്ന പ്രിൻസിപ്പൽ പ്രൊഫ. റ്റി.എം. ദേവസ്യാ, ഡയറക്ടർ പ്രൊഫ. കെ.എം. ചാക്കോ, എന്നിവർക്കും സഹകരണങ്ങൾ നൽകുന്ന ബഹു. അദ്ധ്യാപകർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

# ക്വിസ് ക്ലബ്ബ്

ക്വിസ്‌ക്ലബ്ബിന്റെ 1992-93 അദ്ധ്യയന വർഷത്തെ കർമ്മ പരിപാടികൾ ആഗസ്റ്റ് മാസം 8-ാം തീയതി ദേവമാതാ കോളേജ് മുൻപ്രിൻസിപ്പാൾ Prof. ജോർജ് ജോൺ നിധീരി ഉദ്ഘാടനം ചെയ്തു.



പൊതുവിജ്ഞാനം, സാഹിത്യം, സ്പോർട്ട്സ്, സയൻസ്, മാനവിക വിഷയങ്ങൾ, ആനുകാലിക പ്രസക്തിയുള്ള മററു വിഷയങ്ങൾ തുടങ്ങിയ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധ പ്രശ്നോത്തരികൾ ക്ലബ്ബിന്റെ പതിവ് സമ്മേളനങ്ങളിൽ നടത്തുകയുണ്ടായി. ക്വിറ്റ് ഇന്ത്യാ മൂവ്മെന്റിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് 'ON THE ROAD OF FREEDOM' എന്ന ഒരു പ്രത്യേക പരിപാടി ക്ലബ്ബ് ആഗസ്റ്റ് മാസം 13-ാം തീയതി സംഘടിപ്പിച്ചു.

'92-ൽ നടന്ന കായികമാമാങ്കമായ ബാഴ്സിലോണ ഒളിംപിക്സിനെ ആസ്പദമാക്കി ഒരു ക്വിസ് മത്സരം കോളേജിലെ കുട്ടികൾക്കായി ക്ലബ്ബ് സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത മത്സരത്തിൽ 1st DC Physics team ഒന്നാം സ്ഥാനവും II PDC Ist group team രണ്ടാം സ്ഥാനവും IInd year Commerce team മൂന്നാം സ്ഥാനവും കരസ്ഥമാക്കി. " ബാഴ്സിലോണ ഒളിംപിക്സിലെ ഇന്ത്യയുടെയും മറ്റ് ലോകരാഷ്ട്രങ്ങളുടെയും

# Story of Four People

This is a story about four people named 'Everybody', 'Somebody', 'Anybody' and 'Nobody'. There was an important job to be done and Everybody was sure that Somebody would do it, but Nobody did it. Somebody got angry about it, because it was Everybody's job. Everybody thought Anybody could do it, but Nobody realized that Everybody would not do it. It ended up that Everybody blamed Somebody when Nobody did what Anybody could have done.

*Collected by*

**Binu J. Pillai**
IInd D.C.
Mathematics

പ്രകടനം" എപ്രമേയത്തെ ആസ്പദമാക്കി 2-9-92-ൽ സംഘടിപ്പിച്ച സെമിനാറിൽ, ബാഴ്സിലോണ ഒളിംപിക്സിൽ പങ്കെടുത്ത ഇന്ത്യൻ ഷൂട്ടിംഗ് ടീമിന്റെ കോച്ച് പ്രൊഫ: സണ്ണി തോമസ് മുഖ്യ പ്രഭാഷണം നടത്തി.

ക്വിസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 1992 ഡിസംബർ 1-ാം തീയതി സംഘടിപ്പിച്ച ക്വിസ് മത്സരത്തിൽ 18 കോളേജുകളിൽ നിന്നുള്ള ടീമുകൾ പങ്കെടുത്തു. ഒന്നാം സമ്മാനമായ 500 രൂപ ക്യാഷ് അവാർഡ് കാലടി ശ്രീ ശങ്കരാ കോളേജും രണ്ടാം സമ്മാനമായ 300 രൂപ ക്യാഷ് അവാർഡ് മാർ അത്തനേഷ്യസ് കോളേജ് ഓഫ് എഞ്ചിനീയറിങ് (കോതമംഗലം)-ഉം കരസ്ഥമാക്കി. കോളേജ് യൂണിയന്റെയും ക്വിസ് ക്ലബ്ബിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ആർട്ട്സ് ക്വിസ്'92'-ൽ Ist year Bsc. Physics team ഒന്നാം സ്ഥാനവും IInd year Bsc. Maths team രണ്ടാം സ്ഥാനവും കരസ്ഥമാക്കി. 1993 ഫെബ്രുവരി 4-ാം തീയതി നാല് വ്യത്യസ്ത വിഷയങ്ങളെ ആസ്പദമാക്കി സംഘടിപ്പിച്ച group discussion ഈ വർഷത്തെ ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ ഏറെ പുതുമ അവകാശപ്പെടാവുന്ന ഒന്നാണ്.

കോളേജ് ക്വിസ് ടീമിന് ഇക്കൊല്ലവും വിവിധ ഇന്റർകോളീജിയേറ്റ് മത്സരങ്ങളിൽ വിജയം നേടാൻ സാധിച്ചു. ഒളിംപിക്സ് ക്വിസ്-92 (മാതൃഭൂമി സ്റ്റഡി സർക്കിൾ) U.V. ജോൺ മെമ്മോറിയൽ ക്വിസ് മത്സരം (ഗവൺമെന്റ് കോളേജ്, നാട്ടകം) എന്നിവയിൽ ജോർജ് ജോൺ, നന്ദകുമാർ എന്നിവരടങ്ങുന്ന ടീം സമ്മാനാർഹരായി. P.O. ജോൺ മെമ്മോറിയൽ ക്വിസ് മത്സരം (മാർത്തോമാ കോളേജ് തിരുവല്ല), മലയാള മനോരമ ബാലജനസഖ്യം ക്വിസ് (മല്ലപ്പള്ളി) എന്നിവയിൽ ജോർജ്ജ് ജോൺ, നന്ദകുമാർ, ബിനോയ് ടീമും കേരളത്തെ അറിയുക പ്രശ്നോത്തരി (മാതൃഭൂമി സ്റ്റഡി സർക്കിൾ), CSM റീജിയണൽ ക്വിസ് മത്സരം എന്നിവയിൽ ജിജോ സിറിയക്, ജോർജ്ജ് ജോൺ ടീമും ഒന്നാം സ്ഥാനം കരസ്ഥമാക്കി. ജോർജ്ജ് ജോൺ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി പാർലമെന്ററി ക്വിസ് ടീമിലേയ്ക്കു തെരഞ്ഞെടുക്കപ്പെട്ടു. ക്വിസ് ക്ലബ് സംഘടിപ്പിച്ച മത്സരങ്ങളിൽ സമ്മാനർഹരായ S.മഹാദേവ അയ്യർ, നിബു തോമസ്, ബിനോയ് മാർട്ടിൻ പോൾ എന്നിവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

ക്ലബ്ബിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകിയ ബഹു. ക്ലബ്ബ് ഡയറക്ടർ ശ്രീ T.K. തോമസ് സാറിനോടും, എല്ലാവിധ സഹായസഹകരണങ്ങളും നൽകിയ ബഹു. പ്രിൻസിപ്പാൾ Prof. T.M. ദേവസ്യാ സാറിനോടും വൈസ്പ്രിൻസിപ്പാൾ ഫാ. ജോസഫ് പുതുമനയോടും അദ്ധ്യാപകരായ Prof. K.M. ചാക്കോ, Prof. മാത്യു ഇലഞ്ഞി, Prof. പ്രസാദ് പോൾ എന്നിവരോടും ക്വിസ് ക്ലബ്ബിനുള്ള നന്ദി രേഖപ്പെടുത്തുന്നു.

*സെക്രട്ടറി*
***ജോർജ്ജ് ജോൺ***
*II D.C*

# A radiating focus of Good will.

**Anmol George**
I D.C ENGLISH

Till recently, good character was considered to be one of the most valuable assets that a person could possess. Unfortunately the word 'Character' seems to be slowly disappearing from the dictionary of the human race. 'Character' can be defined as a set of abilities and qualities that makes a person what he is. It is the very essence of man's nature. The predominance of 'good' or 'bad' determines the category into which the person falls. It is the good character in a man that makes him different from animals and the loss of this quality leaves no difference between the two.

Persons who possess strength of character have an unlimited spring of human kindess and the spirit of perseverance. In the present day where the norms and standards of society are constantly changing, it is very rare to find a person possessing the qualities of head and heart that go to make up a good character. When the world discovers one such, the result is wide acclaim. A glowing example is of Mother Theresa, of whom it is said, "She has married each and every person's sorrow" regardless of his caste or creed and is living her life to the full, helping her unfortunate brothers and sisters all over the world to live and die in dignity.

The life of almost every human being on this earth has become artificial, restless, pointless and self centred. We have become so busy enjoying and craving for materialistic pleasure that we cannot find time to think of our fellowmen. Violence, terrorism kidnapping, rape, robbery etc. have increaced without limit. The emphasis on Ethics and etiquette in our society is diminishing fast. The old saying often goes unheedeed:

*"Wealth lost - nothing lost*
*Health lost - something lost*
*Character lost - everything lost."*

Of course, wealth and health are important for the smooth running of our lives. But a glowing character is much more important, and if it is lost life becomes worthless. It is correctly said, "Once a gentleman, always a gentleman".

While judging a person's character, so much importance is given to the way he or she is dressed. Good clothes make us beautiful and attractive. But only the beauty and purity of our character can find a lasting place in the hearts of our fellow beings. be affectionate to the young, compassionate to the aged, sympathetic to the suffering and tolerant to the weak.

If we want to make this earth a paradise, we must try to develop our good instincts and suppress the bad. The solution of the problems of terrorism and violence cannot be found through talks and discussions, meetings, and summits alone. It lies in our hearts. The only thing we can do is to arouse the warm and passionate feelings buried deepin our hearts and, unless they find expression, the world wide talks are useless.

Frowning faces or artificial smiles with jealous hearts are not the need of the hour. It takes the work of 128 muscles to make one beautiful smile. The world is brittle with greed, egoism and self aggrandisment and it is high time we got out of our narrow domestic walls of caste, cree d, race and colour. A warm feiendly smile shining with sincerity, a helping hand and a loving heart can light up and uplift many hearts. This in turn can forge an unbreakable unity in our circle, in our country and in the world. Thus through love, generosity kindness and consideration we can attain spiritual tranquility and mental peace and become, as Stevenson says, "a radiating focus of goodwill".

# കാത്തലിക്ക് സ്റ്റുഡൻറ്സ് മൂവ്മെൻറ്.

'രണ്ടാം വർഷ പ്രീഡിഗ്രിക്കാർക്കായി ജൂൺ ആദ്യവാരം നടത്തിയ ലൈഫ് ഓറിയൻറേഷൻ പ്രോഗ്രാം'.

'ജൂലൈ 17, 18, 19 ദിവസങ്ങളിൽ ഈ യൂ ണിറ്റിൻെറ ആതിഥ്യത്തിൽ നടത്തപ്പെട്ട പ്രഥമ റീ ജിയണൽ ക്യാമ്പ് (Culture of Death)'.

'മൂന്നാം വർഷ ഡിഗ്രിക്കാർക്കായി ലൈഫ് ഗൈഡൻസ് സെമിനാർ (ആഗസ്റ്റ്3, 4, 5)'.

'വ്യക്തിത്വരൂപീകരണം വിഷയമാക്കി ഒന്നാംവർഷ പ്രീ-ഡിഗ്രിക്കാർക്ക് സെമിനാറുകൾ'.

'ഓണം, ക്രിസ്തുമസ്, ന്യൂ ഇയർ പരിപാടികൾ'.



'ഒന്നാം വർഷ പ്രീഡിഗ്രി, ഡിഗ്രി വിദ്യാർത്ഥി കൾക്കായി ഇവിടെ യൂണിറ്റ് ക്യാമ്പ് ഒക്ടോബർ 30, 31, നവംബർ 1 ദിവസങ്ങളിൽ '.

'നവംബർ 6, 7, 8 ദിവസങ്ങളിൽ കോട്ടയം റീജിയൻെറ അവസാന ക്യാമ്പ് വീണ്ടും ദേവമാതായിൽ (The Luminous Truth)'.

'റീജിയണൽ കലാമേളയിലെ വിജയങ്ങളും കൺവെൻഷനിലെ ഭാഗഭാഗിത്വവും'.

'എല്ലാ ആദ്യ വെള്ളിയാഴ്ചകളിലും വി.കുർബാനയും വ്യാഴം, വെള്ളി ദിവസങ്ങളിൽ പ്രാർത്ഥനാ സമ്മേളനങ്ങളും'.

അങ്ങനെ നീണ്ടു പോവുന്നു കാത്തലിക്ക് സ്റ്റു ഡൻറ്സ് മൂവ്മെൻറ് ദേവമാതാ കോളേജ് യൂണി റ്റിൻെറ ഈ വർഷത്തെ നേട്ടങ്ങളുടെ പട്ടിക. കൊട്ടും കുരവയും ഇല്ലാതെ പ്രവർത്തിച്ചു. 'രഹസ്യമായി നന്മ ചെയ്യാൻ' പറയുന്ന ബൈബിളിനോട് നീതി പുലർത്തി.

മാർഗ്ഗനിർദ്ദേശമാകിയവരെ നന്ദിയോടെ സ്മരി ക്കുന്നു. മാനേജർ ഫാ. ജോർജ്ജ് മുളങ്ങാട്ടിൽ, പ്രിൻസിപ്പാൾ പ്രൊഫ. T.M. ദേവസ്യ, വൈസ് പ്രിൻസിപ്പാൾ ഫാ.ജോസഫ് പുതുമന, ഡയറക്ടർ ഫാ. തോമസ് പാറയ്ക്കൽ, സി. വിൻസി...... അങ്ങനെ ആത്മാർത്ഥമായി സഹായിച്ചവർ ഏറെ.

പ്രസിഡൻറ് ഷാജൻ ചാമക്കാലയുടെ നേതൃത്വനൈപുണ്യവും വൈസ്-പ്രസിഡൻറ് ബിന്ദു. എം.ജോർജ്ജിൻെറ നിസ്വാർത്ഥസേവനവും സംഘടനയുടെ വളർച്ചയെ ഒട്ടൊന്നുമല്ല സഹായിച്ചത്. ജീവൻ ചാണ്ടി, തോമസ് ജോർജ്ജ്......... തുടങ്ങിയ നിശബ്ദ സേവകർ ഏറെ.

ഈ വർഷത്തെ റീജിയണൽ സെക്രട്ടറിയായി രുന്ന ബോബി പോളിന് അഭിനന്ദനങ്ങൾ അർപ്പിച്ചുകൊണ്ടും, ക്രിസ്തുവിനെപ്പോലെ സമ്പൂർണ്ണ വ്യക്തിത്വത്തിനുടമകളാകാൻ യുവാക്കളെ സഹായിക്കുക എന്ന ലക്ഷ്യോന്മുഖമായി പ്രവർത്തിക്കുന്ന സംഘടനയുടെഭാവികാല പ്രവർത്തനത്തിന് ഭാവുകങ്ങൾ ആശംസിച്ചുകൊണ്ടും, ഒത്തിരി സ്നേഹത്തോടെ........., നിറഞ്ഞ കൃതാർത്ഥതയോടെ.......... ഈ റിപ്പോർട്ട് നിങ്ങൾക്ക് സമർപ്പിക്കുന്നു.

**ജോർജ്ജ് ജോൺ**
(രണ്ടാം വർഷ ഗണിതശാസ്ത്രം)
*സെക്രട്ടറി.*


# ദേവമാതാ ഒപ്ററിക്കൽസ്

## വടക്കേ കവല, കുറവിലങ്ങാട്

**For All College Text Books & Guides**
**Medical-Engineering Books, Competitive Exam Guides**
**Dictionaries and for all other Reference Books**

★

# V. PUBLISHERS BOOK STALL

(Book Sellers & Library Suppliers)

**C.M.S. College Road, Kottayam**
Phone: 4470, 4471

---

ആശംസകൾ:-

വലവൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം No. K. 91

H.O. വലവൂർ P.O. ഫോൺ: പാലാ-2501

**ബ്രാഞ്ചുകൾ:-** വലവൂർ, വള്ളിച്ചിറ, നെച്ചിപ്പുഴൂർ, അന്താളം, അന്തീനാട്

ഫോൺ: പാലാ 2501 2714 2223 2295 KLPY 203

**കരൂർ പഞ്ചായത്താടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു ഫസ്ററ് ഗ്രേഡ് ബാങ്ക്**

K.J. ഫിലിപ്പ് കുഴികുളം
പ്രസിഡൻറ്

P.N. ശിവശങ്കരൻ നായർ, പൂവ്വക്കുളം
സെക്രട്ടറി

---

22ct സ്വർണ്ണാഭരണങ്ങൾക്കും വെള്ളിയാഭരണങ്ങൾക്കും
വിശ്വസ്തസ്ഥാപനം.

# പ്രിൻസ് ജൂവലേഴ്സ്

**മാർക്കററ് ജംഗ്ഷൻ,**

**കടുത്തുരുത്തി.**

# സെൻറ് മേരീസ്

## സ്കൂൾ ഓഫ് മെഡിക്കൽ ടെക്നോളജി

### കുറവിലങ്ങാട്

Govt.Reg.No.K.326/88

കഴിഞ്ഞ 21 വർഷങ്ങളായി കുറവിലങ്ങാട് നടത്തി വരുന്ന പ്രശസ്തമായ സ്ഥാപനത്തിൽ താഴെ പറയുന്ന പാരാമെഡിക്കൽ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു

1. മെഡിക്കൽ ലബോറട്ടറിടെക്നീഷ്യൻ (6 Months / 1 Year)
2. **XRAY (6 Months)**
3. നേഴ്സിംഗ്&മിഡ്‌വൈഫറി **(1Year)**
4. E.C.G. (6 Months)

- പ്രവേശനം കന്യാസ്ത്രീകൾക്കും പെൺകുട്ടികൾക്കും മാത്രം
- കന്യാസ്ത്രീകൾ നയിക്കുന്ന ഹോസ്റ്റൽ
- മിനിമം യോഗ്യത S.S.L.C. പ്രോസ്പെക്ടസിനും അപേക്ഷാ ഫാറത്തിനും 15 രൂപ മണിയോഡർ അയയ്ക്കുക

**Director, St.Mary's Shool of Medical Technology**
*Kuravilangad P.O (686 663) Kottatam (Dt.)*

സ്ഥാപിതം 1772

ഫോൺ **Off: 465**
**Res: 365**

# ഗോൾഡൻ ബേക്കറി

## കടുത്തുരുത്തി

എല്ലാവിധ ടീ പാർട്ടികളും സ്വീകരിക്കുന്നതാണ്.

N.B. ജോയി ഐസ്ക്രീമിന്റെ അംഗീകൃത വ്യാപാരം

# BASE COMPUTER DIVISION

## KOOTHATTUKULAM

[MEMBER I.C.E.S & C.S.I]

**"LEARNIG IS YOUR EFFORT GUIDING IS OUR EFFORT"**

**OUR COURSE DETAILS FOLLOWS:-**

**DIPLOMA COURSES**

| | | |
|---|---|---|
| PGDCA | - | 1 YEAR |
| DCA | - | 6 MONTHS |
| DDM | - | 6 MONTHS |

**SHORTERM COURSES:-**

MS-DOS, WORDSTAR, LOTUS123, DBASE III+ dbASE IV, BASK, COBOL, AUTOCAD, COMPUTERISED FINANCIAL ACCOUNTING etc..

CENTEP MANAGER

# കാണാൻ കഴിയാതിരുന്നെങ്കിൽ

**കു**ഞ്ഞേ, നീ കണ്ണു തുറക്കാതിരിക്കുക
കണ്ണു തുറന്നൊന്നു നോക്കിയാൽ പിന്നെ നീ
കണ്ണിനെ തന്നെ ശപിച്ചെന്നു വന്നിടാം.

കാഴ്ചകളൊക്കെയും വൈകൃതമാകവെ
കാണാൻ കഴിയാതിരിയ്ക്കുന്നതുത്തമം
നിന്റെ കുഞ്ഞിക്കണ്ണിനാനന്ദമേകുവാൻ
കാഴ്ചകളൊന്നുമില്ലീ മരുഭൂമിയിൽ
മുന്നമീ നാടിന്റെ ശ്രീയായ് വിളങ്ങിയ
കാനനം വെട്ടി നശിപ്പിച്ചു ദ്രോഹികൾ.

നാലു ചില്ലിക്കാശു കിട്ടുമെന്നാകുകിൽ
അമ്മയെപ്പോലുമിന്നൊറ്റിക്കൊടുക്കുന്ന
ദുഷ്ട ഹൃദയർ വസിക്കുമീ പാരിടം
കാണാൻ കഴിയാതിരിയ്ക്കു : ന്നതുത്തമം.

കുഞ്ഞേ നീ കണ്ണുതുറക്കാതിരിക്കുക
കണ്ണു തുറന്നൊന്നു നോക്കിയാൽ പിന്നെ നീ
കണ്ണിനെ തന്നെ ശപിച്ചെന്നു വന്നിടാം!

ആർഷസംസ്കാരപ്പൊലിമ പെറ്റുള്ളൊരാ
സുന്ദര ഭാരതം ഓർമ്മ യായ് തീരുന്നു.
സ്നേഹവും ശാന്തിയും സത്യവും നീതിയും

എന്നേയീ നാട്ടിൽ നിന്നോടിയകന്നുപോയ്
വൈരവിദ്വേഷങ്ങൾ കുടിപാർപ്പിനെത്തുമീ
മാനവചിത്തം കളങ്കമായി തീരുന്നു!
പഞ്ചാബിൽ ആസാമിൽ എങ്ങും മുഴങ്ങുന്നു
അമ്മയെ പങ്കിടാനുള്ള മുറവിളി
നീറുന്ന ജാതി മതകലാപങ്ങളിൽ-
ചീന്തുന്നു മർത്ത്യൻ സ്വന്തം ചുടുചോര.
സ്വാർത്ഥതയേറും മനുജൻ മൃഗത്തേക്കാൾ
ക്രൂരനായിമാറുമീ ഭൂതലമിന്നു നീ
കാണാൻ ശ്രമിക്കാതിരിക്കുന്നതുത്തമം.

കുഞ്ഞേ നീ കണ്ണു തുറക്കാതിരിക്കുക
കണ്ണു തുറന്നൊന്നു നോക്കിയാൽ പിന്നെ നീ
കണ്ണിനെ തന്നെ ശപിച്ചെന്നു വന്നിടാം.

അർഭകാ നിന്നെ ജനിപ്പിച്ചു പോയതിൽ
ഒട്ടല്ല ഖേദം എനിക്കെന്നറിക നീ!
മർത്ത്യൻ പരസ്പരം പോരടിക്കുന്നൊരീ
നാട്ടിൽ നിനക്കെന്തു സംരക്ഷണം കുഞ്ഞേ

നിനക്കായ് ചുരത്തുവാനില്ലല്ലോ വാത്സല്യം
പെറ്റുമെൻ കൈവശ മെന്നറിഞ്ഞീടുക
നഷ്ടമായി തീരുമീ മത്സര ലോകത്തിൽ
ജീവിച്ചകാലം കൊണ്ടെല്ലാമെൻ പൈതലേ

നിന്നെ വളർത്തി വലുതാക്കി മാറ്റുവാൻ!
നിന്റെയിഷ്ടങ്ങൾ സഫലീകരിക്കുവാൻ;
നിന്റെ പ്രതീക്ഷകൾ പൂവണിയിക്കുവാൻ
നിന്നെ നീയാക്കുവാൻ ഇന്നെനിക്കാവില്ല

നിനക്കു ജൻമം തന്ന ശാപ മുഹൂർത്തത്തെ!
നൂറുവട്ടം ഞാൻ ശപിക്കുന്നു പൈതലേ.
സൃഷ്ടിതൻ തെറ്റുതിരുത്തുവാനായിട്ടു-
നിൻഗളം ഞെക്കി മരണപ്പെടുത്തുവാൻ
എൻകരമിന്നു തരിക്കുന്നുവെങ്കിലും
നിൻമുഖം കാൺകെ പിടയുന്നു മാനസം
ഇല്ലെനിക്കാവില്ല നിന്നെ വധിക്കുവാൻ.

ഒരു മോഹം മാത്രമുണ്ടിന്നെന്റെ ചിത്തത്തിൽ
എൻ കുഞ്ഞു കണ്ണുതുറക്കാതിരുന്നെങ്കിൽ.

MOHANAN - C
Ist P.D.C. Ist GROUP





## മലയാളം അസോസ്സിയേഷൻ

മുൻവർഷങ്ങളിലെപോലെ തന്നെ ചലനാത്മകമായ പ്രവർത്തനങ്ങൾ കൊണ്ട് മലയാളസമാജം പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. പാഠ്യ പാഠ്യേതരവിഷയങ്ങളിൽ ഇവിടുത്തെ വിദ്യാർത്ഥികൾ സജീവമായി പങ്കെടുക്കുകയും നേട്ടങ്ങൾ കൊയ്യുകയും ചെയ്തു.

മലയാളകുടുംബത്തിലേയ്ക്ക് കടന്നുവന്ന ആദ്യവർഷ വിദ്യാർത്ഥികൾക്ക് സ്വാഗതമേകിക്കൊണ്ട് അനൗപചാരികമായി ഈ വർഷത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചു. തുടർന്നുള്ള ബുധനാഴ്ചകളിൽ പ്രബന്ധാവതരണങ്ങൾ, പ്രശ്നോത്തരികൾ, ചർച്ചകൾ, ക്ലാസ്സുകൾ തുടങ്ങി വിവിധ പരിപാടികൾ നടത്തി. പ്രശസ്ത നിരൂപകനും നോവലിസ്റ്റുമായ പ്രൊഫ. വി.പി. ഹരിനാഥന്റെ ക്ലാസ്സ് ഈ വർഷത്തെ ശ്രദ്ധേയമായ പരിപാടികളിലൊന്നായിരുന്നു.

ഓണം, ക്രിസ്തുമസ് തുടങ്ങിയവ ദിനങ്ങൾ സമാജം സമുചിതം ആഘോഷിച്ചു. ഓണത്തോടനുബന്ധിച്ച് കോളേജിൽ നടത്തപ്പെട്ട പൂക്കളമത്സരത്തിലും പ്രശ്നോത്തരിയിലും ഇവിടുത്തെ വിദ്യാർത്ഥികൾ സമ്മാനങ്ങൾ നേടി. കോളേജിലെ ആർട്ട്ഫെസ്റ്റിവലിലും ഏറെ സമ്മാനങ്ങൾ നേടിയ കുട്ടികളെ ഈ അവസരത്തിൽ സ്മരിക്കുന്നു.

ജനുവരി 6-ാം തീയതി സമാജം മലയാളദിനമായി ആചരിച്ചു. പ്രശസ്ത നോവലിസ്റ്റ് വെട്ടൂർ രാമൻനായർ ഇതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. വിദ്യാർത്ഥികൾ അവതരിപ്പിച്ച നിറപ്പകിട്ടുള്ള കലാപരിപാടികളാൽ ഈ ദിനം വളരെ മനോഹരമായി. ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് സ്വാഗതം നൽകിക്കൊണ്ട് ആരംഭിച്ച സമാജത്തിന്റെ പ്രവർത്തനം ഈ വർഷം കലാലയത്തോട് യാത്ര പറഞ്ഞ് പോകുന്ന മൂന്നാം വർഷ വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകിക്കൊണ്ട് പര്യവസാനിച്ചു. ഈ വർഷത്തെ ഞങ്ങളുടെ പ്രവർത്തനങ്ങളിൽ സവിശേഷ താല്പര്യത്തോടെ സർവ്വാത്മനാ സഹകരിച്ച പ്രിൻസിപ്പാൾ ദേവസ്യാസാറിനെയും വാത്സല്യനിധിയായ ഞങ്ങളുടെ രക്ഷാധികാരി പ്രൊഫ. കെ.ജെ. ജോസഫ് സാറിനെയും മറ്റ് അദ്ധ്യാപകരേയും നന്ദിയോടെ ഇവിടെ സ്മരിക്കുന്നു.

*സെക്രട്ടറി*
*സന്തോഷ് ജോർജ്ജ്*
*2-ാം വർഷ മലയാളം.*



# THE KOTTAYAM DISTRICT CO-OPERATIVE BANK LTD.

**KOTTAYAM**

Phone: 563603 (4 lines)

* Provides Finance for Agriculture and Rural Development through Primary Co-operatives.
* Accepts deposits under a variety of Attractive Schemes.
* Transacts all kinds of Banking Business.
* Deposits are insured just as in any other commercial Bank.
* 39 Branches are situated in important centers of the District.

**" Bank with us and be partners to the prosperity of the State".**

MATHEW T. ABRAHAM,
GENERAL MANAGER.

KURIAN JOY
PRESIDENT.

---

*Best compliments from :*

# Imbala Driving School

## KURAVILANGAD

---

## DEVAMATHA COLLEGE EMPLOYEES CO-OPERATIVE SOCIETY LTD.

**No: 384 KURAVILANGAD-KERALA STATE**

**നിക്ഷേപങ്ങൾക്ക് ഏററവും കൂടുതൽ**
**പലിശ നൽകുന്ന ഏകസ്ഥാപനം**

Opening Shortly...





ശ്രീമതി. ജാനകിയമ്മാൾ കല്ല്യാണമണ്ഡപം

കൂത്താട്ടുകുളം

ഫോൺ: 2311 - 2911

# നാഷണൽ സർവ്വീസ് സ്കീം

1992-93 അദ്ധ്യയന വർഷം ദേവമാതാ കോളേജിൽ നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകൾ ബഹു: പ്രിൻസിപ്പൽ പ്രൊ. റ്റി.എം. ദേവസ്യയുടെ മഹനീയ നേതൃത്വത്തിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചത്. പ്രോഗ്രാം ഓഫീസർമാരായ ശ്രീ. റ്റി.റ്റി. തോമസ് [ഇംഗ്ലീഷ് വിഭാഗം] ശ്രീ. ബാബു ജോസഫ്[മലയാളം വിഭാഗം] ശ്രീ. എ. സിറിയക്ക് സെബാസ്റ്റ്യൻ [ഇംഗ്ലീഷ് വിഭാഗം] എന്നിവരുടെ സജീവമായ നേതൃത്വത്തിൽ തിളക്കമാർന്ന നേട്ടങ്ങൾ കൈവരിച്ചു.

വോളണ്ടിയർ സെക്രട്ടറിമാർ.

ബാബുമോൻ.പി. എം. [ II.D.C. Eng]

ജോർണീഷ് ജോർജ്ജ് [ II D.C. Ecos]

ഷിജിമോൾ എ.സി. [ II. D.C. Mal]

**ലീഡർമാർ.**

അൻമോൾ ജോർജ്ജ് I D.C Eng [വനിതാക്ഷേമം] റിനോഷ്ഡ് മാനുവൽ II D.C. Ecos[ കയ്യെഴുത്ത് മാസിക] ബോബി ജേക്കബ് I D.C. Zool [ഉപഭോക്തൃ സംരക്ഷണം] ജോയി ജോസഫ് II D.C. Eng [ പരിതസ്ഥിതി] ജലീഷ് പീറ്റർ I P.D.C. [ആരോഗ്യ പരിപാലനം].

മുൻ വർഷങ്ങളെ അപേക്ഷിച്ച് ഏറെ ശ്രദ്ധേയമായ ഓണാഘോഷ പരിപാടികളാണ് ഈ വർഷം സംഘടിപ്പിച്ചത്. സെപ്റ്റം. 3, 4 തീയതികളിലായി അത്തപ്പൂക്കളം, മാവേലിക്ക് കത്തെഴുത്ത്, ഓണപ്പാട്ടുകൾ, മാവേലിചമയം എന്നീ മത്സരങ്ങളും നടന്നു. മത്സരങ്ങളിൽ മുഴുവൻ വിദ്യാർത്ഥികളും സജീവമായി പങ്കെടുക്കുകയുണ്ടായി.



N.S.S. 24-ാമത് ജന്മദിനമായ സെപ്റ്റം. 24-ന് വിദ്യാർത്ഥികളുടെ രക്ത ഗ്രൂപ്പ് നിർണ്ണയം സൗജന്യമായി സംഘടിപ്പിച്ചു.

പുതിയ അംഗങ്ങൾക്കു വേണ്ടി സെപ്റ്റം. 26-ന് മിനി ആഡിറ്റോറിയത്തിൽ വച്ച് ഓറിയൻേറഷൻ ക്ലാസ്സ് നടത്തുകയുണ്ടായി.

N.S.S. വോളണ്ടിയർമാരെ ശ്രമദാന പ്രവർത്തനങ്ങൾക്കു സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ ഈ വർഷത്തെ മിനി ക്യാമ്പ് സെപ്റ്റം. 28 മുതൽ ഒക്ടോ. 2 വരെ തീയതികളിൽ നടന്നു.



28-ന് 4 P.M.ന് മിനി ഓഡിറ്റോറിയത്തിൽ പ്രിൻസിപ്പൽ പ്രൊ: റ്റി. എം. ദേവസ്യയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ കോളേജ് മാനേജർ വെരി. റവ. ഫാ.ജോർജ്ജ് മുളങ്ങാട്ടിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ശ്രമദാന പ്രവർത്തനമെന്ന നിലയിൽ കുറവിലങ്ങാട് സെൻറ് മേരീസ് ഗേൾസ് L.P.S. ഗ്രൗണ്ട് നിർമ്മിക്കുകയുണ്ടായി. രാഷ്ട്ര പിതാവായ മഹാത്മാഗാന്ധിയുടെ അനുസ്മരണത്തോടെ ക്യാമ്പ് സമാപിച്ചു.

ഇൻഡ്യാ ഗവൺമെൻറിന്റെ മാനവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിൽ ഇൻന്ത്യയിലെ എല്ലാ യൂണിവേഴ്സിറ്റികളിൽ നിന്നുമായി 520 വിദ്യാർത്ഥികൾ പങ്കെടുത്ത ദേശീയോദ്ഗ്രഥന ക്യാമ്പ് മദ്ധ്യപ്രദേശിലെ പഞ്ചിമടിയിൽ നടന്നു. എം.ജി. സർവ്വകലാശാലയുടെ എഴംഗ ടീമിൽ സെക്രട്ടറി പി.എം. ബാബുമോൻ അംഗമായിരുന്നു.

മഹാത്മഗാന്ധി സർവ്വകലാശാലാ ആസ്ഥാനമായ നാൽപാത്തി മലയിൽ വച്ച് സെപ്റ്റം. 4 മുതൽ 13 വരെ തീയതികളിൽ നടന്ന ഇൻറർ കോളേജിയേറ്റ് ദശദിന ക്യാമ്പിൽ 5 പേരും, സാർക്ക് രാജ്യങ്ങളുടെ യൂത്ത് എക്സ്ചേഞ്ചിംഗ് പരിപാടിയുടെ ഭാഗമായി സാർക്ക് രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുത്ത ഇൻറർകോളേജിയേറ്റ്

ക്യാമ്പിൽ 2 പേരും ദേവമാതായെ പ്രതിനിധീകരിക്കുകയുണ്ടായി.

"ഇന്ത്യയുടെ ഭാവി ഗ്രാമങ്ങളിൽ രൂപം കൊള്ളുന്നു" എന്ന മഹാത്മജിയുടെ വാക്കുകൾ അന്വർത്ഥമാക്കുന്ന തരത്തിലുള്ള; ഗ്രാമ വികാസ് കേന്ദ്രത്തിന്റെ നേതൃത്വത്തിലുള്ള വികസന പ്രവർത്തനങ്ങൾ കാണാനും പഠിക്കാനും കഴിഞ്ഞു. "അറിവുള്ള ജനത നാടിന്റെ സമ്പത്ത്" എന്ന യാഥാർത്ഥ്യം സാക്ഷാത്കരിക്കുവാൻ ഗ്രാമ വികാസ് കേന്ദ്രം 7 ബി. ഉപവാർഡിൽ ഒരു ലൈബ്രറി ആരംഭിക്കുവാനും, ക്യാമ്പിന്റെ വിവിധ കമ്മറ്റികൾക്ക് ഫലപ്രദമായി നേതൃത്വം നൽകാനും ദേവമാതായിലെ വോളണ്ടിയർമാർക്കു കഴിഞ്ഞു.

ഈ വർഷത്തെ ദശദിന ക്യാമ്പ് ഡിസം. 18 മുതൽ 27 വരെ കുഴിമാവ് ഗവ. ഹൈസ്കൂളിൽ നടന്നു. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഈ സ്കൂളിന് കളി സ്ഥലം നിർമ്മിക്കുകയായിരുന്നു ക്യാമ്പിന്റെ പ്രധാന ലക്ഷ്യം. കാഞ്ഞിരപ്പള്ളി D.E.O. ശ്രീ. ഗോപാലൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ക്യാമ്പിനോടനുബന്ധിച്ച് ക്ലാസ്സുകളും, ചർച്ചകളും, നാടകമേളയും, കലാപരിപാടികളും സംഘടിപ്പിച്ചത് ശ്രദ്ധേയമായി.



1993 ജനുവരി 13 വനിതാദിനമായി ആചരിച്ചു. ബഹു. എറണാകുളം ജില്ലാ കൗൺസിൽ പ്രസിഡന്റ് ശ്രീമതി. മോളി എബ്രഹാം മുഖ്യാതിഥിയായിരുന്നു. പ്രൊഫ. കെ.എം. ചാരക്കര, യൂണിയൻ വൈസ് ചെയർമാൻ കുമാരി സിന്ധു.പി.എ. എന്നിവർ ആശംസകൾ നേർന്നു.



ദിനാഘോഷത്തോടനുബന്ധിച്ച് നടത്തിയ മത്സരങ്ങളുടെ സമ്മാനദാനം ശ്രീമതി മോളി എബ്രഹാം നിർവ്വഹിക്കുകയുണ്ടായി.

എൻ.എസ്.എസ്. നേച്ചർ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഫെബ്രു. 5, 6, 7 തീയതികളിൽ ചിന്നാറിൽ വച്ച് നടന്ന പ്രകൃതി പഠന ക്യാമ്പ് അവിസ്മരണീയമായി. വനത്തിനുള്ളിലൂടെ സഞ്ചരിച്ച് വനഭംഗി ആസ്വദിക്കാനും, വന്യമൃഗങ്ങളെ നേരിൽ കാണാനും കഴിഞ്ഞു.

വിദ്യാർത്ഥികളുടെ സർഗ്ഗ വാസനകളെ പരിപോഷിപ്പിക്കുന്നതിനുള്ള N.S.S.ന്റെ പ്രതിബദ്ധതയുടെ പ്രതീകമായി ഈ വർഷവും കൈയ്യെഴുത്തു മാസിക അക്ഷരമാതാ '93 എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. മാസികയുടെ ഔപചാരികമായ പ്രകാശനകർമ്മം 26.2.93ൽ ബഹു. പ്രിൻസിപ്പൽ പ്രൊ. റ്റി.എം. ദേവസ്യ നിർവ്വഹിക്കുകയുണ്ടായി.

ഗ്രാമവികാസ് കേന്ദ്രത്തിൽ പ്രവർത്തനമാരംഭിച്ച ലൈബ്രറികളിലേക്ക് വിദ്യാർത്ഥികളിൽ നിന്നും പഴയ പുസ്തകങ്ങൾ ശേഖരിച്ച് നൽകുന്നതിൽ യൂണിവേഴ്സിറ്റി തലത്തിൽ ഏറ്റവും കൂടുതൽ പുസ്തകങ്ങൾ ശേഖരിച്ചു നൽകുകയുണ്ടായി. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ് സ്പോൺസർഷിപ്പ് പരിപാടിയനുസരിച്ച് 5 വിദ്യാർത്ഥികൾക്കു സാമ്പത്തിക സഹായം നൽകുകയുണ്ടായി.

മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെയധികം രോഗികൾക്കു ഈ വർഷം N.S.S. പ്രവർത്തകർ രക്ത ദാനം നടത്തുകയുണ്ടായി.

ഈ വർഷത്തെ പ്രവർത്തനങ്ങളിൽ ഞങ്ങൾക്കു മാർഗ്ഗ നിർദ്ദേശങ്ങളരുളിയ ബഹു. പ്രിൻസിപ്പൽ പ്രൊ. റ്റി. എം. ദേവസ്യ, വൈസ് പ്രിൻസിപ്പൽ ഫാ. ജോസഫ് പുതുമന എന്നിവർക്കും പ്രവർത്തനങ്ങൾക്കു നേതൃത്വവും പ്രചോദനവുമേകിയ പ്രോഗ്രാം ഓഫീസർമാർ, അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നിവർക്കും മുഴുവൻ പരിപാടികളിലും ആവേശപൂർവ്വം പങ്കുചേർന്ന എല്ലാ വിദ്യാർത്ഥികൾക്കും നന്ദി രേഖപ്പെടുത്തുന്നു.



പി.എം. ബാബുമോൻ



ജോർണിഷ് ജോർജ്ജ്

[വോളണ്ടിയർ സെക്രട്ടറിമാർ]





ജലീഷ് പീറ്റർ
Health and Sanitation



റിനോൾഡ് മാനുവൽ
കൈയെഴുത്തുമാസിക



ആൻമോൾ ജോർജ്
Woman Welfare



ബോബി ജേക്കബ്
Consumer Protection



ജോയി ജോസഫ്
Environment



നന്ദകുമാർ. U/O



ജയചന്ദ്രൻ U/O



ഷീൻ ഇൽഡഫോൺസ് U/O



ജോസഫ് കെ. ജെ. S U/O

# എൻ.സി.സി

## ജോജോ ബേക്കറി

**മാർക്കററ് റോഡ്, കടുത്തുരുത്തി.**

രുചികരമായ ബേക്കറി സാധനങ്ങൾക്കും കൂടാതെ മററു
വിശിഷ്ടമായ മധുര പലഹാരങ്ങൾക്കും സമീപിക്കുക.

**ജോജോ ബേക്കറി**

(ഹോൾസെയിൽ & റീട്ടെയിൽസ്)

**മാർക്കററ് റോഡ്, കടുത്തുരുത്തി.**

---

## THE KAPPUMTHALA SERVICE CO-OPERATIVE BANK LTD; NO. K. 142

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തുന്നു. നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നിരക്ക്. കാർഷിക, കാർഷികേതര വായ്പകൾ നല്കുന്നു. സ്വർണ്ണപ്പണയ വായ്പകൾ, ചിട്ടികൾ. വളം, കീടനാശിനി, ആസിഡ് മുതലായവയുടെ വിതരണം, നിത്യോപയോഗസാധനങ്ങൾ സഹകരണമാവേലി സ്റേറാർ വഴി മിതമായ വിലയ്ക്ക് നൽകുന്നു.

**വി.കെ. പൈലോ**
കുഞ്ഞാപ്പറമ്പിൽ
സെക്രട്ടറി.

**P.J. ജോർജ്ജ്. പണ്ടാരക്കാപ്പിൽ,**
പ്രസിഡൻറ്.

---

## പാലാ മാർക്കററിംഗ് സഹകരണസംഘം ക്ലിപ്തം

## നമ്പർ 4214, പാലാ.

### റബ്ബറിനും കുരുമുളകിനും അധികവില നൽകുന്നു

1992-93-ൽ സംഘത്തിനുണ്ടായ ലാഭത്തിൽനിന്നും 10 ലക്ഷം രൂപയോളം അംഗങ്ങളായ കർഷകർക്ക് വിതരണം ചെയ്യുന്നതിന് ഭരണസമിതി തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ. ഈ തുക വിനിയോഗിച്ച് 1992-93 സാമ്പത്തിക വർഷത്തിൽ സംഘത്തിൽ ഉല്പന്നങ്ങൾ വിററ അംഗങ്ങൾക്ക്. റബ്ബർഷീററ് ഒട്ടുപാൽ, റബ്ബർപാൽ (DRC തൂക്കം), കുരുമുളക് എന്നിവയ്ക്ക് കിലോഗ്രാമിന് 1 രൂപാ പ്രകാരം അധികവില നല്കുന്നതാണ്.

**ഡിപ്പോകൾ:** പാലാ, രാമപുരം, കുറുമണ്ണ്, തിടനാട്, പൂഞ്ഞാർ.

**ഏജൻസികൾ:** കൊല്ലപ്പള്ളി, വല്ലാത്തുകവല, കാവുംകണ്ടം, വള്ളിച്ചിറ, നെച്ചിപ്പുഴൂർ, വെള്ളിലാപ്പള്ളി, പൂവക്കുളം, കുടക്കച്ചിറ, ഉഴവൂർ, പൈക, മുത്തോലി, വലവൂർ, മേലുകാവുമററം, മരങ്ങാട്ടുപള്ളി, ഉഴവൂർ, തീക്കോയി.

**പ്രൊഫ. കെ.കെ. എബ്രഹാം**
പ്രസിഡൻറ്

**പി.ജി. ആൻറണി**
മാനേജിംഗ് ഡയറക്ടർ.

# പ്രലാപപർവ്വം

സന്തോഷ് ജോർജ്.
2-ാം വർഷ മലയാളം.

ഇനി ഞാനിറങ്ങട്ടെ നീയെനിക്കേകിയ
സ്വപ്നഭാവങ്ങൾ തകർത്തുവച്ച്
അതിലൂടെ നോക്കട്ടെ മൃത്യുവിൻമാനവും
അറിവിന്റെ കയ്പ്പു കലർന്ന നീരും
ഒരു കിളിവാതിലിന്നോരത്തു ഞാനെത്ര
മിഴികൾ തൻ ഹേമന്തം കാത്തിരുന്നു.
ഓരോ ശരത്കാലയാമം കഴിയുമ്പോൾ
ഓർമ്മ തൻ ചെപ്പിൽ ഞാനിട്ടുവച്ച
എന്റെ തലച്ചോറിൽ നീ വിത്തുപാകിയ
പൊന്നശോകത്തിൻ പുതുമുകുളം
കാറ്റുപറിച്ചുവോ കൺമുന്നിലേറ്റുവോ
കാലത്തിൻ ചൂടിൽ കരിഞ്ഞുപോയോ
ഹൃദയത്തിൻ വേരുകൾ തേടി ഞാനെത്രയോ
കാലപ്പകർച്ചയിൽ ചെന്നണഞ്ഞു
കതിർക്കണ്ണുവെന്ത മനസ്സിന്റെയുള്ളിലായ്
കലാസ്വാദിയായ് നീ നിറച്ച
മിഴിനീർത്തുള്ളിയിലെ നനവാർന്ന മോഹങ്ങൾ
മൗനം പതഞ്ഞൊലിച്ചുപോകും.

ചിമിരുട്ട് കഴിഞ്ഞെത്തുതില്ല.
സാഹസത്താലൊരു നേടിയെടുത്തിട്ട്
ഒരു രാജപുത്രിയെ നേടിയില്ല
ബാല്യത്തിലെന്നോ മറന്നുകളഞ്ഞൊരു
കഥയായി വീണ്ടും ജനിപ്പുകാലം
അത്ഭുതകഥയിൽ പകർന്നൊരു ബാല്യ
നിൻ കണ്ണിൽക്കണ്ടതും ഞാൻ മറക്കാം
ഓർമ്മയിൽപ്പൊട്ടും വളപ്പൊട്ട് തന്നുടെ
പാതിമുനകൊണ്ടു മുറിഞ്ഞ ഹൃത്തം
പൊത്തിപ്പിടിച്ചു ഞാനെൻവീണ മീട്ടുമ്പോൾ
അഭിശപ്ത ജൻമങ്ങളന്യമാകും.
പിന്നെയെൻ സ്വപ്നത്തിൻ ചില്ലുജനാലതൻ
പൊട്ടിയ ചീളുകൾ കൈയിലേന്തി
ബോധാന്തരങ്ങളിൽ നീ വന്നു നിൽക്കവേ
ഈ പാനപാത്രം നിറച്ചീടട്ടെ



തിന്നെ മറക്കുന്നു ഞാനെന്റെ ജീവിതം
വന്ധ്യമായ് തീരുമീ സന്ധ്യകളിൽ
ഒരു വിളിപ്പാടകലെയൊരു പകൽത്തിരവെ
പതറുന്ന താളമറിഞ്ഞുപോയ് നാം
കാലാന്തരങ്ങളിൽ ജീവിതം പൂക്കുന്ന
ഏകാന്തദ്വീപിൽ നാം ചെന്നതില്ല
അവിടെയായ് കാണുന്ന പൂമരക്കൊമ്പിലെ

ഒരു കൽക്കരിപ്പാടി കണ്ണിൽ വീഴുന്നതും
പ്രണയത്തിൻ കണ്ണീർ നിറഞ്ഞൊഴുകും
ഒരു വേനൽരാത്രിയിൽ സംഗീതശാലയിൽ
നിഴലിൽ നാം പാടെ മറന്ന മോഹം
ആത്മാവു തേടിയ സ്വപ്നമടക്കിയ
ആ ചിമിഴറയിൽ പൂത്തുനിൽക്കും
അവിടെയോ കാറ്റിൻ മർമ്മരവും സംഗീതം
കാറ്റിലൊഴുകും കടൽക്കടവും
എത്രയോ ദൂരമുനമ്പിനെ ചുറ്റിയാ
കാറ്റിലെ സംഗീതമാർത്തലയ്ക്കെ
ഏതൊരു യാത്രയിൽ നീ വച്ചുപോയൊരാ
ഹൃദയത്തിൻ നാഡികൾ വാർന്നൊലിക്കും
ചോരയിൽ ചുംബനം ചെയ്തു ഞാനെപ്പോഴും
ഈ കിളിവാതിലിൽ കാത്തുനിൽക്കും.



രേഖാ. കെ. നായർ.
രണ്ടാം വർഷമലയാള സാഹിത്യം.

# പ്രകൃതീശ്വരിയുടെ മടിത്തട്ടിൽ



നിശ്ചലമായ നിമിഷങ്ങൾ:

ഭയം ചേക്കേറിയ മനസ്സുകൾ

അന്തരീക്ഷത്തിൽ അതുവരെയില്ലാതിരുന്ന കനത്ത നിശ്ശബ്ദത!

പെട്ടെന്ന്

ആ നിശ്ചലത ഭഞ്ജിക്കപ്പെട്ടു

കാട്ടാനയുടെ കോപാക്രാന്തമായ ചിന്നംവിളി. 'ഓടിക്കോ'

ആരുടെയോ ചിതറിത്തെറിച്ച വാക്കുകൾ കേൾക്കേണ്ട താമസം, കാലുകൾ നീട്ടി വലിച്ചു ഓടി. ആ ഒറ്റനിമിഷംകൊണ്ട് ലോകത്തിലെ സകല ഈശ്വരൻമാരേയും വിളിച്ച് രക്ഷയ്ക്കായി കേണു. പ്രാണരക്ഷയ്ക്കായുള്ള ഓട്ടത്തിനിടയിൽ വീണ്ടും ആരുടെയോ. നിർദ്ദേശം

"നില്ക്ക്, ഓടരുത്, കാട്ടാനക്കൂട്ടം റോഡു ബ്ളോക്കു ചെയ്യാനിടയുണ്ട്."

എന്തു ചെയ്യണമെന്നറിയാത്ത അവസ്ഥ!

താഴെ കുറ്റിക്കാടുകൾക്കിടയിൽ നിന്നിരുന്ന ആന റോഡിൽ എത്തിക്കഴിഞ്ഞു

അവൻ ഞങ്ങളെ കണ്ടുകഴിഞ്ഞു. എപ്പോൾ വേണമെങ്കിലും കടന്നാക്രമിക്കാം. മുകളിലെ കാട്ടിൽ കുട്ടിയാനയും പിടിയാനയും നില്പുണ്ട്. അവയെ ഞങ്ങൾ ആക്രമിക്കുമെന്ന ഭയം കാണും. ഇനി രക്ഷയില്ല - മനസ്സിൽ ഉറപ്പിച്ചു.

ഓടണമോ, വേണ്ടയോ? ഈശ്വരാ! ഇവിടെ വച്ചാകുമോ അവസാനം?

ഒരിക്കൽക്കൂടി അമ്മയെ കണ്ടിട്ട്..... അച്ഛനെ കണ്ടിട്ട് ..... എല്ലാവരേയും കണ്ടിട്ട്....

ഞങ്ങളുടെ യാത്രയ്ക്ക് സാഹസികത പകർന്നുതന്ന കാട്ടാനക്കൂട്ടത്തിന്റെ ഈ ഭീഷണിയുണ്ടായത്. കുളിരണിഞ്ഞ ഒരു ഞായറാഴ്ച പ്രഭാതത്തിലായിരുന്നു. ഞങ്ങൾ, - ദേവമാതാ കോളേജ് നേച്ചർക്ലബ് അംഗങ്ങൾ-നടത്തിയ പ്രകൃതി പഠന ക്യാമ്പായിരുന്നു രംഗം. സാഹസികത നിറഞ്ഞ ത്രിദിനയാത്രാ പരിപാടി.

1993 ഫെബ്രുവരി 5-ാം തീയതി രാവിലെ 7.45നാണ് ഞങ്ങൾ കുറവിലങ്ങാട്ടു നിന്നും ചിന്നാറിന് യാത്ര തിരിച്ചത്. അതിയായ തണുപ്പിനെ വകവയ്ക്കാതെ വെളുപ്പിനുതന്നെഎല്ലാവരും കോളേജങ്കണത്തിൽ എത്തിച്ചേർന്നിരുന്നു. എല്ലാവരുടേയും മനസ്സിൽ യാത്രയെക്കുറിച്ചുള്ള തികഞ്ഞ പ്രതീക്ഷകൾ മാത്രം.

മൂന്നാർ ഫാസ്റ്റ് പാസഞ്ചറിൽ യാത്രതിരിച്ച ഞങ്ങളുടെ സംഘത്തിൽ പതിനാറ് ആൺകുട്ടികളും, പതിനൊന്നു പെൺകുട്ടികളും. മൂന്ന് അദ്ധ്യാപകരും ഉണ്ടായിരുന്നു. ശ്രീ. റ്റി. റ്റി. തോമസ്, ശ്രീ. സിറിയക്ക് സെബാസ്റ്റ്യൻ, ശ്രീ. വി.എം. മാത്യു എന്നി അധ്യാപകരായിരുന്നു ഞങ്ങളെ നയിച്ചത്. ഒരു പകൽ എറിഞ്ഞടങ്ങും വരെ



നീണ്ട ആ യാത്ര എന്ത് രസകരമായിരുന്നു.

തമാശകളും, പാട്ടുകളും, പൊട്ടിച്ചിരികളും നിറഞ്ഞ യാത്ര! മധുര പലഹാരങ്ങളും, മധുരവചനങ്ങളും പങ്കുവച്ച സന്തോഷത്തിന്റെ നിമിഷങ്ങൾ. നഗരങ്ങളും, പട്ടണങ്ങളും പിന്നിട്ട് ബസ് കാട്ടുപാതയിലേക്കു പ്രവേശിച്ചപ്പോൾ, പ്രകൃതി രമണീയങ്ങളായ കാട്ടുപൊന്തകളും, മൊട്ടക്കുന്നുകളും, ഉയർന്നുനിൽക്കുന്ന പാറക്കൂട്ടങ്ങളും കണ്ട ഞങ്ങൾ തരളിതചിത്തരായിത്തീർന്നു.

പച്ചപ്പട്ടുകൊണ്ടുള്ള ഉടുപ്പിട്ട് കുന്നുകളെ പുൽകിപ്പുണർന്നു കിടക്കുന്ന, കണ്ണെത്താദൂരത്തോളം വ്യാപിച്ചുകിടക്കുന്ന തേയിലത്തോട്ടങ്ങൾ ഞങ്ങളുടെ കണ്ണുകൾക്ക് ഉത്സവമായി മാറി. അവയുടെ പേരുകൾ വായിച്ചറിയാൻ ഞങ്ങൾ ഒന്നുചേർന്ന് ശ്രമിച്ചുകൊണ്ടിരുന്നു. ദൂരെ മലമടക്കുകളിൽ നിന്ന് പതം പറഞ്ഞൊഴുകിവരുന്ന ചെറിയ വെള്ളച്ചാട്ടങ്ങൾ. താഴെ താഴ്‌വാരങ്ങളിലൂടെ മേഞ്ഞുല്ലസിക്കുന്ന കുതിരക്കൂട്ടങ്ങൾ.

അവയെല്ലാം ഞങ്ങൾക്ക് ആനന്ദം തരുന്ന കാഴ്ചകളായിരുന്നു. സായംസന്ധ്യയുടെ വിരിമാറിൽ സൂര്യൻ തലചായ്ച്ചപ്പോൾ ഞങ്ങൾ ചിന്നാറിലെത്തിച്ചേർന്നു.

വഴിയോരത്താണ് ഓഫീസുകളും, കെട്ടിടങ്ങളും സ്ഥിതി ചെയ്തിരുന്നത്. അതിനു പിന്നിൽ കുണുങ്ങിയൊഴുകുന്ന ചിന്നാർ. വിശ്രമം കൊതിച്ചുചെന്ന ഞങ്ങൾ ചിന്നാറിന്റെ ശുഭ്രതയിലും, വഴിയോരത്തെ കാട്ടുപൂക്കളുടെ സൗന്ദര്യത്തിലും എല്ലാം മറന്ന്, ലയിച്ചുചേർന്നു. ചിന്നാറ്റിലെ കുളിയും, പിന്നീടു ലഭിച്ച ചൂടുകഞ്ഞിയും പയറും ഞങ്ങളിൽ ഉന്മേഷം പകർന്നു.

പിറ്റേന്നു പ്രഭാതത്തിലാണു യാത്ര. ആ മുഹൂർത്തത്തിനു വേണ്ടി ഞങ്ങൾ ഉറങ്ങാതിരുന്നു.

സൂര്യനുണരും മുൻപേ ഉണർന്ന പ്രകൃതിസ്നേഹികൾ അതിശൈത്യം വകവയ്ക്കാതെ കാടുകാണാൻ പുറപ്പെട്ടു. കാടിന്റെ മയക്കത്തിനു ഭംഗം വരുത്താതിരിക്കാൻ ഞങ്ങൾ ആവുന്നത്ര ശ്രദ്ധിച്ചിരുന്നു. ആദിവാസിയായ ഒരു സുഹൃത്തായിരുന്നു ഞങ്ങളുടെ ഗൈഡ്. മലയണ്ണാൻമാരേയും, ആനക്കൂട്ടങ്ങളേയും, മാൻകൂട്ടങ്ങളേയും കണ്ടു മതിമറന്ന യാത്രയായിരുന്നു രാവിലത്തെ യാത്ര. വടക്കു ഭാഗത്തേക്കുള്ള യാത്ര പ്രഭാതഭക്ഷണത്തിനു ശേഷമായിരുന്നു. വനനീലിമ തേടിയലഞ്ഞ ഞങ്ങൾക്ക് കാട് ഒരുപാടു പാഠങ്ങൾ പറഞ്ഞുതന്നു. നിരവധി വന്യജീവികളെ കണ്ടു. ആന, മ്ലാവ്, മയിൽ, കാട്ടുകുരങ്ങ്, മലയണ്ണാൻ തുടങ്ങിയ മൃഗങ്ങളും എണ്ണമറ്റ പക്ഷിഗണങ്ങളും. നീണ്ടു നിവർന്നു കിടന്നുറങ്ങുന്ന രാക്ഷസൻമാരെപ്പോലെ, കാടിന്റെ അപ്പുറത്ത് പാറക്കൂട്ടങ്ങൾ. അവ മാർഗ്ഗതടസ്സം സൃഷ്ടിച്ചതിനാൽ പാമ്പാറിന്റെ കരയിൽ വച്ച് ഞങ്ങൾ യാത്ര അവസാനിപ്പിച്ചു. പാമ്പാറിന്റെ കരയിൽ ഞങ്ങളെ വരവേല്ക്കാൻ അനവധി വാനരത്താൻമാർ.

അപൂർവ്വങ്ങളായ കാഴ്ചകൾകണ്ടു മടങ്ങിയ ഞങ്ങൾക്ക് വിഭവസമൃദ്ധമായ സദ്യയൊരുക്കി വനപാലകർ കാത്തിരിക്കുകയായിരുന്നു. ചിന്നാറ്റിലെ കുളിയും, ആ സദ്യയും, നേരമ്പോക്കുകളും തെളിഞ്ഞപ്പോൾ ഞങ്ങളുടെ മനസ്സുകളിൽ ഹർഷോൻമാദത്തിന്റെ തിരയിളക്കം.

ഈ യാത്രയിലെ ഏറ്റവും പ്രധാനപ്പെട്ട നിമിഷങ്ങളിൽ ചിലത് റേഞ്ച് ഓഫീസർ ഗോപാലകൃഷ്ണൻസാർ ക്ലാസ്സെടുത്ത സമയമായിരുന്നു. അദ്ദേഹത്തിൽ നിന്നാണ് ഞങ്ങൾ

ചിന്നാറിനെക്കുറിച്ച് കൂടുതൽ അറിഞ്ഞത്.

1984 ലാണ് ചിന്നാർ സാങ്ച്വറിയാക്കി പ്രഖ്യാപനം നടന്നത്. ഈ വനത്തിന്റെ മൊത്ത വിസ്തീർണ്ണം 90.44 sq. km ആണ്. തമിഴ്നാട് അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശം മഴനിഴൽ പ്രദേശമാണ്. പശ്ചിമഘട്ടത്തിന്റെ കിഴക്കു സ്ഥിതിചെയ്യുന്നതുകൊണ്ട് ചിന്നാറിൽ മഴനിഴൽ കാലാവസ്ഥയാണു നിലനിൽക്കുന്നത്. മറ്റു വനങ്ങളെ അപേക്ഷിച്ച് ചിന്നാറിന് ഏറെ പ്രത്യേകതകൾ ഉണ്ട്. 'തോണീസ് ക്രബ് ജംഗിൾ സ്ക്രബ്' എന്ന രീതിയിലുള്ള വനം ചിന്നാർ മാത്രമാണ്. കൂടാതെ ഇത് വളരെ ഉഷ്ണമേഖലാ വനമാണെന്നതും ശ്രദ്ധേയമാണ്. മലബാർ സ്ക്രിസിൽഡ് ജയന്റ് സ്ക്വിറലും' Sangulam Album' എന്ന ശാസ്ത്രീയ നാമത്തിലറിയപ്പെടുന്ന പരുന്തുകളും ഈ കാടിന്റെ മാത്രം പ്രത്യേകതയാണ്.

ഇവയെല്ലാം ഞങ്ങൾക്കു പറഞ്ഞുതന്നതിലൂടെയാണ്. അ വനസംരക്ഷകർ ഞങ്ങളെ ഒരു ചീവീടുകളെ കാണിക്കുകയുണ്ടായി. ചിലന്തികളെയും, കൃമികീടങ്ങളെയും, കലപില്യ്ക്കുന്ന കളും രാത്രിയെ പകർത്താൻ ഞാൻ സഹായകമായി. ചിന്നാർ ഞങ്ങൾക്കു സമ്പന്നമായ അനുഭവമായിരുന്നു. തമിഴ് മലയാള സംസ്കാരങ്ങളുടെ ആ സമന്വയമാണ് ഞങ്ങളെ ഏറെ സ്വാധീനമാകത്തക്ക വിധം നയിക്കുകയായിരുന്നു.

പിറ്റേന്നു രാവിലെ ഇവിടെ നിന്നും പിരിഞ്ഞുപോകണം എങ്കിലും ഒരിക്കൽക്കൂടി മൃഗങ്ങളെ അടുത്തുകാണാൻ, കാട്ടുകാണാൻ അടങ്ങാത്ത മോഹം തോന്നി. അതിരാവിലെതന്നെ അതിന് ഒരുങ്ങി ഇറങ്ങുകയും ചെയ്തു. നിരവധി മൃഗങ്ങളെ കാണാൻ കഴിഞ്ഞു. ആ യാത്രയായിരുന്നു ഞങ്ങളുടെ മുൻപു പറഞ്ഞ സാഹസികതയിലേക്കു കൊണ്ടെത്തിച്ചതും. അതിൽ നിന്ന് ഭാഗ്യംകൊണ്ട് രക്ഷപെട്ടതും എന്നിരുന്നാലും ഞങ്ങളുടെ പഠനയാത്രയെ അവിസ്മരണീയമായ ഒരു സാഹസിക യാത്രയാക്കി മാറ്റിയത് ആ അനുഭവങ്ങളാണ് എന്നു പറയേണ്ടിയിരിക്കുന്നു.

ചിന്നാറിനെ പിരിയാൻ പ്രയാസമായിരുന്നു. പക്ഷേ, ഇവിടെ യാത്ര അനിവാര്യമാണ്. അമ്മയുടെ മടിയിൽ നിന്ന് എഴുത്തുമാറ്റപ്പെടുന്ന കുഞ്ഞുങ്ങളെപ്പോലെയായി ഞങ്ങൾ.

കാരണം ചിന്നാർ ഞങ്ങളുടെ മനസ്സിനെ കീഴടക്കിക്കഴിഞ്ഞിരുന്നു.

മധുരസ്മരണകൾ നിറഞ്ഞ യാത്രയ്ക്കു ശേഷവും, അപരാഹ്നത്തിൽ ഇവിടെ നിന്നു എത്തിയപ്പോഴും മനസ്സിൽ തുടികൊട്ടിക്കൊണ്ടിരുന്നത് ചിന്നാറിന്റെ സൗന്ദര്യമായിരുന്നു.

മനസ്സ് അറിയാതെ മന്ത്രിക്കുന്നത് ഞങ്ങൾ എവരും വ്യക്തമായി അറിഞ്ഞു.

'ചിന്നാറേ, നിന്റെ മടിത്തട്ടിലേക്കു മടങ്ങി വരാൻ ഞങ്ങൾക്ക് ഇനി എന്നാണു കഴിയുക?'


# പുതുമ ടെക്സ്റ്റയിൽസ് & റെഡിമെയ്ഡ്

**മാർക്കറ്റ് ജംഗ്ഷൻ, കടുത്തുരുത്തി.**

"ജനഹൃദയങ്ങൾ അംഗീകരിച്ച പുതുമയുടെ വിജയരഹസ്യം"

"വസ്ത്രവ്യാപാരരംഗത്ത് തലമുറകളുടെ വിശ്വാസപാരമ്പര്യം." "ന്യായമായ വിലയിൽ ഗുണനിലവാരമുള്ള മിൽ അംഗീകൃത ജൗളിത്തരങ്ങൾ മാത്രം വിറ്റഴിക്കാൻ സാധിച്ചത്." "അത് വേണമോ, ഇത് വേണമോ, ഒന്ന് മതിയോ! അതോ മുഴുവനുമോ" എന്ന് സംശയം ഉളവാക്കുന്ന അനുപമമായ സെലക്ഷൻസ്.

എല്ലാവിധ കല്യാണസാരികളും, മാച്ചിങ്ങ് ബ്ലൗസ് പീസുകളും, റെഡിമെയ്ഡ് വസ്ത്രങ്ങൾക്കും ഇന്നുതന്നെ സന്ദർശിക്കുക.

**പുതുമ ടെക്സ്റ്റയിൽസ്**

*We a wish you.*

**പുത്തൻ പാദരക്ഷകളുടെ കമനീയശേഖരം**
**നിങ്ങൾക്കായി ഞങ്ങൾ ഒരുക്കിയിരിക്കുന്നു**

*Types*
*foot wears*
**KOOTHATTUKULAM**

''റ്റീപാർട്ടി ഓർഡറുകൾക്ക്''

**ഷാരോൺ ബേക്കറി**
**വടക്കേകവല, കുറവിലങ്ങാട്**

കോഫിബാർ, കൂൾബാർ, ഐസ്ക്രീംപാർലർ

# യുവജനങ്ങളും മയക്കുമരുന്നും



**Jayakumar P.J**
III D.C. Zool

ആധുനിക സമൂഹത്തെ ബാധിച്ചിരിയ്ക്കുന്ന മാരകമായ ക്യാൻസറാണ് "മയക്കുമരുന്ന്" യുവജനങ്ങൾ ഇതിന്റെ ദൂഷിത വലയത്തിൽപ്പെട്ട് നട്ടം തിരിയുന്നത് നോക്കി സമൂഹം നെടുവീർപ്പിടുന്നു! ശരീരകോശങ്ങൾക്ക് പ്രത്യേക ഉണർവിനായി ഉപയോഗിയ്ക്കുന്നതെന്തും ഈ കൂട്ടത്തിൽപ്പെടും. മറ്റൊരു തരത്തിൽ പറഞ്ഞാൽ ശാരീരികമോ, മാനസികമോ ആയ ഉണർവ്വു പകരത്തക്ക വിധത്തിൽ നാഡീവ്യവസ്ഥയെ ഉത്തേജിപ്പിയ്ക്കുന്ന രാസവസ്തുക്കളാണ് മയക്കുമരുന്നുകൾ.

കഞ്ചാവ്, ചരസ്സ്, മരിജുവാന, കോഡൈൻ, മോർഫൈൻ, ഹൈറോയിൻ തുടങ്ങിയ അനേകം രാസവസ്തുക്കൾ ഇന്നു വിപണിയിൽ സുലഭമത്രേ. കൂടാതെ, പെത്തിഡിൻ, മെത്തഡോൺ, ആംഫിറ്റാമിൻ തുടങ്ങിയ മരുന്നുകളുടെ ദീർഘനാളത്തെ ഉപയോഗവും ഡ്രഗ് അഡിക്ഷനുകാരണമാവാറുണ്ട്. ആദ്യമായി ഹരത്തിനുവേണ്ടി ഉപയോഗിയ്ക്കുന്നവർ, സ്വയം അറിയാതെ ഉപയോഗിച്ചവരും പിന്നീട് ഇത് ഒഴിച്ചുകൂടാനാവാത്ത അവസ്ഥയിൽ എത്തിച്ചേരുന്നു. ഒരിയ്ക്കൽ ചില പ്രത്യേക രാസവസ്തുവിന്റെ ഉപയോഗത്താൽ ഉണർന്ന കോശങ്ങൾ വീണ്ടും ഉണർവ്വിനായി ആഗ്രഹിക്കുന്ന അവസ്ഥയ്ക്കാണ് "ഡ്രഗ് അഡിക്ഷൻ" എന്നു പറയുന്നത്.



സിറിഞ്ചിലെ ആനന്ദം

മയക്കുമരുന്നിനടിമകളാവുന്നവരിൽ ഭൂരിഭാഗവും കൗമാരപ്രായക്കാരും യുവജനങ്ങളുമാണെന്ന് ചില ആരോഗ്യസർവ്വേകൾ സൂചിപ്പിക്കുന്നു. എന്തുകൊണ്ടാണിങ്ങനെ? ഈ ചോദ്യത്തിന് ഏറെ പ്രസക്തിയുണ്ട്. പ്രധാനമായും രണ്ട് ഉത്തരമാണിതിനുള്ളത്. ഒന്ന് ജീവിതവീക്ഷണമില്ലായ്മ, രണ്ട് അരക്ഷിതബോധത്തിൽ നിന്നുള്ള താൽക്കാലിക മോചനം. ഇന്നത്തെ യാന്ത്രിക യുഗത്തിൽ മാതാപിതാക്കൾക്ക് കുട്ടികളെ വേണ്ടവിധത്തിൽ ശ്രദ്ധിയ്ക്കുവാൻ കഴിയുന്നില്ല. പിന്നെ അവർ അത് പരിഹരിയ്ക്കുന്നത് കുട്ടികളുടെ കൈകളിൽ വാരിക്കോരി പണം നൽകിയാണ്. പാവം മാതാപിതാക്കൾ! അവർ അറിയുന്നില്ല. പണംകൊണ്ടുമാത്രം കുരുന്നുമനസ്സുകളെ തൃപ്തിപ്പെടുത്താനാവില്ലെന്ന്. നിസ്സാരമായി തുടങ്ങുന്ന പുകവലിയിൽ തുടങ്ങി അത് അവസാനം അവരെ ഈ ദുരന്തംവരെകൊണ്ടെത്തിച്ചെന്നിരിയ്ക്കാം. മയക്കുമരുന്നാവട്ടെ ശാരീരികവും മാനസികവുമായ അടിമത്തം അത് ഉപയോഗിക്കുന്ന ആളിൽ ഉളവാക്കുകയും ഒടുവിൽ അത് ആത്മഹത്യയ്ക്കുവരെ കാരണമായി തീരുകയും ചെയ്യാറുണ്ട്. കൃത്യസമയത്ത് മരുന്ന് കിട്ടാതെ വരുമ്പോൾ വ്യക്തിക്ക് തളർച്ച വിറയൽ, തുടങ്ങിയ ലക്ഷണങ്ങൾ കാണുന്നു. ഈ അവസ്ഥയെ "വിത്ത്ഡ്രോവൽ സിൻഡ്രോം" എന്നു പറയുന്നു.

മയക്കുമരുന്ന് സമൂഹത്തെ പല വിധത്തിൽ ബാധിയ്ക്കുന്നുണ്ട്. സമൂഹത്തിൽ പെരുകുന്ന മോഷണം, കൊലപാതകം, ലൈംഗിക അരാജകത്വം ഇവയെല്ലാം ഇതിന്റെ പരിണതഫലങ്ങളാണ്. മനശാസ്ത്രജ്ഞൻമാർ പറയുന്നത് മാഫിയാ സംഘങ്ങളെപ്പോലും സൃഷ്ടിക്കുന്നത് മയക്കുമരുന്നാണെന്നാണ്. സമൂഹത്തിലെ ഇത്രയും മനുഷ്യശക്തി സ്വയം സമൂഹത്തിൽ നിന്ന് ഒറ്റപ്പെടുന്നു. അന്തർമുഖരായ ഇക്കൂട്ടർ തങ്ങൾക്കു വേണ്ടിയാണ് മറ്റുള്ളവർ എന്നു ധരിയ്ക്കുന്നു. അങ്ങനെ സമൂഹവും അവരെ വെറുക്കുന്നു.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെയ്ക്ക് കാൽവയ്ക്കുന്ന സമൂഹത്തിലെ യുവതലമുറയ്ക്കു ബാധിച്ചിരിയ്ക്കുന്ന ഈ രോഗത്തിനെതിരെ സമൂഹം ഇനിയും വേണ്ടത്ര ഉണർന്നതായി തോന്നുന്നില്ല. കലാലയ അന്തരീക്ഷത്തിൽ, പുറത്തുനിന്നുള്ളവർ മറ്റുപല പ്രതിജ്ഞകളും എടുപ്പിയ്ക്കാൻ എത്താറുണ്ട് "മയക്കുമരുന്നു വിരുദ്ധ പ്രതിജ്ഞയ്ക്കോ"- പ്രതിജ്ഞകൊണ്ടുമാത്രമായില്ല കലാലയ അന്തരീക്ഷം മയക്കുമരുന്നുമൂലം മലിനമാകാതെ ജാഗ്രത പുലർത്തുവാനോ ആരും എത്തിച്ചേരുന്നതായി അറിവില്ല. ഇക്കാര്യത്തിൽ യുവജനങ്ങൾ കൂടുതൽ ജാഗരൂകരാകേണ്ടിയിരിക്കുന്നു. സമൂഹത്തിൽ പ്രവർത്തിയ്ക്കുന്ന ചില ഉപജാപകവൃന്ദങ്ങൾ എങ്ങനെയും മയക്കുമരുന്നിന്റെ വലയത്തിൽ നമ്മെ എത്തിയ്ക്കുവാൻ യത്നിച്ചുകൊണ്ടേയിരിക്കുന്നു.

മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുടെ പ്രവർത്തനങ്ങൾ ഏതു വിധത്തിൽ പോകുന്നുവെന്ന് ശ്രദ്ധിക്കേണ്ടിയിരിയ്ക്കുന്നു. വ്യക്തിത്വത്തിന്റെയും, തദ്വാരാ സാമൂഹികവികസനത്തിന്റെയും കടയ്ക്കൽ കത്തിവയ്ക്കുന്ന "മയക്കുമരുന്നി"ന്റെ ഉപയോഗത്തിനെതിരെ ശക്തമായ നീക്കങ്ങൾ ഇനിയുമുണ്ടാകേണ്ടിയിരിക്കുന്നു. "ആരോഗ്യമാണ് ധനം" എന്നു നാം പറയാറുണ്ട്. ആ ധനം നശിപ്പിയ്ക്കുന്ന ഛിദ്രശക്തികൾക്കെതിരെ സമൂഹം ഒന്നായി അണിനിരക്കേണ്ടിയിരിക്കുന്നു.

നമ്മുടെ സിരാകേന്ദ്രത്തെ ക്രമാതീതമായി ഉത്തേജിപ്പിച്ച ശേഷം മന്ദീഭവിപ്പിച്ച് നിർവ്വീര്യമാക്കുന്ന ഈ പ്രതിയോഗിക്കെതിരെ നാം ജാഗ്രത പുലർത്തുന്നതിനോടൊപ്പം, മറ്റുള്ളവർ അതിന്റെ ആകർഷണ വലയത്തിൽപ്പെടാതിരിക്കുവാനും ശ്രമിയ്ക്കുക എന്നതാണ് ഏതൊരു മനുഷ്യസ്നേഹിയുടെയും കർത്തവ്യം.

ഇതിനാവശ്യമായത് ആരോഗ്യകരമായ കുടുംബാന്തരീക്ഷവും, അടുക്കും ചിട്ടയുമുള്ള ജീവിതചര്യയും, നല്ല സുഹൃദ്ബന്ധങ്ങളുമൊക്കെയാണ്. കോളേജുകളിൽ ഐഛിക വിഷയങ്ങളോടൊപ്പം ആരോഗ്യശാസ്ത്രപഠനവും നിർബന്ധിതമാക്കണം. മയക്കുമരുന്നെന്ന വിപത്തിനെക്കുറിച്ച് ഓരോ വ്യക്തിയും ബോധവാനാകേണ്ടിയിരിക്കുന്നു. മയക്കുമരുന്നിനടിമകളായവരെ ചികിത്സിച്ച് സമൂഹത്തിന്റെ ഭാഗമാക്കുവാനുള്ള നല്ല മനസ്സ് നാം പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. മയക്കുമരുന്ന് സമൂഹത്തെ ബാധിച്ചുകൊണ്ടിരിയ്ക്കുന്ന "ക്യാൻസറാണ്" എന്നു മനസ്സിലാക്കി അത് വ്യാപിയ്ക്കുന്നതിനു മുൻപ് ചികിത്സ ആരംഭിച്ചില്ലെങ്കിൽ പിന്നടൊന്നും അവശേഷിച്ചെന്ന വരില്ല.


ഗുണമേന്മയിലൂടെ നേടിയെടുത്ത
ജനവിശ്വാസം
നാഗാർജ്ജുന ആയുർവ്വേദ ഔഷധശാല
പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്
കുറവിലങ്ങാട്. H.O തൊടുപുഴ

Our consulting physcian Dr. E.S.Vijayakumar BAMS



മാറ്റിനും തൂക്കത്തിനും പരിപൂർണ്ണ
ഉത്തരവാദിത്വമുള്ള 22 കാരറ്റ്
സ്വർണ്ണാഭരണങ്ങൾ.
സ്വർണ്ണം, വെള്ളി, ചെമ്പ് എന്നിവ ചേർന്ന മിശ്രിതമാണ്
സ്വർണ്ണം വിളക്കി ചേർക്കാൻ ഉപയോഗിക്കുന്നത്.
എന്നാൽ ഇങ്ങനെ പണിയുന്ന സ്വർണ്ണാഭരണങ്ങൾ മാറി
വാങ്ങുമ്പോൾ വിളക്കുപൊടി മാറ്റുന്നതിനായി
വില കുറവു ചെയ്യേണ്ടിവരുന്നു.
കാഡ്മിയം, സ്വർണ്ണം എന്നിവ ചേർന്നുള്ള വിളക്കുപൊടി
ഇപ്പോൾ സ്വർണ്ണം വിളക്കി ചേർക്കാൻ ഉപയോഗിക്കുന്നു. കാഡ്മിയം
ഉപയോഗിച്ച് വിളക്കി ചേർക്കുമ്പോൾ കാഡ്മിയം പുകഞ്ഞുപോകുന്നതു
കൊണ്ട് സ്വർണ്ണാഭരണങ്ങൾക്ക് മാറ്റ് കുറയുന്നില്ല. അതുകൊണ്ട്
മാറിവാങ്ങുമ്പോൾ വില കുറവു ചെയ്യേണ്ടിവരുന്നില്ല
ഞങ്ങളോടു വാങ്ങുന്ന സ്വർണ്ണാഭരണങ്ങളിൽ അതിന്റെ മാറ്റും,
ഞങ്ങളുടെ സ്ഥാപനത്തിന്റെ ഇനിഷ്യലും മുദ്രണം ചെയ്തിരിക്കും.
നിങ്ങളുടെ കണ്ണുകളെ നിങ്ങൾ വിശ്വസിക്കരുത്. പക്ഷേ...
സ്വർണ്ണാഭരണ വ്യാപാര രംഗത്ത് 48 വർഷത്തെ പാരമ്പര്യമുള്ള
ഞങ്ങളെ നിങ്ങൾക്ക് കണ്ണുമടച്ച് വിശ്വസിക്കാം.
EDAKKARA JEWELLERY
സെന്റ് അഗസ്റ്റിൻസ് ജൂവൽഹോം.
(എടക്കര ജൂവലറി)
രാമപുരം-686 576 ഫോൺ : (048216) 321
സഹോദരസ്ഥാപനം
EDAKKARA INVESTMENTS
സെന്റ് വിൻസന്റ്സ് ഇൻവെസ്റ്റ്മെന്റ്സ്
(എടക്കരെ ഇൻവെസ്റ്റ്മെന്റ്സ്)
രാമപുരം 686 576. ഫോൺ: (048216) 521
ആകർഷകമായ പലിശ നിരക്കിൽ നിക്ഷേപം സ്വീകരിക്കുന്നു.
നിക്ഷേപം എപ്പോൾ വേണമെങ്കിലും പിൻവലിക്കാം.

# സ്പോർട്ട്സ് സ്പോർട്ട്സ്സ്പോർട്ട്സ്



രാജേഷ് [illegible]
എം.ജി. യൂണി. ബോൾബാഡ്മിന്റൺ ക്യാപ്റ്റൻ
കോളേജ് ടീം ക്യാപ്റ്റൻ



Ramesh.V
Ball, Batminton player



Jean.R.Mathew
Shuttle Team player



Manoj Kurian
Sports Secy.



Jomon Jacob
- Champion



Sajesh. M.D.
Shuttle Batminton player



Benny Joseph
Boll batminton player



Basanth Mathew
Table tennis Champ



Binu. S.J.
Shuttle Batminton player



കോളേജ് ബാസ്കറ്റ് ബോൾ ടീം



ഷിജി കുര്യൻ
കോളേജ് ബാസ്കറ്റ് ബോൾ
ടീം ക്യാപ്റ്റൻ


''അനർഘനിമിഷങ്ങളെ അനശ്വരങ്ങളായി മാറ്റുവാൻ'' സന്ദർശിക്കൂ !!!

**സ്റ്റാർലൈൻ സ്റ്റുഡിയോ &വീഡിയോ വിഷൻ**

**കുറവിലങ്ങാട്.**

# BASIC TRAINING

If you open it, close it.
If you turn it on, turn it off.
If you unlock it, lock it.
If you break it, repair it.
If you can't fix it, call in someone who can.
If you borrow it, return it.
If you use it, take care of it.
If you make a mess, clean it up.
If you move it, put it back.
If it belongs to somebody else and
you want to use it, get permission.
If you don't know how to operate it,
leave it alone.
If it doesn't cancern you, don't meddle
with it.



Shiney Varghese
I PDC



REPORT



Secretary
THOMAS KURIAN

## Commerce Association

The various activities of the Association were inaugurated by Mrs.Omana Abraham, the ex-chairperson of the Cochin Stock Exchange, on 15-1-1993.

The members of the Association actively participated in all the programmes conducted for the welfare of the students.

I cut short this report by thanking our principal,Head of the department and other members of the staff.


Best Compliments from:-

**ELBA TRADERS**

Whole Salers of:
Rexine & P.V.C. Sheetings.
THELLAKOM P.O., KOTTAYAM-16
PH: 7649 (KTM)



**ജോയിസ് മെഡിക്കൽസ്**

വടക്കേ കവല – കുറവിലങ്ങാട്

(പഞ്ചായത്ത് ഓഫീസിന് എതിർവശം)

**എല്ലാവിധ**
**ഇംഗ്ലീഷ് മരുന്നുകൾക്കും**
**ഹെർബോ മിനറൽ**
**ആയുർവ്വേദ മരുന്നുകൾക്കും**
**സമീപിക്കുക**

*With Best Compliments from*

# THE KADUTHURUTHY URBAN CO-OPERATIVE BANK LTD.
## H.O. KADUTHURUTHY, KOTTAYAM Dist, KERALA.

**Branches:- KADUTHURUTHY, KURUPPANTHARA, PERUVA.**

★ We pay one percent more interest on all types of Deposits.
★ Rs. 30000/- Deposit per individual account is secured by Deposit Insurance and Credit Guarantee Corporation.
★ Advances are permissible against any term Deposits.
★ Quarterly interest of Fixed deposits may be transferred to the personal Savings Bank Account or Recurring Deposit Account.
★ Safe deposit lockers are available for preservation of valueables.
★ We transact all kinds of Banking Business.

| | |
|---|---|
| 1. Sri. T.C. Kunjupappan, Puthenpurayil, Madhuraveli, Kaduthuruthy | CHAIRMAN |
| 2. " N.C. Scaria, Nambiakulam, Kothanelloor. | VICE CHAIRMAN |
| 3. " George Puthooran, Puthoor House, Peruva. | BOARD MEMBER |
| 4. " P.J. George, Pandarakappil, Kappunthala. | " |
| 5. " N.J. Joy, Neeralkottil, Kaduthuruthy. | " |
| 6. " K.O. Korah, Kudilil, Kallara. | " |
| 7. " T.S. Prasad, Thenamkalayil, Manjoor. | " |
| 8. " M.K. Sambaji, Madathikunnel, Kaduthuruthy. | " |
| 9. Smt. Theyamma Joseph, Muthukulam, Kattampack. | " |
| 10. Sri. Cyriac Mathew, Punchathalackal, Kaduthuruthy. | SECRETARY. |

REPORT

## English Association

We began our activities by welcoming the IDc English students to the Association. The activities of the Association were formally inaugurated by Dr.Joseph Mukalel(senior lecturer,School of Gandhian Studies M.G.University) on the 6th of November 1992. The function was presided over by the principal Prof:T.M.Devasia. We conducted a quiz competition based on literature on the 20th of November. Students of IIDc English won the first prize. On the 7th of December we conducted a debate on the proposition "The study of literature is a useless pursuit." The proposition team was led by Prof.K.M.Chacko and the opposition team was led by prof.M.C.Thomas. The motion was defeated. Joy Joseph of IIDc English won the prize for the best debator and and Saji v.u of IIIdc won the second prize. We had a lecture by Dr.P.Geetha (School of Letters M.G.University) on the 17th of December on the topic "Fantasy and Literature". On the same day we had our christmas celebrations. The out going members (IIIDc students) of the Association were given a send off on 27 February 1993.

The students of the English Association took a very active part in the activities of different clubs and organizations like N.S.S, N.C.C, C.S.M, Oratory club and Quiz club. The members of the Association won many prizes in the Arts and sports competitions held in our college.

**Jayasankar P.Nair** II BA
**Secretary**





**Secretary**
**Biju Thomas**

## Mathematics Association

The activities of the mathematics Association for the year 1992- 1993 were inaugrurated by prof: K.R.Anandapadmanaba Aiyer(prof.of statistics, K.E.college) on 1st December 1992. The function was presided over by our beloved prof: K.G.Joseph. The chief guest during the course of his erudite lecture mentioned about the origin and growth of mathematics.



He conculded with the argument that life is some thing between happiness and sorrow. He also represented all mathematicians as magicians. Cultural progrommes by students made the function colourful.

I thank the principal, our beloved professors, and all our benefactors for their help and co-operation in our activities,

# രാമാനുജാസ് കോളജ്

## പള്ളിക്കവല - കുറവിലങ്ങാട്

Tution & Session Class
P.D.C Physics, Mathematics,
Chemistry. D.C-Mathematics(Main and Sub)
Statitics

(സയൻസ് വിഷയങ്ങൾക്ക് പ്രാക്ടിക്കൽ സൗകര്യം ഉണ്ടായിരിക്കും)
N.B: പ്രാക്ടിക്കൽ ക്ലാസുകളിലേക്ക് മാത്രമായും ചേരാവുന്നതാണ്.

Principal.

## മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണബാങ്ക് (ക്ലിപ്തം)നമ്പർ 3556

ഹെഡ്ഓഫീസ് മരങ്ങാട്ടുപിള്ളി
ഫോൺ: 251040
ബ്രാഞ്ചുകൾ- കുര്യനാട്, കുറിച്ചിത്താനം
(ഫോൺ: KVD 276, 251090)
അംഗങ്ങൾ - 8550
ഓഹരിമൂലധനം - 26ലക്ഷംരൂപാ
നിക്ഷേപങ്ങൾ - 440 രൂപാ
നിൽപ്പുവായ്പ - 302 രൂപാ
പ്രവർത്തനമൂലധനം - 536 രൂപാ
മീനച്ചിൽ താലൂക്കിലെ ഏറ്റവും മികച്ച സർവ്വീസ് സഹകരണബാങ്ക്

എം. എം. തോമസ്
(പ്രസിഡൻറ്)

വി.എസ് ഗോപാലൻ നായർ
സെക്രട്ടറി

## FOR ALL KINDS OF SPRAY & DECORATIVE PAINTING MATERIALS

VISIT

ATMOS PAINT HOUSE
M. C. ROAD
NEAR SAI TEMPLE
KOOTHATTUKULAM - 686662

# അനിതാമേനോന്റെ കുരുവിക്കുടുംബം




ഓഫീസിൽ നിന്നെത്തിയ അനിതാമേനോൻ പതിവുപോലെ തോട്ടത്തിലേയ്ക്കിറങ്ങി. ഈറൻമുടി കോതിയൊതുക്കുമ്പോഴാണ് ശ്രദ്ധിച്ചത്. മൾബറി മരത്തിന്റെ ചില്ലയിലെ കുരുവിക്കൂട്ടിൽ വല്ലാത്ത ബഹളം. കുരുവിക്കുഞ്ഞുങ്ങൾ പതിവില്ലാതെ കരയുന്നു. തൊട്ടടുത്ത ചെത്തിച്ചെടിയുടെ ഇലകൾക്കു മറഞ്ഞുനിന്ന് അവർ ശ്രദ്ധിച്ചു. ഇടതു കണ്ണിനു താഴെ വെളുത്ത രോമരാജിയുള്ള കുരുവിയമ്മ മൾബറിയുടെ താഴത്തെ ക്കൊമ്പിലിരുന്നുകൊണ്ട് തൊട്ടടുത്ത പേരയുടെ ചില്ലയിലേക്ക് നോക്കുകയും കൂടെക്കൂടെ കരയുകയും ചെയ്യുന്നു. എന്തോ പന്തികേടുണ്ടെന്ന് അനിതയ്ക്കു മനസ്സിലായി. കൂടുകെട്ടാൻ തുടങ്ങിയപ്പോഴേ ശ്രദ്ധിക്കുന്നതാണ് ആ കുരുവിക്കുടുംബത്തെ. കൂടുപൂർത്തിയായിക്കഴിഞ്ഞ് അതിനുള്ളിൽ പ്രത്യക്ഷപ്പെട്ട ഇളം നീല നിറമുള്ള

ഇത്തിരിപ്പോന്ന മുട്ടകൾ വിരിയുന്നതുവരെ കുരുവിയെക്കാളുത്കണ്ഠ അനിതാ മേനോനായിരുന്നു. നനുനനുത്ത രോമങ്ങളോടുകൂടിയ കുരുവിക്കുഞ്ഞുങ്ങളെ എത്രകരുതലോടുകൂടിയാണ് ശ്രദ്ധിച്ചു പോന്നത്. സുരക്ഷിതത്വത്തെക്കരുതി മാത്രമാണ് കറുത്ത കണ്ണുകളുള്ള പൂച്ചയെപ്പോലും താൻ തന്നെ വീട്ടിൽ നിന്ന് ഓടിച്ചുവിട്ടത്. എത്രയെത്ര സായാഹ്നങ്ങളാണ് ഉല്ലാസഭരിതരായ ആ കുരുവിക്കുടുംബത്തോടൊത്തു ചിലവഴിച്ചിട്ടുള്ളത്. പക്ഷേ ഇന്നെന്തു പറ്റി? അപ്പോഴാണ് ശ്രദ്ധിച്ചത് പേരയുടെയും, ചെത്തിയുടെയും ശാഖകൾ കൂടിപ്പിണയുന്നതിനടുത്ത് ഇലകൾക്കിടയിൽ ഒരു പുതിയ കൂടുണ്ടാക്കുന്ന തിരക്കിലാണ് മറ്റൊരു കുരുവി. കുരുവിയുടെ നെഞ്ചിലുള്ള രോമങ്ങളുടെ തിളക്കം കണ്ടപ്പോൾ മനസ്സിലായി പുതിയൊരു കുരുവിക്കുടുംബം രൂപം കൊള്ളുകയാണെന്ന്. പക്ഷേ അവിടെ ചകിരിനാരുമായി പറന്നെത്തിയ വാലിൽ പൊട്ടുള്ള ഇണക്കുരുവിയെ കണ്ടപ്പോൾ അനിതാ മേനോന്റെ കണ്ണുകൾ അറിയാതെ നിറഞ്ഞുതുളുമ്പി. •

സാബു തോമസ്

രണ്ടാംവർഷ ഗണിതശാസ്ത്രം.

## അദ്ധ്വാനിക്കുന്ന
## കർഷകരുടെ സുഹൃത്ത്

KARSHAKA

കൂട്ടുവളങ്ങൾ

നിർമ്മാതാക്കൾ

AGROMEAL

N.P.K.7:10:5

ജൈവവളം

**Oriental Manure Mills Pvt. Ltd.**

P.B. NO. 696, KOTTAYAM-686 001. PH: (0481) 562018, 564218 TELEX: 0888-293 OMM IN

SOLE DISTRIBUTORS : HINDUSTAN INSECTICIDE LTD.

*Best Compliments From :*

# നിർമ്മലാ
# ഫോട്ടോസ്റ്റാറ്റ്

(നിർമ്മലാ കോളേജ് ബിൽഡിംഗ്സ്)
കുറവിലങ്ങാട്

*Phone 312*

WHEN YOU WANT TO BUY/SELL SHARES
FOR EFFICEIENT AND RELIABLE SERVICE- REMEMBER

# GEM STOCKS

**Nirmala College Buildings**
**KURAVILANGAD**

*Phone 312*

കാഞ്ചിപുരം ബനാറസ് പട്ടുസാരികൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ
ചുരിദാറുകൾക്ക് പ്രത്യേക വിഭാഗം



മനോഹരവസ്ത്രങ്ങൾ
കൂത്താട്ടുകുളം & പിറവം

**പടിക്ക**
**പ്പറമ്പിൽ**

---

## ''ഹേയ് അവിടെയല്ല''

## പിന്നെ?

കൂത്താട്ടുകുളം പ്രൈവറ്റ് ബസ്സ് സ്റ്റാൻഡിനുള്ളിലുള്ള ''പാദമുദ്ര''യിലാണ് ലേഡീസ് ഫാഷൻ ചെരിപ്പുകളുമുള്ളത്.''

**പാദരക്ഷകൾ, വാനിറ്റിബാഗുകൾ, സ്കൂൾബാഗുകൾ**

REPORT

## CHEMISTRY



The functioning of the Chemistry Association for the year 1992- 1993 was inaugurated formally by prof. P.C.Varghese (Dept.of chemistry, CMS College Kottayam) on 15th January 1993. The Association Secretary pres ided over the meeting.Prof. P.C.Varghese spoke about the origin and structure of organic acids.

The associatioin proudly conducted 'CHEMIQUIZ'-93 on 15th january 1993. St.Thomas college, pala won the first prize (Devamatha Everrolling Trophy and cash Award of Rs.501) and C.M.S college,Kottayam won the second prize (a casn Award of 301).

I thank our principal prof. T.M.Devasia and the head of our department prof. K.N.Neelakantan Namboothiri for their advice and co-operation for 'CHEMIQUIZ:93. I also thank all the teachers of the Dept. of chemistry espeicially Sri.T.K.Thomas who helped a lot to conduct the inter collegiate chemiquiz,93.

**RAJESH SOMAN II D.C**
**Secretary**


# പുളിമൂട്ടിൽ
## സിൽക്ക് ഹൗസ്

**കോട്ടയം — തൊടുപുഴ**

**ഫോൺ: 568295, 564027, 2421, 2721**

ഫോട്ടോസ്റ്ററാററ് കോപ്പികൾക്കും
റിഡക്ഷൻ/എൻലാർജ്മെൻറുകൾക്കും

# പൂജാ സീറോക്സ്,
സെൻട്രൽ ജംഗ്ഷൻ, കുറവിലങ്ങാട്. Ph: 296

കഥ

# ഒരു കവിയുടെ ജനനം



ജെയ്സൺ സെബാസ്റ്റ്യൻ
മൂന്നാം വർഷ സസ്യശാസ്ത്രം.

പതിവുപോലെ പേന കൈയിലെടുത്തു. പതിവുപോലെ എന്നു പറഞ്ഞാൽ തെറ്റിദ്ധരിച്ചേക്കും. കാരണം പേന പതിവായി കയ്യിലെടുക്കുന്നവർ പലരുണ്ട്. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ഡോക്ടർമാർ, ആധാരമെഴുത്തുകാർ എന്നിങ്ങനെ. എന്നാൽ ഞാനീ വിഭാഗത്തിൽ ഒന്നിൽ പെടുമെങ്കിലും ഈയിടെയായി ഞാൻ പതിവായി പേനയെടുക്കുന്നത് മറ്റൊരു കാര്യത്തിനാണ്.

ഏറെ നാളായി കരുതുന്നു. എന്തെങ്കിലും ഒന്നെഴുതണമെന്ന്. കവിതയോ, കഥയോ എന്തെങ്കിലുമായിക്കൊള്ളട്ടെ. എങ്കിലും പേനയെടുക്കുന്നതു മിച്ചം. ഒന്നും എഴുതുവാൻ പറ്റുന്നില്ല. എടുത്താൽ പിന്നെ ഒരു തപ്പലാണ്. എങ്ങനെ തുടങ്ങണം എവിടെ തുടങ്ങണം എന്നൊക്കെ. ചിലപ്പോൾ വെറുതെ ഇരിക്കുമ്പോൾ പ്രചോദനം വരും. എഴുതുവാനുള്ള പ്രചോദനം തന്നെ. പക്ഷേ മുമ്പു പറഞ്ഞതുപോലെ പേനയെടുക്കുമ്പോൾ പ്രചോദനം എവിടെയോ അപ്രത്യക്ഷമാകാറാണ് പതിവ്.

ഇന്ന് ഏതായാലും ഒന്നെഴുതിയിട്ടു തന്നെ കാര്യം. എന്തെഴുതണം എന്നതായി അടുത്ത വിഷയം. കഥയോ, കവിതയോ. അല്ലെങ്കിൽ ഉപന്യാസമായാലോ? എയ് അതുവേണ്ട. ഉപന്യാസമാകുമ്പോൾ വിവരം അല്പം കൂടുതൽ വേണം. കുറെയൊക്കെ ഉണ്ടെങ്കിലും എഴുതിത്തുടങ്ങുമ്പോൾ അതും ചിലപ്പോൾ പ്രചോദനം പോലെ അപ്രത്യക്ഷമായെങ്കിലോ. കഥയും കവിതയുമാണെങ്കിൽ ടി. സാധനം അല്പം കുറവാണെങ്കിലും എങ്ങനെയെങ്കിലും ഒപ്പിച്ചെടുക്കാം. അല്പം സാഹിത്യ ബോധം വേണമെന്നു മാത്രം.

എങ്കിൽ കഥയെഴുതാം. എനിക്കിഷ്ടം കഥാകൃത്തുക്കളെയാണല്ലോ. അല്പം കവിതയ്ക്കും കുഴപ്പമൊന്നുമില്ല കഥയേക്കാൾ അധികം മനുഷ്യമനസ്സിന്റെ അന്തരാളങ്ങളിലേയ്ക്ക് ശക്തിയോടെ ഇറങ്ങിച്ചെന്ന് മരവിച്ച അവന്റെ മന:സാക്ഷിയെ കുലുക്കി ഉണർത്താൻ കവിതയ്ക്കുള്ള കഴിവ് അന്യാദൃശമാണെന്ന് ഏതോ ഒരു കവി എവിടെയോ ഊന്നിപ്പറഞ്ഞതായി ഞാനോർക്കുന്നു. വിദ്യാഭ്യാസ വിചക്ഷണർ എന്നു പറയുമ്പോലെ കവിതാ വിചക്ഷണർ പറയുന്നതും നമ്മൾ വായനക്കാർ മുഖവിലയ്ക്കെടുക്കണമല്ലോ.

പിന്നെ കവിയാകുകയാണെങ്കിൽ എത്രയോ നേട്ടങ്ങളുണ്ട്. ഒരു ബുദ്ധി ജീവിയായി ചമയാം. ടി. വി. സംവാദങ്ങളിൽ പങ്കെടുക്കാം. രാഷ്ട്രീയക്കാരും അല്ലാത്തവരുമായ വി ഐ.പി. കൾ പങ്കെടുക്കുന്ന ചടങ്ങുകളിൽ പ്രസംഗിക്കാം. കൂടാതെ സമൂഹത്തിലെ മാന്യൻമാരുടെ മുമ്പിൽ മാന്യനായി നിന്ന് കവിയരങ്ങുകളിൽ പങ്കെടുക്കാം. അങ്ങനെ എത്രയോ നേട്ടങ്ങൾ.

ശരി എങ്കിൽ കവിതകളെഴുതാം. ഞാൻ തീരുമാനിച്ചു. ഇപ്പോൾ സംശയം എന്തു തരത്തിലുള്ള കവിതയെഴുതണമെന്നുള്ളതാണ്. കവിതകൾതന്നെ പലതരത്തിലുണ്ടല്ലോ. കുഞ്ഞുണ്ണിമാഷിന്റെ കുഞ്ഞുണ്ണിക്കവിതകൾ, സുഗതകുമാരിയുടെ പരിസ്ഥിതി കവിതകൾ, സച്ചിദാനന്ദൻ ആദിയായവരുടെ അത്യന്താധുനിക കവിതകൾ. കുഞ്ഞുണ്ണിക്കവിതകൾ ഏതായാലും വേണ്ട. കുഞ്ഞുണ്ണി മാഷിന് പ്രായം ഉള്ളതുകൊണ്ട് കുഞ്ഞുണ്ണിക്കവിതകളെഴുതിയാലും ആസ്വാദകർ സഹിച്ചുകൊള്ളും. പക്ഷേ, ഞാനീ കുഞ്ഞുണ്ണിക്കവിത എഴുതിയാൽ.......? എനിക്ക് ഇതൊക്കെ എഴുതുവാനെ അറിയാവൂ എന്നു മറ്റുള്ളവർ ധരിച്ചുവശായെങ്കിലോ. പിന്നെ പരിസ്ഥിതി കവിതകൾ. എന്നെപ്പോലുള്ളവർ അത്തരം കവിതകൾ എഴുതുന്നത് പ്രകൃതിക്ക് സഹിക്കാൻ സാധിക്കില്ല. വായനക്കാർ സഹിച്ചാലും ഇല്ലെങ്കിലും.

ഇനിയുള്ളത് അത്യന്താധുനികനാണ്. എന്റെ അഭിപ്രായത്തിൽ അന്യന്താധുനികൻ തന്നെയാണ് ഭേദം. ഇന്ന് നിലവാരമുള്ള ഏതു പ്രസിദ്ധീകരണം മറിച്ചുനോക്കിയാലും

അതിൽ ചുരുങ്ങിയത് രണ്ട് അത്യാധുനികർ കാണും. എഴുതുന്നവനും വായിക്കുന്നവനും ഒന്നും മനസ്സിലാകാത്ത സാധനം.

പക്ഷേ, ഒരു കുഴപ്പം. എഴുതുന്നത് മനസ്സിലാക്കാതെയാണെങ്കിലും എഴുതുവാൻ കുറെ മനസ്സിലാകാത്ത വാക്കുകൾ വേണമല്ലോ. അതിനെന്തുചെയ്യും? കൃഷ്ണൻനായരുടെ സാഹിത്യവാരഫലം വായിച്ചു നോക്കിയാൽ ചിലപ്പോൾ കിട്ടിയേക്കും. പിന്നെ കവിതയ്ക്കൊരു പേരിടണം. കാക്കത്തൊള്ളായിരം മലയാള ചലച്ചിത്രങ്ങൾക്ക് ഇടാൻ മാത്രം പേരുകളുള്ള ഈ മലയാള ഭാഷയിൽ ഒരു കവിതയ്ക്കു പേരിടാൻ വിഷമമോ? ഏയ് ഒരു വിഷമവുമില്ല. നടുപ്പാതിരയ്ക്ക് റോഡിന്റെ വീതിയും അളന്ന് പാതിയടഞ്ഞ കണ്ണുകളുമായിവരുന്ന സഹജീവികളുടെ അവ്യക്തമായ പാട്ടുകൾ ശ്രദ്ധിച്ചാൽ നല്ലൊരു പേരുകിട്ടും. അങ്ങനെ ആ കാര്യവും തീർന്നു.

ഇനി എഴുതണം. ഞാൻ തയാറായി. അത്യന്താധുനികർക്ക് നീണ്ട ദീക്ഷവേണമെന്ന് ആരോ പറഞ്ഞതായി കേട്ടിട്ടുണ്ട്. അവിടെയാണത്രെ തലച്ചോറിൽ വയ്ക്കാൻ സ്ഥലമില്ലാതെ വരുന്ന ആശയങ്ങളും വന്യചിന്തകളും സംഭരിക്കുന്നത്. എനിയ്ക്കതായാലും ഇപ്പോഴതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഒരെണ്ണമെങ്കിലും എഴുതിക്കഴിയുമ്പോൾ അമീബയുടെ വിഭജനം പോലെ ആശയങ്ങൾ ഇരട്ടിക്കാൻ തുടങ്ങും. തത്വങ്ങളിൽ നിന്ന് നവീനങ്ങളായ തത്വങ്ങൾ ഉടലെടുക്കാൻ തുടങ്ങിയേക്കാം. അപ്പോഴാവട്ടെ ദീക്ഷ. പക്ഷേ കവിതയെഴുതണമെങ്കിൽ ഏകാന്തതവേണം. ഏകാന്തത എന്നു പറയുമ്പോൾ ആളുകളില്ലാത്ത, ബഹളങ്ങളില്ലാത്ത അവസ്ഥ എന്നാണല്ലോ അർത്ഥം. ഇന്നത്തെ ലോകത്തിൽ ഇല്ലാതായിക്കൊണ്ടിരിക്കുന്നതും അ



തു തന്നെ. ഏകാന്തതയുള്ള സ്ഥലങ്ങൾ മുഴുവൻ പവതി കളെപ്പറ്റിയുള്ള തർക്കവിതർക്കങ്ങൾകൊണ്ട് അലങ്കോലമാക്കാനാണ് നമുക്കു താല്പര്യം. ഭാഗ്യവശാൽ അല്പം ഏകാന്തതയുള്ള ഒരു സ്ഥലം തന്നെ എനിക്കു കിട്ടിയിട്ടുണ്ട്. അങ്ങനെ ഞാൻ എഴുതാൻ തുടങ്ങി. ഒരല്പം നീണ്ട നെടുങ്കൻ കവിത തന്നെ എഴുതാൻ തുടങ്ങിയതേ ഓർമ്മയുള്ളൂ. പിന്നെ ഓർമ്മവന്നത് കടലാസിനു താഴെ വച്ചിരുന്ന പത്രവും കഴിഞ്ഞ് പേന തറയിൽ നിരങ്ങുന്ന ശബ്ദം കേട്ടപ്പോഴാണ്. എനിക്കതിശയം തോന്നി. 'എങ്ങനെ ഞാനിത്രയും എഴുതി. കാരണം ഞാനീരംഗത്ത് ഒരു നവാഗതനാണ് നാളെയുടെ ഒരു വാഗ്ദാനമാണ്. അതു തീരുമാനിക്കേണ്ടത് നിങ്ങളാണെന്നുകൂടി ഞാൻ പറഞ്ഞു കൊള്ളട്ടെ.

കവിത ഞാൻ വായിച്ചു നോക്കി. ഒന്നും മനസ്സിലാവുന്നില്ല. കൊള്ളാം. ഒരു അത്യന്താധുനിക കവിതയുടെ വിജയകരമായ പരിസമാപ്തി.

ഇനി മറ്റൊരു കടലാസ്സിലേക്കു പകർത്തണം. നിലവാരമുള്ള ഏതെങ്കിലും ഒരു പ്രസിദ്ധീകരണത്തിന്റെ പത്രാധിപർക്ക് ഈ മഹത്തായ സൃഷ്ടി സമർപ്പിക്കണം. അത് വെളുത്ത താളുകളിൽ വടിവൊത്ത കറുത്ത അക്ഷരങ്ങളായി അച്ചടിച്ചു വരണം. എങ്കിലല്ലേ നാലുപേരറിയൂ. കോളേജുകളിലെ ആർട്ട്സ്ക്ലബ് ഉദ്ഘാടനത്തിനു ക്ഷണിക്കാൻ വനിതാ കോളേജ്കളിലെ വിദ്യാർത്ഥിനികൾ ഉൾപ്പെടെയുള്ളവർ വീട്ടുവാതിക്കൽ ക്യൂ നില്ക്കുകയുള്ളൂ.

കവിത ഒരു വിധം ഭംഗിയായി മറ്റൊരു കടലാസ്സിലേക്കു പകർത്തി. നീളമുള്ള ഒരു പ്ലെയിൻ കവറിലിട്ട് ഞാൻ പത്രാധിപരുടെ അടുത്ത് എന്റെ സൃഷ്ടി സമർപ്പിച്ചു. മിനുത്ത കഷണ്ടിയിൽ കയ്യോടിച്ചു



കൊണ്ട് അദ്ദേഹം എന്നെയൊന്നു നോക്കി. കവറിൽ അടക്കം ചെയ്തിരുന്ന സൃഷ്ടി പുറത്തെടുത്തു. മൂക്കിൻ തുമ്പത്തേയ്ക്ക് ഊർന്നിറങ്ങിയ കണ്ണട ചൂണ്ടുവിരൽകൊണ്ട് പൊക്കിവെച്ച് അദ്ദേഹം കവിതയിൽ ഒന്നു കണ്ണോടിച്ചു. എന്നിട്ട് എന്നെയൊന്നുനോക്കി. പിന്നെ വീണ്ടും കവിതയിലൂടെ കണ്ണോടിക്കാൻ തുടങ്ങി.

"കവിതയാണല്ലേ?" അദ്ദേഹം ചോദിച്ചു.

"അതേ" വിനയാന്വിതനായി ഞാൻ മറുപടി പറഞ്ഞു.

"വളരെ നന്നായിരിക്കുന്നു" അദ്ദേഹം പറഞ്ഞു.

"ശാന്തമായി ആർത്തലച്ചു പെയ്യുന്ന മഴയും ശക്തിയോടെ വീശുന്ന മന്ദമാരുതനും, മകരമാസപ്രകൃതിയുടെ വ്യക്തമായ പ്രതിബിംബമാണ്. പ്രകൃതിയെ വർണ്ണിക്കുന്നതിൽ താങ്കളുടെ കഴിവ് അപാരംതന്നെ" പത്രാധിപർ പ്രശംസിച്ചു.

"വളരെ നന്ദിസർ. "ഞാൻ പറഞ്ഞു "എന്റെ ആദ്യകവിത തന്നെ അങ്ങയെപ്പോലുള്ള ഒരാളുടെ പ്രശംസ പിടിച്ചു പറ്റിയതിൽ അത്യധികം സന്തോഷമുണ്ട്."

"ഓഹോ, ആദ്യത്തെ കവിതയാണല്ലോ?"

"അതെ സർ, ഇതെന്നു പ്രസിദ്ധീകരിക്കും' അടുത്ത ലക്കത്തിൽ തന്നെ കൊടുത്തിരുന്നെങ്കിൽ ഉപകാരമായിരുന്നു" ഞാൻ പറഞ്ഞു.

എന്റെ സൃഷ്ടി അദ്ദേഹം മടക്കി തിരികെ കവറിലിട്ടു. എന്നിട്ടു പറഞ്ഞു. "താങ്കൾ സ്വന്തമായി ഒരു മാസിക തുടങ്ങുമ്പോൾ അതിൽ പ്രസിദ്ധീകരിക്കാം."

കവിത എന്താണെന്നു മനസ്സിലാക്കാത്ത പഹയൻ ആധുനിക കവിത എന്നു വെച്ചാൽ എന്താണെന്നു അറിയാത്ത ഇയാളെന്തു പത്രാധിപർ!

"ഞാ എല്ലാ കവികളുടെയും തുടക്കം ഇങ്ങനെതന്നെയായിരിക്കും. ഇവിടെ കവിതയെ മനസ്സിലാക്കാൻ കഴിയുന്ന, കവിയുടെ വികാരം മനസ്സിലാക്കാൻ കഴിയുന്ന വേറെ പത്രാധിപൻമാരുടെ പ്രസിദ്ധീകരണങ്ങളും ഉണ്ടോയെന്ന് ഞാനൊന്നു നോക്കട്ടെ" അടുത്ത ലക്ഷ്യസ്ഥാനത്തേയ്ക്കു ധൃതിയിൽ നടക്കുമ്പോൾ ഞാൻ ചിന്തിച്ചു. ഒരു കവി ജനിക്കുന്നത് ഇങ്ങനെ അനേകം കടമ്പകൾ കടന്ന ശേഷമാണല്ലോ......



# വാടകയ്ക്കൊരമ്മ

ജോഫി മേരി ജോസി
Ist P. D. C. IVth Batch

"ആയമ്മ പോണ്ട" ഉണ്ണിക്കുട്ടൻ ശ്രീദേവിയുടെ സാരിത്തുമ്പിൽ പിടിച്ചു വലിച്ചു.

ഉണ്ണിക്കുട്ടന്റെ കൈവിടുവിക്കാൻ പാടുപെടുമ്പോൾ ശ്രീദേവിയുടെ കണ്ണുകളും നിറഞ്ഞിരുന്നു.

കൊച്ചമ്മ കൈയിൽ വച്ചുതന്ന നൂറുരൂപാനോട്ടിൽ ശ്രീദേവി മുറുകെപ്പിടിച്ചു. ഒരമ്മയ്ക്കു കിട്ടിയ പ്രതിഫലം! തന്നെ നോക്കി ആ നോട്ടും പല്ലിളിയ്ക്കുന്നു. കൊച്ചമ്മയുടെ മുഖത്തും പുച്ഛരസം!

ഈ അമ്മയുടെ വേ റമാത്രം ആരും മനസിലാ ്ന്നില്ല.

എല്ലാവരുടെയും കണ്ണിൽ താൻ വെറുമൊ ആയ മാത്രം. ശമ്പളം കിട്ടുന്നതിനു വേണ്ടി മാത്രം അമ്മയാരകേണ്ടി വ ന്ന അമ്മ.

വലിയ ഇരുമ്പുഗേറ്റ് തള്ളിത്തുറന്ന് ശ്രീദേവി പൊടിമണ്ണ് നിറഞ്ഞ നിരത്തിലേക്കിറങ്ങി.

തിരിഞ്ഞുനോക്കുവാൻ മനസ്സ് കൊതിച്ചെങ്കിലും നോക്കിയില്ല. ഉണ്ണിക്കുട്ടന്റെ മുഖം തന്റെ കൺമുമ്പിൽത്തന്നെയുണ്ടല്ലോ! പിന്നെന്തിനു തിരിഞ്ഞുനോക്കണം?

"ശ്രീദേവിക്ക് ഒരു ജോലി ശരിയായിട്ടുണ്ട്". ആദ്യം പിള്ളച്ചേട്ടനതു പറഞ്ഞപ്പോൾ വിശ്വസിക്കാനായില്ല.

പിന്നെയാണ് ജോലിയെക്കുറിച്ച് കൂടുതലറിഞ്ഞത്. ഒരു ആ



യയുടെ ജോലി. മകൻ നഷ്ടപ്പെട്ട തനിക്ക് ഏറ്റവും യോജിച്ച പണി.

മുതലാളിയും കൊച്ചമ്മയും ജോലിക്കു പോകുമ്പോൾ പിഞ്ചുകുഞ്ഞിന് പകരക്കാരിയായി ഒരമ്മവേണം.......

ചാണകം മെഴുകിയ തറയും മുറ്റത്ത് കൊച്ചുതുളസിത്തറയുമുള്ള വീട്ടിലേക്ക് ദുഃഖത്തിന്റെ നനവുള്ള കാറ്റ് അടിച്ചു കയറിയത് പെട്ടെന്നായിരുന്നു. കണ്ടുകൊതിതീരുന്നതിനു മുൻപ് ഭർത്താവും മകനും നഷ്ടമായി. കാലനെപ്പോലെ പാഞ്ഞുവന്ന ടാങ്കർ ലോറിക്കു മുമ്പിൽ എല്ലാം നിശ്ചലമായി.

ഉണ്ണിക്കുട്ടന്റെ സ്ഥാനത്ത് ശ്രീക്കുട്ടനെയാണ് ശ്രീദേവി കണ്ടിരുന്നത് രണ്ടാം വയസ്സിൽ നഷ്ടമായ പൊന്നുമോനെ......

എങ്കിലും ഹൃദയം പൊടിഞ്ഞുനുറുങ്ങുന്ന രീതിയിലുള്ള സംസാരം താൻ എത്രയോ പ്രാവശ്യം കേട്ടിരിക്കുന്നു!

"മോന്റെ കഴുത്തിലും കൈയിലുമൊന്നും ഒന്നും ഇട്ടുകൊടുക്കണ്ട. തരി സ്വർണ്ണത്തിനുവേണ്ടി കുഞ്ഞിനെ കഴുത്തുഞെരിച്ചുകൊല്ലാൻ കൂടി അവൾ ചിലപ്പോൾ മടിക്കില്ല."

മുതലാളി കൊച്ചമ്മയോട് പറയുന്നത് പലപ്പോഴും കേൾക്കേണ്ടി വന്നു.

ചെവി പൊത്തിപ്പിടിച്ചിട്ടുണ്ട്. തന്റെ ശ്രീക്കുട്ടനെ കൊല്ലുക. ഓർക്കുവാൻ കൂടി വയ്യ.

എല്ലാവരെയും ഒരേ തട്ടിൽ അളന്നു തൂക്കുന്ന മുതലാളിവർഗ്ഗത്തെ തന്നെ ശ്രീദേവി വെറുത്തു കഴിഞ്ഞിരുന്നു.

"മോനേ............ വാ പൊളിക്ക് ഈ ചോറു മുഴുവൻ ഇന്നു മോൻ ഉണ്ണണം."

ശ്രീദേവി ചോറുരുളകൾ ഓരോന്നായി ഉണ്ണിക്കുട്ടന്റെ വായിലേക്ക് വച്ചുകൊടുത്തു.

"നീ കുഞ്ഞിനു കൊടുക്കുവാനുള്ളതു മുഴുവൻ തിന്നുക



യാണെന്നു തോന്നുന്നു. നീയൊന്നു തടിച്ചു! കുഞ്ഞാകെ മെലിയുകയും ചെയ്തു."

ചുണ്ടിൽ ലിപ്സ്റ്റിക് ഇടുന്നതിനിടയിൽ കൊച്ചമ്മ പറഞ്ഞത് ശ്രീദേവി ശ്രദ്ധിച്ചില്ല.

എന്നും അങ്ങനെയാണ്. എന്തു കുറ്റവും തന്റെ മേൽ ചുമത്തും. കുറ്റങ്ങളുടെ ഒരു കൂമ്പാരമാണ് അവരുടെ മുമ്പിൽ താൻ.

ഉണ്ണിക്കുട്ടന്റെ വളർച്ച ഒരു നടുക്കത്തോടെയാണ് ശ്രീദേവി കണ്ടിരുന്നത്.

വീട് വേണ്ടപ്പോൾ ഉപേക്ഷിക്കുവാനും വാങ്ങിയ്ക്കുവാനും വാടകക്കാർക്ക് കഴിയും. താനും ഇന്നൊരു വാടക വീടാണ്. ആ സത്യം എന്നും മനസ്സിലുണ്ടായിരുന്നു.

എത്രയോ രാത്രികളിൽ പരുന്തിന്റെ കാലിൽ നിന്നും രക്ഷപെടുവാനോടുന്ന കോഴിക്കുഞ്ഞിന്റെ സ്വപ്നം കണ്ട് ഞെട്ടിയുണർന്നിരിക്കുന്നു.

ഇന്നലെയും താനാ സ്വപ്നം കണ്ടു......... പരുന്തിന്റെ കാലിൽ കിടന്നു പിടയുന്ന കോഴിക്കുഞ്ഞിനെ.........

ഉണ്ണിക്കുട്ടനെ നേഴ്സറി സ്ക്കൂളിൽ ചേർക്കുവാൻ പോകുന്നു എന്നു കേട്ടപ്പോൾത്തന്നെ ഹൃദയം നുറുങ്ങിപ്പൊടിഞ്ഞു.

തനിക്ക് തന്റെ ശ്രീക്കുട്ടനെ വീണ്ടും നഷ്ടമാകുന്നു.

അവന് ഇനി വാടകയ്ക്കൊരമ്മ വേണ്ട.

പക്ഷെ ഈ അമ്മയ്ക്ക്........

ശ്രീദേവി സാരിത്തുമ്പുകൊണ്ട് കണ്ണുകൾ തുടച്ചു.

ഇനി മറ്റൊരു കുട്ടിയുടെ അമ്മ.....

അങ്ങനെ അനേകം കുട്ടികളുടെ അമ്മ..........

ശ്രീദേവി മനസ്സിനെ സ്വയം ശാസിച്ചു.

അമ്മമാർ കരയുവാൻ പാടില്ല. ഈ അമ്മയ്ക്ക് ഒരു ഉണ്ണിക്കുട്ടൻ മാത്രമല്ല ഉള്ളത്. അനേകം ഉണ്ണിക്കുട്ടൻമാർ. അനേകം ശ്രീക്കുട്ടൻമാർ........... അതും ഒരു ഭാഗ്യമാണ്. തനിക്കുവേണ്ടി ഒരുക്കിവച്ചിരിയ്ക്കുന്ന ഭാഗ്യം.

ശ്രീദേവി തന്റെ കാല്പാദങ്ങൾ നീട്ടിവച്ചു.

നീണ്ടു കിടക്കുന്ന ചെമ്മൺ പാത അവൾക്ക് സ്വാഗതമോതി. വഴിവക്കിലെ തണൽമരങ്ങൾ ആ അമ്മയുടെ ക്ഷീണമകറ്റി.



Narayanan Vice-President
police pin the blame
earlier explosions o
Muslim crime lords
legedly working for
reign hand"
records
EXPRESS
dians crum
TIME
Do you favor Clinton's economic plan?
62%
27%
some harsh
Lalla was reinstalled there within
Puja continues to be performed
But, devotees have not yet been
angered the local people. In Ayo
yers, the students and principals
atening to launch an agitation
eshift shrine.
may be permitted very soon
g another victory. But what
to Masjid
owed:
destroyed
Susp
gang

# 1992

## റിയോ - ഭൗമഉച്ചകോടി 3-4, June

114 രാഷ്ട്രത്തലവൻമാർ, ആ രാജ്യങ്ങളുടെ സർക്കാർ പ്രതിനിധികൾ, ശാസ്ത്രജ്ഞൻമാർ, ലോകമെങ്ങുംനിന്നുള്ള അനേകം സന്നദ്ധസംഘടനകളുടെ പ്രതിനിധികൾ എന്നിവർ ഒത്തുചേർന്ന റിയോഡി ജനീറോയിലെ ഭൗമ ഉച്ചകോടിക്ക് പരിസ്ഥിതി സംരക്ഷണത്തിന് ഫലപ്രദമായ നടപടികൾ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനെ സംബന്ധിച്ച് ആശയ ഐക്യത്തിൽ എത്താനായില്ല. എങ്കിലും പരിസ്ഥിതി പ്രശ്നങ്ങളും ഭൗമസംരക്ഷണം എന്ന ആശയവും എല്ലാ രാജ്യങ്ങളുടെയും സജീവ പരിഗണനയിൽ എത്തി എന്നത് ഒരു വിജയമാണ്.




## ബാഴ്സിലോണ '92 July 25- August 9

171-ഓളം രാജ്യങ്ങൾ പങ്കെടുത്ത ഇരുപത്തിയഞ്ചാമത് ഒളിംപിക്സ് സ്പെയിനിന്റെ തലസ്ഥാനമായ ബാഴ്സിലോണയിൽ വെച്ച് നടന്നു. ഒളിംപിക്സ് മെഡൽ പട്ടികയിൽ സ്ഥാനം കണ്ടെത്താൻ 80 കോടി ജനങ്ങൾ അധിവസിക്കുന്ന ഇന്ത്യയ്ക്ക് ഇത്തവണയും സാധിച്ചില്ല. CIS (കോമൺ വെൽത്ത് ഓഫ് ഇൻഡിപെൻഡന്റ് സ്റ്റേറ്റ്സ്) 112 മെഡലുകളോടെ ഒന്നാം സ്ഥാനവും അമേരിക്ക 108 മെഡലുകളോടെ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. അടുത്ത ഒളിംപിക്സ് നാല് വർഷം കഴിഞ്ഞ്, 1996-ൽ അറ്റ്ലാന്റയിൽ വെച്ച്.



## റയ്സിനകുന്നിലെ മണിമാളികയ്ക്ക് പുതിയ അവകാശി: July 16

ഇന്ത്യയുടെ ഒമ്പതാമത്തെ രാഷ്ട്രപതിയായി Dr. ശങ്കർദയാൽ ശർമ്മ തെരഞ്ഞെടുക്കപ്പെട്ടു. കോൺഗ്രസ് സ്ഥാനാർത്ഥിയായ Dr. ശർമ്മ പ്രതിപക്ഷ സ്ഥാനാർത്ഥിയായ പ്രൊഫ. ജി.ജി. സ്വെൽ നെയാണ് പരാജയപ്പെടുത്തിയത്.

## ക്വിറ്റ് ഇന്ത്യാ മൂവ്മെന്റ് സുവർണ്ണ ജൂബിലി August 8

ചരിത്ര പാഠപുസ്തകത്തിലെ ഒഴിവാക്കാനാവാത്ത ഉപന്യാസ വിഷയങ്ങളിലൊന്നായ ക്വിറ്റ് ഇന്ത്യാ മൂവ്മെന്റിന്റെ സുവർണ്ണ ജൂബിലി ആഗസ്റ്റ് 8-ാം തിയതി ആചരിച്ചു. ഒരു തലമുറയുടെ നോവുകളും ഇച്ഛാശക്തിയും നിശ്ചയദാർഢ്യവും ഐ.എം.എഫി.നും, ലോകബാങ്കിനും വഴിമാറുന്ന ഈ അവസരത്തിൽ ക്വിറ്റ് ഇന്ത്യാ മൂവ്മെന്റിന്റെ പ്രസക്തി ഒരു ചിന്താവിഷയമാണ്.

'92



### ഉഴവൂരിൽ നിന്ന് ഉപരാഷ്ട്രപതി ആഗസ്റ്റ് 19

ഉപരാഷ്ട്രപതി സ്ഥാനത്തേക്ക് ഒരു കേരളീയൻ ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടു. ഉഴവൂർകാരനായ ശ്രീ. കെ. ആർ. നാരായണൻ. വളരെ എളിയ ജീവിതസാഹചര്യങ്ങളിൽ നിന്ന് കഠിനാദ്ധ്വാനത്തിലൂടെ മഹത്വത്തിൻെറ പടികൾ അദ്ദേഹം ചവിട്ടിക്കയറി. ഹൈസ്കൂൾ വിദ്യാഭ്യാസം കുറവിലങ്ങാട്ട്. ഇന്ത്യയുടെ വിദേശകാര്യവകുപ്പിൽ ദീർഘകാലം സേവനമനുഷ്ഠിച്ച നാരായണൻ പിന്നീട് ഇന്ദിരാഗാന്ധിയുടെയും രാജീവ് ഗാന്ധിയുടെയും മന്ത്രിസഭയിലെ അംഗമായി.

### സ്വർഗ്ഗദൂതൻെറ വിടവാങ്ങൽ. സെപ്റ്റംബർ 6

ബോധധാരാ സമ്പ്രദായത്തിൽ രചിക്കപ്പെട്ട മലയാളത്തിലെ ആദ്യ നോവലിൻെറ രചയിതാവായ പോഞ്ഞിക്കര റാഫിയുടെ 'കലിയുഗം' എന്ന ഗ്രന്ഥത്തിന് കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. പറുദീസയിലേക്ക് നല്ല മനുഷ്യരെ കൂട്ടിക്കൊണ്ടുപോകാൻ റാഫി ഇനിയും എത്തുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

### വില്ലിബ്രാൻറ് നിര്യാതനായി ഒക്ടോബർ 8

മുൻ പശ്ചിമജർമ്മൻ ചാൻസലറും സമാധാനത്തിനായുള്ള നോബൽസമ്മാന ജേതാവുമായ വില്ലി ബ്രാൻറ് അന്തരിച്ചു. അദ്ദേഹം ബർലിൻ മേയറായിരുന്ന കാലത്താണ് ബർലിൻ മതിലിൻെറ ജനനം.



### മോനിഷ: അകാലത്തിൽ പൊലിഞ്ഞ ദീപം. ഡിസംബർ 5

ഉർവ്വശി അവാർഡ് ജേതാവായ മോനിഷയുടെ മരണം ഇന്ത്യൻ സിനിമയ്ക്ക് തീരാനഷ്ട



മായി. 'നഖക്ഷതങ്ങൾ' എന്ന സിനിമയിലെ അഭിനയത്തിനാണ് മോനിഷയ്ക്ക് ദേശീയ അവാർഡ് ലഭിച്ചത്.........

### ഇന്ത്യാ ചരിത്രത്തിലെ കറുത്ത ദിനം ഡിസംബർ 6.

അയോധ്യയിലെ ബാബറി മസ്ജിദിനെ സംബന്ധിച്ച് ഹിന്ദുക്കളും മുസ്ലീംകളും തമ്മിൽ നൂറ്റാണ്ടുകളായി നില നിന്നിരുന്ന തർക്കം കൂടിയാലോചനകളിലൂടെ പരിഹരിക്കപ്പെടാവുന്നതേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ രാഷ്ട്രീയ ലക്ഷ്യങ്ങൾ പ്രശ്നം സ്ഫോടനാത്മകമാക്കി. 1992 ഡിസംബർ ആറിന് ബാബ്റി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ ഇന്ത്യ ഞെട്ടുക തന്നെ ചെയ്തു. രാജ്യമെമ്പാടും പൊട്ടിപ്പുറപ്പെട്ട വർഗ്ഗീയലഹളകൾ ആയിരത്തിലധികം പേരുടെ ജീവനപഹരിച്ചു. കേന്ദ്ര



ക്കാരിനും സുപ്രീംകോടതിയ്ക്കും നൽകിയ ക്കുകൾ പാലിക്കാതിരുന്ന യു. പി. യിലെ ല്യാൺസിംഗ് ഗവൺമെൻറിനെയും ബി.ജെ.പി ക്കുന്ന മററ് മൂന്ന് സംസ്ഥാനസർക്കാരുകളെ കേന്ദ്രഗവൺമെൻറ് പിരിച്ചു വിട്ടു. ആർ. സ്. എസ്. വി. എച്ച്.പി., ബജ്‌റംഗ്ദൾ, ഐ. സ്.എസ് എന്നീ വർഗ്ഗീയ സംഘടനകളെ നിരോ ച്ച് തങ്ങൾക്കു പറ്റിയ വീഴ്ചയ്ക്ക് കേന്ദ്രം പരി രം ചെയ്യാൻ ശ്രമിച്ചു. അയോധ്യയിലെ തർ ഭൂമി കേന്ദ്രം ഏറ്റെടുത്ത നടപടി (ജനുവരി 3) നം പരിഹരിക്കാൻ കേന്ദ്രഗവൺമെൻറി ലെ ഉത്തരവാദിത്വം വർദ്ധിപ്പിക്കുന്നു.

### തോപ്പിൽ ഭാസിയുടെ മരണം ഡിസംബർ 8

മലയാള നാടകരംഗത്തെ അതികായനായ ാപ്പിൽ ഭാസി, നടനും, നാടകകൃത്തും, സംവി ധായകനും K.P.A.C നാടകഗ്രൂപ്പിന്റെ അമര ക്കാരനുമായിരുന്നു. 'ഒളിവിലെ ഓർമ്മകൾ' എ ന്ന സ്വന്തം ജീവിതാനുഭവത്തെ ആധാരമാക്കിയു തായിരുന്നു അദ്ദേഹത്തിന്റെ അവസാന നാട






## '92

### ചെക്ക് - സ്ലോവാക്ക് ഡിസംബർ 31

**1992** ഡിസംബർ 31-ന്റെ പാതിരാവിൽ പുതുവർഷ പിറവിയുടെ മണി മുഴങ്ങിയപ്പോൾ



74 വയസ്സുള്ള ചെക്കോസ്ലാവാക്യ മരിച്ചു. ഇനി ചെക്ക്, സ്ലോവാക്ക് എന്നീ വ്യത്യസ്ഥ രാജ്യങ്ങളേ ഉള്ളൂ. ഒരു കോടി ജനങ്ങളുള്ള ചെക്കിന്റെയും 50 ലക്ഷം ജനങ്ങളുള്ള സ്ലോവാക്കിന്റെയും രക്തച്ചൊരിച്ചിലില്ലാത്ത വേർപിരിയൽ ഏറെ ആശ്വാസമാണ്.

## 1993

### എ.കെ. ആൻറണി കേന്ദ്ര ക്യാബിനിറ്റിൽ ജനുവരി 17

കേന്ദ്രഗവൺമെൻറിൽ ക്യാബിനററ് റാങ്ക് നേടുന്ന ഏഴാമത്തെ മലയാളിയാണ് എ.കെ. ആൻറണി. സിവിൽ സപ്ലൈസ്, ഉപഭോക്തൃ കാര്യങ്ങൾ എന്നിവയുടെ ചുമതലയായിരിക്കും



ആതിഥ്യം വഹിക്കുക കേരളത്തിന് അഭിമാനിക്കാം.

'93

### ബുഷ് യുഗത്തിന്റെ അന്ത്യം ജനുവരി 20

റിപ്പബ്ലിക്കൻ പാർട്ടിയുടെ 12 വർഷം നീണ്ട ഭരണത്തിന്റെ അവസാനം കുറിച്ചുകൊണ്ട് ഡെ



മോക്രാറ്റായ ബിൽക്ലിന്റൺ അമേരിക്കയുടെ 42-മത്തെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ഡെമോക്രാറ്റിക് ആയ ആൽബർട്ട് ഗോർ ആണ് പുതിയ വൈസ് പ്രസിഡന്റ്.

### പഞ്ചാബ് തണുക്കുന്നു

പഞ്ചാബിൽ ഭീകരവാദം കെട്ടടങ്ങാൻ തുടങ്ങിയതിന്റെ ലക്ഷണം കാണുന്നു. കൊല്ലും



കൊലയും ഗണ്യമായി കുറഞ്ഞു. പോലീസിന്റെ ആത്മവീര്യം ആകാശത്തോളം ഉയർന്നു നിൽക്കുന്നു. പോലീസ് ക്രമസമാധാന രംഗത്ത് കൈവരിക്കുന്ന നേട്ടങ്ങൾക്കൊപ്പം രാഷ്ട്രീയ തലത്തിലും നടപടികൾ ഉണ്ടായാലേ പഞ്ചാബിനെ ദേശീയ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ കഴിയൂ. താൽക്കാലികമായി സംജാതമായിട്ടുള്ള ഇപ്പോഴത്തെ സ്ഥിതിവിശേഷത്തെ പരിപോഷിപ്പിച്ചെടുക്കാനുള്ള ഭരണ ചാതുര്യവും രാഷ്ട്രീയ ദീർഘവീക്ഷണവും ബിയാന്ത് സിംഗിനുണ്ടാവും എന്നാശിക്കാം.

### Dr. D.S. കോത്താരി

പ്രമുഖ ഭൗതിക ശാസ്ത്രജ്ഞനും വിദ്യാഭ്യാസ വിചക്ഷണനുമായ Dr. D.S. കോത്താരി അന്തരിച്ചു. വിദ്യാഭ്യാസ കമ്മീഷന്റെയും (1964-66) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെയും (1961-73) തലവനായിരുന്നു അദ്ദേഹം. ദേശീയ വിദ്യാഭ്യാസനയം രൂപവത്കരിച്ചിട്ടുള്ളത് ബൃഹത്തായ കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. 'Nuclear explosions and their effects' എന്ന വിഖ്യാത ഗ്രന്ഥത്തിന്റെ രചയിതാവുമാണ് അദ്ദേഹം.



### ആർതർ ആഷെ

വിംബിൾഡൺ ടെന്നീസ് കിരീടം നേടുന്ന ആദ്യത്തെ കറുത്ത വർഗ്ഗക്കാരൻ. എയ്ഡ്സ് ബാധിച്ചിട്ടുണ്ടെന്ന് സമ്മതിച്ച് 10 മാസത്തിനുശേഷമാണ് ഈ ടെന്നീസ് മാന്ത്രികന്റെ അന്ത്യം

## '93

### സന്തോഷ് ട്രോഫി വീണ്ടും കേരളത്തിന് മാർച്ച് 12

മഹാരാഷ്ട്രയെ 2-0 എന്ന സ്കോറിന് തോൽപിച്ച് കേരളം കഴിഞ്ഞ വർഷം കോയമ്പത്തൂരിൽ വെച്ച് നേടിയ ട്രോഫി നിലനിർത്തി.

### ബോംബെ സ്ഫോടനങ്ങൾ മാർച്ച് 12

ബോംബെ നഗരത്തിന്റെ സുപ്രധാനമായ പതിമൂന്ന് കേന്ദ്രങ്ങളിൽ ഒരേ സമയം സ്ഫോടനം നടന്നു.






### കൽക്കട്ട സ്ഫോടനങ്ങൾ മാർച്ച് 17.

കൽക്കട്ടയിലെ ബൗബസാറിൽ ഉണ്ടായ ബോംബ് സ്ഫോടനങ്ങളിൽ 80 ലേറെ മരണം സംഭവിച്ചു. അധോലോക കുടിപ്പകയാണ് ഇവയ്ക്കു പിന്നിൽ എന്നാണ് കരുതപ്പെടുന്നത്.

### ദിവ്യഭാരതി ഏപ്രിൽ - 6

ഹിന്ദി ചലച്ചിത്രവേദിയിലെ മാസ്മരിക നായിക ദിവ്യഭാരതിയുടെ അകാലത്തിലുള്ള മരണം ഇന്ത്യൻ സിനിമാരംഗത്തിന് ഒരു തീരാനഷ്ടമാണ് തന്റെ ഫ്ലാറ്റിന്റെ അഞ്ചാം നിലയിലുള്ള ജനൽ പടിയിൽ നിന്ന് വീണു മരിക്കുകയായിരുന്നു ദിവ്യ.



### ക്രിസ്ഹാനി വധിക്കപ്പെട്ടു ഏപ്രിൽ 10

കറുത്ത വർഗ്ഗക്കാരനും ദക്ഷിണാഫ്രിക്കൻ കമ്യൂണിസ്റ്റ് പാർട്ടി നേതാവുമായ ക്രിസ് ഹാനി



വെള്ളക്കാരനായ അക്രമിയുടെ വെടിയേറ്റ് മരിച്ചു. കറുത്ത വർഗ്ഗക്കാരുടെ ദേശീയ മുന്നേറ്റത്തിൽ ഏറ്റവും ജനപ്രീതി നേടിയ നേതാവായിരുന്നു ക്രിസ്ഹാനി. കറുത്ത വർഗ്ഗക്കാർ അങ്ങേയറ്റം ഇഷ്ടപ്പെട്ടിരുന്നതുപോലെ വലതുപക്ഷ വെള്ളക്കാർ ഏറ്റവും കൂടുതൽ വെറുത്തിരുന്ന നേതാവും ഹാനിയായിരുന്നു. സഖ്യകക്ഷിയായ ആഫ്രിക്കൻ നാഷണൽ കോൺഗ്രസിനോടൊപ്പം ഡിക്ലർക്ക് ഗവൺമെൻറും കറുത്ത വർഗ്ഗക്കാരും തമ്മിൽ നടന്നു വരുന്ന സമാധാനചർച്ചകൾക്ക് നേതൃത്വം വഹിച്ചിരുന്ന ഹാനി വധിക്കപ്പെട്ടത് വർണരഹിത ജനാധിപത്യക്രമത്തിലേക്കുള്ള ദക്ഷിണാഫ്രിക്കയുടെ പുരോഗതിയെ തളർത്തുമെന്ന് കരുതപ്പെടുന്നു.

### ദുരന്തപ്രവാചകൻറ പതനം
### ഏപ്രിൽ 20

**ലോ**കാവസാന പ്രവാചകനായ ഡേവിഡ് കൊറേഷും അനുയായികളും അമേരിക്കൻ കുറ്റാന്വേഷണ ഏജൻസിയായ F.B.I യുടെ അന്വേഷണത്തിൽ നിന്ന് രക്ഷപെടാൻ ടെക്സാസിലെ വാക്കോയിലുള്ള 'ബ്രാഞ്ച് ഓഫ് ഡേവിഡീയൻ'-ന് സ്വയം തീ കൊളുത്തി അതിൽ വെന്തു മരിച്ചു. ക്രിസ്തുവിൻറ അവതാരമെന്ന് അവകാശപ്പെട്ടിരുന്ന കൊറേഷും കൂട്ടരും നിയമവിരുദ്ധമായി വൻതോതിൽ ആയുധങ്ങൾ ശേഖരിക്കുന്നുവെന്ന് വ്യക്തമായതിനെത്തുടർന്നാണ് താവളം കീഴടക്കാൻ ഗവൺമെൻറ് F.B.I.യെ നിയോഗിച്ചത്.



93

നേടി. യഥാർത്ഥ അധികാരം പാർലമെൻറിനോ പ്രസിഡൻറിനോ എന്നതു സംബന്ധിച്ച് ഒരു ഒത്തുതീർപ്പുണ്ടാവുന്നില്ലെങ്കിൽ അത് റഷ്യയെ ഒരു ആഭ്യന്തര യുദ്ധത്തിലേയ്ക്ക് വരെ നയിക്കാം. റഷ്യയിൽ ജനാധിപത്യവും സാമ്പത്തിക സ്വാതന്ത്ര്യവും നിലനിൽക്കേണ്ടത് പാശ്ചാത്യചേരിയുടെ ആവശ്യം കൂടിയാണ്. എന്നാൽ വൻതോതിലുള്ള വിദേശ സഹായം റഷ്യയുടെ സ്വതന്ത്രമായ



നിലനില്പ് വരെ ഹനിക്കാം. (15) റിപ്പബ്ളിക്കുകളും 312 ദേശീയതകളും, 15 കോടി ജനങ്ങളും ഉൾപ്പെടുന്ന റഷ്യ ഒരു സംഘർഷമേഖലയായി മാറുന്നതു ലോകസമാധാനത്തിനു തന്നെ ഭീഷണിയാകും.

### ബോസ്നിയാ യു. എൻ. ഉപരോധം
### ഏപ്രിൽ 26

**ബോ**സ്നിയ-ഹെസർഗോവിന 1992 ഫെബ്രുവരിയിൽ പഴയ യുഗോസ്ലാവിയയിൽ നിന്ന് വേർപെട്ട ശേഷം ബോസ്നിയൻ ഭൂമിയുടെ നിയന്ത്രണത്തിനുവേണ്ടി ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള ... മുസ്ലീം ഭൂരിപ

വും വലിയ മരണസംഖ്യയാണിത്. യു.എൻ. മ ദ്ധ്യസ്ഥരായ സൈറസ് വാൻസും ഓവൻ പ്രഭു വും ചേർന്ന് തയ്യാറാക്കിയ സമാധാനപദ്ധതി നിരാ കരിച്ചതിനെ തുടർന്ന് സെർബിയ മൊണ്ടിനെ ഗ്രോ എന്നിവയ്ക്കെതിരെ U.N April 26മുതൽ ഉപരോധം ഏർപ്പെടുത്താൻ തീരുമാനിച്ചു.




## ശ്രീലങ്കൻ പ്രസിഡൻറ് പ്രേമദാസയുടെ മരണം. മെയ് 1, 1993

ആത്മധൈര്യവും, ദൃഢനിശ്ചയവും, അത്യദ്ധ്വാനവും കൊണ്ട് കൊളംബോ തെരുവുകളിൽ നിന്ന് രാഷ്ട്രത്തലവനായി ഉയർന്ന രണസിംഹെ പ്രേമദാസയ്ക്ക് ജാതിമഹിമയോ, വിദ്യാസമ്പത്തോ അവകാശപ്പെടാനുണ്ടായിരുന്നില്ല. "എന്നെ പിന്നിൽ നിന്നു കുത്താൻ ഒരുങ്ങി നിൽക്കുന്നവരുണ്ട്...... ആ ഗൂഢാലോചനക്കാർക്ക് ഞാൻ കീഴടങ്ങില്ല" എന്നു പറഞ്ഞ പ്രേമദാസയുടെ മരണം ഏറെ അപ്രതീക്ഷിതമായിരുന്നു. ഇടക്കാലത്തെ ഇന്ത്യാ വിരോധം മറന്ന്, അവസാന നാളുകളിൽ ഇന്ത്യയുടെ അടുത്ത സുഹൃത്തുക്കളിൽ ഒരാളായി മാറിയിരുന്നു പ്രേമദാസ.

**മെയ് 10**

സുപ്രീം കോടതി ജഡ്ജി വി. രാമസ്വാമിയെ കുറ്റവിചാരണ ചെയ്യാനുള്ള പ്രമേയം ലോകസഭയിൽ പരാജയപ്പെട്ടു. 196 പേർ പ്രമേയത്തെ അനുകൂലിച്ച് വോട്ടു ചെയ്തു. ആരും പ്രമേയത്തെ എതിർത്തില്ല. 205 പേർ [Including Con(I)] വോട്ടെടുപ്പിൽ നിന്ന് മാറിന്നു.

**1993 മെയ് 15**

ഇന്ത്യയുടെ ആദ്യത്തെ കരസേനാധിപൻ ഫീൽഡ് മാർഷൽ കെ. എം. കരിയപ്പ അന്തരിച്ചു. ഇന്ത്യൻ കരസേനയുടെ ചരിത്രത്തിൽ പലതു കൊണ്ടും ഒന്നാമനായിരുന്ന കരിയപ്പ സൈന്യത്തിന് പുറത്തും വളരെ അറിയപ്പെട്ട വ്യക്തിയായിരുന്നു. ആസ്ട്രേലിയായിലെ ഇന്ത്യൻ ഹൈക്കമ്മീഷണറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

**മെയ് 14**

മലയാള നോവൽ സാഹിത്യത്തിന് ദാർശനികമാനം നൽകിയ പ്രശസ്തനോവലിസ്റ്റ് വിലാസിനി (എം.കെ. മേനോൻ)-യുടെ മരണം കൈരളിയെ ദരിദ്രമാക്കുന്നു. എങ്കിലും നിറമുള്ള നിഴലുകളിലൂടെയും ഇണങ്ങാത്ത കണ്ണികളിലൂടെയും അവകാശികളിലൂടെയും അദ്ദേഹം മനുഷ്യ മനസുകളിൽ ജീവിക്കും.

**വില്യം ഗോൾഡിങ്: ഒരു പ്രതിഭയുടെ നിരോധാനം, ജൂൺ 19**

ധീരനും അതേസമയം ദുർബലനുമായ മനുഷ്യനെ അനുകമ്പാപൂർവം വരച്ചുകാട്ടുന്ന അനേകം ദാർശനിക നോവലുകളിലൂടെ വിശ്വസാഹിത്യകാരന്മാരുടെ മുൻനിരയിൽ സ്ഥാനം നേടിയ ഗോൾഡിങ്ങിൻെറ മരണം സാഹിത്യ പ്രേമികൾക്ക് വലിയ നഷ്ടമായി. രണ്ടാം ലോകമഹായുദ്ധം കനപ്പിച്ചേൽപിച്ച മുറിവുകളിൽ മുക്കിയെഴുതിയ 'Lord of the Files' ആണ് അദ്ദേഹത്തിൻെറ ഏറ്റവും ശ്രേഷ്ഠകൃതി.

**അടുത്തകപ്പലിൻെറ അമരക്കാരൻ: പി.വി. നരസിംഹറാവു, ജൂലൈ 28**

പ്രധാനമന്ത്രി പി.വി. നരസിംഹറാവുവിന് ഒരു കോടി രൂപ നൽകി എന്ന ഓഹരി കുംഭകോണത്തിലെ മുഖ്യപ്രതി ഹർഷദ് മേത്തയുടെ ആരോപണം (ജൂൺ 16) രാഷ്ട്രീയരംഗത്ത് കോളിളക്കമുണ്ടാക്കി. ഗവൺമെൻറിൻെറ വിശ്വാസ്യതയ്ക്ക് മങ്ങലേൽപിച്ച ഈ സംഭവത്തെത്തുടർന്ന്, ദേശീയമുന്നണി-ഇടതുപക്ഷസഖ്യവും ബി.ജെ.പിയും സംയുക്തമായി പിന്താങ്ങുന്ന അവിശ്വാസപ്രമേയം പാർലമെൻറിൽ അവതരിപ്പിക്കപ്പെട്ടതോടെ ഗവൺമെൻറിൻെറ പതനം ആസന്നമായി എന്നു കരുതിയവരാണേറെ. എന്നാൽ അവസാനനിമിഷത്തെ 'രാഷ്ട്രീയ കുതിരക്കച്ചവടത്തിലൂടെ' അവിശ്വാസപ്രമേയത്തെ പരാജയപ്പെടുത്താൻ കോൺഗ്രസ്സിനുകഴിഞ്ഞു.







Prepared by



George John.
II DC Maths.



**സ്നേഹിതരേ,**

*സ്നേഹ '93 ന്റെ*
*താളുകൾ ഇവിടെ അവസാനിക്കുകയാണ്.*
*സുന്ദരമായൊരു സ്വപ്നം*
*സഫലമാക്കാൻ സഹകരിച്ച*
*സഹൃദയരായ എല്ലാനല്ല മനസ്സുകൾക്കും*
*നന്ദി......*
*ഉദാത്തമായ സ്വപ്നങ്ങളൊക്കെയും*
*സത്യമായി ഭവിക്കട്ടെ*

*സ്നേഹപൂർവം*
*നിങ്ങളുടെ എഡിറ്റർ*
*ജോജി ജോൺ കെട്ടുകാപ്പള്ളി*

"സ്നേഹം മോഹത്തിന്റെ പ്രലോഭനംകൊണ്ടുണ്ടാവുകയില്ല, സ്നേഹത്തിനുള്ള പ്രലോഭനം സ്നേഹം മാത്രമാണ്. പ്രതിഫലവും സ്നേഹം മാത്രം......"

പൊന്നും ചിങ്ങമാസത്തിൽ
കുറവിലങ്ങാടിന്റെ നഗരഹൃദയത്തിൽ
നിങ്ങൾക്കായ് വാതായനങ്ങൾ തുറക്കുകയായി......

# വഴതനപ്പള്ളിൽ
# ഫാഷൻ
# ജ്വ ല്ല റി

സെൻട്രൽ ജങ്ഷൻ കുറവിലങ്ങാട്

*22ct സ്വർണ്ണാഭരണങ്ങൾ വിശ്വാസപൂർവ്വം തെരഞ്ഞെടുക്കുവാൻ*
*ആധുനിക ഫാഷനുകളുടെ സംഗമം*
*ഫോൺ: 606*


പട്ടുസാരികൾ
ഐശ്വര്യ പാലാ

**The right direction at the right moment**



***You need it for your boy and you do have it at Sharma's***

ശർമ്മാസ്

കോളജ്

ഏറ്റുമാനൂർ. ഫോൺ 406

Designed by Pratap Publicity Ktm. Phone 564772